# ജനകീയാസൂത്രണം

# വികസന റിപ്പോർട്ട്



## റാന്നി-പെരുനാട് ഗ്രാമ പഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്




ഡി. റ്റി. പി. & പ്രിൻറിംഗ്
ഫൈൻ ഓഫ്സെറ്റ് പ്രസ്സ്
തൊടുപുഴ
✆ 23523

ചിത്രങ്ങൾ
സുഭാ സ്റ്റുഡിയോ
റാന്നി-പെരുനാട്

30-4

# വികസന റിപ്പോർട്ട്
# ജനകീയാസൂത്രണം

## റാന്നി – പെരുനാട് ഗ്രാമ പഞ്ചായത്ത്

### വികസന സെമിനാർ

1996 ഡിസംബർ 28 ശനിയാഴ്ച്ച

റാന്നി - പെരുനാട് ഹൈസ്കൂളിൽ

# റാന്നി-പെരുനാട് ഗ്രാമ പഞ്ചായത്ത്

N



# റാന്നി - പെരുനാട് ഗ്രാമ പഞ്ചായത്ത്
## ഭരണ സമിതി



പി.എസ്. മോഹനൻ
പ്രസിഡൻറ്



ദേവസ്യാ ഔസേഫ്
വൈസ് പ്രസിഡൻറ്



ബി. ഓമനക്കുട്ടിയമ്മാൾ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ



പി.എസ്. ശോഭന



ഉഷാകുമാരി രാധാകൃഷ്ണൻ



ടി.കെ. സരോജനിയമ്മ



വി.കെ. വാസുദേവൻ



കെ.പി. എസ് ബാബു



എബ്രഹാം തോമസ്



കെ.കെ. വിശ്വനാഥൻ

# DEVELOPMENT OF SABARIMALA PILGRIM CENTRE: A REGIONAL APPROACH



# ബാഷ്പാഞ്ജലി



സുനിൽ എം. സോമൻ

വികസന റിപ്പോർട്ടിൻെറ പണിപ്പുരയിൽ അവസാന മിനുക്കുപണികൾ വരെ നമ്മളോടൊത്തു സഹകരിച്ച സുനിൽ എം. സോമൻ ഇന്ന് നമ്മോടൊപ്പമില്ല.



"ഒരു കണക്കിന്
നമ്മളൊക്കെ
കള്ളൻമാരാണ്.
ഇവിടുത്തെ
ജനലക്ഷങ്ങളെ
ഉടുപ്പിക്കുകയും
അവർക്ക് ഭക്ഷണം
നൽകുകയും
ചെയ്യുന്നതുവരെ
വാസ്തവത്തിൽ
യാതൊന്നിനും
തന്നെ എനിക്കും
നിങ്ങൾക്കും
യാതൊരു
അവകാശമില്ല."

ഗാന്ധിജി

## മുൻപഞ്ചായത്തു സാരഥികൾ



കെ.പി. കൃഷ്ണപിള്ള



എഫ് തോമസ് കുറ്റിക്കയം



എം.എൻ. ജയപ്രകാശ്



പി.കെ. സോമരാജൻ

"ജനങ്ങളെ
തെളിക്കാൻ
എളുപ്പമാണ്. അവരെ
നയിക്കാനാണു വിഷമം"

ടാഗോർ

# പഞ്ചായത്തു ജീവനക്കാർ



കെ.ആർ. രാജപ്പൻ പിള്ള
സെക്രട്ടറി

| | |
|---|---|
| എസ്സ്. തുളസീധരൻപിള്ള | ജൂണിയർ സൂപ്രണ്ട് |
| വി. ജഗന്നാഥ പിള്ള | യു.ഡി ക്ലാർക്ക് |
| റ്റി.കെ. തങ്കച്ചൻ | " |
| കെ.എം. മണി | " |
| എം.കെ. കുമാരി | എൽ.ഡി ക്ലാർക്ക് |
| എം.ജെ. സാമുക്കുട്ടി | " |
| റ്റി. സന്തോഷ് കുമാർ | " |
| പി.പി. മണി | ഓവർസിയർ |
| എം. ജോൺ | പ്യൂൺ |
| പി.വി. ചെല്ലമ്മ | " |
| കെ. മറിയാമ്മ | ഫുൾടൈം സ്വീപ്പർ |
| പി.എസ്സ്. ശശി | ഫുൾടൈം സ്കാവഞ്ചർ |
| പി.കെ. പ്രഭാകരൻ ഉണ്ണിത്താൻ | പാർട്ട്ടൈം ലൈബ്രേറിയൻ |
| എം.കെ. രവീന്ദ്രൻ നായർ | പാർട്ട്ടൈം ഫെറിമാൻ |

## പണിപ്പുരയിൽ

1. പി.എസ്. മോഹനൻ
2. പി.കെ. സോമൻപിള്ള
3. കെ.പി. കൃഷ്ണപിള്ള
4. കെ.ആർ. രാജപ്പൻപിള്ള
5. എ. ഹരിഹരൻപിള്ള
6. കെ.എസ്. സുരേഷ്
7. മനോജ് കെ. പുതിയവിള
8. സുനിൽ എം. സോമൻ
9. ലളിതൻ
10. മാമ്പാറ വിശ്വനാഥൻ
11. ഡോ. ഓംപ്രകാശ്
12. പി.എൻ.വി. ധരൻ
13. എം.എസ്. സദാനന്ദൻ
14. ദേവസ്യാ ഔസേഫ്
15. കെ.കെ. സോമരാജൻ
16. കെ.എ. വർഗീസ്
17. വി.എൻ. സുധാകരൻ
18. ഗംഗാദത്തൻ
19. ജി.എം. ചാക്കോ
20. ആർ വിജയൻ
21. വി.കെ. നാരായണൻ
22. സി.എം. കരുണാകരൻ
23. രാജൻ തയ്യിലേത്ത്
24. മോഹൻദാസ് മാമ്പാറ
25. നടരാജപിള്ള 'ഭഗവത്'
26. റേയ്ച്ചൽ വർഗീസ്
27. പി.എസ്.ശോഭന
28. പി.പി. സരസമ്മാൾ
29. കെ. ഗംഗാധരൻ

# ജനകീയാസൂത്രണ പരിപാടി

| | | |
|---|---|---|
| ചെയർമാൻ | : | പി.എസ്. മോഹനൻ |
| ജന. കൺവീനർ | : | എ. ഹരിഹരൻപിള്ള |
| സംസ്ഥാന റിസോഴ്സ് പേഴ്സൺ | : | പി.കെ. സോമൻപിള്ള |

# പര്യടന സംഘം

1. എ. ഹരിഹരൻപിള്ള
2. കെ.എസ്. സുരേഷ്
3. ലളിതൻ
4. ഗംഗാദത്തൻ മാമ്പാറ
5. പി.കെ. മോഹനൻ
6. സി.വി. ലൂസി (സ്റ്റാഫ് നഴ്സ്)
7. ശോഭന പി.എസ്
8. സുധ മാമ്പാറ
9. വി.എൻ. സുധാകരൻ
10. എബ്രഹാം തോമസ്

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1. | ആമുഖം | 13 |
| 2. | പൊതുവിവരങ്ങൾ | 15 |
| 3. | സാമൂഹിക സാംസ്കാരിക ചരിത്രം | 18 |
| 4. | ഭൂപ്രകൃതിയും വിഭവങ്ങളും | 23 |
| 5. | സാമൂഹ്യ സാമ്പത്തിക മേഖലകൾ | 30 |
| 5.1 | കൃഷിയും ജലസേചനവും | 31 |
| 5.2 | മൃഗസംരക്ഷണം | 45 |
| 5.3 | വിദ്യാഭ്യാസം | 49 |
| 5.4 | കുടിവെള്ളവും പൊതുജനാരോഗ്യവും | 56 |
| 5.5 | വ്യവസായം | 69 |
| 5.6 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 74 |
| 5.7 | ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും | 93 |
| 5.8 | സംസ്കാരം | 103 |
| 5.9 | വനിത | 111 |
| 5.10 | സഹകരണ മേഖല | 115 |
| 5.11 | പട്ടിക ജാതി/വർഗ്ഗ ക്ഷേമം | 121 |
| 5.12 | വിഭവ സമാഹരണം | 127 |
| 5.13 | ടൂറിസം | 132 |
| 6. | ഉപസംഹാരം | |
| | (നാട്ടിൻ നൻമക്കായി നമുക്കൊത്തുചേരാം) | 134 |

# 1

# ആമുഖം

നവഭാരതം സൃഷ്ടിക്കാൻ പുറപ്പെട്ട രാഷ്ട്രപിതാവിന് ഒരു സ്വപ്നമുണ്ടായിരുന്നു. സ്വാശ്രയ ഭാരതം എന്ന സ്വപ്നം. സ്വാതന്ത്ര്യത്തിൻെറ അൻപതാം വാർഷികത്തിലും അത് സ്വപ്നം മാത്രം. നിറം മങ്ങിമാഞ്ഞു തുടങ്ങിയ ആ സ്വപ്നത്തിന് പുതു ജീവനും വർണ്ണചിറകുകളും മുളയ്ക്കുകയാണിപ്പോൾ. സ്വാശ്രയ ഭാരതം സാക്ഷാത്കരിക്കാനുള്ള അടിസ്ഥാന പ്രവർത്തനത്തിന് കേരളം മാതൃകാപരമായ തുടക്കം കുറിച്ചിരിക്കുന്നു.

ആരോഗ്യ - വിദ്യാഭ്യാസ - സാമൂഹ്യകാര്യങ്ങളിൽ രാജ്യാന്തര നലവാരം കൈവരിച്ചപ്പോൾതന്നെ ഇവിടുത്തെ ഉദ്പാദന മേഖല വിറങ്ങലിച്ച് നിൽക്കുകയാണ്. ഉദ്പാദനമേഖലയെ അവഗണിച്ചുകൊണ്ടുള്ള ആസൂത്രണത്തിൻെറ ഫലമായി ഈ രംഗത്തെ നേട്ടങ്ങൾപോലും തകർന്നുകൊണ്ടിരിക്കുന്നു. കൃഷി, വ്യവസായം, തൊഴിൽ, ഊർജ്ജം, സാമ്പത്തികം എന്നീ വികസന രംഗങ്ങളിലൊന്നും വേണ്ട പുരോഗതി നേടാൻ കഴിഞ്ഞില്ല. ഗൾഫ് പണത്തിനുമേൽ കെട്ടിപ്പൊക്കിയ ഒരു ചില്ലുകൊട്ടാരം മാത്രമായ കേരളം ഇന്ന് വൻ വെല്ലുവിളികളെ നേരിടുകയാണ്. ജനപങ്കാളിത്ത വികസനത്തിൻെറ അഭാവംമൂലം ജനങ്ങൾ അന്യവത്ക്കരിക്കപ്പെട്ടിരിക്കുന്നു. യാന്ത്രികവും ഉപഭോഗതൃഷ്ണയിൽ ഊന്നിയതുമായ പുത്തൻ സംസ്കാരവും അതിനൊത്ത കലാസാഹിത്യാദികളും സമൂഹത്തെ സർവഥാ വിഷലിപ്തമാക്കുകയാണ്.

ഇന്നലെവരെ നാടിൻെറ കാര്യങ്ങൾ നമ്മിലേറെപ്പേർക്കും അന്യമായിരുന്നു. പൈപ്പു പൊട്ടിയാൽ, റോഡിൽ കുഴിയുണ്ടായാൽ, സ്കൂൾകെട്ടിടം ചോർന്നാൽ, വരൾച്ച രൂക്ഷമായാൽ നാം ആരെയൊക്കെയോ ശപിച്ച് സ്വപ്നം വിധിയെ പഴിച്ച് സഹനത്തിൻെറയും മൗനത്തിൻെറയും ചിതൽപുറ്റിലേയ്ക്ക് തലവലിക്കുമായിരുന്നു. ഏറിയാൽ സർക്കാരിനും മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും എതിരെ ആക്രോശങ്ങൾ ഉതിർത്ത് സമരം നടത്തും. അൽപം പൊതുമുതൽ നശിപ്പിക്കലും.

ദേശീയ തലത്തിലും ഇത്തരമൊരു പരിണാമം സംഭവിക്കുകയായിരുന്നു. രാജ്യം പരാശ്രയത്തത്തിലേയ്ക്ക് നിപതിക്കുകയാണെന്ന മുന്നറിയിപ്പുകൾ അവഗണിക്കപ്പെട്ടു. ആത്മാർത്ഥതയില്ലായ്മയും അഴിമതിയും ദേശീയ താല്പര്യങ്ങളെ കീഴടക്കി. ഇതിനെതിരെ

പ്രതികരിക്കേണ്ട സമൂഹം പ്രത്യാശ നഷ്ടപ്പെട്ട് മൂക സാക്ഷികളാവുകയാണ്. ഈ സാഹചര്യത്തിലാണ് കേരളത്തിൽ അർത്ഥപൂർണ്ണമായ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിക്കുന്നത്.

കാര്യങ്ങൾ അറിയാനും കണക്കു ചോദിക്കാനുമുള്ള അധികാരം ജനങ്ങൾക്കും ജനകീയസമിതികൾക്കും ജനപ്രതിനിധികൾക്കും കൈവരുന്നതോടെ മാത്രമേ അഴിമതിയും കെടുകാര്യസ്ഥതയും ഉത്തരവാദിത്തരാഹിത്വവും ഇല്ലാതെയാകൂ. ജനങ്ങൾക്ക് വേണ്ടി ജനങ്ങളുടേതായി ജനങ്ങളാൽ നടത്തപ്പെടുന്ന ഭരണം എന്ന യഥാർത്ഥ ജനാതിപത്യത്തിലേയ്ക്കുള്ള ഉജ്ജ്വല പ്രയാണത്തിന്റെ സമാരംഭമാണിത്. നാടിനേയും നാട്ടാരെയും നാടിന്റെ വികാരത്തെയും അറിയാത്തവൻ കെട്ടിയിക്കിയിരിക്കുന്ന വികസന പരിപാടികളാവില്ല ഈ പദ്ധതിക്കാലത്ത് നടപ്പാക്കുക.

അതാതുനാടിന്റെ പ്രശ്നങ്ങളും ആവശ്യങ്ങളും സാദ്ധ്യതകളും കണ്ടറിഞ്ഞു നാട്ടുകാർതന്നെ വികസന പദ്ധതികൾ ആവിഷ്കരിക്കുകയെന്ന ലക്ഷ്യത്തോടെ 1172 ചിങ്ങം 1 ന് (1996 ആഗസ്റ്റ് 17) സംസ്ഥാന മുഖ്യമന്ത്രി ഇ.കെ. നയനാർ നെയ്തിരി തെളിച്ച ഈ സംരംഭത്തിന് അന്നുതന്നെ നമ്മുടെ ഗ്രാമത്തിലും സമാരംഭമായി. 12.9.96 ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനമെടുത്തു.

റോഡും കെട്ടിടങ്ങളും നിർമ്മിക്കാൻ മാത്രമാണ് വികസനം എന്ന ധാരണ തിരുത്താനും നാടിന്റെ പൊതു ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ നിറവേറ്റപ്പെടുകയാണ് വേണ്ടതെന്ന് ബോധ്യപ്പെടുത്താനും അതിനുള്ള കർമ്മ പരിപാടികൾ മനസ്സിലാക്കുവാനും പരിശീലന ക്യാമ്പുകളും തുടർന്ന് ഗ്രാമസഭകളും നടത്തപ്പെട്ടു.

കേരളപ്പിറവി ദിനമായ നവംബർ ഒന്ന് ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് പുനരർപ്പണദിനമാചരിച്ചു. പരിപാടിക്കു തിരുവനന്തപുരത്ത് പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡ ആരംഭം കുറിച്ചപ്പോൾ പെരുനാട്ടിൽ ഇടപ്ര-വേലൻകോവിൽ റോഡ് നന്നാക്കി കോൺക്രീറ്റ് ചെയ്യുന്ന പണിക്ക് നാട്ടുകാർ ശ്രമദാനം നടത്തി തുടക്കം കുറിച്ചു. തുടർന്ന് മാടമൺ ക്ഷേത്രക്കടവും റോഡും ജനപങ്കാളിത്തത്തോടെ പുനരുദ്ധരിച്ചു. അടിസ്ഥാന വിവരങ്ങളുടേയും ഗ്രാമപഞ്ചായത്തിലെ ചർച്ചകളിലെ ഗൗരവമാർന്ന അഭിപ്രായ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ വികസനരേഖ ഏവരുടേയും ഗൗരവപൂർണ്ണമായ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.



# പൊതു വിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | : | റാന്നി - പെരുനാട് |
| വില്ലേജുകൾ | : | റാന്നി - പെരുനാട്<br>കൊല്ലമുള |
| താലൂക്ക് | : | റാന്നി |
| ജില്ല | : | പത്തനംതിട്ട |
| ബ്ലോക്ക് പഞ്ചായത്ത് | : | റാന്നി |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ചിറ്റാർ |
| അസംബ്ലി മണ്ഡലം | : | റാന്നി |
| ലോകസഭാ മണ്ഡലം | : | ഇടുക്കി |
| വിസ്തീർണ്ണം | : | 82.05 ച.കി.മീ. |
| ജനസംഖ്യ | : | 22130 (1991സെൻസസ്) |
| പുരുഷൻമാർ | : | 11106 |
| സ്ത്രീകൾ | : | 11024 |
| വാർഡുകളുടെ എണ്ണം | : | 10 |
| സാക്ഷരതാ നിരക്ക് | : | 92.75% |

അതിരുകൾ

| | | |
|---|---|---|
| കിഴക്ക് | : | സീതത്തോട് പഞ്ചായത്ത്, തമിഴ്നാട് |
| തെക്ക് | : | ചിറ്റാർ, വടശ്ശേരിക്കര പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | വടശ്ശേരിക്കര, നാറാണംമൂഴി പഞ്ചായകൾ |
| വടക്ക് | : | നാറാണംമൂഴി, കോട്ടയം ജില്ലയിലെ എരുമേലി, ഇടുക്കി ജില്ലയിലെ കുമളി പഞ്ചായത്തുകൾ |

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | : | പി.എസ്. മോഹനൻ |
| വൈസ് പ്രസിഡന്റ് | : | ദേവസ്യാ ഔസേഫ് |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ | : | ബി. ഓമക്കുട്ടിയമ്മാൾ |

## റാന്നി - പെരുനാടു ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങൾ

* പഞ്ചായത്താഫീസ്
* വില്ലേജാഫീസ്
* പോലീസ് സ്റ്റേഷൻ
* വൈദ്യുതി ഓവർസീയർഓഫീസ്
* പോസ്റ്റോഫീസ്
* ടെലികോം ഓഫീസ്
* സബ്‌രജിസ്ട്രാർ ഓഫീസ്
* കൃഷിഭവൻ
* പി.ഡബ്ലിയു.ഡി. ഉാഹ സെക്ഷൻ ഓഫീസ്
* മൃഗാശുപത്രി
* കമ്യുണിറ്റി ഹെൽത്ത് സെൻറർ
* ആയൂർവേദ ആശുപത്രി
* സ്വകാര്യ ആശുപത്രികൾ (രണ്ട്)
* വി.ഇ.ഒ. ഓഫീസ്
* ഹൈസ്കൂൾ 3
* അപ്പർ പ്രൈമറി 2
* ലോവർ പ്രൈമറി 6
* ജില്ല സഹകരണ ബാങ്ക് 1
* പെരുനാട് സർവ്വീസ് സഹകരണ ബാങ്ക്
* പമ്പാവാലി സർവ്വീസ് സഹകരണ ബാങ്ക്
* ദേശീയ ബാങ്ക് - സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ
* ഷെഡ്യൂൾഡ് ബാങ്ക് - ധനലക്ഷമി ബാങ്ക് പമ്പ
* ശബരിമല തീർത്ഥാടകർക്കായി ശബരിമലയിലും പമ്പയിലുമുള്ള ആശുപത്രികൾ
* അലോപ്പതി 2
* ആയൂർവേദം 2
* ഹോമിയോ ഡിസ്പെൻസറി 2
* സൂപ്പർ സെഷ്യാലിറ്റി സെൻറർ(Cardiology ) 2 (പമ്പ, ശബരിമല)

# റാന്നി - പെരുനാടു ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണ പരിപാടിയിലെ നാഴികകല്ലുകൾ

| ക്രമ നമ്പർ | തിയ്യതി | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | 12.9.96 | ജനകീയാസൂത്രണ പഞ്ചായത്തിൽ - പഞ്ചായത്ത് കമ്മറ്റി ചർച്ച |
| 2 | 27.9.96 | ഒന്നാം ഘട്ട പരിശീലനം - |
| 3. | 28.9.96 | വാർഡുതല സംഘടനാസമിതികൾ |
| 4. | 2.10.96 മുതൽ 3.10.96 വരെ | വിശേഷാൽ ഗ്രാമസഭകൾ |
| 5. | 9.10.96 | വാർഡ് 6, 9 10 പ്രവർത്തക പരിശീലനം |
| 6. | 15.10.96 | വകുപ്പു ഉദ്യോഗസ്ഥൻമാരുടെ യോഗം |
| 7. | 22.10.96 | പരിശീലനം ദ്വിതീയ വിവരശേഖരണത്തിന് |
| 8. | 26.10.96 മുതൽ 31.10.96 വരെ | ദ്വിതീയ വിവരശേഖരണം |
| 9. | 6.11.96 | രണ്ടാം ഘട്ട പരിശീലനം |
| 10. | 12.11.96 | ഗ്രാമസഭാ റിപ്പോർട്ട് - ക്രോഡീകരണ ചർച്ച |
| 11. | 17.11.96 | പഠന പര്യടനം ചമ്പോൺ മുതൽ രാജാംമ്പാറ വരെ |
| 12. | 29.11.96 | പഠന പര്യടനം പമ്പാവാലി പ്രദേശം |
| 13. | 25.11.96 മുതൽ 30.11.96 വരെ | വികസന റിപ്പോർട്ട് തയ്യാറാക്കൽ |
| 14. | 1.12.96 | സമഗ്ര വികസന റിപ്പോർട്ട് അവതരണം |
| 15. | 5.12.96 | വികസന റിപ്പോർട്ട് അംഗീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി |
| 16. | 28.12.96- | വികസന സെമിനാർ |

# 3

# സാമൂഹിക സാംസ്കാരിക ചരിത്രം

അറിയപ്പെടുന്ന ചരിത്രം ഏതാനും ദശാബ്ദങ്ങളുടേതേ ഉള്ളെങ്കിലും പൗരാണിക കാലഘട്ടത്തിൽ പ്രതാപത്തിൻെറ പെരുമ പേറി നിന്ന നാടാണ് പെരുനാട്. ആദ്യകാവ്യമായ രാമായണത്തിൽ പോലും "ലോകമനോഹരമായ പമ്പാസരിസ്സ" ടത്തെ പറ്റി കാവ്യസൗരഭ്യമാർന്ന വർണ്ണനയുണ്ട്. പ്രിയതമയെ നഷ്ടപ്പെട്ട രാമൻ, ലക്ഷമണനൊത്ത് സീതയെത്തേടിയലയവെ ശബര്യാശ്രമത്തിൽ എത്തിയതായും തപസ്വിനിയായ ശബരിയുടെ സൽക്കാരം സ്വീകരിച്ച് മോക്ഷം നൽകിയശേഷം പമ്പാ തീരത്തുകൂടെ പടിഞ്ഞാറോട്ട് പോയി കിശ്കിന്ധയിലെത്തി സുഗ്രീവനെ കണ്ടതായും പുരാണം പറയുന്നു. വസന്തം പൂത്തുലഞ്ഞ പമ്പാതീരം രാമനെ വിരാഹാർത്തനാക്കി. പിന്നീട് ബാലി വധം നടന്നതും ഈ രംഗവേദിയിൽ തന്നെ. ലങ്കയിൽ നിന്നും പുഷ്പക വിമാനത്തിൽ മടങ്ങും വഴി സീതയുൾപ്പെടെ കിഷ്കിന്ധയിൽ ഇറങ്ങിയതായും പുരാണകഥ ഘോഷിക്കുന്നു. ഈ വിസ്തൃത ഭൂപ്രദേശം കണ്ട്, സീത, "പെരുത്തനാട്" എന്ന് അദ്ഭുതം കൂറിയത്രെ. സ്ഥലനാമത്തിൻെറ ഐതീഹ്യമായി പഴമക്കാർ പറയുന്ന കഥയാണ് ഇത്. രാമായണത്തിൽ പറയുന്ന കിഷ്കിന്ധയാണ് പഞ്ചായത്തിൻെറ പത്താം വാർഡിലുള്ള 'കിസുമം' എന്നും. പറയുന്നു.

ഐതിഹ്യമെന്തായാലും ആയിരത്താണ്ടുകൾക്ക് മുമ്പ് വിദൂര ദേശത്തുള്ളവർക്ക് ഈ പമ്പാ താഴ്‌വാരം പരിചിതമായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. സംഘ കാലഘട്ടത്തിൽ കേരളത്തിൻെറ കിഴക്കൻ മലയോരങ്ങൾ പൊതുവേ ജനപാർപ്പുള്ള "പാലൈ നിലങ്ങൾ" ആയിരുന്നു. ആധുനിക ശിലായുഗ - ആയോയുഗകാലത്തെ അവശിഷ്ടങ്ങൾ അഞ്ചൽ അടക്കമുള്ള കിഴക്കൻ വനമേഖലകളിൽനിന്നും കണ്ടെടുത്തിട്ടുള്ളതും ഇതിൻെറ സൂചനയാണ്.

ഹിന്ദുമതം ജാതീയതയാൽ ദുഷിച്ച ഇരുണ്ട നാളുകളിൽ ധർമ്മ രശ്മിയാൽ തങ്കപ്രഭ ചൊരിഞ്ഞു കടന്നു വന്ന ബുദ്ധമതം ഈ പ്രദേശങ്ങളിൽ വേരു പിടിച്ചു എന്നതും സാംസ്കാരിക ഔന്നത്യത്തിൻെറ തെളിവായി കണക്കാക്കാം. ശബരി മല അടക്കമുള്ള ശാസ്താ ക്ഷേത്രങ്ങൾ പണ്ടു ബുദ്ധ വിഹാരങ്ങളും ആ വിഗ്രഹങ്ങൾ ബുദ്ധമത പ്രിതിമങ്ങളും ആയിരുന്നെന്നുമാണല്ലോ ചരിത്രകാരൻമാരുടെ മതം. 'പള്ളി' എന്നു പേർ ചേർത്തിട്ടുള്ള സ്ഥലനാമങ്ങളും ഇതിനു തെളിവാകുന്നു.

റാന്നി - പെരുനാടു പഞ്ചായത്തിൻെറ മണിക്കിരീടമായായി ശോഭിക്കുന്ന ശബരിമല ഇന്നു ലോകമാകെ അറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രമാണല്ലോ. പഞ്ചായത്തിൽ വൻതോതിൽ പണം

കൊയ്തുകൊണ്ടിരിക്കുന്ന ഉത്സവക്കാലങ്ങളായ മണ്ഡലവിളക്കും, മകരവിളക്കും നാടിനെയാകെ കർമ്മനിരതമാക്കുന്നു.

നൂറ്റാണ്ടുകൾക്കു മുമ്പു പന്തളത്തുരാജാവു ശബരിമല ക്ഷേത്രം പണികഴിപ്പിക്കാൻ വേണ്ടി വന്നു താമസിച്ചതു പെരുന്നാട്ടിലാണെന്നു ചരിത്രം. കടുത്ത കാടായിരുന്ന കാക്കാട്ടായിരുന്നു വാസം. അന്ന് ആരാധനക്കായി പണിത കാക്കാട്ടു കോയിക്കൽ ക്ഷേത്രവും പ്രസിദ്ധമാണ്. ശബരിമലയിൽനിന്നും മടങ്ങും വഴി തിരുവാഭരണം ഇവിടുത്തെ വിഗ്രഹത്തിൽ ചാർത്തുന്നു. അന്നു രാജാക്കൻമാർ കൂട്ടിനു കൊണ്ടുവന്ന രായസം പിള്ളമാർ കോയിക്കമണ്ണിൽ താമസമാക്കി. കൂടെ കാവലിനു വന്നവർ 'കൂടക്കാവിൽ' ക്കാരായി. ഇവരാണിവിടുത്തെ പുതിയകാലത്തെ കുടിയേറ്റക്കാർ. ശബരിമലയുമായി ബന്ധപ്പെട്ട പ്രസിദ്ധമായ നായാട്ടു വിളിക്കുള്ള അവകാശം കോയിക്കമണ്ണിൽ ശ്രീ. കെ. എസ്. വേലുപ്പിള്ളക്കായിരുന്നു. പിന്നീടതു പുന്നമൂട്ടിൽ ശ്രീ പെരിമാൾ പിള്ളക്കായി.

വനമേഖലകളിൽ താമസിച്ചിരുന്ന തദ്ദേശിയരും നാടോടികളുമായ ആദിവാസികൾ പണ്ടു പണ്ടേ ഉള്ളവരാണെങ്കിലും ഇവർ ഇന്നു ന്യൂനപക്ഷമാണ്. ഇവരുടെ ചരിത്രം ഇനിയും അജ്ഞാതമാണ്.

വനങ്ങളാൽ ചുറ്റപ്പെട്ട് തികച്ചും കാർഷിക മേഖലയായ ഈ ഗ്രാമത്തിൽ ഇന്നുള്ള ഭൂരിക്ഷ ജനത പലപ്പോഴായി മറ്റിടങ്ങളിൽ നിന്നും കുടിയേറിയവരാണ്. മുഖ്യമായും വെള്ളക്കാരാണിവിടെ തോട്ടങ്ങൾ ഉണ്ടാക്കിയത്. കർഷകരായും തോട്ടം തൊഴിലാളികളായുമാണ് മറ്റുള്ളവർ കുടിയേറിയിട്ടുള്ളത്.

ഈ നൂറ്റാണിൻെറ ആദ്യ പകുതിയിൽ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കാര്യമായി നടന്നിട്ടില്ലെങ്കിലും അടിച്ചമർത്തിലിനും കടന്നാക്രമത്തിനും എതിരെ ധീരമായി ചെറുത്തുനിന്ന പാരമ്പര്യം ഇവിടുത്തെ തൊഴിലാളി സമൂഹത്തിന് അഭിമാനം പകരുന്നു. ദേശീയ - തൊഴിലാളി പ്രസ്ഥാനങ്ങളുടെ നേതാക്കൾക്ക് ഒളിവുകാലത്ത് സംരക്ഷണം നൽകാനുള്ള രീഷ്ട്രീയ പ്രബുദ്ധതയും ഇന്നാട്ടുകാർ വളർത്തിയെടുത്തിരുന്നു.

ഈ നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ ബ്രിട്ടീഷ് തോട്ടം മുതലാളിമാർ ഈനാടിനെ വിഴുങ്ങി. ളാഹ, കുറുങ്ങാൽ, കാവനാൽ, കണ്ടൻുളം തുടങ്ങിയ പ്രദേശങ്ങൾ അവർ കൈയടക്കി. റബ്ബറും തേയിലയും കൃഷിചെയ്യാനായി നാട്ടിലുള്ളവരെ ഭയപ്പെടുത്തി കുടിയിറക്കി. ബ്രിട്ടീഷുകാരുടെ ഈ കിരാതനടപടികൾകെതിരേ എതിർപ്പുകളുണ്ടായി. ശക്തനായ ബ്രാണ്ടൻ സായ്പിനെ വെടിവച്ചു കൊല്ലുന്നതിൽ വരെയെത്തി കാര്യങ്ങൾ. കണ്ടംകുളം തോട്ടത്തിൻെറ അതിർത്തിയിൽകൂടി കിടപ്പുകാരനായ വെളുത്താലിക്കുടി ശങ്കരൻ, തൻെറ തന്നെ ബന്ധുക്കളെ കത്തികൊണ്ടു വരഞ്ഞ് ചോരയൊലിപ്പിച്ചു. ഇതുകണ്ടു ഭയന്ന സായ്പു പിൻമാറുമെന്നാണ് ശങ്കരൻ ധരിച്ചത്. എന്നാൽ സായിപ് പിന്തിരിയുന്നില്ല എന്നുകണ്ട ശങ്കർ വീടിനുള്ളിൽ കയറി ഭിത്തിയുടെ ദ്വാരത്തിൽ കൂടി വെടിവയ്ക്കുകയാണുണ്ടായത്. ബ്രിട്ടീഷുകാർക്കെതിരെ ഇന്നാട്ടിലെ ജനങ്ങൾ നടത്തിയ വിമോചനത്തിൻെറ തുടക്കമായിരുന്നു ഇത് - കുടിയൊഴിപ്പിക്കലിനെതിരെ നടന്ന ധീരസമരം.

ബഥനി സന്യാസ സമൂഹത്തിൻെറ ആരംഭവും പെരുനാട്ടിൽ നിന്നു തന്നെ. ആത്മീയാചാര്യനായിത്തീർന്ന മാർ ഈവാന്യോസ് തിരുമേനിയുടെ പൂർവ്വാശ്രമം ഇവിടെയാണ്. ആത്മീയതയുടെയും ഐശ്വര്യതയുടെയും പ്രിതീകമായി ബഥനി ആശ്രമം നിലകൊള്ളുന്നു.

ക്രിസ്തു ശിഷ്യനായ സെൻറ് തോമസ് തൻെറ സന്ദേശ പ്രചരണ വേളയിൽ ഈ പഞ്ചായത്തിൻെറ ആധീനതയിലുള്ള നിലക്കൽ എത്തിയിരുന്നതായി പറയപ്പെടുന്നു. ഈ ഗ്രാമത്തിലെ ആദ്യത്തെ വിദ്യാലയം 1083-ൽ അരംഭിച്ച സർക്കാർ പ്രൈമറി സ്കൂളായിരുന്നു. 1107 - ൽ മലയാളം മിഡിൽ സ്കൂൾ കോയിക്കമണ്ണിൽ ശ്രീ. കെ.എസ്.വേലുപിള്ള സ്ഥാപിച്ചു. ഏഴു ക്ളാസ്സു പഠിക്കാൻ സാധാരണ ജനങ്ങൾക്ക്

അവസരമായി. 1951- ൽ ഇതെരു ഹൈസ്കൂളാക്കി ഉയർത്തി. മൂലമണ്ണിൽ ശ്രീ. എം.എൻ. നൈനാൻ, കുറ്റിക്കയം ശ്രീ. എഫ്. തോമസ്, കൊട്ടാരത്തിൽ ശ്രീ. കെ. എസ്. പെരുമാൾപിള്ള എന്നിവരാണ് ഇതിനു വേണ്ടി പ്രവർത്തിച്ചത്. പെരുമാടിൻെറ സാമൂഹ്യ സാംസ്ക്കാരിക മുന്നേറ്റത്തിന് ഈ സ്കൂൾ സ്വാധീനം ചെലുത്തി. ഇതോടുകൂടി ധാരാളം ബിരിദധാരികളും ബിരുദാനന്തര ബിരുദധാരികളും ഉണ്ടായി. ലോക പ്രശസ്ത ഹൃദയ ശസ്ത്രക്രിയാ വിദഗ്ധനായ ശ്രാബിക്കൽ ഡോക്ടർ ആർ. ഉണ്ണികൃഷ്ണൻ നായർ, ഇപ്പോഴത്തെ പോർട്ടു ട്രസ്റ്റ് ചെയർമ്മാൻ ശ്രീ. ബാബു രാജീവ് ഐ. എ. എസ്. തുടങ്ങിയവർ ഇവിടെ പഠിച്ചവരാണ്. കൂടാതെ ജീവതത്തിൻെറ നാനാ തുറകളിലുള്ള ധാരാളം പേർ ഈ വിദ്യാലത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്. 1110 -ൽ തയ്യിലേതത്ത് ശ്രീ. നീലകണ്ഠൻ കക്കാട് മാധവവിലാസം വി.പി. സ്കൂൾ സ്ഥാപിച്ചു. തുടർന്ന് മാടവൺ ചെമ്പാലൂർ തുടങ്ങിയ പ്രദേശങ്ങളിൽ എൽ. പി. സ്കൂൾ സ്ഥാപിതമായി. ശ്രീ. ഐ. എം. ഇടിക്കുള്ള മഠത്തുമൂഴിയിൽ സ്ഥാപിച്ച സംസ്കൃതം വിദ്യാലയം ഇപ്പോൾ നിലവിലില്ല. ഇന്ന് 3 ഹൈസ്കൂളുകൾ, രണ്ട് യു. പി. സ്കൂളുകൾ, 6 എൽ. പി സ്കൂളുകൾ തിടങ്ങിയവ ഈ ഗ്രാമത്തിലുണ്ട്. വിദ്യാഭ്യാസ പുരോഗതിക്ക് ഈ വിദ്യാലയങ്ങൾ വഹിച്ച പങ്ക് നിർണ്ണായകമാണ്.

1990 -ൽ നടന്ന അക്ഷര കേരളം പരിപാടിയിൽ പെരുനാട് സജീവമായി പങ്കെടുത്തു. ജില്ലാതല ഉത്ഘാടനം ഇവിടെയാണ് നടന്നത്. ജില്ലയിൽ രണ്ടാമത് സമ്പൂർണ്ണ സാക്ഷരത വരിച്ചതിന് ട്രോഫിയും നേടിയിട്ടുണ്ട്. പഞ്ചായത്തിലെ സാക്ഷരത 92.8 ശതമാനമാണ്.

പഞ്ചായത്തിലെ പമ്പാവാലി, അറയാഞ്ഞിമൺ, നാറാണം തോട്, ത്ലാപ്പള്ളി തുടങ്ങിയ പ്രദേശങ്ങൾ തികച്ചും കുടിയേറ്റമേഖലയാണ്. വിദ്യാഭ്യാസപരമായി ഈ പ്രദേശം പിന്നോക്കമാണ്. ഭൂരിപക്ഷം കുടിയേറ്റക്കാർക്കും നാളിതുവരെ പട്ടയം വിതരണം ചെതിട്ടില്ല.

ഫ്യൂഡൽ ജന്മി സമ്പ്രദായം ഇവിടെ നിലനിന്നിരുന്നില്ല. തേയില, റബർ തോട്ടങ്ങളിൾ പണിയെടുത്തിരുന്നവരുടെ മേൽ അടിമത്തം അടിച്ചേൽപ്പിച്ചിരുന്നു. എന്നാൽ ഇതിനെതിരെ ശക്തമായ പോരാട്ടം നടത്തി തൊഴിലാളികൾ അവരുടെ അവകാശങ്ങൾ നേടിയെടുത്തു. 1945 -ൽ തൊഴിലാളി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ശ്രീ. സോളമൻ, ശ്രീ. രാമലിംഗം, തുടങ്ങിയവർ ഈ മേഖലകളിൽ കടന്നുവരികയും ശക്തമായ തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുകയും ചെയ്തു. കുറങ്ങാൽ തോട്ടത്തിൽ തൈമുറിയിൽ ശ്രീ. തൊമ്മി വർഗ്ഗീസ്, കോട്ടയിൽ ശ്രീ. ഗംഗാധരൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന സമരം ശ്രദ്ധേയമായി. അവർക്കുവേണ്ട സഹായം ചെയ്തു കൊടുത്തത് പുള്ളിയിൽ ശ്രീ. കേശവനായിരുന്നു. ക്രൂരമായ മർദ്ദനം സഹിച്ചുകൊണ്ടായിരുന്നു. തൊഴിലാളികൾ പണിയെടുത്തിരുന്നത്. ആഹാരത്തിനായി കൊടുത്തിരുന്നത് മാങ്ങായും ബജ്റായും വേവാത്ത മരച്ചീനിയുമായിരുന്നു. അരിയും പഞ്ചസാരയും ഉദ്യോഗസ്ഥൻമാരും കൈയടക്കി. തൊഴിലാളി യൂണിയനിൽ ചേരുന്നവരേയും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരേയും പോലീസും തോട്ടമുടമകളും ചേർന്ന് പീഡിപ്പിച്ചിരുന്നു. തൊഴിലാളികൾ ഇതിനെതിരെ ശബ്ദമുയർത്തി. കമ്യൂണിസ്റ്റു പ്രസ്ഥാനത്തിൽ പെട്ടവർ നേതൃത്തം നൽകി. കമ്യൂണിസം നിരോധിച്ചിരുന്ന കാലഘട്ടത്തിൽ പല നേതാക്കൻമാരും ഒളിവുകാല ജീവിതം നയിച്ചിരുന്ന പ്രദേശമാണിത്. ഈ വനമേഖല അവർക്കാശ്രയമായി. മുൻ മുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായർ, അന്തിരിച്ച ശ്രീ. എം. ടി. വർഗ്ഗീസ് തുടങ്ങിയവർ ഇക്കൂട്ടത്തിൽ പെടുന്നു. പുരോഗമന ചിന്താഗതിക്കാരായ ഇവിടുത്തെ ജനങ്ങൾ പുരോഗമന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുകയും ശക്തമായ തൊഴിൽ സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. കുടി കിടപ്പുമായി ബന്ധപ്പെട്ട അപൂർവ്വം ചില സമരങ്ങൾ നടന്നിട്ടുള്ളതിൽ കണ്ണനൂമൺ, വെൺക്കുളം, കുളത്തുനിരവ് സമരങ്ങൾ ശ്രദ്ധേയമാണ്.

1975- ൽ മണക്കയത്തു നടന്ന മിച്ചഭൂമി സമരം കേരളത്തിൻെറ മുഴുവൻ ശ്രദ്ധയാകർഷിച്ചു. വെടിവെപ്പിൽ വരെയെത്തിച്ച ഈ സമരം പെരിനാടിൻെറ വിപ്ളവ വീര്യം വിളിച്ചറിയിക്കുന്നു. സഖാവ് ഏ. കെ. ഗോപാലൻെറ സാന്നിധ്യം ജനങ്ങൾക്ക് ആവേശമായി. ആരോഗ്യ പരിപാലനത്തിന് പാരമ്പര്യ വൈദ്യമായിരുന്നു നിലനിന്നിരുന്നത്. കണിപറമ്പിൽ അന്തരിച്ച ശ്രീ. കൊച്ചുകുഞ്ഞു വൈദ്യരായിരുന്നു ഏക ആശ്രയം. വൈദ്യൻ വീടുകളിൽ എത്തി രോഗികളെ ചികത്സിച്ചിരുന്നു. 1952- ൽ മലേറിയാ രോഗബാധിതരെ ചികിത്സിക്കാൻ ഒരു മലേറിയാ ഡിസ്പൻറി സ്ഥാപിതമായി. ഇത് ആയൂർവേദത്തിൽ നിന്നും അലോപ്പതിയിലേക്കുള്ള മാറ്റത്തെ കുറിക്കുന്നു. പിന്നീടിത് ഡിസ്പൻറിയായും പി. എച്ച്. സി ആയും ഉയർത്തപ്പെട്ടു. പമ്പാവാലി മേഖലകളിൽ ഒരു ആയൂർ വേദ ആശുപത്രിയും പ്രവർത്തിക്കുന്നു. 1959 - ൽ പെരുനാട് ഡിസ്പൻറിക്കുവേണ്ടി ഒരു കെട്ടിടം ജനപങ്കാളിത്തത്തോടുകൂടി പണികഴിപ്പിച്ചു. ഒരേക്കറിന് ഒരു രൂപാ എന്നക്രമത്തിൽ പിരിച്ചെടുത്ത തുകയും പഞ്ചവത്സര പദ്ധതിയിലെ തുകയും ചേർത്ത് 22900 രൂപ ആയിരുന്നു കെട്ടചിടത്തിൻെറ ചിലവ്. അക്കാലത്ത് ഇത്തരം വികസനപ്രവർത്തനങ്ങൾക്ക് മൂന്നിൽ ഒരു ഭാഗം നാട്ടുകാർ മുടക്കണമെന്നായിരുന്നു.

ഗതാഗത സൗകര്യങ്ങൾ കുറവായിരുന്ന കാലത്ത് ഉത്പന്നങ്ങളുമായി വിപണനത്തിനു പോകുന്നവരുടെ മാർഗ്ഗം കാൽനടയാത്രയും വള്ളവും ആയിരിന്നു. പെരുന്നാടിനെ രണ്ടായി വിഭജിച്ചിരുന്ന കാക്കാട്ടാറ്റിൽ കുറുകെ ഒരു പാലം നിർമ്മിച്ചതോടെ യാത്ര കൂടുതൽ സുഗമമായി.

മണ്ണാരക്കുളത്തി രാജാമ്പാറ റോഡുണ്ടായതോടെ ഗതാഗതം കൂടുതൽ സുഗമമായി. സി.കെ. എം. യൂണിൻെറ വക തുറന്ന ഒരു ബസാണ് ആദ്യകാലത്തേത്. തുടർന്ന് ഈ വി. എം. എസ്., സ്വരാജ്, സെൻറ് തോമസ്, രാജരാജേശ്വരി, തുടങ്ങിയ ബസ് സർവ്വീസുകളും ഉണ്ടായി.

ശബരിഗിരി ജല വൈദ്യുതപദ്ധതിയുടെ നിർമ്മാണം പെരുനാടൻെറ വികസനത്തിൽ ഏറെ ശഹായകമായി. ഒപ്പം ശബരിമലയുടെയും. 1959 - ൽ കേരളത്തിലെ ഏറ്റവും ഉയരം കൂടിയ പാലം കാക്കാട്ടാറിൽ പണികഴിപ്പിച്ചത് കേരളാ ഇലക്ടിസിറ്റി ബോർഡാണ്. അത് കിഴക്കൻ മേഖലയുടെ ഗതാഗത വികസനത്തിനും വളർച്ചക്കും ഏറെ സഹായകമായി. കക്കാട്ടാറിൽ മഠത്തുമൂഴിയിൽ ചെങ്ങാടത്തിലൂടെ കയറ്റിയിറക്ക് ഇതുമൂലം നിലച്ചു.

1953 - ൽ തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വരുന്നതിനു മുൻപ് വില്ലേജ് യൂണിൻ പ്രവർത്തിച്ചിരിന്നു. സർവ്വ ശ്രീ. എ. എം. ജോസഫും, കണ്ണാട്ടുതറ വേലുവും പ്രസിഡണ്ടുമാരായിരുന്നു. പ്രസിഡൻറുൾപ്പെടെ ആറ് അംഗങ്ങൾ ഈ സമിതിയിലുണ്ടായിരുന്നു.

ജനാധിപത്യ രീതിയിൽ തെരെഞ്ഞെടുക്കപ്പെട്ട 7 അംഗങ്ങളോടുകൂടിയ ഭരണ സമിതി 1953 -ൽ നിലവിൽ വന്നു. ശ്രീ. കെ. പി. കൃഷണപിള്ളയായിരുന്നു പ്രസിഡൻറ്, പിന്നീടുണ്ടായ പഞ്ചായത്തുസമിതികളിൽ കുറ്റിക്കയം ശ്രീ. എഫ്. തോമസ്, ശ്രീ. എം. എൻ ജയപ്രകാശ്, ശ്രീ. പി. കെ. സോമരാജൻ തുടങ്ങിയവർ പ്രസിഡൻറു പദം വഹിച്ചിട്ടുണ്ട്. 1963 -ൽ നിലവിൽ വന്ന പഞ്ചായത്തു ഭരണസമിതിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട ഏക വനിതാ അംഗം പുതുവലിൽ ശ്രീമതി. കല്യാണിയാണ്. റാന്നി പകുതിയിൽ പെട്ട പെരുനാട്, നാറാണമൂഴി, അത്തിക്കയം, കക്കാട്, മാടമൺ വടക്ക്, തെക്ക്, നെടുമൺ തുടങ്ങിയ പ്രദേശങ്ങളായിരുന്നു അധികാര പരിധിയിൽപെട്ട സ്ഥലങ്ങൾ. ആദ്യഭരണസമിതി പത്തുവർഷം ഭരണം നടത്തി. അക്കാലത്ത് ജനപങ്കാളിത്തത്തോടുകൂടി ഒരു ആശുപത്രി കെട്ടിടം നിർമ്മിച്ചത് ശ്രദ്ധേയമാണ്. ഇന്നുള്ള പഞ്ചായത്താഫീസ് കെട്ടിടം നിർമ്മിച്ചത്. ശ്രീ. എഫ്. തോമസ് പ്രസിഡൻറായിരുന്നകാലത്താണ്. തുടർന്ന് വന്ന പഞ്ചായത്ത് ഭരണ സമിതികൾ ശ്രദ്ധേയമായ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പമ്പാവാലി പ്രദേശങ്ങളുടെ

വികസനത്തിനു കാരണമായിത്തീർന്ന കണമല, പമ്പാവാലി, ഏഞ്ചൽവാലി, അറയാഞ്ഞിലിമൺ, തുടങ്ങിയ ക്രോസ്‌വേകൾ ജനപങ്കാളിത്തത്തോടുകൂടി നിർമ്മിക്കാൻ കഴിഞ്ഞത് വലിയ നേട്ടം തന്നെ.

സാംസ്ക്കാരിക രംഗത്ത് പെരുന്നാട് ഒട്ടും പിന്നിലായിരുന്നില്ല. അത് ശബരിമലയുമായി ബന്ധപ്പെട്ടു കിടക്കുന്നു. പന്തളത്തു രാജാവ് മാതൃ പൂജക്കായി പണികഴിപ്പിച്ച കക്കാട്ടു കോയിക്കൽ ക്ഷേത്രത്തിൽ മകരം 8ാം തിയതി ശബരിമലയിൽ നിന്നുള്ള മടക്കയാത്രയിൽ തിരുവാഭരണം ശാസ്താവിഗ്രഹത്തിൽ ചാർത്തുന്നു. ശബരിമലയിലെത്തി ദർശനം നടത്തുന്നതിനുഒള്ള അവകാശം നിക്ഷേധിക്കപ്പെട്ട ബഹുസഹസ്രം സ്ത്രീകൾക്ക് അതൊരനുഗ്രഹമാണ്.

ജനരജ്ജിനി, കൈരളി, ശബരിഗിരി, പെരുനാട്ട്, പബ്ളിക്ക് ലൈബ്രറി, എന്നീ ഗ്രന്ഥശാലകളും സാംസ്ക്കാരിക വളർച്ചക്ക് സഹായിച്ചിട്ടുണ്ട്. ജനരഞ്ജിനിയാണ് ആദ്യത്തെ വായനശാല. ഇന്ന് പറയത്തക്ക പ്രവർത്തനം ഇവിടങ്ങളിൽ നടക്കുന്നില്ല. വർഷങ്ങൾക്കു മുമ്പ് മാമ്പാറയിൽ ഒരു കലാസമിതി പ്രവർത്തിച്ചിരുന്നു. അവിടെനിന്നും ഒരു കയ്യെഴുത്തു മാസിക - കലാരാമം പ്രചരിച്ചിരുന്നു. സുഹൃത്ത്, പടക്കം തുടങ്ങിയ കയ്യെഴുത്തു മാസികകളും പ്രചാരത്തിലുണ്ടായിരുന്നു.

1950 - കളിൽ പെരുനാടിനു കലാരംഗത്ത് മാന്യമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. പി. പി. എ. സി. എന്നപേരിൽ ഒരു ആർട്സ് ക്ളബ് പ്രവർത്തിച്ചിരുന്നു. ഉന്നത നിലവാരമുള്ള നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. അവസാനത്തെ മണിയടി എന്ന നാടകം ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. അതിന്റെ സംഘാടകൻ അന്തരിച്ച ശ്രീ. പി. കെ. വാസു ആയിരുന്നു. കക്കാട്ടുണ്ടായിരുന്ന കൈരളി തീയറ്റേഴ്സ് ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു. കലാപരമായി നാടിന്റെ മേന്മ വിളിച്ചറിയിക്കുന്നതായിരുന്നു ഈ സ്ഥാപനങ്ങൾ. പിന്നീടവ നാമാവശേഷമായി.

ജാതീയമായ ഉച്ചനീചത്വങ്ങളോ വർഗ്ഗീയ കലാപങ്ങളോ ഇവിടെ ഇല്ലായിരുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അതീതമായി ജീവിക്കുന്ന ജനത ഈ നാടിന്നഭിമാനമാണ്.

മുകളിൽ പറഞ്ഞ പ്രകാരം ക്രമാനുഗ്തമായ വളർച്ചയുണ്ടങ്കിലും ഇന്നത്തെ നില അത്ര ആശാസ്യമല്ല. സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക മേഖലകളിലെല്ലാം പ്രശ്നങ്ങളേറുന്നു. അൻപതു വർഷം മുമ്പ് വില്ലേജ് .യുണിയൻ മീറ്റിംഗിൽ ചർച്ച ചെയ്യപ്പെട്ടു എന്നു രേഖപ്പെടുത്തിയിരിക്കുന്ന കുടിവെള്ള പ്രശ്നം ഇന്നും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു. റബർ കൃഷി മാത്രം മുന്നേറുന്നു മറ്റുള്ള കൃഷികൾ ഉപേഷിക്കപ്പെടുന്നു. ഇതുനാടിന്റെ കാർഷികാധ:പതനത്തിൽ കൊണ്ടെത്തിച്ചിരിക്കുന്നു. വൻകിട ചെറുകിട വ്യവസായങ്ങൾ ഈ പഞ്ചായത്തിലുള്ളവർക്കൊരു സ്വപ്നം മാത്രം. ഇതിനെല്ലാം അറുതി വരുത്തുവാൻ നമ്മുടെ ആവശ്യങ്ങൾ- നമ്മുടെ നാടിന്റെ വികസനം - അതു ചെയ്യേണ്ടതു മറ്റാരുമല്ല നമ്മൾത്തന്നെ എന്നു മനസിലാക്കി ജനകീയാസൂത്രണ പരിപാടിയിലൂടെ സമൃദ്ധിയുടെയും സന്തോഷത്തിന്റെയും സൗന്ദര്യത്തിന്റെയും സ്വർണ്ണകവാടം തുറന്ന് നമ്മുക്കു മുന്നേറാം.

"ധന്യമായ ചിന്തകളും
ധന്യമായ വചനങ്ങളും
ധന്യമായ കർമ്മങ്ങളും മാത്രമേ
നിങ്ങളിൽ നിന്നു പുറപ്പെടാവൂ"

രമാദേവി

# 4

# ഭൂപ്രകൃതിയും വിഭവങ്ങളും

**അവലംബം പഠന പര്യടനം**

**റവന്യൂ രേഖകൾ**

**കൃഷിഭവൻ & മൃഗാശുപത്രി രേഖകൾ**

## സ്ഥാനവും ഭൂപ്രകൃതിയും.

കേരളത്തിൻെറ കിഴക്കേ അതിരായ സഹ്യപർവ്വതത്തിൻെറ പടിഞ്ഞാറെ ചെരിവിൽ ഉത്തര അക്ഷാംശം 9° ക്കും 9°-30 നും പൂർവ്വരേഖാംശം 77°-30 നും 78°ക്കും ഇടയിൽ സ്ഥിതിചെയ്യുന്ന ഒരു മലയോര ഗ്രാമമാണ് പെരുനാട്. പത്തനം തിട്ട ജില്ലയുടെ വടക്കുകിഴക്കേ മൂലയിലാണ് ഈ ഗ്രാമത്തിൻെറ സ്ഥാനം. വിസ്തീർണ്ണത്തിൽ പത്തനം തിട്ടജില്ലയിലെ 54 പഞ്ചായത്തുകളിൽ 4ാം സ്ഥാനമാണ് പഞ്ചായത്തിനുള്ളത്. ഇതിൻെറ വിസ്തൃതി 82.05 ച. കി. മീ. ആണ്. ഇതിൽ മൂന്നിലൊന്നു ഭാഗവും റിസർവ്വ് വനമാണ്. മറ്റുഭാഗങ്ങൾ കുന്നുകളു താഴ്വരകളും നിറഞ്ഞതാണ്.

ഭൂപ്രകൃതി അനുസരിച്ച് റാന്നി പെരുനാടിനെ ഏഴു മേഖലകളായി തിരിക്കാം.

| | |
|---|---|
| 1. | ഉയർന്ന സമതലം |
| 2. | താഴന്ന സമതലം |
| 3. | ചെറിയ ചെരിഞ്ഞ പ്രദേശം |
| 4. | ചെങ്കുത്തായ പ്രദേശം. |
| 5. | ആറിൻെറയും തോടിൻെറയും തീരങ്ങൾ |
| 6. | കുന്ന് |
| 7. | സഹ്യപർവ്വതങ്ങൾ |

പഞ്ചായത്തിലെ കൂടുതൽ ഭാഗങ്ങളും ചരിവുള്ള പ്രദേശങ്ങളാണ്. ശബരിമല, ബദനിമല, മുണ്ടൻല, കോളാമല, ഇടപ്രമല, നെല്ലിമല, കോട്ടമല തുടങ്ങിയ സ്ഥലനാമങ്ങൾ ഈ പഞ്ചായത്തിലെ മലകളുടെ ആധിക്യത്തെകാണിക്കുന്നു. പഞ്ചായത്തിൻെറ തെക്കുപടിഞ്ഞാറുനിന്നും വടക്കുകിഴക്കോട്ട് - ചമ്പോൺ മുതൽ രാജാംപാറ വരെ പന്ത്രണ്ടു കിലേമീറ്റർ ദൈർഘ്യമുള്ള ജനവാസ മേഖലയിൽ ചെറുതും വലുതുമായ പത്തുമലനിരകളും ഒപതു തോടുകളും ഒരു ആറും ഉണ്ട്. സമുദ്ര നിരപ്പിൽ നിന്നും 472 മീറ്റർ ഉയരമുള്ള ശബിരി മലപ്രദേശം ഈ പഞ്ചായത്തിൽ പെട്ടതാണ്.

## മാപ്പ് 1



# ഭൂവിനിയോഗം

വനമെഴികെയുള്ള ഭാഗങ്ങളിൽ അധികവും കൃഷിഭൂമിയാണ്. 0.5% മാത്രമേ തരിശുഭൂമിയായുള്ളു.

പട്ടിക 1

പഞ്ചായത്തിലെ ഭൂമി സംബദ്ധിച്ച വിവിരങ്ങൾ

ചാർട്ട് ഒന്ന്. പഞ്ചായത്തിലെ ഭൂമി സംബദധിച്ച വിവിരങ്ങൾ

ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ

| വില്ലേജ് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
|---|---|---|---|---|---|
| പെരുനാട് | 3770 | 7.5 | 784 | 22.5 | 4584 |
| കൊല്ലമുള | 195 | - | 221 | - | 306 |
| ആകെ | 3965 | 7.5 | .995 | 22.5 | 4990 |

റഫറൻസ് എ രജിസ്റ്റർ, ബി രജിസ്റ്റർ (വില്ലേജ്)

പട്ടിക 2.

ചാർട്ട് 2. പുറംമ്പോക്ക് ഭൂമി സംബദ്ധിച്ച വിവരങ്ങൾ ഏക്കറിൽ

| വില്ലേജ് | റോഡ് | തോട് | പുഴ | റവന്യൂ | വനം | ആകെ |
|---|---|---|---|---|---|---|
| റാന്നി, പെരുന്നാട് കൊല്ലമുള | 21 | 95 | 310 | 737 | 900 | 2063 |

റഫറൻസ് - പുറംമ്പോക്ക് രജിസ്റ്റർ, വില്ലേജ്

## മണ്ണ്, പാറ

പഞ്ചായത്തിൻെറ ചരിഞ്ഞ പ്രദേശങ്ങളിൽ, വളക്കൂറുള്ള കറുത്തമണ്ണും ഉരുളൻ പാറകളും ധാരാളമായിട്ടുണ്ട്. തട്ടുകളായി തിരിച്ച് റബർ കൃഷി ചെയ്തിരുന്നഭാഗങ്ങളിൽ മണ്ണെലിപ്പ് കുറവാണ്. അല്ലാത്ത ചരിഞ്ഞ പ്രദേശങ്ങളിൽ മണ്ണൊലിപ്പിൻെറ ഫലമായി ഉരുളൻ പാറ തെളിഞ്ഞിരിക്കുന്നു. ആറിൻെറയും തോടിൻെറയും തീരങ്ങളിൽ ഫലഭൂയിഷ്ടമായ ചുമന്ന പശിമരാശിമണ്ണ് കാണപ്പെടുന്നു. കുന്നിൻെറ അടിവാരങ്ങൾ ചരൽ കലർന്ന ചുവന്ന മണ്ണ് കാണാനുള്ളത്.

പഞ്ചായത്തിൽ പല ഭാഗങ്ങളിലും വൻപാറകൾ ഉണ് പണ്ട് പാറ ഉപയോഗശൂന്യമായിരുന്നുവെങ്കിലും ഇപ്പോൾ അത് വിലപിടിപ്പുള്ള വസ്തുവായി മാറിയിരിക്കുന്നു. കെട്ടിട - റോഡ് നിർമ്മാണത്തിനാവശ്യമായ റബിൾ, മെറ്റൽ ഇവയും ആട്ടുകല്ല്, ഉരൽ തുടങ്ങിയ വീട്ടുരകരണങ്ങളും ഉണ്ടാക്കുന്നതിന് ഇവിടുത്തെ പാറ വളരെയേറെ പ്രയോജനപ്പെടുന്നു. കോട്ടപ്പാറ, കോട്ടൂപാറ, മാമ്പാറ, ഇടപ്രപാറ തുടങ്ങിയ പേരുകൾ സൂചിപ്പിക്കുന്നത് പെരുനാട് പാറകൾകൊണ്ട് നിറഞ്ഞതാണ് എന്നാണ്. ചുരുക്കത്തിൽ പെരുമ്പനാട്ടിലെ മണ്ണും പാറയും ഈ ജനജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

# കാലാവസ്ഥയും ജലലഭ്യതയും.

കേരളത്തിലെ ഉന്നത മലപ്രദേശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ട റാന്നി പെരുന്നാട് പഞ്ചായത്ത് മഴ ധാരാളം ലഭിക്കുന്ന ഭൂ വിഭാഗമാണ്.

പട്ടിക 4.

മഴലഭ്യത മില്ലീമീറ്റർ 1994

| മാസം | കേരളം | പത്തനംതിട്ട |
|---|---|---|
| ജനുവരി | 32.45 | 34.3 |
| ഫെബ്രുവരി | 30.96 | 68.0 |
| മാർച്ച് | 20.28 | 45.5 |
| ഏപ്രിൽ | 145.69 | 142.3 |
| മെയ് | 157.9 | 281.1 |
| ജൂൺ | 836.2 | 507.3 |
| ജൂലൈ | 940.49 | 599.0 |
| ആഗസ്റ്റ് | 478.91 | 404.0 |
| സെപ്റ്റംബർ | 205.84 | 168.4 |
| ഒക്ടോബർ | 448.47 | 664.7 |
| നവംബർ | 163.73 | 242.3 |
| ഡിസംബർ | 42.47 | 62.0 |

പഞ്ചായത്തിലെ പത്തു വാർഡുകളും നദീ തീരത്താണ്. പെരുനാട്, മുക്കം, മാരമൺ, അറയാഞ്ഞിലിമൺ, തുലാപ്പള്ളി നാറാണംനാട് - അട്ടത്തോട് എന്നി വാർഡുകൾ പമ്പയാറിൻെറ തീരത്തും, കക്കാട്, മഠത്തുംമൂഴി, നെടുമൺ ളാഹ വാർഡുകൾ പമ്പയാറിൻെറ പ്രധാന പോഷകനദിയായ കക്കാട്ടാറിൻെറ തീരത്തുമാണ് സ്ഥിതിചെയ്യുന്നത്. കക്കാട്ടാറിലും പമ്പയാറ്റിലും വന്നു ചേരുന്ന ചെറുതും വലുതുമായ 28 പ്രധാന തോടുകൾ ഈ പഞ്ചായത്തിലുണ്ട്. പുഴകളും തോടുകളും ഉണ്ടെങ്കിലും നദിയുടെ സമീപത്തുള്ള ഉയർന്ന പ്രദേശങ്ങളിൽ പോലും വർൾച്ച അനുഭവപ്പെടാറുണ്ട്. വർഷകാലത്ത് ലഭിക്കുന്ന ജലം കുത്തനെയുള്ള ഭൂപ്രകൃതി കാരണം സംഭരിക്കപ്പെടാതെ മണ്ണൊലിപ്പ് എന്ന ദൂഷ്യഫലം നൽകികൊണ്ട് അറബിക്കടലിലേക്കൊഴുകിപോകുന്നു. കക്കാട്ടാറ്റിൽ മണിയാർ എന്ന സ്ഥലത്ത് അണകെട്ടി കനാൽ വഴി ജില്ലയിലെ മറ്റു പഞ്ചായത്തുകളിലും പടിഞ്ഞാറൻ ജില്ലകളിലും കൃഷിക്കുപയോഗിക്കുന്നതിന് ജലം കൊണ്ടുപോകുന്നു എങ്കിലും പെരുനാടു പഞ്ചായത്തിലെ പല സ്ഥലങ്ങളും ജല ദൗർല്ലഭ്യം കാരണം ഭക്ഷ്യ വിളകളോ പച്ചക്കറികളോ കൃഷി ചെയ്യുന്നതിന് ഉപയുക്തമല്ല.

# ജനങ്ങൾ

1991 ലെ സെൻസസ് പ്രകാരം പെരുനാട് പഞ്ചായത്തിലെ ജനസംഖ്യ 22130 ആണ്. ഇതിൽ 11106 പുരുഷൻമാരും 11024 സ്ത്രീകളുമാണ്. പട്ടികജാതി ജനസംഖ്യ 1957. പട്ടിക വർഗ്ഗം 1547. ആകെ ജനസംഖ്യയുടെ 8.8% പട്ടിക ജാതിക്കാരും 7 ശതമാനം പട്ടിക വർഗ്ഗക്കാരും ആണ്. 6 വയസ്സിനു താഴെയുള്ള കുട്ടികൾ 2684 പേരുണ്ട്. പഞ്ചായത്തിലെ ജനസാന്ദ്രത 270 ആണ്.

പട്ടിക 5

വാർഡുതല ജസംഖ്യ

അവലംബം ഇൻഫർമാറ്റിക് സെൻറർ പത്തനംതിട്ട

| ക്രമ നമ്പർ | വാർഡ് | കുടുംബ ങ്ങൾ | ആൺ | പെൺ | ആകെ | പട്ടിക ജാതി | പട്ടിക വർഗ്ഗം | സാന്ദ്രത |
|---|---|---|---|---|---|---|---|---|
| 1. | പെരുനാട് | 479 | 1072 | 1096 | 2168 | 134 | 5 | 1838 |
| 2. | മുക്കം | 183 | 445 | 442 | 887 | 36 | - | 750 |
| 3. | മാരമൺ | 550 | 1269 | 1224 | 2493 | 185 | 33 | 2892 |
| 4. | കക്കാട് | 514 | 1127 | 1142 | 2269 | 189 | - | 1917 |
| 5. | നെടുമൺ | 680 | 1508 | 1521 | 3029 | 217 | - | 2520 |
| 6. | നാറാണംതോട് | 522 | 1144 | 1094 | 2238 | 165 | 542 | 1600 |
| 7. | മഠത്തുംമൂഴി | 496 | 959 | 1005 | 1964 | 291 | - | 1646 |
| 8. | ളാഹ | 757 | 1610 | 1579 | 3189 | 442 | 445 | 2405 |
| 9. | അറയാഞ്ഞിലിമൺ | 324 | 704 | 670 | 1374 | 66 | 519 | 1133 |
| 10. | പമ്പാവാലി | 540 | 1268 | 1251 | 2519 | 232 | 3 | 2085 |
| | ആകെ | 4987 | 11106 | 11024 | 22130 | 1957 | 1547 | 18036 |
| | ഒരു കുടുംബത്തിലെ ശരാശരി ജനസംഖ്യ 4.4 | | | | | | | |

പഞ്ചായത്തിലെ ജനജീവിതം റബർ കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ചരിഞ്ഞ പ്രദേശങ്ങളും ഉയർന്ന സമതലങ്ങളും റബർ കൃഷിക്കായി വിനിയോഗിച്ചിരിക്കുന്നു. താഴ്ന്ന പ്രദേശങ്ങളിൽ വാഴ, ഇഞ്ചി, കൊക്കോ, കുരുമുളക്, കാപ്പി, മരച്ചീനി മുതലായവ കൃഷി ചെയ്യുന്നു. പമ്പാവാലി പ്രദേശത്ത് വ്യാപകമായി കൊക്കോ കൃഷി ചെയ്തിട്ടുണ്ട്. തൈ റബർ തോട്ടങ്ങളിൽ ഇടവിളയായി വാഴ, കൈത ഇവ കൃഷി ചെയ്യുന്നുണ്ട്. പഞ്ചായത്തിലെ വിവിധ വിളകൾ കൃഷിചെയ്യുനന സ്ഥലത്തിൻെറ വിസ്തീർണ്ണം കാണിക്കുന ഡയഗ്രം പ്രത്യോകം ചേർത്തിരിക്കുന്നു.

ഭൂഗർഭ ജലസംരക്ഷണത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന കാവുകൾ ഇന്നു നാമാവശേഷമായിരിക്കുന്നു. എന്നാഥ പെരുന്നാടു പഞ്ചായത്തിൻെറ മൂന്നാം വാർഡായ മാടമണ്ണിൽ തടത്തിൽ പുരയിടത്തിൽ പത്തുസെൻറ് സ്ഥലത്ത് ഒരു സംരക്ഷിത കാവ് പഠന പര്യടനത്തിനിടയിൽ കാണുവാൻ കഴിഞ്ഞു.

## ഡയഗ്രം

### പഞ്ചായത്തിലെ വിവിധ വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം



# പഠനപര്യടനപാത

①




②






A. ഉയർന്ന സമതലം

B. ചെറിയ ചരിഞ്ഞ പ്രദേശം

C. ചെങ്കുത്തായ പ്രദേശം

D. താഴ്ന്ന സമതലം

|| റോഡ്

|| ആറ്, തോട്.

RS. പഠനപര്യടനപാത 1

PQ പഠനപര്യടനപാത 2.

# 5

# സാമൂഹിക സാമ്പത്തിക മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം
3. വിദ്യാഭ്യാസം
4. കുടിവെള്ളം പെതുജനാര്യേ ാഗ്യം
5. വ്യവസായം
6. ഗതാഗതം, ഉർജ്ജം, മാർക്കറ്റ്
7. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
8. സംസ്ക്കാരം
9. വനിത
10. സഹകരണ മേഖല
11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
12. വിഭവസമാഹരണം
13. ടുറിസം

# 5.1

# കൃഷിയും ജലസേചനവും.

റാന്നി - പെരിനാട് ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും, താഴ്‌വരകളും നദീതീരങ്ങളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം. മുഖ്യ കൃഷി റബ്ബറാണ്. തെങ്ങിന് ഇടവിളയായി കമുക്, വാഴ, ചേന, കാച്ചിൽ, പയർ വർഗ്ഗങ്ങൾ തുടങ്ങിയവ കൃഷിചെയ്തു വരുന്നു.

ഭൂപ്രദേശത്തിൻെറ നിമ്നോന്നതകൾ അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽ നിന്നും പരമാവധി 472 മീറ്റർ (1547 അടി ) ഉയരമുള്ള പ്രദേശങ്ങൾ ഇവിടെയുണ്ട്. എല്ലാതോടുകളും കക്കാട്, പമ്പ എന്നീ നദികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള ചെറുകിട കർഷകരാണ് ഭൂരിഭാഗവും.

ജലസേചനത്തെ ആശ്രയിച്ചുള്ള കൃഷി ഈ പഞ്ചായത്തിൽ നിലവിലില്ല. മഴയെ ആശയിച്ചുള്ള കൃഷിയാണ് ഇവിടെ നടക്കുന്നത്. ധാന്യ വിളകൾ കൃഷിചെയ്യുന്നത് ലാഭകരമല്ലാത്തതുകൊണ്ടാണ് അതിൻെറ ഉത്പാദനം കുറഞ്ഞുവരുന്നു. ധാന്യവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായ സഹകകരണങ്ങൾ കർഷകർക്ക് ചെയ്തു കൊടുക്കേണ്ടത് അത്യാവശ്യമാണ്.

പട്ടിക 1.

ഭൂവിനിയോഗം

ഭൂമി സംബന്ധിച്ച വിവരങ്ങൾ.

| നമ്പർ | ഇനം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1 | നിലം | - |
| 2. | പുരയിടം | 5331.58 |
| 3. | പുറംമ്പോക്ക് | 1093.50 |
| 4. | കൃഷി യോഗ്യമായ തരിശ് | 17.20 |
| 5. | കൃഷിക്ക് യോഗ്യമല്ലാത്ത തരിശ് | 78.80 |
| | ആകെ | 6521.08 |

പട്ടിക 2.

ഭൂവിതരണം

| ക്രമനമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ | 7537 |
| 2. | ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ | 480 |
| 3. | രണ്ടു ഹെക്ടറിനു മുകളിൽ | 734 |

## വിളകൾ

ആകെ വിസ്തൃതിയുടെ ഭൂരിഭാഗവും റബ്ബറാണ് കൃഷി. ഇടവിളയായി പയർ, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക്, കമുക്, മുതലായവ പലയിടങ്ങളിലും ഭാഗീകമായി കൃഷിചെയ്യുന്നുണ്ട്. എങ്കിലും ഫലപ്രദമാണെന്നുപറയാൻ വയ്യ. വേണ്ടത്ര പരിചരണമില്ലാതെ കമുക്, കശുമാവ്, പ്ളാവ് എന്നിവ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കൃഷിചെയ്യുന്നു.

പട്ടിക 3.

വിള വിസ്തീർണ്ണവും ഉത്പാദനവും

| നമ്പർ | വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം. |
|---|---|---|---|
| 1. | റബർ | 2687 ഹെക്ടർ | 1800290 കി.ഗ്രാം |
| 2. | തെങ്ങ് | 216 ഹെക്ടർ | 6000 എണ്ണം |
| 3. | കുരുമുളക് | 220 ഹെക്ടർ | 4,40,000 കി. ഗ്രാം |
| 4. | പച്ചക്കറികൾ | 30 ഹെക്ടർ | 6000 കി.ഗ്രാം |
| 5. | പയർ | 20 ഹെക്ടർ | 3000 കി. ഗ്രാം |
| 6. | വാഴ | 24 ഹെക്ടർ | 60000 കി.ഗ്രാം |
| 7. | മരച്ചീനി | 25 ഹെക്ടർ | 240000 കി. ഗ്രാം |
| 8. | പ്ളാവ് | 30 ഹെക്ടർ | 12000 എണ്ണം |
| 9. | കശുമാവ് | 30 ഹെക്ടർ | 10000 കി. ഗ്രാം |
| 10 | മാവ് | 5 ഹെക്ടർ | 5000 കി.ഗ്രാം |
| 11. | കമുക് | 180 ഹെക്ടർ | 1350 കി.ഗ്രാം |

അവലംബം - കൃഷിഭവൻ രേഖ

# ജല സ്രോതസുകൾ

മഴയെയും നീരൊഴിക്കിനെയും ആശ്രയിച്ചു കൃഷി ചെയ്തു വരുന്ന പഞ്ചായത്തിൽ നിരവധി തോടുകളുണ്ട്. ഇവയിൽ സാമാന്യം വലിപ്പം ഉള്ളവയും കൂടുതൽ മാസം വെള്ളമുള്ളതുമായ 28 എണ്ണമുണ്ട്. കൂടാതെ കുളങ്ങളുമുണ്ട്. ഇവയിൽ പലതും ആഴം കൂട്ടുകയോ വശങ്ങളിൽ ഭിത്തികെട്ടുകയോ സംരക്ഷണനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ട നിലയിലാണ്.

പട്ടിക 4

## നിലവിലുള്ള തോടുകൾ

| വാർഡ് നമ്പർ | ക്രമനമ്പർ | തോടുകളുടെ പേര് |
|---|---|---|
| ഒന്ന് | 1 | ചേന്നമ്പാറത്തോട് |
| | 2 | കടുവാക്കുഴി തോട് |
| | 3 | താളികര തോട് |
| രണ്ട് | 4 | തുണ്ടത്തിൽ തോട് |
| | 5 | ഇരുളൻ മണ്ണ് തോട് |
| മൂന്ന് | 6 | കണ്ടൻകുളം- എരപ്പൻമ്പാറതോട് |
| | 7 | മരുതോലിൽ - മാടമൺ U.P.S തോട് |
| നാല് | 8 | മാമ്പാറ - എരുവാറ്റുപുഴ തോട് |
| | 9 | കുമ്പഴ ഭാഗം - മൂഴിക്കൽ തോട് |
| | 10 | കാവനാൽ - കണ്ടൻ കുളം തോട് |
| അഞ്ച് | 11 | മഠത്തിൽ തോട് |
| | 12 | കൊക്കാപ്പള്ളിതോട് |
| | 13 | നെടുമൺ - അയിരൂർപടി തോട് |
| | 14 | ഒങ്കം - തൈലേത്തുകടവ് തോട് |
| | 15 | പാതാനം മൂഴിതോട് |
| | 16 | കണ്ണന്നുമൺ - മണിയാർ തോട് |
| | 17 | വേലം കോവിൽ - പാതാംനം മൂഴി തോട് |
| ആറ് | 18 | നാറാണം തോട് |
| | 19 | ചെകുത്താൻ തോട് |
| ഏഴ് | 20 | സെൻറ് മേരി തോട് |
| | 21 | കോട്ടക്കുഴി - മന്ദപ്പുഴ തോട് |
| എട്ട് | 22 | കൊച്ചേത്തുപാറ തോട് |
| | 23 | ളാഹഫാക്ടറി - പൊട്ടൻ മൂഴി തോട് |
| | 24 | വിളക്കു വഞ്ചി - കൂനംകര തോട് |
| ഒൻത് | 25 | ചെരിങ്ങാവ് തോട് |
| | 26 | കണ്ടാർ തോട് |
| പത്ത് | 27 | മൂലക്കയം തോട് |
| | 28 | ചെകുത്താൻ തോട് |

നിർമ്മിക്കേണ്ടതും നന്നാക്കേണ്ടതുമായ കുളങ്ങളുടെയും കിണറുകളുടെയും വിവരം

പട്ടിക 5

| വാർഡ് | കുളങ്ങൾ | കിണറുകൾ |
|---|---|---|
| ഒന്ന് | - | പെരുനാട് ലക്ഷംവീട്. പഞ്ചായത്താഫീസ്. ലക്ഷ്മണൻ പിള്ള വക സ്ഥലത്ത് |
| രണ്ട് | - | മൂക്കം |
| മൂന്ന് | - | - |
| നാല് | കാവനാൽ കണ്ടൻ കുളം | കോട്ടമല, മാമ്പാറ |
| അഞ്ച് | വേലൻ കോവിൽ | കണ്ണനുമൺ 4 സെൻറ് കോളനി |
| ആറ് | അയ്യൻ മല ഇലവുങ്കൽ വെള്ളാമാക്കൽ | - |
| ഏഴ് | - | ഗവ. L.P.S പെരുനാട് |
| എട്ട് | രാജാംപാറ | ളാഹ |
| ഒൻപത | - | - |
| പത്ത | പഞ്ചാര മണ്ണ | - |

## വളം

സഹകരണ മേഖലയിലുള്ള രണ്ടും സ്വകാര്യ മേഖലയിലുള്ള മൂന്നും ഉൾപ്പെടെ അഞ്ചു വിപണന കേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഉപയോഗിക്കുന്ന വളത്തിൻെറ 93% ഉം രാസവളങ്ങളാണ്. ഇത് ശാത്രീയ രീതിയിലല്ല ഉപയോഗിക്കുന്നത്.

അതുകൊണ്ട് കൃഷിചെലവിൻെറ അനാവശ്യമായ വർദ്ധനക്ക് കാരണമാവുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വള പ്രയോഗം നടത്തിയിട്ടേയില്ല. ജൈവ വളങ്ങൾ വിരളമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. അവശ്യമായ അളവിൽ വളം ലഭ്യമല്ല എന്നുള്ളതാണ് പ്രധാന കാരണം.

പട്ടിക. 6

രാസവളം കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥലത്തിന്റെ പേര് | | 1993 -94 | | | 1994 -95 | | | 1995 -96 | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | കീടനാശിനി | | | കീടനാശിനി | | | കീടനാശിനി | |
| | | | രാസവളം | ദ്രവ്യം | ഖരം | രാസവളം | ദ്രവ്യം | ഖരം | രാസവളം | ദ്രവ്യം | ഖരം |
| 1 | പെരുന്നാട് CO-OP ബാങ്ക് | | 350, ടൺ | - | 70കി. | 400ടൺ - | 122 കി. | 340ടൺ | - | | - |
| 2 | പമ്പാവാലി CO-OP ബാങ്ക | | 9890 | 5 ലി. | 20 കി | 10296ടൺ | 10 ലി. | 30 കി. | 10425 | 15 ലി | . 35കി. |
| 3 | T.E. ഈശോ ളാഹ | സ്വകാര്യം | 1000 | 15 ലി. | 35കി. | 1200 | 20ലി | 401 | 400 | 30ലി. | 50 കി. |
| 4 | വർഗ്ഗീസ് ഷാവാലാസ് | | 900 | 10ലി | . 40.കി | 1000 | 15ലി. | 50 | 1200 | 20 | 60 |
| 5 | മുണ്ടുകോട്ടയ്ക്കൽ മഠത്തും മൂഴി. | | - | - | - | 1000 | 10 ലി. | 20 കി. | 2000 | 15 | 25കി. |

## കീടനാശിനികൾ

പച്ചക്കറികൾ, വാഴ, റബർ, എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളൊ ശാസ്ത്രീയമായ രീതിയോ അവംലംമ്പക്കാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരുകാരണമാണ്.

## കാർഷികോപകരണങ്ങൾ, നടീൽ വസ്തുക്കൾ

കൃഷിഭവൻ മുഖേന കർഷർക്കായി 25 റോക്ക്സ്പ്രെയർ, 5 നാപ്സ്റ്റാക്ക് സ്പ്രെയർ, ഒരു തെങ്ങു കയറ്റ യന്ത്രം എന്നിവയും കൊടുത്തിട്ടുണ്ട്. ഒരുകാലത്ത് കൃഷിക്ക് പൂർണ്ണമായും ആശ്രയിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

പട്ടിക 7

നടീൽ വസ്തു വിതരണം.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 -94 | 1994 -95 | 1995 -96 |
| തെങ്ങ് | WCT 100/500, TXD - 50 | TXD80,WCT 50/600 | TXD 165, WCT 820/800 |
| കശു മാവ് | 500(PVT) | 650(PVT) | 600(PVT) |
| കുരുമുളക് | 9500 nos, 2000(PVT) | 4000NOS, (3000) | 8850(5000) |
| കമുങ്ങ് | 800(PVT) | 1200(PVT) | 575(PVT) |
| മാവ് | 45, 100(pvt) | 265 (PVT) | 67, 275(PVT) |
| പ്ളാവ് | 45, 250(PVT) | 265(PVT) | 67 285(PVT) |
| മാങ്കോസ്റ്റിൻ | 14 NOS | - | - |
| സപ്പോട്ട | 10 NOS(PVT) | 15 NOS(PVT) | 55NOS |
| റമ്പുട്ടാൻ | 15NoS (PVT) | 45 NOS PVT | 43NOS 60 PVT |
| പേര | 125 (PVT) | 200(PVT) | 43 NOS 275 PVT |

## കാർഷിക വായ്പ

മൂന്ന് സഹകരണ സ്ഥാപനങ്ങളടക്കം നാലു ബാങ്കുകളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ഇതുകൂടാതെ പത്തനംതിട്ട പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്നും കാർഷിക ലോണുകൾ നൽകുന്നുണ്ട്. കൃഷിക്കുനൽകുന്ന വായ്പകൾ വഴിമാറി ചിലവാക്കുന്നതുവഴി ലക്ഷ്യം പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല. കാർഷിക മേഖലയിൽ പ്രധാനമായും വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസം കർഷരെ പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന പമ്പാവാലി മേഖലയിലെ കർഷകർക്ക് കൈവശവകാശ രേഖ ലഭിക്കാത്തതിനാൽ കാർഷിക വായ്പ എടുക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഇത് ലഭിക്കുന്നതിനുള്ള നടപടിയുണ്ടാവണം.

പട്ടിക 8

### കാർഷിക വായ്പയെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | ബാങ്കിൻെറ പേര് | തുക |
|---|---|---|
| 1 | പെരുനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം No. 788 | 24,72,000<br>ബാങ്കിൻെറ തുടക്കം മുതൽ |
| 2 | പമ്പാവാലി സർവ്വീസ് സഹകരണ ബാങ്ക് Q 446 | 6533000<br>ബാങ്കിൻെറ തുടക്കം മുതൽ |
| 3 | പത്തനം തിട്ട പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് | 42,16,449<br>91-96 കാലത്തേത് |

## സമിതികൾ

കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കർഷകരെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച രണ്ടു സമിതികൾ ഉണ്ട്. ഒരു R.P.S ഉം പ്രവർത്തിക്കുന്നു. ഇവ മൂന്നും ഫലപ്രദമായ രീതിയിലല്ല പ്രവർത്തിക്കുന്നത്.

പട്ടിക 9

### പ്രവർത്തിക്കുന്ന സമിതികൾ

| ക്രമ നമ്പർ | സമിതി | പ്രവർത്തന മേഖല |
|---|---|---|
| 1 | കേരവികസന സമിതി | പഞ്ചായത്തു മുഴുവൻ |
| 2 | കുരുമുളക് വികസന സമിതി | പഞ്ചാത്ത് മുഴുവൻ |
| 3 | റബർ പ്രൊഡിയൂസേഴ്സ് സൊസൈറ്റി | പഞ്ചായത്ത് മുഴുവൻ |

## കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, തുടങ്ങിയവും ഇതിന്റെ കാരണങ്ങളിൽ പെടുന്നു. 8751 കർഷക കുടുംബങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ഇതിൽ 90 ശതമാനവും സ്വന്തം ഭൂമിയിലോ മറ്റുള്ളവരുടെ കൃഷിയിടങ്ങളിലോ റബ്ബറുമായി ബന്ധപ്പെട്ട കൃഷിപ്പണി ചെയ്യുന്നവരാണ്. പുരുഷ തൊഴിലാളികൾക്ക് ശരാശരി 80 രൂപയും, സ്ത്രീ തൊഴിലാളിക്ക് 65 രൂപയും കൂലിനിരക്ക് നിലവിൽ ഉണ്ട്. നിലവിൽ ഒരു ഏകീകൃത നിരക്കഇല്ല. ഏകദേശം 1600 പേരാണ കർഷകത്തൊഴിലാളികളായി പഞ്ചായത്തില്യുള്ളത്.

## നേഴ്സറികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നേഴ്സറികൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ റബ്ബർ നേഴ്സറികൾ ഉണ്ട്.

## കൃഷി ഭവൻ

1987 സെപ്തംബർ ഒന്നിനാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. ഏത് ഉദ്ദേശത്തോടുകൂടിയാണോ ഈ സ്ഥാപനം ആരംഭിച്ചത് അതു പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. കൃഷിഭവന്റെ ശരിയായ പ്രവർത്തനം നടക്കുന്നതിനുള്ള തടസ്സങ്ങൾ ജീവനക്കാരുടെ കുറവ്, പഞ്ചായത്തിന്റെ വിസ്തൃതി, വാഹനത്തിന്റെ കുറവ്, വനഭാഗങ്ങൾക്ക് അപ്പുറത്തുള്ള പ്രദേശങ്ങൾ എന്നിവയാണ്. കാർഷിക മേഖലയുടെ വളർച്ചക്ക് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയേണ്ട സ്ഥാപനമാണ് കൃഷിഭവൻ.

## പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ പൊതുവിൽ ഉയർന്നു വന്ന പ്രശ്നങ്ങളിൽ സമാന സ്വഭാവമുള്ളവ ഏറെയാണ്. പഞ്ചായത്തിൽ ഒരിടത്തും മണ്ണു പരിശോധന നടത്തി ശാസ്ത്രീയ വളപ്രയോഗം നിർദ്ദേശിച്ചിട്ടില്ല. കൃഷിഭവൻ ഉദ്യോഗസ്ഥരിൽ നിന്നും ശാസ്ത്രീയ കൃഷിരീതികളെ സംബന്ധിച്ച നിർദ്ദേശങ്ങളോ മറ്റുസേവനങ്ങളോ വേണ്ട പോലെ കിട്ടുന്നില്ല. കാർഷികോത്പന്നങ്ങൾ ന്യായമായ വിലക്ക് വില്ക്കാൻ വിള സംഭരണ സംവിധാനമില്ല. പഞ്ചായത്ത് ആസ്ഥാനത്തു നിന്നും ഏറെ അകന്നു കിടക്കുന്ന സ്ഥലങ്ങളിൽ വിത്ത്, വളം, കീടനാശിനി ഇവ കിട്ടാൻ പ്രയാസമാണ്. കുന്നിൻ പ്രദേശമായ പഞ്ചായത്തിന്റെ എല്ലാ വാർഡിലും ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജല ദൗർലഭ്യമുണ്ട്. ചിലയിടങ്ങളിൽ വർഷത്തിൽ പകുതിയോളം എല്ലാവിളകളുടെയും ഉല്പാദന ചിലവും താങ്ങാനാവാത്ത വിധത്തിൽ ഉയർന്നിരിക്കുന്നു.

റബർ മുതൽ വെറ്റക്കൊടി വരെയുള്ള എല്ലാ കാർഷിക വിളകൾക്കും വിവിധ തരം രോഗങ്ങൾ വർദ്ധിച്ചുവരുന്നു എന്നുതാണ് പരക്കെ കാണുന്ന മറ്റൊരു പ്രശ്നം. വന്യ മൃഗങ്ങൾ വിളനശിപ്പിക്കുന്നതും ഗൗരവ പൂർവ്വം കാണണം. ഇത്തരം കാരണങ്ങളാൽ പലരും പരമ്പരാഗത വിളകൾ ഉപേക്ഷിച്ചു വരികയാണ്.

വളക്കൂറുള്ള മേൽമണ്ണ് വൻതോതിൽ ഒലിച്ചു പോകുന്നതും പെയ്യുന്ന മഴവെള്ളം മലകളിൽ താഴാതെ ഒറ്റയടിക്ക് ഒലിച്ച് നദികളിലൂടെ പാഴാകുന്നതും തടയാനും അടിയന്തര പരിഗണന നല്കണം.

കാലം തെറ്റുന്ന കാലവർഷം കൂടിയാകുന്നതോടെ കർഷകരുടെ എല്ലാ കണക്കുകളും പിഴക്കുന്നു.

പഞ്ചായത്തിൽ അല്പമെങ്കിലും ഭേദമായുള്ളത് റബ്ബർ കൃഷിയാണ്. മുഖ്യ കൃഷിയായ റബ്ബറാകട്ടെ ചിലഭാഗങ്ങളിൽ മെച്ചപ്പെട്ട ഉത്പാദനം ഉണ്ടെങ്കിലും ആനുപാതികമായ വർദ്ധന പലയിടത്തും ഇല്ല. കുമിൾ രോഗങ്ങൾ, പട്ടമരപ്പ്, ചീക്ക്, പുഴുചീക്ക്, ഫംഗസ്, പുഴുകുത്ത് തുടങ്ങിയ രോഗങ്ങൾ മൂലം ഉല്പാദനം കുറയുന്നു.

മൊത്തം വളത്തിൻെറ 93 ശതമാനത്തോളം രാസവളമാണ് ഉപയോഗിക്കുന്നത്. ശാത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തത് ഉല്പാദനക്ഷമത കുറയുന്നതിന് കാരണമാകുന്നു. ജൈവവളങ്ങൾ ഫലപ്രദമായി ഉപയോഗിക്കാത്തതുമൂലം മണ്ണിൻെറ ഘടന തന്നെ പലയിടങ്ങളിലും മാറിപ്പോയിട്ടുണ്ട്.

പഞ്ചാത്തിൻെറ ഭൂപ്രകൃതി ചെങ്കുത്തായ മലകളും വലിയ ചരിവുകളും ചെറിയ ചരിവുകളും ആയതിനാൽ വർഷകാലത്ത് മണ്ണൊലിപ്പ് പ്രധാന പ്രശ്നമാണ്. കഴിഞ്ഞ പദ്ധതി കാലഘട്ടങ്ങളിൽ ഒന്നും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്താത്തതുമൂലമാണ് ഇങ്ങനെ സംഭവിക്കുന്നത്. ധനശേഷിയുള്ള സ്വകാര്യ ഉടമകൾ തങ്ങളുടെ ഭൂമിയിൽ ഇടക്കയ്യാലകൾ കെട്ടിയും കാനകൾ എടുത്തും മണ്ണ് സംരക്ഷിക്കുന്നു. പക്ഷെ നിർദ്ധനരായ കർഷകന് ഭൂമി സംരക്ഷിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭിക്കാത്തതുമൂലം കൊല്ലം തോറും വർഷകാലങ്ങളിൽ മണ്ണൊലിപ്പ് ഒരു പ്രശ്നമാകുന്നു.

വൻകിട തോട്ടം ഉടമകൾ സ്വന്തമായി മണ്ണ് പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ശാസ്ത്രീയമായ വള പ്രയോഗങ്ങൾ നടത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നു. എന്നാൽ സാധാരണ കർഷകർ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം പലപ്പോഴും അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. മുൻ വർഷങ്ങളിൽ പരിശോധനയ്ക്കായി മണ്ണ് സാമ്പിളുകൾ കൊണ്ടുപോയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

ഇടവിളയായി കൃഷി ചെയ്തിരുന്ന വാഴ, കുരുമുളക്, തെങ്ങ്, മരച്ചീനി, ഇഞ്ചി, കമുങ്ങ്, ചേമ്പ്. ചേന, കാച്ചിൽ, മഞ്ഞൾ, ചെറുകിഴങ്ങ്, കാപ്പി, കൊക്കോ, ജാതി ഗ്രാമ്പു, കൈത എന്നിവയുടെ ഉത്പാദനം കുറഞ്ഞുപരികയാണ്. ശരിയായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കാത്തതും ജൈവവളങ്ങളുടെ ലഭ്യതക്കുറവും ഗൗരവമേറിയ പ്രശ്നമാണ്. കൂമ്പു ചീയൽ, ചെല്ലിരോഗങ്ങൾ, കാറ്റ് വീഴ്ച്ച, ചെന്നീരൊലിപ്പ്, മുതലായ രോഗങ്ങൾ തെങ്ങിനെയും, തണ്ടുതുരപ്പൻ പുഴുവിൻെറ ശല്യം, മണ്ട അടപ്പ് (കുറുനാമ്പ്) ഇവയുടെ ശല്യം വാഴയിലും ദ്രുതവാട്ടം, തണ്ടുതുരപ്പൻ പുഴുവിൻെറ ആക്രമണം ഇവ കുരുമുളകിനേയും, മാഹാളി, പ്രാണി ശല്യം ഇവ കമുകിനേയും വ്യാപകമായി ബാധിച്ചിട്ടുണ്ട്. കൊക്കോയ്ക്ക് കായ ചീയലും, കൊമ്പുണങ്ങലും ഒൻപതാം വാർഡിൽ കണ്ടു വരുന്നു.. മേൽപറഞ്ഞ വിളകളുടെ ഉല്പാദനം കുറഞ്ഞു വരുന്നു.

ആധുനിക കൃഷി ഉപകരണങ്ങൾ നമ്മുടെ പഞ്ചായത്തിൽ സാർവ്വത്രികമായി ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഭൂമി തുണ്ടുകളായി മാറ്റിയത് ഇതിനൊരു തടസ്സമാണ്. കൃഷിക്കാരുടെ യോജിച്ച പ്രവർത്തനത്തിന് ഇനിയും സാദ്ധ്യതകൾ ധാരാളമുണ്ട്.

ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ, കീടനാശിനികൾ, പ്രയോഗിക്കുവാനുള്ള ആധുനിക യന്ത്രോപകരണങ്ങൾ, ധനസഹായം കുറഞ്ഞചിലവിൽ വളം ലഭിക്കുവാനുള്ള സാധ്യത, ജലസേചന സാദ്ധ്യത, വിദഗ്ദ്ധ ഉപദേശങ്ങൾ എന്നിവയുടെ ലഭ്യതക്കുറവും സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെപ്പറ്റിയുള്ള അജ്ഞതയുമെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നില നിൽക്കുന്നു.

# നിർദ്ദേശങ്ങൾ

1. ശാസ്ത്രീയമായ കൃഷി ബോധനം

അശാസ്ത്രീയമായ വളപ്രയോഗവും മണ്ണൊലിപ്പും മൂലം ഉത്പാദന ക്ഷമത നഷ്ടമാകുന്ന മണ്ണ് പരിശോധിക്കാനും പ്രതിവിധി കണ്ടെത്താനുമുള്ള തീവ്രയന്ന പരിപാടി ആവിഷ്കരിക്കണം. പഞ്ചായത്തിന്റെ വലിപ്പവും ഭൂപ്രകൃതിയുടെ പ്രത്യേകതകളും പരിഗണിച്ച്, സ്വന്തം വാഹന സൗകര്യത്തോടുകൂടിയ ഒരു മണ്ണ് പരിശോധനാകേന്ദ്രം സ്ഥാപിക്കുന്ന കാര്യവും പരിഗണിക്കണം.

ഇന്നുള്ള കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ശാസ്ത്രീയ കൃഷിരീതിയും കീട-രോഗ ബാധകളെ പറ്റിയുള്ള മുന്നറിയിപ്പും പ്രതിരോധ ചികിത്സാ നടപടികളും മുഴുവൻ കർഷകർക്കും ലഭ്യമാക്കണം. പഞ്ചായത്തിലെ വിദൂര- വന മേഖലകളായ അട്ടത്തോട്, നാറാണംതോട്, തുലാപ്പള്ളി, കിസുമം പ്രദേശങ്ങൾക്കുമാത്രമായി പ്രത്യേക കൃഷി ഉദ്യോഗസ്ഥരെ നിയോഗിക്കുകയോ, കുറഞ്ഞപക്ഷം കൃഷിഭവനിതെ ഉദ്യോഗസ്ഥർ രണ്ടാഴ്ച്ചയിൽ ഒരിക്കലെങ്കിലും ഇവിടങ്ങളിലെത്തി കൃത്യ നിർവ്വഹണം നടത്തുന്നു എന്നുറപ്പാക്കുകയോ വേണം. ഇവിടങ്ങളിൽ കൃഷിഭവന്റെ ശാഖകൾ തുറക്കണമെന്നാണ് ഗ്രാമസഭകളിൽ ഉയർന്നു വന്ന ആവശ്യം. കൃഷിഭവന്റെ പ്രവർത്തനം വ്യാപിക്കാൻകഴിയുമാറ് ആഫീസിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം. സ്റ്റാഫിന്റെ എണ്ണം ഇതനുസരിച്ച് വർദ്ധിപ്പിക്കണം. കൃഷിഭവനിലൂടെയുള്ള സഹായങ്ങൾ കർഷകർക്കു നേരിട്ടു കിട്ടണം.

ശാസ്ത്രീയ കൃഷിരീതികളും വിളവെടുപ്പു രീതികളും വിവിധ വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത കർഷകരെയും കർഷകത്തൊഴിലാളികളെയും പരിശീലിപ്പിക്കാനുള്ള ഒരു പദ്ധതി കൂടി ആവിഷ്കരിക്കാവുന്നതാണ്. ഇത് തുടർപരിപാടിയാം. അഗ്രോ ക്ലിനിക്കുകൾ, കൃഷിപരിശീലന കേന്ദ്രങ്ങൾ എന്നിവയും സ്ഥാപിക്കണം. കേടുവന്ന തെങ്ങകൾ മുറിച്ചു മാറ്റുകയും, പുതിയ തെങ്ങും തൈകൾ നടുകയും ചെയ്യുമ്പോഴുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. മറ്റ് പ്രദേശങ്ങളിൽ 500 രൂപ കിട്ടുന്നുണ്ട്.

2. ഗ്രൂപ്പ് ഫാമിംഗ്

പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സ്ഥിതിയെടുത്തു പരിശോധിച്ചാൽ കൂട്ടുകൃഷി അപ്രയോഗികമാണ്. പച്ചക്കറി കൃഷി സഹകരണാടിസ്ഥാനത്തിൽ തുടങ്ങാൻ കഴിയും. കൂടാതെ കിഴങ്ങ് വർഗ്ഗങ്ങൾ, വാഴകൃഷി, കുരുമുളക് തുടങ്ങിയ കൃഷികൾ വളരെ ആദായകരമായി നടപ്പിലാക്കാം. റബർ റീപ്ലാന്റ് ചെയ്യുമ്പോൾ വാടക വ്യവസ്ഥിതിയിൽ ഇടവിള കൃഷിക്ക് കൊടുക്കുന്നത് പഞ്ചായത്തിന്റെ കാർഷിക വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. കൃഷിഭവന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ ഗുണകരാമായ രീതിയിൽ ഉണ്ടാകണം.

3. വിത്തിനങ്ങൾ

ഉത്പാദനശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. പ്രാദേശികമായി വിത്ത് ഉത്പാദിപ്പിക്കുന്നതിന് വാർഡുസമിതികളെ ഉപയോഗപ്പെടുത്താം. നടീൽ വസ്തുക്കൾ ലഭിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ റബ്ബർ നേഴ്സറികൾ തുടങ്ങാം. മാവ്, പ്ലാവ്, പറങ്കിമാവ്, തെങ്ങ്, കമുക്, തുടങ്ങിയ ഫല വൃക്ഷത്തൈകൾ മറ്റ് വിളകൾക്ക് തടസ്സമാകാത്ത വിധത്തിൽ വ്യാപിപ്പിക്കാൻ കഴിയണം.

## 4. പച്ചക്കറി ഉദ്പാദനം

ഗുണമേൻമയുള്ള വിത്തിനങ്ങൾ സാധാരണകർഷകർ ഉൾപ്പടെ എല്ലാ വിഭാഗം കർഷകർക്കും ലഭ്യമാക്കാനും സഹകരണാടിസ്ഥാനത്തിൽ പച്ചകൃഷി വാർഡുകളിൽ വ്യാപിപ്പിക്കാനും കൃഷിഭവനിലൂടെ പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കണം. പച്ചക്കറികാര്യത്തിൽ സ്വയം പര്യാപ്തമായ വീടുകൾ ലക്ഷ്യംവച്ച് നീങ്ങണം. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് അഞ്ചുസെൻറിൽ കൃഷിചെയ്യാൻ വേണ്ട പച്ചക്കറി വിത്തും വളവും സൗജന്യമായി നൽകാനുള്ള പദ്ധതി തയ്യാറാക്കാനാവുമോ എന്ന് ആലോചിക്കണം. വീട്ടമ്മമാർക്കും അടുക്കളത്തോട്ടത്തിന് സൗജന്യ വളവും വിത്തുകളും നൽകണം.

പഞ്ചായത്തു വക സ്ഥലങ്ങൾ സ്കൂൾ വക സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾ തരിശിട്ടിരിക്കുന്ന സ്ഥലങ്ങൾ എന്നിവ പച്ചകൃഷിക്കായി ഉപയോഗപ്പെടുത്തണം. സ്കൂൾ കുട്ടികളുടെ പഠ്യേതര പ്രവർത്തനമായി പച്ചക്കറിത്തോട്ട നിർമ്മാണം പ്രോൽസാഹിപ്പിക്കാം. വീട്ടമ്മമാർക്കിടയിൽ പച്ചക്കറിതോട്ടത്തിനു മൽസരം ഏർപ്പെടുത്തുന്നതുപോലുള്ള പരിപാടികളും ആലോചിക്കാം. തങ്ങളുടെ മികച്ച ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വി ൽക്കാനും അവസരം നൽകുന്ന കാർഷിക പ്രദർശനമേള വർഷത്തിൽ ഒന്നോ രണ്ടോ തവണ സംഘടിപ്പിക്കാനുള്ള സാധ്യത പരിഗണിക്കണം.

സഹകരണാടിസ്ഥാനത്തിൽ വാർഡുകളിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കണം. ഓണത്തിന് 'ഒരുഏത്തക്കുല' എന്ന മുദ്രാവാക്യം പ്രാവർത്തികമാകത്തക്ക വിധം പ്രത്യേക പദ്ധതിയിട്ടു നീങ്ങണം. കപ്പ, കുരുമുളക്, എന്നിവ കൃഷി ചെയ്യാൻ പറ്റിയ സ്ഥലങ്ങൾ ധാരാളമുണ്ട്. ഇവ കണ്ടെത്തി വികസിപ്പിക്കണം.

## 5. ഔഷധ സസ്യങ്ങൾ

പഞ്ചായത്തിൽ വ്യാപകമായിട്ടുള്ള ഔഷധ സസ്യങ്ങൾ കണ്ടെത്തി അതു സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും കഴിയണം. ഇതിനും പഞ്ചായത്തിൻെറ വക സ്ഥലങ്ങൾ, സ്കൂൾ വക സ്ഥലങ്ങൾ, സ്വകാര്യ വ്യക്തികൾ തരിശായിട്ടിരിക്കുന്ന സ്ഥലങ്ങൾ എന്നിവ ഉപയോഗിക്കാം. ഇതിന് വേണ്ട നിർദ്ദേശങ്ങളും സാമ്പത്തിക സഹായവും പഞ്ചായത്ത് നൽകേണ്ടതാണ്.

## 6. പുതിയ വിളകൾ

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം, ഭൂപ്രകൃതി തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കുമ്പോൾ പെരുനാട് പഞ്ചായത്തിൽ ആരംഭിക്കാവുന്ന പ്രധാന കൃഷികളാണ് ഓർക്കിഡും ആന്തൂറിയവും. നല്ല വരുമാനം ഉണ്ടാക്കാവുന്ന മറ്റൊന്നാണ് കുറ്റിമുല്ല. കൂടാതെ കൂൺ കൃഷിക്കുള്ള സാദ്ധ്യതയും ആരായാം. ശാസ്ത്രീയമായ പരിശീലനത്തോടുകൂടി മാത്രം ആരംഭിക്കാവുന്നതാണ് ഇവ നാലും. അതുകൊണ്ട് ഇവ കൃഷി ചെയ്യാൻ പറ്റുന്ന സ്ഥലവും താൽപര്യമു ള്ള കർഷകരേയും കണ്ടെത്താനും വിദഗ്ധ പരിശീലനം നൽകാനും പരിപാടി ഉണ്ടാകണം.

റബ്ബർ റീപ്ലാൻറിംഗ് തോട്ടങ്ങളിൽ കൈതച്ചക്ക കൃഷിചെയ്യുന്നത് ഉത്പാദനകരമാണ്. അഞ്ചാം വാർഡിലെ കണ്ണന്നുമണ്ണ് കാവനാൽ എസ്റ്റേറ്റിൽ ഇതു നടക്കുന്നുണ്ട്. ഇതു വ്യാപിപ്പിക്കാൻ പഞ്ചായത്തു തലത്തിൽ മുൻകൈ എടുക്കണം. ഇത്തരത്തിൽ ഏത്തവാഴയും പച്ചക്കറിയും കൃഷിചെയ്യാനാവും.

സസ്യ സമ്പന്നമായ പെരുനാട് പഞ്ചായത്തിൽ ഏറ്റവുമധികം വികസന സാധ്യതയുള്ള ഒന്നാണ് തേനീച്ച കൃഷി. ശാസ്ത്രീയ കൃഷി രീതികൾ പഠിച്ച വിദഗ്ധരുടേയും പരമ്പരാഗതമായി തേൻ

സംഭരണം നടത്തുന്ന വനമേഖലയിലുള്ള പട്ടിക വർഗ്ഗക്കാരുടേയും അറിവും സേവനവും കൂട്ടിയിണക്കി ഇതിനുള്ള സമഗ്ര പദ്ധതി നടപ്പാക്കാനാവും.

7. മത്സ്യകൃഷി

ആറ്റിൽനിന്നു പരമ്പരാഗത രീതികളിൽ മീൻ പിടിക്കുന്ന പതിവുണ്ടെങ്കിലും ഒരു ഉപജീവന രീതിയായോ ഒരു ഉദ്പാദന-വ്യവസായ മേഖലയായോ അതു വികസിച്ചിട്ടില്ല. ഇവിടുത്തെ ജലശേഖരങ്ങൾ വർഷത്തിൽ പകുതിക്കാലം മാത്രം നിലനിൽക്കുന്നതാകയാൽ മത്സ്യകൃഷിക്ക് അത്ര ഉപയുക്തമല്ല. എങ്കിലും അതിവേഗം അതിവേഗം വളരുന്ന മത്സ്യകുഞ്ഞുങ്ങളെ കൊണ്ടുവന്നാൽ മത്സ്യകൃഷിക്ക് സാധ്യതയുള്ള പ്രദേശങ്ങളുണ്ട്.

അഞ്ചാം വാർഡിൽ മഠത്തിൽ തോട്, കക്കാട്ടാറ്റിൽ ചേരുന്ന ഭാഗം, നെടുമൺ - മൂഴിക്കൽ തോട്, മണിയാർ - വാലേപ്പടി തോട്, എന്നിവ ഇത്തരത്തിൽ പ്രയോജനപ്പെടുത്താം. വേലൻകോവിലിൽ ഉള്ള ഒരിക്കലും വറ്റാത്ത നാലു കുളങ്ങളിൽ കുടിക്കാനുപയോഗിക്കുന്നതൊഴിച്ചുള്ളവ വർഷം മുഴുവൻ തുടരുന്ന മത്സ്യകൃഷിക്ക് പറ്റുമോ അന്ന പരിശോധിക്കണം. ഒൻപതാം വാർഡിലെ കൃഷിയോഗ്യമല്ലാത്ത ചതുപ്പു പാടങ്ങളും മത്സ്യകൃഷിക്കുള്ള സാദ്ധ്യത ആരായണം. ഇഷ്ടികയ്ക്കായി മണ്ണെടുത്ത കുഴികളിലും മത്സ്യകൃഷി നടത്താനാവും

8. വളങ്ങൾ

രാസവള വിതരണ കേന്ദ്രങ്ങൾ പഞ്ചായത്തിൽ വേണ്ടത്രയുണ്ട്. പച്ചില വളത്തിൻെറ കുറവു നികത്താൻ ശീമകൊന്ന, പയറുവർഗ്ഗങ്ങൾ, ഇതിനായി കൃഷിഭവൻ വിതരണം ചെയ്യുന്ന പ്രത്യേക ഇനം സസ്യങ്ങൾ എന്നിവ കൂടിയ തോതിൽ വളർത്താം. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കാനും അതിലുപരി ബോധവത്ക്കരിക്കാനും കർമ്മ പരിപാടി തയ്യാറാക്കണം. അതിനു വേണ്ട സഹായവും മാർഗ്ഗ നിർദ്ദേശവും നൽകണം.

മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കുന്ന രീതി കർഷകരെ പരിചയപ്പെടുത്തി പ്രോത്സാഹിപ്പിക്കണം. കാലികൾക്ക് ആവശ്യമായ തീറ്റപുൽ കൃഷിയും വ്യാപിപ്പിക്കാം. പഞ്ചായത്തിൽ ഒരു ജൈവ പ്ലാൻറ് നിർമ്മിക്കാനുള്ള സാദ്ധ്യതയും പരിഗണിക്കണം.

9. കീടനാശിനി

ശരിയായ സുരക്ഷാ സംവിധാനങ്ങൾ സ്വീകരിച്ചോ, മിതമായ തോതിലോ അല്ല ഇന്നു കീടനാശിനി ഉപയോഗിക്കുന്നത്. കർഷകർക്ക് ഇക്കാര്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ അടിയന്തിരമായി നൽകിയേ തീരു. അപകടം ഒഴിവാക്കാൻ കീടനാശിനികൾ ഉപയോഗിക്കുവാനുള്ള ഉപകരണങ്ങളും ഇവ കൈകാര്യം ചെയ്യാനുള്ള പരിശീലനവും ലഭ്യമാക്കണം. ജൈവ കീട നിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റി പഠിപ്പിക്കണം. ഇതിനുപയോഗിക്കുന്ന തരം കീടങ്ങളും മറ്റു വസ്തുക്കളും ലഭ്യമാക്കുകയും വേണം. ഇവ വ്യാപിപ്പിക്കണം.

10. ജലസേചനം

മുൻ കാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും നിർക്കെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്ക് വഹിച്ചിരുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം. നിലവിലുണ്ടായിരുന്ന തോടുകളും കുളങ്ങളുമായ കടുവാക്കുഴി, ബഥനിമല, കാവനാൽ, കണ്ടൻകുളം, കുമ്പഴ ഭാഗം, ചെറുകോയിക്കൽ പടി, വേലൻ കോവിൽ, അയ്യൻ മല, നെല്ലി മല, ഇലവുങ്കൽ,

ചാങ്ങേത്തുമല, വെള്ളമാക്കൽ, മന്ദപ്പുഴ, ളാഹ, പഞ്ചാരമണ്ണ്, അറയാഞ്ഞിലിമൺ തുടങ്ങിയവ നിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്താൽ ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം.

നാലാം വാർഡിലെ മാമ്പാറ, ളാഹ വാർഡിലെ രാജാംപാറ, പത്കാം വാർഡിലെ പുളിയറ കുന്നുമല, വട്ടപ്പാറ, നെല്ലിക്കുന്ന്, ഒൻപതാം വാർഡിലെ നിരപ്പുള്ള പ്രദേശങ്ങൾ എന്നിവടങ്ങളിലും പുതിയ കുളങ്ങൾ കുഴിക്കാം. അഞ്ചാം വാർഡിലെ വേലൻ കോവിലിലുള്ള ഒരിക്കലും വറ്റാത്ത നാലു കുളങ്ങളിൽ ഒന്ന് പഞ്ചായത്ത് നന്നാക്കി ഉപയോഗിച്ച് വരുന്നുണ്ട്. മറ്റുള്ള മൂന്നെണ്ണം കൂടി ഇത്തരത്തിൽ സംരക്ഷിക്കാൻ നടപടി വേണം.

മന്ദപ്പുഴ, കോളാമല, കോട്ടക്കുഴി, കുളത്തും നിരവ്, ബഥനിമല, മാമ്പ്രക്കുഴി, കണ്ണന്നുമൺ, വെൺകുളം എന്നിവടങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കണമെന്ന അഭിപ്രായവും ഗ്രാമസഭകളിൽ ഉയർന്നിരുന്നു. ഈ കുളങ്ങളിലും കിണറുകളിലും നിന്ന് ജലം വിതരണം ചെയ്യാൻ ചെലവു കുറഞ്ഞ പദ്ധതികളും ആവിഷ്കരിക്കണം.

ഉയർന്ന പ്രദേശങ്ങളാണ് വരൾച്ചയുടെ പിടിയിൽ വേഗം അമരുന്നത്. കുന്നിൻ പുറങ്ങളിൽ പെയ്യുന്ന മഴ മണ്ണിൽ താഴാതെ അപ്പോൾ തന്നെ ഒഴുകി നദി വഴി പാഴാകുകയാണ്. ഇതു പരിഹരിക്കാൻ കുന്നുകളുടെ മുകൾപരപ്പിൽ വെള്ളം സംരക്ഷിച്ചുനിർത്താൻ ശ്രമിക്കണം. കുളങ്ങൾ നിർമ്മിക്കുന്നത് പ്രയോജനകരമാണ്. കൂടാതെ പറമ്പുകളിൽ ആറടി നീളത്തിലും രണ്ടടി വീതിയിലും രണ്ടടി ആഴത്തിലും കുഴികൾ നിർമ്മിച്ച് ജലം സംരക്ഷിക്കാൻ എല്ലാ വീട്ടുകാരോടും നിർദ്ദേശിക്കണം. പറമ്പുകളുടെ താഴത്തെ അതിരുകളിൽ തറ നിരപ്പിൽ നിന്നും ഉയർന്നു നിൽക്കത്തക്ക വിധം കയ്യാലകൾ കെട്ടി വെള്ളം കെട്ടി നിൽക്കാൻ അവസരമുണ്ടാക്കണം. തോടുകളിലും ചാലുകളിലും ചെറിയ തടയണകൾ കെട്ടി വെള്ളം സംരക്ഷിച്ചു നിർത്താം. പെരുങ്ങാവു തോടിന് കുറുകെ മൂന്നു സ്ഥലത്ത് ഇത്തരം തടയണ കെട്ടാം. ഒന്നാം വാർഡിലെ കോട്ടക്കുഴി, ബഥനിമല, കടുവാക്കുഴി എന്നിടങ്ങളിലും തടയണ കെട്ടാമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. അതുപോലെ അഞ്ചാം വാർഡിലെ മഠത്തിൽത്തോട്ടിൽ (താഴെ മുതൽ മുകളറ്റം വരെ) പലയിടങ്ങളിൽ തടയണ കെട്ടാം.

ഇത്തരം നിർമ്മാണങ്ങളും നിലവിലുള്ളവയുടെ അറ്റകുറ്റ പണികളും വേഗം പൂർത്തിയാക്കണം. സ്വന്തമായി ജലസേചനത്തിന് തുടക്കത്തിൽ തന്നെ മുതൽമുടക്ക് ആവശ്യമുള്ളതിനാൽ വേണ്ട ലോണുകളും സബ്സിഡികളും നൽകണം.

## 11. മണ്ണ് സംരക്ഷണം

സ്വാഭാവിക വനങ്ങൾ വെളുപ്പിച്ച് കൃഷിയിടങ്ങളും തോട്ടങ്ങളും പാർപ്പിട മേഖലകളുമായി മാറിയതോടെ ഫലഭൂയിഷ്ഠമായ മേൽമണ്ണ് കുത്തൊഴുക്കിൽ ഒലിച്ചു പോവുകയാണ്. പല പ്രദേശങ്ങളും മൊട്ടപ്പാറയായി മാറാനും ഇത് ഇടയാക്കും.

കുന്നിൻ ചെരുവുകളിൽ ഇടക്കയ്യാലകൾ കെട്ടുക, ഇടക്കാനകൾ പണിത് നീരൊഴുക്ക് തടഞ്ഞുനിർത്തുക ഇവ പ്രോത്സാഹിപ്പിക്കണം.

നദികളുടേയും തോടുകളുടേയും കരകൾ ഇടിയുന്നതും വൻതോതിൽ മണ്ണൊലിപ്പിന് കാരണമാകും. ഇത്തരം കരകളിൽ മതിൽ കെട്ടണം. മാമ്പാറ- എരുവാറ്റുപുഴ തോടിൻെറ ഭിത്തി ഇടിഞ്ഞുപോയത് കെട്ടി നന്നാക്കണം. കക്കാട്ടാറിൻെറയും പമ്പയാറിൻെറയും തീരം ഇടിച്ചിൽ വൻതോതിൽ നടക്കുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി അടിയന്തിരമായി കെട്ടണം.

(പമ്പാതീരത്ത് പലയിടത്തും സംരക്ഷണ ഭിത്തി ആവശ്യമാണ്. വള്ളക്കടവ് - മുളംകുന്നേൽ

പ്രദേശങ്ങളും മണക്കയത്തും ഇത്തരം സംവിധാനം വേണം.) ഇത് പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ മരങ്ങളും ഈറ്റയും മുളയും നട്ടുപിടിപ്പിച്ചും മണ്ണിടിച്ചിൽ നിയന്ത്രിക്കാൻ - കൂടാതെ അഅമ്പലക്കടവിലും പടികെട്ടി കുളിക്കടവാക്കി മാറ്റണമെന്നും നിർദ്ദേശം വന്നിട്ടുണ്ട്.

മീൻ പിടിക്കാൻ തോട്ട പൊട്ടിക്കുന്നതും മണൽ വാരുന്നതും ആറ്റുതീരങ്ങൾ ഇടിയാൻ ഇടയാകുന്നുണ്ട്. ഇവ നിയന്ത്രിക്കാനും നടപടി കൈക്കൊള്ളണം.

ശബരിമല തീർത്ഥാടന കാലത്ത് നദീ തിരങ്ങളും മറ്റും തീർത്ഥാടകർ മല വിസർജ്ജനം നടത്തുന്നതുമൂലം ജലം മലിനമാകുന്നതു തടയാൻ കംഫർട്ട് സ്റ്റേഷനുകൾ പണിയാനുള്ള നടപടിയും തീരസംരക്ഷണത്തിനൊപ്പം നടത്താം.

12 പൊതുവിപണി

പ്രധാന ഉല്പന്നങ്ങൾ സംഭരിക്കാനും വിറ്റഴിക്കാനും പഞ്ചായത്തു തലത്തിൽ തന്നെ സംവിധാനം വേണം. ഇന്നുള്ളവ ഫലപ്രദമല്ല. വിദൂര മേഖലകളായ നാറാണംതോട്, അട്ടത്തോട്, മൂലക്കയം, കിസ്സുമം, തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ഉത്പന്നങ്ങൾ ന്യായമായ വില നൽകി സംരഭിക്കാൻ ഏർപ്പാടുണ്ടാക്കണം. സഹകരണാടിസ്ഥാനത്തിലും ഇതാവാം. ഇടത്തട്ട്കാരെ ഒഴിവാക്കാനും ഇത് സാധിക്കും. പച്ചക്കറികൾക്ക് പൊതുമാർക്കറ്റ് - ചന്ത സമ്പ്രദായം നടപ്പിലാക്കാം. ഉല്പന്നങ്ങൾക്ക് വേണ്ട ശാസ്ത്രീയ സംവിധാനങ്ങളോടുകൂടിയ സംഭരണ കേന്ദ്രവും തുടങ്ങാം.

1 3അനുബന്ധ സംഭരങ്ങൾ

ഉൽപന്ന സംഭരണ കേന്ദ്രത്തിനൊപ്പം ഒരു ഭക്ഷ്യ സംസ്ക്കരണ കേന്ദ്രവും ആരംഭിക്കാം റബ്ബറിന് ഇടവിളയായി കൈതച്ചക്ക കൃഷി വ്യാപകമാക്കിയാൽ ഇതു സംസ്കരിക്കാനുള്ള ഒരു പ്ലാൻറാകാം. ഏത്തപ്പഴം സംസ്ക്കറിച്ച് വിവിധ ഉൽപന്നങ്ങൾ ഉണ്ടാക്കാനുള്ള ചെറുകിട കുടിൽ വ്യവസായങ്ങളും ആകാം.

വേണ്ടത്ര തൈകൾ ഉല്പാദിപ്പിച്ചു നല്കാൻ കഴിയുന്ന റബ്ബർ നേഴ്സറി അനുയോജ്യമായ സ്ഥലത്ത് ആരംഭിച്ചാൽ കൃഷിഭവൻ വഴിയും മറ്റുംമായി ഇതു വിതരണം ചെയ്യാം.

റബ്ബർ കർഷകർക്ക് ഗുണകരമാകാവുന്ന ഒന്നാണ് റബ്ബർ തടി സംസ്കരണത്തിനും ഫർണിച്ചർ നിർമ്മാണത്തിനുമുള്ള ആധുനിക സാങ്കേതിക വിദ്യയോടു കൂടിയ വ്യവസായ യൂണിറ്റ് ഇപ്പോൾ വിറകിന് മാത്രമായി ഉപയോഗിക്കുന്ന റബ്ബർ തടിക്ക് വില കൂടുതൽ കിട്ടാൻ ഇത് ഇടയാകും.

ഒരു ജൈവവള പ്ലാൻറും ഇക്കൂട്ടത്തിൽപ്പെടുത്തി പരിഗണിക്കാവുന്ന സംരംഭമാണ്.

14. വിള സംരക്ഷണം.

കാട്ടുപന്നിയും ആനയും മറ്റും ഇറങ്ങി വിളകൾ നശിപ്പിക്കുന്നത് പതിവാണല്ലോ. രണ്ട്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഓൻപത്, പത്ത് വാർഡുകളിലെല്ലാം ഈ ഭീഷണി വളെരെ കൂടുതലാണ്. ഈ വാർഡുകളിതെ പ്രധാന കൃഷിയിടങ്ങളും കൂടുതൽ ഭീഷണിയുള്ള മേഖലകളും തിരഞ്ഞെടുത്തെങ്കിലും സംരക്ഷണ നടപടികൾ സ്വീകരിക്കണം. മുള്ളുവേലി കെട്ടുക, വൈദ്യുതീകരിച്ച വേലി നിർമ്മിക്കുക, കിടങ്ങുകൾ നിർമ്മിക്കുക എന്നിവ ഇതിനായി സ്വീകരിക്കാം. ഏഴാം വാർഡിലെ മന്ദപ്പുഴ പുതുവൽ, മന്ദപ്പുഴ, കോളാമല പ്രദേശങ്ങളിൽ ഈ പ്രശ്നം രൂക്ഷമാണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

## 15. ആശ്വാസ പദ്ധതികൾ, ഇൻഷ്വറൻസ്

കൃഷി സംരക്ഷിക്കാനും കർഷകർക്ക് ആശ്വാസവും ആത്മവിശ്വാസവും നൽകുവാനുമായി വിളകൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത ആലോചിക്കണം. കൂടുതൽ പ്രദേശങ്ങളിൽ കൃഷിചെയ്യാൻ കർഷകർക്ക് ഇത് പ്രേരണമാകും.

രണ്ടേക്കറിൽ താഴെമാത്രം റബ്ബർകൃഷിയുള്ളവർക്ക് റിപ്ലാൻറ് ചെയ്ത് ആദായം എടുത്തു തുടങ്ങാൻ വേണ്ടി വരുന്ന ഏഴുകൊല്ലം പ്രതിമാസം നിശ്ചിത തുക വീതം ഉപജിവന മാർഗ്ഗമായി നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

വൈദ്യുതി ഇല്ലാത്തിടത്ത് വൈദ്യുതിയും വാനന ഗതാഗത സൗകര്യം ഇല്ലാത്തിടത്ത് അതും ഏർപ്പെടുത്തി കർഷകർക്ക് കൂടുതൽ അനുകൂലമായ അവസ്ഥ സൃഷ്ടിക്കപ്പെടുകയും വേണം.

ഓണാഘോഷവുമായി ബന്ധപ്പെടുത്തി കാർഷിക വിളകളുടെ പ്രദർശനവും മൽസരവും നടത്തണം. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുന്നു. പഞ്ചായത്തിൽ ഏകീകൃത കൂലി നിലവിലില്ല. ഏകീകൃത കൂലി സമ്പ്രദായം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ടവർക്ക് അത്യാവശ്യമാണ്. കർഷകർക്ക് വിത്തുകളും വളങ്ങളും വിതരണം നടത്തുന്നതിനും കർഷശകർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട രീതിയിൽ ഉദ്പാദനം വർദ്ധിപ്പിക്കാൻ പ്രയോജനപ്പെടുന്ന ക്ലാസ്സുകൾ നൽകുന്നതുനും ഉള്ള പ്രവർത്തനങ്ങൾ ഫല പ്രദമായി നടപ്പിലാക്കണം. ഇതിനു പഞ്ചായത്തുതലത്തിൽ വിദഗ്ധർ ഉൾപ്പെടുന്ന ഒരു സമിതി ഉണ്ടാവുന്നത് നന്ന്.

വളവും വിത്തും കീടനാശിനികളും എത്തിക്കൽ, വിളസംഭരിക്കൽ, വിദഗ്ദോപദേശവും പരിശീലനവും നൽകൽ, സഹായങ്ങൾ എത്തിക്കൽ, പദ്ധിതികളുടെ നടപ്പിലാക്കൽ, വായ്പകളും മറ്റും ലഭ്യമാക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള ഓരോ കേന്ദ്രങ്ങൾ. പഞ്ചായത്തിൽ നിന്ന് ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളായ നാറാണം തോട്, അട്ടത്തോട് മൂലക്കയം, അറയാഞ്ഞിലിമണ്ണ് തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കണം. ഒന്നോ, രണ്ടോ ജീവനക്കാർ മതിയാകുന്ന ഈ കേന്ദ്രങ്ങൾ ജനങ്ങളുടെ വിവിധ ആവശ്യങ്ങളെ പഞ്ചായത്ത് ആസ്ഥാനവും പഞ്ചായത്തിൻെറ ദൈനംദിന പ്രവർത്തനവുമായി ബന്ധിപ്പിക്കുന്ന കണ്ണികൂടി ആകണം. പഞ്ചായത്ത് കേന്ദ്രങ്ങളിൽ വന്നു മാത്രം നിർവ്വഹിക്കാൻ കഴിയുന്ന കാര്യങ്ങൾ നിറവേറ്റാൻ ഈ കേന്ദ്രങ്ങൾ അവിടുത്തുകാർക്ക് ഉതകുകയും വേണം.



# 5.2

# മൃഗസംരക്ഷണം.

റാന്നി -പെരുനാട് പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും എസ്റ്റേറ്റുകളും കൃഷിഭൂമികളും ആകയാൽ, പഞ്ചായത്തിൽ കന്നുകാലി വളർത്തൽ പരമ്പരാഗതമായി ഉപജീവനമാർഗ്ഗമാണ്. 75% കന്നുകാലലികളും സങ്കര ഇനത്തിൽ പെട്ടവയും 10 % മാത്രം ആത്യുപാദനശേഷി ഉള്ളവയുമാണ്. മൃഗപരിപാലനത്തിനായി മടത്തുംമൂഴിൽ ഒരു വെറ്റനറി ഡിസ്പൻറിയും, മാടമൺ, മണക്കയം എന്നിവിടങ്ങളിൽ ഓരോ ഐ. സി. ഡി. പി. സബ്സെൻററുകളും നിലവിലുണ്ട്. എന്നാൽ അറയാഞ്ഞിലിമൺ, പമ്പാവാലി എന്നീ പ്രദേശങ്ങളിൽ മൃഗാശുപത്രികളുടെ സേവനം ലഭ്യമല്ല. ഇറച്ചിക്കോഴി വളർത്തൽ ലാഭകരമായ തൊഴിലായി നടത്താമെങ്കിലും, പഞ്ചായത്തിൽ ഒരു ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുപോലും നിലവിലില്ല. മെച്ചപ്പെട്ടയിനം മുട്ടക്കോഴികളെ വളർത്തുന്നതതിലും വേണ്ടത്ര ശ്രദ്ധ പതിപിക്കുന്നില്ല. കശാപ്പിനായി മാർക്കറ്റുകളിൽ വരുന്ന മൃഗങ്ങളെ കശാപ്പിനു മുമ്പും പിമ്പും പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും സംവിധാനം വേണം. ഇതിനായി സുസ്സജ്ജമായ ഒരു അറവുശാല തുടങ്ങുണം പാൽ വിപണനത്തിന് സൗകര്യങ്ങൾ കുറവായതിനാൽ കർഷകർക്ക് പാലിന് ശരിയായ വില ലഭിക്കുന്നില്ല. പഞ്ചായത്തിൽ 26 ഗോബർ ഗ്യാസ് പ്ളാൻറുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ 3904 പശുക്കളിൽ 2373 എണ്ണത്തിനു കറവയില്ല. 3064 എണ്ണത്തെ കൃത്രിമ ബീജസങ്കലനം നടത്തിയിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1. ക്ഷീരോത്പാദന സഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിമിതമായതിനാൽ കർഷകർക്ക് പാൽ വിപണനത്തിന് ബുദ്ധിമുട്ടുകൾ നേരിടുകയും പാലിന് ന്യായമായ വില ലഭിക്കാതിരിക്കുകയും ചെയ്യുന്നു.
2. കാലിത്തീറ്റ, പച്ചപുല്ല്, ഗുണനിലവാരമുള്ള ധാതു ലവണങ്ങൾ, മീനെണ്ണ എന്നിവയുടെ ദൗർലഭ്യവും ലഭ്യമായ വയുടെ വിലക്കൂടുതലും.
3. അത്യുല്പാദശേഷിയുള്ള കന്നുകാലികളുടെ ഉയർന്നവില.
4. അത്യുല്പാദന ശേഷിയുള്ള മുട്ടകോഴികുഞ്ഞുങ്ങളുടെയും ഇറച്ചികോഴിക്കുഞ്ഞുങ്ങളുടെയും ദൗർലഭ്യത.
5. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
6. ആദായകരമായ കാലിവളർത്തലിനെപ്പറ്റി ശാസ്ത്രീയ പരിശീലനം ലഭ്യമാല്ല.
7. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളും പേപ്പട്ടികളും

8. ആധുനിക കാലിത്തൊഴിത്തിൻെറ അപര്യാപ്തത

**പ്രതിവിധികൾ**

1. ക്ഷീര വിപണന സൗകര്യങ്ങളില്ലാത്ത, തുലാപ്പള്ളി, അറയാഞ്ഞിലമൺ വാർഡുകളിൽ മിൽമാ ബൂത്തുകൾ ആരംഭിക്കുക.
2. മിൽമാ യൂണിറ്റുകൾ വഴി കാലിത്തീറ്റ, ധാതു ലവണങ്ങൾ, മീനെണ്ണ, പുൽവിത്ത് എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
3. അത്യുത്പാദന ശേഷിയുള്ള കന്നുകാലികളെ വളർത്തുന്നതിനും തൊഴുത്തുകൾ നിർമ്മിക്കുന്നതിനും കർഷകർക്ക് ധനസഹായം ലഭ്യമാക്കുക. നിലവിലുള്ള വായ്പാതുകയിൽ വർദ്ധനവ് വരുത്തുക. വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുക.
4. ഇറച്ചികോഴിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം ചെയ്യുകയും മൃഗാശുപത്രി മുഖാന്തരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും വേണം. കൂടാതെ മുട്ട കോഴിവളർത്തലിന് തയ്യാറാവുന്നവരുടെ പേരുകൾ മൃഗാശുപത്രിയിൽ രജിസ്റ്റർ ചെയ്യുകയും അത്യുത്പാദന ശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും വേണം.
5. ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത 6,9,10 വാർഡുകൾക്കായി തുലാപ്പള്ളി കേന്ദ്രമാക്കി ഒരു മൃഗാശുപത്രി ആരംഭിക്കുക. തുലാപ്പള്ളിയിലും അറയാഞ്ഞിലിമണ്ണിലും ഓരോ ഐ. സി. ഡി. പി ഉപ കേന്ദ്രങ്ങൾ ആരംഭിക്കുക. മണക്കയം കേന്ദ്രീകരിച്ച് പ്രവർത്തികുന്ന ഉപകേന്ദ്രം കൂടുതൽ സൗകര്യപ്രദമായ കേന്ദ്രത്തിലേക്ക് മാറ്റി സ്ഥാപിക്കുക. പുതിയ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതുവരെ 6,9,10 വാർഡുകളൽ ആഴ്ചയിൽ ഒരിക്കലെങ്കിലു പെരുനാട് മൃഗാശുപത്രിയിലെ വെറ്റനറി സർജൻെറ സേവനം ലഭ്യമാക്കുക.
6. കന്നുകാലി വളർത്തലിനെപ്പറ്റി ശാസ്ത്രീയമായ അറിവ് നല്കുന്നതിന് വാർഡുകൾ തോറും പഞ്ചായത്തിൻെറയും, മൃഗാശുപത്രിയുടെയും, മിൽമയുടെയും സംയുക്താഭിമുഖ്യത്തിൽ ബോധവത്ക്കരണ ക്ളാസ്സുകൾ, സെമിനാറുകൾ, കന്നുകാലി പ്രദർശനങ്ങൾ, ഗോരക്ഷാക്യാമ്പുകൾ, വന്ധ്യതാ നിവാരണക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.
7. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് പഞ്ചായത്തിൻെറ സഹകരണത്തോടെ നടപടികൾ സ്വീകരിക്കുക. വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പുകൾ നടത്തുകയും പഞ്ചായത്തിൽ നിന്നും ലൈസൻസുകൾ നിർബന്ധമാക്കുകയും വേണം.
8. പാചക ഇന്ധന ക്ഷാമം പരിഹരിക്കുന്നതിന് ഗോബർ ഗ്യാസ് പ്ളാൻറുകൾ സ്ഥാപിക്കാൻ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും ലഭ്യമാക്കുക.

## മറ്റു നിർദ്ദേശങ്ങൾ

1. കന്നുകാലി വളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 55 വയസ്സു കഴിഞ്ഞ എല്ലാ കർഷകർക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്താൻ നടപടി എടുക്കുക.
2. ക്ഷീര സംഘം പ്രസിഡൻറുമാർ, പഞ്ചായത്തുപ്രസിഡൻറ്, മെമ്പർമാർ, കൃഷിക്കാർ എന്നിവരു ൾപ്പെട്ട ഒരു കമ്മിറ്റി സ്ഥാപിച്ച് ലോൺ നടപടികളും, ആനുകൂല്യങ്ങളുടെ വിതരണവും ലളിതമാക്കുക.
3. കന്നുകാലികളുടെ കുളമ്പുരോഗം, അകിടുവീക്കം, അകിടിലുള്ള അരിമ്പാറ, ഹൈപ്പോഹാൽസേമിയ, വയറിളക്കം, കാലിവസന്ത,കോഴിവസന്ത എന്നീ രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പുകൾ നടത്തണം.
4. ആട്, എരുമ, മുയൽ പന്നി എന്നിയെ ആദായകരിമായി വളർത്തുന്നതിനുള്ള സാധ്യതകൾ ഉള്ളതിനാൽ കർഷകർക്ക് ബോധവത്ക്രണം നടത്തുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

പട്ടിക 1

## വളർത്തുമൃഗങ്ങൾ

| വാർഡ് നമ്പർ | കാളനാടൻ | | കാളങ്കരയിനം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | – | 16 | – | 21 | 55 | 95 | 54 | 133 | – | – | – | 133 | 81 | – |
| 2 | – | – | – | 17 | 13 | 13 | 78 | 96 | – | – | – | 67 | 66 | – |
| 3 | – | – | – | 14 | 7 | 37 | 59 | 167 | 1 | – | – | 133 | 106 | – |
| 4 | – | 8 | – | 28 | 37 | 79 | 79 | 136 | – | – | 2 | 89 | 138 | – |
| 5 | – | 65 | – | 60 | 111 | 96 | 111 | 229 | 3 | 5 | – | 661 | 124 | – |
| 6 | – | 47 | 2 | 63 | 50 | 133 | 104 | 237 | – | – | 1 | 245 | 327 | – |
| 7 | 10 | 29 | – | 97 | 104 | 186 | 76 | 144 | – | – | – | 163 | 362 | – |
| 8 | 1 | 36 | – | – | 37 | 61 | 201 | 142 | 1 | 3 | 18 | 271 | 14 | – |
| 9 | – | – | 1 | 33 | 32 | 30 | 80 | 127 | – | – | 7 | 29 | 274 | – |
| 10 | – | 24 | 1 | 41 | 42 | 22 | 201 | 216 | 12 | 22 | – | 125 | 207 | – |
| ആകെ | 11 | 165 | 4 | 374 | 488 | 752 | 1043 | 1621 | 17 | 30 | 28 | 1916 | 1699 | – |

പട്ടിക 2

## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹന സംബന്ധമായവ | 2998 | 5 | 634 | 7 | – | – | – | – | – | – |
| 2. | ശ്വാസകോശ സംബന്ധം | 1539 | – | 197 | 11 | – | 813 | – | – | – | – |
| 3. | ഉപാപചയ സംബന്ധം | 388 | – | 207 | – | – | – | – | – | – | – |
| 4. | ത്വക്ക് രോഗങ്ങൾ | 348 | – | – | 16 | 86 | – | – | – | – | – |
| 5. | ധാതു ലവണങ്ങളുടെ അഭാവം | 187 | 2 | 33 | – | – | – | – | – | – | – |
| 6. | പരാദ രോഗങ്ങൾ | 2687 | 9 | 243 | – | – | – | – | – | – | – |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 620 | – | 56 | – | – | – | – | – | – | – |
| 8. | വന്ധ്യത | 68 | – | – | – | – | – | – | – | – | – |
| 9. | അകിടു വീക്കം | 857 | – | 19 | 1 | – | – | – | – | – | – |
| 10. | മുടന്തൻ പനി | 448 | – | – | – | – | – | – | – | – | – |
| 11. | പകർച്ച വ്യാധികൾ | – | – | – | – | – | – | – | – | – | – |

പട്ടിക 3

## വളർത്തു പക്ഷികൾ

| വാർഡ് നമ്പർ | പൂവൻ കോഴി | പിട കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | മുട്ടയിടുന്നത് | മുട്ടയിടാത്തത് | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 321 | 366 | 2490 | - | - | - |
| 2 | 656 | 255 | 1495 | - | - | - |
| 3. | 453 | 180 | 2714 | - | - | - |
| 4. | 800 | 560 | 2456 | - | - | - |
| 5 | 285 | ലഭ്യമല്ല | 2101 | വിവരം ലഭ്യമല്ല | - | - |
| 6. | 15 | 455 | 2542 | - | - | - |
| 7. | 26 | 505 | 2246 | - | - | - |
| 8. | 28 | 860 | 3415 | - | - | - |
| 9. | 15 | 241 | 1210 | - | - | - |
| 10. | 32 | 576 | 3800 | - | - | - |
| ആകെ | 2631 | 3998 | 24469 | - | - | - |

പട്ടിക 4

## കൃത്രിമ ബീജ സങ്കലനവിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണനത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 2894 | 2368 | 112 |
| കിടാരി | 1010 | 696 | 88 |
| എരുമ | 47 | 14 | 3 |

വേണ്ടത്ര വിപണന സൗകര്യവും, വായ്പാ സൗകര്യവും ലഭ്യമാക്കിയാൽ കന്നുകാലി വളർത്തലിന് പഞ്ചായത്തിലാകമാനം വമ്പിച്ച വികസന സാധ്യതകളുണ്ട്. അതുവഴി 15% ആളുകൾക്കെങ്കിലും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനും തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുന്നതിനും പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. പാൽ, മുട്ട, എന്നിവയുടെ ഉപയോഗം വർദ്ധിക്കാനും പോഷകാംശമുള്ള ആഹാരത്തിന്റെ കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനും ഇതു വഴിയൊരുക്കും.

### മത്സ്യ സമ്പത്ത്

പഞ്ചായത്തിലാകമാനം 40 കി.മീ. ദൂരത്തിൽ പുഴയോരമുണ്ട്. എന്നാൽ ആരും തന്നെ മത്സ്യ ബന്ധനം മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടില്ല. 10 -ാം വാർഡിൽ മാത്രം ഒരു സ്വകാര്യ മത്സ്യ വളർത്തൽ കേന്ദ്രമുണ്ട്. കഴിഞ്ഞകാലങ്ങളിൽ പടർന്നു പിടിച്ച മത്സ്യ രോഗം നിമിത്തം നദികളിൽ പാരമ്പര്യമായി കണ്ടുവന്നിരുന്ന പലയിനം മത്സ്യങ്ങളും നാമാവശേഷമായി. നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിയാൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുവാൻ കഴിയും.

#### നിർദ്ദേശങ്ങൾ

1. മീൻ വളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിക്കാൻ തയ്യാറുള്ളവർക്ക് കുളം കുഴിക്കുന്നതിനും, നിലവിലുള്ള ചെറിയ കുളങ്ങൾ അറ്റകുറ്റ പണികൾ ചെയ്യുന്നതിനും ധനസഹായം നല്കണം.
2. മീൻകുഞ്ഞുങ്ങളെ ലഭ്യമാക്കണം.
3. മത്സ്യ വളർത്തലിൽ പരിശീലനം നല്കണം





# 5.3

# വിദ്യാഭ്യാസം

## "അരിയിൽ ഹരി: ശ്രീ കുറിക്കാം പിന്നെ-
## യറിവിൻെറ വാതിൽ തുറക്കാം."

ഞ്ചു വയസ്സുമുതൽ പതിനാലു വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യവും സാർവ്വത്രികവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഇൻഡ്യൻ ഭരണഘടന ഉറപ്പുനല്കുന്നു. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അഞ്ചു വയസ്സു പ്രായ മായ എല്ലാ കുട്ടികളെയും വിദ്യാലയത്തിലെത്തിക്കാൻ കഴിയുന്നുവെന്ന് ഉറപ്പുവരുത്തണം. കേരളം ഈ ലക്ഷ്യം .സാധിച്ചെന്നു പറയാം. എന്നാൽ വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികളും പതിനാലു വയസ്സുവരെ വിദ്യാഭ്യാസം തുടരുന്നു വെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അതുപോലെ ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കുന്നുവെന്ന് അഭിമാനിക്കുവാനും കഴിയുന്നില്ല. രണ്ടായിരാമാണ്ടിൽ ഗുണ മേന്മയുള്ള വിദ്യാഭ്യാസമെന്നതാണിപ്പേഴത്തെ ലക്ഷ്യം. ഈ ലക്ഷ്യ പ്രാപ്തിക്കായി പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. ക്വാളിറ്റി ഇംപ്രൂവുമെൻറ് പ്രോഗ്രാം (QIP) അവശ്യ പഠന നിലവാര പദ്ധതി (MLL) ജില്ലാ വിദ്യാഭ്യാസ പരിപാടി (DFEP) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാര ബോധനം , ജില്ലാ പഞ്ചായത്തിൻെറ സമഗ്ര വിദ്യാഭ്യാസ പദ്ധ തി ഇവയൊക്കെയാണ് പ്രസ്തുത പരിപാടികൾ. എല്ലാ പ്രൈമറി സ്കൂളുകളിലും ഓപ്പറേഷൻ ബ്ളാക്ക് ബോഡ് പദ്ധിതി പ്രകാരം സയൻസ്കിറ്റ് , മാത്തമാറ്റിക്സ് കിറ്റ്, ലൈബ്രറി പുസ്തകങ്ങൾ മറ്റു പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. അടുത്ത സ്കൂൾ വർഷത്തിൽ പ്രൈമറി സ്കൂളുകലെ പാഠപുസ്തകങ്ങൾ മുഴുവൻ പരിഷ്ക്കരിക്കുവാൻ നടപടിയെടുത്തുകഴിഞ്ഞു.

ഇരുപത്തെന്നാം നൂറ്റാണ്ടിലേക്ക് കാലുകുത്തുവാൻ ഒരുങ്ങി നിൽക്കുന്ന യുവതലമുറയെ അതിനു സജ്ജരാക്കിത്തീർക്കുന്നതിൽ വിദ്യാഭ്യാസത്തിന് കാര്യമായ പങ്കുണ്ട്.

# ചരിത്രം.

മലയോര പ്രദേശമായ പെരുനാട്ടിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ നന്നേ കുറവായിരുന്നു. ഇടക്കുളം, കുമ്പാളം പൊയ്ക തുടങ്ങിയ സ്ഥലങ്ങളിലെ വിദ്യാലങ്ങളിൽ പഠനത്തിനും പരീക്ഷയെഴുതുന്നതിനും കുട്ടികൾ പൊയ്ക്കൊണ്ടിരുന്ന കാലമുണ്ടായിരുന്നു.

ബഥനി ആശ്രമംവക സത്രത്തിലാണ് ആദ്യമായി പെരുന്നാട്ടിൽ ഒരു പ്രാഥമിക വിദ്യാലയം ആരംഭിച്ചത്. ഇന്നത്തെ പെരുനാട് ഗവ. എൽ. പി. എസ്. അതാണ്. കൊ. വ.1107 -ൽ കോയിക്കമണ്ണിൽ ശ്രീ. കെ. എസ്. വേലുപിള്ള ഒരു വെർണാകുലർ മിഡിൽ സ്കൂൾ ആരംഭിച്ചു. ഇതാണ് 1951 -ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട റാന്നി - പെരുനാട് ഹൈസ്കൂൾ. തയ്യിലേത്ത് ശ്രീ. റ്റി. എൻ. നീലകണ്ഠൻ, കക്കാട്ടു മാധവവിലാസം വെർണ്ക്കുലർ പ്രൈമറി വിദ്യാലയം സ്ഥാപിച്ചു. 1935 -ൽ ഇത് സർക്കാരിന് വിട്ടുകൊടുത്തു. അതാണ് ഗവ. എൽ.പി. എസ്. കക്കാട്. ശ്രീ. ഐ.എം. ഇടിക്കുള സ്ഥാപിച്ച ഒരു സംസ്കൃത സ്കൂൾ മഠത്തുമൂഴിയിൽ പ്രവർത്തിച്ചിരുന്നു.

ഒരു ട്രൈബൽ എൽ. പി. സ്കൂളായി തുടങ്ങി അപ്ഗ്രേഡു ചെയ്യപ്പെട്ടതാണ് കിസ്സിമം ഗവ. ഹൈസ്കൂൾ.. ബഥനി സെൻറ് മേരീസ് ഗേൾസ് ഹൈസ്കൂൾ ഈ പഞ്ചായത്തിലെ ഏക അൺ എയ്ഡഡ് വിദ്യാലയമാണ്. ഗവ. യു.പി. എസ്. മാടമൺ, സെൻറ് തോമസ് യു. പി. എസ്. കക്കാട്, സെൻറ്. ജോർജ്ജ് എൽ. പി. എസ്. തുലാപ്പിള്ളി ഗവ. എൽ. പി. എസ്. അരയാഞ്ഞിലിമണ്ണ്, തേവർവേലിൽ എൽ. പി. എസ്. പുതുക്കാട്, പെരുനാട് എസ്റ്റേറ്റ് എൽ. പി. എസ്., ഗവ. എൽ. പി. എസ് കക്കാട് എന്നിവയാണ് ഈ പഞ്ചായത്തിലെ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

പഞ്ചായത്തിലെ വിദ്യാലയങ്ങൾ

| | |
|---|---|
| അങ്കണവാടികൾ | 2 |
| സ്വകാര്യ നഴ്സറികൾ | 2 |
| എൽ. പി. സ്കൂളുകൾ | 6 |
| യു. പി. സ്കൂളുകൾ | 2 |
| ഹൈസ്കൂളുകൾ | 3 |
| പാരലൽ കോളേജുകൾ | 2 |
| ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 1 |
| കമ്പ്യൂട്ടർ കോച്ചിംഗ് സെൻറർ | 1 |
| വായന ശാലകൾ | 1 |

പട്ടിക 1

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ലോവർ പ്രൈമറി സ്കൂളുകൾ | |
|---|---|
| 1. | ജി. എൽ. പി. എസ്, ആർ പെരുനാട് |
| 2. | ജി. എൽ. പി. എസ്, കക്കാട് |
| 3. | ജി. എൽ. പി. എസ്, അറയാഞ്ഞിലിമണ്ണ്. |
| 4. | തേവർവേലിൽ എൽ. പി.എസ്., പുതുക്കട |
| 5. | പെരുനാട് എസ്റ്റേറ്റ് എൽ. പി. എസ്. |
| 6. | സെൻറ്. ജോർജ്ജ് എൽ. പി. എസ്., തുലാപ്പിള്ളി. |

| യു. പി. സ്കൂളുകൾ |
|---|
| 1. ജി. .യു. പി. എസ് മടമൺ |
| 2. സെൻ. തോമസ് യു. പി. എസ്. കക്കാട്. |
| ഹൈസ്കൂളുകൾ |
| 1. ജി. എച്ച്. എസ്. കിസ്സിമം. |
| 2. എച്ച്. എസ് റാന്നിപെരുനാട് |
| 3. ബഥനി സെൻറ് മേരീസ് ഗേൾസ് എച്ച്. എസ്., റാന്നി- പെരുന്നാട് |
| ആകെ സ്കൂളുകൾ. 11 |

പട്ടിക 2

## വിദ്യാർത്ഥികളും അധ്യാപകരും

| നമ്പർ | സ്കൂൾ | മാനേജ് മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 1. | H.S.R. പെരുനാട് | എയ്ഡഡ് U.P<br>H.S | 203<br>250 | 175<br>222 | 378<br>472 | 8 | 25 | 33 |
| 2. | ബഥിനി സെൻറ് മേരീസ് ഗേൾസ് H.S | അൺ L.P<br>എയ്ഡഡ് U.P<br>H.S | 194<br>113<br>- | 250<br>180<br>147 | 444<br>293<br>147 | 1 | 34 | 35 |
| 3. | ഗവ. H.S കിസിമം | ഗവ. L.P<br>U.P<br>H.S | 27<br>46<br>68 | 31<br>45<br>63 | 58<br>91<br>131 | 2 | 3 | 5 |
| 4. | G.U.P.S ,മാടമൺ | ഗവ. L.P<br>U.P | 89<br>99 | 70<br>63 | 159<br>162 | 4 | 6 | 10 |
| 5. | St. തോമസ് U.P.S കക്കാട് | എയ്ഡഡ് | 38 | 25 | 63 | 2 | 3 | 5 |
| 6. | G.L.P.S ആർ- പെരുനാട് | ഗവ. | 64 | 69 | 133 | 2 | 3 | 5 |
| 7. | G.L.P.S, കക്കാട് | ഗവ. | 48 | 46 | 94 | 1 | 2 | 3 |
| 8. | തേവർ വേലിൽ L.P.S | എയ്ഡഡ് | 161 | 159 | 320 | 1 | 9 | 10 |
| 9. | പെരിനാട് എസ്റ്റേറ്റ് L.P.S | എയ്ഡഡ് | 38 | 27 | 65 | 1 | 3 | 4 |
| 10 | സെൻറ് ജോർജ്ജ് L.P.S തുലാപ്പിള്ളി | എയ്ഡഡ് | 161 | 173 | 334 | 1 | 8 | 9 |
| 11 | G.L.P.S, അറയഞ്ഞിലിമൺ | ഗവ. | 48 | 33 | 81 | 1 | 1 | 2 |
| | ആകെ | | 1647 | 1778 | 3425 | 24 | 97 | 121 |

L.P, U.P, H.S വിഭാഗങ്ങളിലായി വിദ്യാർത്ഥികളുടെ ആകെ എണ്ണം 3425 ആണ്. L.P. H.S. വിഭാഗത്തിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ ആപേക്ഷിച്ച് കൂടുതലും U.P വിഭാഗത്തിൽ കുറവുമാണ്.

പട്ടിക 3.

L.P, U.P, H.S കുട്ടികളുടെ എണ്ണം.

| ആകെ വിദ്യാർത്ഥികൾ | L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % പെൺ | ആൺ | പെൺ | % പെൺ | ആൺ | പെൺ | % |
| പെൺ 3425 | 830 | 858 | 51 | 499 | 488 | 49 | 318 | 432 | 57.6 |

L.P, U.P, H.S വിഭാഗങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആകെ എണ്ണം 1688 ആണ്. ഓരോ വിഭാഗത്തിലെയും എണ്ണം, ശതമാന കണക്ക് ഇവ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 4.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്.

| ആകെ വിദ്യാർത്ഥികൾ | L.P | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1688 | 280 | 16.5 | 987 | 195 | 19 | 750 | 139 | 18.5 |

പട്ടിക 5

തോറ്റു പഠിക്കുന്നവരുടെ കണക്ക്.

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 37 | 32 | 69 | 77 | 58 | 135 |

പട്ടിക 6

പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 8 | 7 | 15 | 6 | 7 | 13 |

പഞ്ചായത്തിലെ ആകെയുള്ള മൂന്ന് ഹൈസ്കൂളുകളിൽ അൺ എയ്ഡഡ് വിദ്യാലയമായ ബഥനി സെൻറ് മേരീസ് ഹൈസ്കൂളിലെ വിജയം 100 ശതമാനവും മറ്റു രണ്ടു ഹൈസ്കൂളിലേത് 50% -ൽ താഴെയുമാണ്.

പട്ടിക 7.

**വിജയശതമാനം**

| സ്കൂളിൻെറ പേര്. | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| H.S.R-പെരുനാട് | 32 | 29 | 32 | 43 | 36 |
| G.H.S, കിസ്സിമം | 19 | 23 | 50 | 77 | 34.5 |

ഭൗതിക സാഹചര്യങ്ങളുടെ പോരായ്മ പഠനനിലവാരത്തെ പ്രതികൂലമായി ബാധച്ചിരിക്കുന്നുണ്ട് കുട്ടികൾക്ക് ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നതിന് വേണ്ടത്ര സൗകര്യമില്ലാത്ത സ്കൂളുകളുണ്ട്. മൂത്രപ്പുര, കക്കൂസ് തുടങ്ങിയവയും വേണ്ടത്ര സ്കൂളിലില്ല.

പട്ടിക 8

**ഭൗതീക സാഹചര്യം**

| | സ്കൂളിൻെറ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | H.S . R, പെരുനാട് | 850 | 33 | 2 | 2 | ഉണ്ട് | ഉണ്ട് |
| 2. | ബഥനി സെൻറ് മേരീസ് ഗേൾസ് H.S | 884 | 35 | 2 | 3 | ഉണ്ട് | ഉണ്ട് |
| 3. | ഗവ. H.S കിസ്സിമം | 280 | 7 | 1 | 1 | ഉണ്ട് | ഇല്ല. |
| 4. | G.U.P.S മാടമൺ | 162 | 10 | 1 | - | ഇല്ല | ഇല്ല. |
| 5. | St.തോമസ് U.P.S, കക്കാട് | 63 | 5 | 2 | - | ഇല്ല. | ഇല്ല. |
| 6. | G.L.P.S,R പെരുനാട് | 133 | 5 | 2 | 1 | ഉണ്ട് | ഇല്ല. |
| 7. | G.L.P.S കക്കാട് | 94 | 3 | 1 | - | ഉണ്ട് | ഇല്ല. |
| 8. | തേവർ വേലിൽ L.P.S പുതുക്കട | 320 | 10 | 2 | - | ഇല്ല. | ഇല്ല. |
| 9. | പെരുന്നാട് എസ്റ്റേറ്റ് L.P.S | 65 | 4 | 1 | - | ഇല്ല. | ഇല്ല. |
| 10 | സെൻറ് ജോർജ്ജ് L.P.S തുലാപ്പിള്ളി | 334 | 9 | ഇല്ല. | 1 | ഇല്ല | ഇല്ല |
| 11 | G.L.P.S അറയാഞ്ഞിലിമൺ | 81 | 2 | - | - | ഉണ്ട് | ഇല്ല |

ഭൗതിക സാഹചര്യങ്ങളെപ്പോലെതന്നെ പ്രധാനമാണ് അക്കദമിക്ക് സൗകര്യങ്ങൾ. ഇത് ഫലപ്രദമാകാത്തതുകൊണ്ട് പഠനനിലവാരം ഉയരുന്നില്ല. പി.റ്റി. എ., മാതൃ പി. റ്റി എ. തുടങ്ങിയവ നല്ല രീതിയിൽ പ്രവർത്തിച്ചാൽ പഠനനിലവാരം മെച്ചപ്പെടുത്താം.

പട്ടിക 9.

അക്കാദമിക്ക് സൗകര്യങ്ങൾ

| സ്കൂൾ | ലൈബ്രറി | ലബോറട്ടറി | വേണ്ടത്ര പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കോർഡർ | ടി.വി. | വി.സി.ആർ | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടറുകൾ | കമ്പ്യൂട്ടർ | ബ്ലാക്ക്ബോർഡ് ആവശ്യത്തിന് | P.T.A | മാതൃ P.T.A | ക്ലാസ്സ് P.T.A |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| H.S.R, പെരുനാട് | ✓ | ✓ | ✓ | ✓ | ✓ | - | - | - | ✓ | - | ✓ | ✓ | - | - |
| ബഥനി സെൻറ് മേരീസ് H.S | ✓ | ✓ | ✓ | ✓ | ✓ | - | - | - | - | - | ✓ | ✓ | - | - |
| ഗവ. H.S. കിസ്സിമം | - | - | - | - | - | - | - | - | - | - | ✓ | ✓ | - | - |
| G. U.P.S മാടമൺ | ✓ | - | - | - | - | - | - | - | - | - | ✓ | ✓ | ✓ | - |
| S.t തോമസ് L.P.S കക്കാട് | ✓ | - | - | - | - | - | - | - | - | - | - | ✓ | ✓ | - |
| G.L.P.R, പെരുനാട് | ✓ | - | - | - | - | - | - | - | - | - | ✓ | ✓ | ✓ | ✓ |
| G.L.P.S കക്കാട് | ✓ | - | - | - | - | - | - | - | - | - | - | ✓ | ✓ | ✓ |
| തേവർ വേലിൽ L.P.S പെരുനാട് | ✓ | - | - | - | - | - | - | - | - | - | ✓ | ✓ | ✓ | |
| പെരുനാട് എസ്റ്റേറ്റ് L.P.S | ✓ | | -- | - | - | - | - | - | - | - | ✓ | ✓ | ✓ | - |
| St. ജോർജ്ജ് L.P.S തുലാപ്പിള്ളി | ✓ | - | - | - | - | - | - | - | - | - | ✓ | ✓ | ✓ | - |
| G.L.P.S അറയാഞ്ഞിലിമൺ | ✓ | - | - | - | - | - | - | - | - | - | ✓ | ✓ | ✓ | - |

## ഗ്രാമസഭയുടെ വാർഡു തലത്തിലുള്ള ചർച്ചയിൽ ഉരുതിരിഞ്ഞുവന്ന പൊതുവായ വിദ്യാഭ്യാസ പ്രശ്നങ്ങൾ

ളാഹ, മണക്കയം, നെടുമൺ, കക്കാട് എന്നീ വാർഡുകളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാലയങ്ങളിലേക്ക് ദീർഘദൂരം യാത്ര ചെയ്യണം. അട്ടത്തോട്ടിലെ ആദിവാസി കോളനിയിലെ കുട്ടികൾക്ക് 15 കി. മീ. അകലെയാണ് വിദ്യാലയം. ഗവ. L.P.S. കക്കാട്, ഗവ. L.P.S ആർ - പെരുനാട്, ഗവ. എച്ച്. എസ്. കിസ്സിമം എന്നീ സർക്കാർ വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ അപകടനിലയിലാണ്. S.S.L.C. ക്ളാസ്സ് വരെയുള്ള കുട്ടികൾ പഞ്ചായത്തിനു പുറത്തേക്ക് പോകുന്നവർ വളരെയില്ല. കിസ്സിമം പ്രദേശത്തെ കുട്ടികൾ ദൂരെ സ്ഥലത്തുപോയി വിദ്യാഭ്യാസം നേടുന്നുണ്ട്. പെരുനാട്ടിലെ ബഥനി എൺ എയിഡഡ് H.S ൽ അന്യനാട്ടിൽ നിന്നുള്ള കുട്ടികൾ താമസിച്ചുപഠിക്കുന്നു.

പഠന നിലവാരം പല സ്കൂളുകളിലും ഉയർന്നതല്ല. പി. റ്റി. എ, മാതൃസമിതി തുടങ്ങിയവ എല്ലാ പ്രൈമറിസ്കൂളുകളിലും തൃപ്തികരമായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളുടെ എണ്ണംപൊതുവിൽ

കുറയുന്നുണ്ട്. പഞ്ചായത്തിൽ രണ്ട് അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 25 എണ്ണം കൂടി തുടങ്ങുവാൻ അനുവാദമായിട്ടുണ്ട്.

സാക്ഷരതാ പ്രവർത്തനം ഫലപ്രദമായി പഞ്ചായത്തിൽ നടത്തിയിരുന്നുവെങ്കിലും തുടർപ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ല. വായനശാലകൾ പലസ്ഥലത്തും ഇല്ലാത്തത് വിദ്യാഭ്യാസമുള്ളവരെയും നവസാക്ഷരരേയും പ്രതികൂലമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

1. എല്ലാ പ്രൈമറി വിദ്യാലയങ്ങളോടനുബന്ധിച്ചും പ്രീ. പ്രൈമറി ആരംഭിക്കണം. ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണം.
2. പഞ്ചായത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള അംഗൻവാടികൾ എത്രയും വേഗത്തിൽ ആരംഭിക്കണം.
3. ആദിവാസി കോളനിയായ അട്ടത്തോട്ടിൽ പ്രാഥമിക വിദ്യാലയം തുടങ്ങണം.
4. അപകടകനില്യിലായ സ്കൂൾകെട്ടിടങ്ങൾ അറ്റകുറ്റ പണി ചെയ്യുകയും വേണം.
5. മാടമൺ ഗവ. U.P.S ഹൈസ്കൂളായി ഉയർത്തണം.
6. പെരുനാട് H.S ,കിസ്സിമം H.S എന്നി സ്കുളുകളിൽ +2 കോഴ്സ് അനുവദിക്കണം.
7. സ്കൂളുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കണം.
8. വൈദ്യുതീകരിക്കാത്ത സ്കൂളുകൾ വൈദ്യുതീകരിക്കണം.
9. സ്കൂളുകളിൽ ആവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുകയും അദ്ധ്യാപകരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തുകയും വേണം.
10. വിദ്യാലയങ്ങളിൽ സ്പെഷ്യൽ അധ്യാപകരെ നിയമിക്കണം.
11. പ്രൈമറി തലത്തിൽ മാതൃ ഭാഷയല്ലാതെ മറ്റൊരു ഭാഷയും പഠിപ്പിക്കാൻ പാടില്ല.
12. S.S.L.C പാസാകുന്ന കുട്ടികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പെരുനാട്ടിൽ സാങ്കേതിക വിദ്യാലയം സ്ഥാപിക്കണം.
13. തേവർ വേലിൽ എൽ. പി. എസ്സി ലേക്ക് മെയിൻ റോഡിൽ നിന്നു് വഴി സൗകര്യം ഉണ്ടാക്കണം.
14. സ്കൂൾ കോംപ്ളക്സ് കാര്യക്ഷമമായി പ്രവർത്തിക്കണം.
15. തുടർസാക്ഷരാ പ്രവർത്തനം കാര്യക്ഷമമാക്കണം
16. പെരുനാട്ടിൽ ഒരു കോളേജ് അനുവദിക്കണം.

"വിദ്യാഭ്യാസം തൊഴിൽ
സമ്പാദനത്തിന് വേണ്ടിമാത്രം
ആവരുത്. അത് അറിവിന്റെ
ലോകത്തെ വിശാലമാക്കുന്നതിനും
ദേശസ്നേഹികളെ വാർത്തെടുക്കുന്നതിനും
വേണ്ടിയുള്ളതാകണം"

ഡോ. എസ്. രാധാകൃഷ്ണൻ

# 5.4

# കുടിവെള്ളം, പൊതുജനാരോഗ്യം

ആരോഗ്യ പരിപാലനരംഗത്ത് അദ്വിതീയ സ്ഥാനം അലങ്കരിക്കുന്ന പത്തനംതിട്ട ജില്ലയിലെ ഒരു സ്പെഷ്യൽ ഗ്രേഡു പഞ്ചായത്താണ് റാന്നി - പെരുനാട് ഗ്രാമ പഞ്ചായത്ത്. പലകാര്യങ്ങളിലും പെരുനാട്ടുകാർ പേരിനെ അന്വർത്ഥമാക്കുന്ന പെരുമ നിലനിർത്തുന്നവരാണ്. എന്നാൽ ഇവിടുത്തുകാരുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഇന്നും വളരെ താഴ്ന്ന പടിയിലാണ്. അതിൽ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നത്കുടിവെള്ളത്തിൻെറ കാര്യത്തിലാണ്. മലനിരകൾ കൊണ്ട് നിറഞ്ഞതാണ് ഈ ഭൂപ്രദേശം. ഫെബ്രുവരിമുതൽ മൈലുകൾ താണ്ടുന്ന കാഴ്ച്ച സർവ്വസാധാരണമാണ്.

പഞ്ചായത്തിലെ 90% ജനങ്ങളും കുടി വെള്ളത്തിനായി സ്വകാര്യ കിണറുകളെയും, പ്രകൃതി ദത്തമായ ജലസ്രോതസ്സുകളെയും ആശ്രയിക്കുന്നു. വാട്ടർ അതോറിട്ടി വക ഒരു ജലവിതരണ കേന്ദ്രം പെരുനാടു പഞ്ചായത്തിലെ മഠത്തുംമൂഴിയിൽ ഉണ്ടെങ്കിലും മാസത്തിൽ പത്തു ദിവസം പോലും ഇവിടെനിന്നുള്ള വെള്ളം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. ഗുണനിലവാരം കുറഞ്ഞ പൈപ്പുകൾ മണ്ണിനടിയിൽ കുഴിച്ചിട്ടിരിക്കുന്നു. ഇവ പരിശോധിച്ചാൽ 30 മീറ്റർ നിളത്തിൽ ഒരു ഭാഗം എന്ന ക്രമത്തിൽ പൊട്ടുകയും ഒട്ടിക്കുകയും ചെയ്തിട്ടുള്ളതായി കാണാം. ഓരോ ദിവസവും ഓരോ ഭാഗം പൊട്ടുകയും അവിടം ഒട്ടിക്കിക്കുകയും ചെയ്യുക എന്ന പ്രക്രിയ തുടരുന്നു. ഇതിലൂടെ ഉണ്ടാകുന്ന നഷ്ടങ്ങൾ ഒരു ഡിപ്പാർട്ടുമെൻറിനു മാത്രമല്ലെന്നോർക്കണം.

## ദോഷഫലങ്ങൾ

1. ഉപഭോക്താവിനു മൂന്നു ശതമാനംപോലും പ്രയോജനം കിട്ടുന്നില്ല.
2. വാട്ടർ അതോറിട്ടിക്കുണ്ടാകുന്ന ഭീമമായ മെയിൻറനൻസ് ചെലവ്
3. പൈപ്പുകൾ നിരന്തരം പൊട്ടി ഒഴുകുന്നതു മൂലം തകരുന്ന റോഡുകൾ
4. പൈപ്പു പൊട്ടുന്ന ഭാഗത്തുണ്ടാകുന്ന അഴുക്കു കലങ്ങിയ വെള്ളം, വെള്ളമൊഴുക്കിൻെറ മർദ്ദം കുറയുമ്പോൾ പൈപ്പിനുള്ളിലേക്കിറങ്ങും. ഇതു പിന്നീട് കുടിവെള്ളത്തിൽ കലർന്ന് വീടുകളിലെത്തും. പല പകർച്ചവ്യാധികൾക്കും ഇത് ഇടയാക്കും.

## വാട്ടർ അതോറിട്ടി വക ജല വിതരണ സംവിധാനം നിലവിലുള്ള സ്ഥലങ്ങൾ

പട്ടിക 1

### KWA ജലവിതരണ പദ്ധതി

| പദ്ധതിയുടെ പേര് | | നിലവിലുള്ള പൈപ്പ് ലൈനുകൾ | ദൂരം കി.മി. | പൊതുടാപ്പുകൾ |
|---|---|---|---|---|
| KWA ജലവിതരണ കേന്ദ്രം,മഠത്തുംമൂഴി | 1. | മഠത്തുംമൂഴി - നെടുമൺ | 3.00 | 40 |
| | 2. | MN ജംഗ്ഷൻ - ഒങ്കം | 0.5 | |
| | 3. | മഠത്തുംമൂഴി - കൂനങ്കര | 2.5 | |
| | 4. | മഠത്തുംമൂഴി - ചേന്നംപാറ | 3.0 | |
| | 5. | മഠത്തുംമൂഴി - മാമ്പാറ | 2.0 | |
| | 6. | മാമ്പാറ - എരുവാറ്റുപുഴ | 1.7 | |
| | 7. | മാമ്പാറ - ഗുരുമന്ദിരം | 2.0 | |
| | 8. | മാമ്പാറ പള്ളിപ്പടി - പുത്തൻ കവല | 1.0 | |
| | 9. | മഠത്തുംമൂഴി - എരുവാറ്റുപുഴ | 1.5 | |
| | 10. | എരുവാറ്റുപുഴ - മാടമൺ സ്കൂൾ ജംഗ്ഷൻ | 1.5 | |
| | | ആകെ | 18.7 | 40 |

ചരിവുകളും കുന്നുകളും വൻ മലകളും നിറഞ്ഞ പ്രദേശമായതിനാൽ ഭൂഗർഭ ജലത്തിൻെറ അളവ് വളരെ കുറവാണ്. അതുകൊണ്ട് കുഴൽ കിണറുകൾ കുഴിക്കുന്നതിനുള്ള സാധ്യതയും വളരെ കുറവാണ്.

പട്ടിക 2

പഞ്ചായത്ത് - ബ്ലോക്ക് വക കുളങ്ങളെയും കിണറുകളെയും സംബന്ധിച്ച വിവരങ്ങൾ

| പഞ്ചാ.കുളം(വിസ്തീർണ്ണമനുസരിച്ച്) | എണ്ണം | പഞ്ചാ.പൊതുകിണർ | ബ്ലോക്ക് വക കുഴൽ കിണർ |
|---|---|---|---|
| 10 സെൻറിൽ താഴെ | 1 | 4 | 7 |

സ്വകാര്യ കിണറുകളിൽ 365 ദിവസവും വെള്ളമുള്ളവ 13% മാത്രമാണ്. ബാക്കിയുള്ള 87% കിണറുകളും ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വറ്റി വരളുന്നു.

കുടിവെള്ളത്തെ സംബന്ധിച്ച് ഗ്രാമസ്ഭകളിലൂടെ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പട്ടിക 3

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും വാർഡുതലത്തിൽ

| വാർഡ് | പ്രശ്ന പ്രദേശം | പരിഹാരനിർദ്ദേശം |
|---|---|---|
| 1. | കടുവാക്കുഴി, ബഥനിമല താളികര, മുണ്ടൻമല | കടുവാക്കുഴിയിലും ബഥനിമലയിലുമുള്ള ജലസ്രോതസ്സുകൾ ടാങ്കുകെട്ടി സംഭരിച്ച് ചെറിയ തോതിൽ ജലവിതരണം നടത്താം |
| 2. | മുക്കം, (മാടമൺ വടക്ക്) | അടിച്ചിപ്പുഴ ശുദ്ധജല വിതരണ പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുക. |
| 3. | കോട്ടൂപ്പാറ, മോടിമേപ്രം തെങ്ങിൻതോപ്പ് | കോട്ടൂപ്പാറയിൽ വാട്ടർ ടാങ്കു സ്ഥാപിക്കുക. നിലവിലുള്ള പൈപ്പ് ലൈൻ ചമ്പോൺതോടുവരെയും, അമ്പലക്കടവ്-കണ്ടൻകുളം, |

| വാർഡ് | പ്രശ്ന പ്രദേശം | പരിഹാരനിർദ്ദേശം |
|---|---|---|
| | | ഗുരുമന്ദിരം-കണ്ടൻകുളം, കല്ലറപ്പാലം-അതമ്പനാംകുഴി, സ്കൂൾ ജംഗ്ഷൻ-കോട്ടൂപ്പാറ തുടങ്ങിയ സ്ഥലങ്ങളിലേക്കും നീട്ടുക |
| 4. | കുടിവെള്ളക്ഷാമം നേരിടുന്ന 80% പ്രദേശങ്ങൾ | KWAവകനിലവിലുള്ളപൈപ്പുലൈനുകൾ നീട്ടുക. മാമ്പാറ-മണിയാർ റൂട്ടിലുള്ള പൈപ്പുലൈനിൽ പറ്റിയ കേടുപാടുകൾ തീർക്കുക. |
| 5. | കണ്ണന്നുമൺ,കണ്ണന്നുമൺ കോളനി കണ്ണന്നുമൺ വടക്ക് നെടുമൺ ഉഴം, വെൺകുളം, ഇടപ്ര, വെൺകുളം കോളനി | വെൺകുളം വേലൻകോവിൽശുദ്ധജല വിതരണ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുക.വേലൻകോവിൽ പ്രദേശത്തെ വറ്റാത്ത നീരുറവകൾ കുളം കുഴിച്ച് സംരക്ഷിച്ച് പദ്ധതി നടപ്പാക്കാം. |
| 6. | 6,10, വാർഡുകളിലെ 350 ൽ പരം കുടുംബങ്ങൾ | നെല്ലിമലയ്ക്കും, ആര്യാട്ടുകവലയ്ക്കും ഇടയ്ക്ക് വനത്തിൽ പരമ്പരാഗതമായ വലിയ നീരുറവ ഉള്ളത് വിപുലീകരിച്ച് അതിലുള്ള ജലം സംഭരിച്ച് വിതരണം നടത്താം. ഇത് 200 കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.അയ്യൻമലയിലുള്ള നീരുറവ വിപുലീകരിച്ചാൽ 75 കുടുംബങ്ങൾക്ക് പ്രയോജനപ്പെടും. വിള്ളുംമാക്കൽ ശ്രീധരൻെറ പറമ്പിലുള്ള കുളം വിപുലീകരിച്ചാൽ 75 കുടുംബങ്ങൾക്കു പ്രയോജനപ്പെടും. |
| 7. | ഭൂരിഭാഗവും ജലക്ഷാമമുള്ള പ്രദേശം | കോളാമല കോട്ടമലയിൽ ടാങ്കുകെട്ടി കക്കാട്ടാറ്റിൽ നിന്നും വെള്ളം സംഭരിച്ച്ജല വിതരണ് നടത്താം |
| 8 | 80% പ്രദേശം | രാജാംപാറ വനത്തിനുള്ളിൽ കാണുന്ന വിസ്തൃതമായ ജലസ്ത്രോതസ്സ് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തിയാൽ പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശങ്ങളിൽ മുഴുവൻ ജലവിതരണം നടത്താം |
| 9. | പാറക്കടവ് പ്രദേശം, പെരിങ്ങോട്ടുമലയും അടിവാരവും | പാറക്കടവിനു സമീപമുള്ള ജലസ്രോതസ്സ് വിപുലീകരിക്കുക. പെരിങ്ങോട്ടുമലയുടെ മുകളിലുള്ള ജലസ്രോതസ്സ് സംരക്ഷിച്ച് ജല വിതരണം നടത്താം. |
| 10. | മുഴുവൻ പ്രദേശവും | പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ വിപുലപ്പെടുത്തി കുടിവെള്ളം വിതരണം ചെയ്യാം. പഞ്ചസാര മണ്ണിലെ കുളം വിപുലീകരിക്കുക. കിസുമം സ്കൂൾ ഗ്രൗണ്ട്, സെൻറ്.ജോർജസ് സ്കൂൾ ഗ്രൗണ്ട്, തുലാപ്പള്ളി ജംഗ്ഷൻ, നെല്ലിമല എന്നിവിടങ്ങളിൽ അടിയന്തിരമായി കുഴൽ കിണറുകൾ നിർമ്മിക്കുക. |

## വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും വന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും.

വാർഡ് 1.

നാലുമാസം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ബഥനിമല, മുണ്ടൻമല, കടുവാക്കുഴി, താളികര എന്നിവ. കടുവാക്കുഴിയിലും ബഥനിമലയിലുമുള്ള വറ്റാത്ത ജലസ്രോതസ്സുകൾ ടാങ്കുകെട്ടി സംഭരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചാൽ വളരെ കുറഞ്ഞ ചിലവിൽ ഈ പ്രദേശങ്ങളിൽ ജലവിതരണം സാദ്ധ്യമാകും. കൂടാതെ ബഥനിമല, മുണ്ടൻമല എന്നീ ഭാഗങ്ങളിൽ വാട്ടർ ടാങ്കുകൾ കെട്ടി ജലവിതരണ സംവിധാനം ഏർപ്പെടുത്തണം.

### വാർഡ് 2

രണ്ടാം വാർഡിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് അടിച്ചിപ്പുഴ ശുദ്ധജല വിതരണ പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യേണ്ടതാണ്. അതോടൊപ്പം വാർഡിൻെറ മുഴുവൻ ഭാഗങ്ങളിലും പൈപ്പ് ലൈൻ ഇട്ട് ജലവിതരണ സംവിധാനം ഉണ്ടാക്കണം.

### വാർഡ് 3

ഈ വാർഡിലെ മോടീമേപ്രം, കോട്ടൂപ്പാറ, തെങ്ങിൻ തോപ്പ് എന്നിവിടങ്ങളിലാണ് സ്ഥിരമായി കുടിവെള്ളക്ഷാമം അനുഭപ്പെടുന്നത്. കോട്ടൂപ്പാറയിൽ വാട്ടർ ടാങ്കുസ്ഥാപിച്ച് ഈ ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. നിലവിലുള്ള പൈപ്പ്ലൈൻ ഈ വാർഡിൻെറ അതിർത്തിയായ ചമ്പോൺ തോടുവരെയും അമ്പലക്കടവ്-കണ്ടൻകുളം, ഗുരുമന്ദിരം-കണ്ടൻകുളം, കല്ലറപ്പാലം-അതമ്പനാംകുഴി, സ്കൂൾ ജംഗ്ഷൻ-കോട്ടൂപ്പാറ, തുടങ്ങിയ റോഡുകളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് സ്ഥിരമായി വെള്ളം കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

### വാർഡ് 4

ഇന്നു പൈപ്പു ലൈനുള്ള പ്രദേശങ്ങളിലൂടെ കാര്യക്ഷമമായി ജലവിതരണം നടത്തിയാൽ ഭൂരിഭാഗം സ്ഥലത്തും കുടിവെള്ളം നൽകാം. കോട്ടൂപ്പാറ 4 സോൻറ് കോളനി, തുണ്ടമൺ കോളനി, കണ്ടൻകുളം ടോപ്പ് എന്നിവിടങ്ങളിലേയ്ക്കും മാമ്പാറ-ഗുരുമന്ദിരം ജംഗ്ഷൻ, മാമ്പാറ-ലിറ്റിൽ ഫ്ലവർ ജംഗ്ഷൻ എന്നിവിടങ്ങളിലേക്കും പൈപ്പ് ലൈൻ നീട്ടുകയും കുഴൽ കിണറുകൾക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ അവ സ്ഥാപിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കണം. മാമ്പാറ - മണിയാർ റോഡ്ടാറിംഗിനോടനുബന്ധിച്ച് ഗുരുമന്ദിരം റൂട്ടിലുള്ള പൈപ്പ് ലൈൻ മാമ്പാറ ജംഗ്ഷന് താഴെവച്ച് മുറിച്ചുമാറ്റിയത് ഇന്നും ശരിയാക്കാതെ കിടക്കുന്നതു കാരണം കിഴക്കേ മാമ്പാറയിലേക്കുള്ള ജലവിതരണം മുടങ്ങിക്കിടക്കുന്നു. ഇതു ശരിയാക്കി അടിയന്തിരമായി ജലവിതരണം പുനസ്ഥാപിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

### വാർഡ് 5

കണ്ണന്നുമൺ, കണ്ണന്നുമൺവടക്ക്, കണ്ണന്നുമൺ കോളനി, നെടുമൺ ഉഴം., ഇടപ്ര, വെൺകുളം, വെൺകുളം കോളനി, പെരുനാട് എസ്റ്റേറ്റ് എന്നീ പ്രദേശങ്ങൾ മഴക്കാലത്തു മാത്രം കുടിവെള്ളം ലഭിക്കുന്നവയാണ്. ജനുവരി അവസാനമാകുന്നതോടെ ഈ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളും കിണറുകളും വറ്റി വരളുന്നു. അടുത്ത നാലു മാസക്കാലം മൈലുകൾ താണ്ടി കക്കാട്ടാറ്റിൽനിന്ന് വെള്ളം ശേഖരിക്കുന്നു.

വെൺകുളം വേലൻ കോവിൽ എന്ന പ്രദേശത്ത് ഒരുക്കലും വറ്റാത്ത ജലസ്രോതസ്സ് ഉണ്ട്. നിലവിൽ പഞ്ചായത്ത് അവിടെ ഒരു കുളം കുഴിച്ച് സൈഡു കെട്ടി കപ്പിയും ഇട്ടിട്ടുണ്ട്. 'വെൺകുളം വേലൻ കോവിൽ ശുദ്ധജലവിതരണ പദ്ധതി' എന്നൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയാൽ മേൽപറഞ്ഞ മുഴുവൻ ഭാഗത്തേയും എഴുനൂറോളം വീടുകളിൽ കുടിവെള്ളം എത്തിക്കാൻ സാധിക്കും. ഒപ്പം പെരുനാടു പഞ്ചായത്തിലെ മറ്റു ചില ഭാഗങ്ങളിലും 20X20 മീറ്റർ വിസ്തൃതിയിൽ ഒരു കുളം ജനപങ്കാളിത്തത്തോടെ കുഴിച്ച് അവിടെതന്നെയുള്ള കുന്നിൻ മുകളിൽ ടാങ്കുകെട്ടി കുളത്തിൽ നിന്ന് പമ്പ് ചെയ്ത് വെള്ളം ടാങ്കിൽ നിറച്ച് പൈപ്പുകൾ വഴി വാർഡിൻെറ മുഴുവൻ ഭാഗങ്ങളിലും വിതരണം ചെയ്യാം. കുളത്തിലെ വെള്ളം അപര്യാപ്തമെന്നു വന്നാൽ കക്കാട്ടാറിൻെറ തീരത്ത് ജനപങ്കാളിത്തത്തോടെ കിണർ സ്ഥാപിച്ച് അവിടെനിന്നും വെള്ളം പമ്പുചെയ്ത് മുകളിലെത്തിക്കാം. ഈ പ്രക്രിയ ചിലവു കുറഞ്ഞതാക്കുവാൻ ഇടയ്ക്കിടെ ടാങ്കുകൾ കെട്ടി ഒന്നിൽനിന്നും മറ്റൊന്നിലേക്ക് എന്ന ക്രമത്തിൽ

പമ്പുചെയ്ത് മലമുകളിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്കിൽ എത്തിക്കാം. ഈ പദ്ധതി ദീർഘവീക്ഷണത്തോടെ നടപ്പാക്കിയാൽ പെരുനാടു പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും കുടിവെള്ളം സുലഭമായി എത്തിക്കുവാൻ സാധിക്കും.

വാർഡ് 6

നെല്ലിമലയ്ക്കും ആര്യാട്ടുകവലയ്ക്കും ഇടയ്ക്കുള്ള വനത്തിൽ പരമ്പരാഗതമായ വലിയ നീരുറവയുള്ളതു വിപുലീകരിച്ച് ജലം സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കിയാൽ 6,10 എന്നീ വാർഡുകളിലെ 200ൽ പരം കുടുംബങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. അയ്യൻ മലയിലുള്ള നീരുറവ വിപുലീകരിച്ചാൽ 75 കുടുംബങ്ങളിൽ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും. വിള്ളുംമാക്കൽ ശ്രീധരൻെറ സ്ഥലത്തുള്ള കുളം വിപുലീകരിച്ചാൽ 75 കുടുംബങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. അട്ടത്തോട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വനത്തിലുള്ള കുളം വലുതാക്കി ജലവിതരണം നടത്താം.

വാർഡ് 7

വാർഡിൻെറ ഭൂരിഭാഗം പ്രദേശത്തും വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. ഇതിനു പരിഹാരമുണ്ടാകണമെങ്കിൽ കോളാമല - കോട്ടമലയിൽ ജലസംഭരണി ഉണ്ടാക്കി കക്കാട്ടാറ്റിൽ നിന്നും വെള്ളം പമ്പുചെയ്ത് സംഭരണിയിലെത്തിച്ച് വാർഡിൻെറ മുഴുവൻ ഭാഗങ്ങളിലും പൈപ്പു വഴി വെള്ളമെത്തിക്കാം.

വാർഡ് 8

രാജാംപാറ വനത്തിനുള്ളിൽ കാണപ്പെടുന്ന ജലസ്രോതസ്സ് വിപുലീകരിച്ച്, ളാഹ, ചെമ്പൻകര, മണക്കയം, പൊട്ടൻമൂഴി,വേലൻ പ്ലാവ്, പുതുക്കട എന്നി പ്രദേശങ്ങളിലും സമീപ വാർഡുകളിലെ മഠത്തുംമൂഴി, പെരുനാട്, താളികേര, മുണ്ടൻമല, കോട്ടക്കുഴി എന്നീ പ്രദേശങ്ങളിലും ജലവിതരണം നടത്താൻ കഴിയും. പുതുക്കട, പൊട്ടൻമൂഴി, ചെമ്പൻകര, മണക്കയം, ബിമ്മിരം കോളനി, വിളക്കു വഞ്ചി, ളാഹ എന്നീ പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. നിലവിലുള്ള വാട്ടർ പൈപ്പ് ലൈൻ ളാഹ വരെ നീട്ടുക.

വാർഡ് 9

വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പാറക്കടവിനു സമീപമുള്ള ഓലിയിലെ വെള്ളം സംഭരിച്ച് വിതരണം നടത്താം. പെരിങ്ങാട്ടുമലയുടെ മുകളിലുള്ള ജലസ്രോതസ്സുകൾ വിപുലീകരിച്ചാൽ ഈ പ്രദേശത്തുള്ള ജലദൗർല്ലഭ്യം ഒരളവുവരെ പരിഹരിക്കാൻ സാധിക്കും. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സെൻറ് ആൻറണിസ് പള്ളി ഉൾക്കൊള്ളുന്ന പ്രദേശത്ത് പള്ളിക്കു സമീപം ഒരു പൊതുക്കിണർ കുഴിച്ചാൽ ഒരു പരിധിവരെ ജലക്ഷാമം പരിഹരിക്കാം.

വാർഡ് 10

കുടിവെള്ളക്ഷാമം വളരെയധികം അനുഭവപ്പെടുന്ന പ്രദേശമാണ് പത്താം വാർഡ്. പ്രകൃതി ദത്തമായ ജലസ്രോതസ്സുകൾ ഈ മേഖലയിൽ ധാരാളം കാണാം. നെല്ലിമലയിലെ ജലസ്രോതസ്സ്, പഞ്ചാരമണ്ണിലെ കുളം തുടങ്ങിയവ ഇവയിൽ പ്രധാനമാണ്. കുറഞ്ഞചിലവിൽ ഇവ വിപുലീകരിച്ച് ഇവിടെയുള്ള ജലക്ഷാമത്തിന് ഒരളവുവരെ അറുതിയുണ്ടാക്കാം.

## കുഴൽക്കിണറുകൾ ആവശ്യമുള്ള സ്ഥലങ്ങൾ

കിസിമം സ്കൂൾ ഗ്രൗണ്ട്, തുലാപ്പള്ളി സെൻറ് ജോർജ്ജ് സ്കൂൾ ഗ്രൗണ്ട്, തുലാപ്പള്ളി ജംഗ്ഷൻ, നെല്ലിമല.

# സാധ്യതകൾ

1. പെരുനാടു പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ജലവിതരണ സംവിധാനം വേണ്ടരീതിയിൽ പ്രയോജനപ്പെടുന്നില്ല. അതിനാൽ ജലവിതരണ ചുമതല വാട്ടർ അതോറിറ്റിയിൽ നിന്നുമാറ്റി പൂർണ്ണമായും പഞ്ചായത്തിനെ ഏൽപ്പിക്കാം.

2. '365 ദിവസവും ബുദ്ധിമുട്ടില്ലാതെ കുടിവെള്ളം ലഭിച്ചെങ്കിൽ' എന്നാഗ്രഹിക്കുന്ന ജനങ്ങൾ അവരുടെ ആവശ്യങ്ങൾ ഒന്നൊന്നായി അവതരിപ്പിച്ചിരിക്കുന്നു.

മലനിരകൾ അടങ്ങിയ പ്രദേശമാണ് പെരുനാടു പഞ്ചായത്ത് എന്നതിനാൽ കിണറുകൾ കുഴിക്കുന്നത് വെറും പാഴ്ചെലവു വരുത്തി വയ്ക്കുന്നു. കുഴൽ കിണറുകളുണ്ടാക്കിയാലും ഫലം മറിച്ചല്ല. അതിനാൽ ഇനിയുള്ള കാലം കിണറുകൾക്കും കുഴൽ കിണറുകൾക്കും വേണ്ടി പണം മുടക്കാതെ രണ്ടോ മൂന്നോ ബൃഹത് പദ്ധതികൾ അംഗീകരിച്ചു നടപ്പിലാക്കിയാൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

3. ഭൂഗർഭ ജലത്തിൻെറ തോത് ഉയർത്തുന്നതിന് 1. മഠത്തിൽ തോട്ടിൽ മഠത്തുമൂഴിമുതൽ ഉദ്ഭവ സ്ഥാനമായ വിളക്കുവഞ്ചിവരെ ചെക്കുഡാമുകൾ നിർമ്മിക്കുക. 2. കക്കാട്ടാറിൽ ഇടയ്ക്കിടെ ചെക്കുഡാമുകൾ നിർമ്മിക്കുക. 3. പമ്പയാറ്റിൽ ചെക്കുഡാം നിർമ്മിക്കുക.

4. ബോധവൽക്കരണത്തിലൂടെ സ്വകാര്യഭൂമിയിൽ കാനകളും കുഴികളും എടുപ്പിച്ച് മഴക്കാലത്ത് വെള്ളം തടഞ്ഞുനിർത്തിയാൽ ഭൂഗർഭ ജലത്തിൻെറ അളവുകൂടുകയും അതിലൂടെ കിണറുകളിൽ ഉറവകൾ വറ്റാതാകുകയും ചെയ്യും.

5. ജലസ്രോതസ്സുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവ പരിസരവാസികൾതന്നെ സഹകരണാടിസ്ഥാനത്തിൽ കെട്ടി സംരക്ഷിച്ചാൽ അതാതു പ്രദേശത്ത് നിശ്ചിതകുടുംബങ്ങൾക്ക് കുടിവെള്ളം സംബന്ധമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാം.

6. പെരുനാടു പഞ്ചായത്തിൻെറ പത്തുവാർഡുകളിലുമായി മലമടക്കുകളിൽകുടി ഒഴുകുന്ന ഇരുപത്തിയേഴു തോടുകൾ ഉണ്ട്. ഇവയെല്ലാം മലമുകളിൽനിന്ന് ഉദ്ഭവിക്കുന്നതിനാൽ മഴവെള്ളം അപ്പോൾ തന്നെ ഒഴുകിപ്പോയി പാഴാകുകയാണ്. അതിനാൽ ഇവയിൽ വേനൽക്കാലത്ത് വെള്ളമുണ്ടാകാറില്ല. ഈ തോടുകളിലെല്ലാം അതാതു പ്രദേശത്തുള്ള ഭൂവുടമകളെകൊണ്ട് നിർബന്ധമായും തടയണകൾ കെട്ടിക്കുവാൻ വേണ്ട നടപടികളെടുക്കാം. അങ്ങനെ ചെയ്താൽ ഭൂഗർഭജലത്തിൻെറ തോത് വർദ്ധിപ്പിക്കുന്നതിനും അതിലൂടെ കിണറുകളിലെ നീരുറവകൾ സംരക്ഷിക്കുന്നതിനും സാധിക്കും.

7. കുടിവെള്ളം പ്രശ്നപരിഹാരത്തിനായി ഏതു പദ്ധതി അവിഷ്കരിച്ചാലും പരിപൂർണ്ണ ജനപങ്കാളിത്തത്തോടെ അതു നടപ്പിലാക്കാൻ സാധിക്കും.

പട്ടിക 4

നടപ്പിലാക്കാവുന്നതും പരിസ്ഥിതി പ്രശ്നങ്ങളില്ലാത്തതുമായ ബൃഹദ്പദ്ധതികൾ

| ക്ര.ന. | വാർഡ് | പദ്ധതി |
|---|---|---|
| 1. | 5 | വെൺകുളം വേലൻകോവിൽ ശുദ്ധജലവിതരണ പദ്ധതി |
| 2. | 1 | ബഥനിമല-മുണ്ടൻമല ശുദ്ധജല വിതരണ പദ്ധതി |
| 3. | 3,4 | കോട്ടൂപ്പാറ ശുദ്ധ ജല വിതരണ പദ്ധതി |
| 4. | 7 | കോളാമല കോട്ടമല ശുദ്ധജല വിതരണ പദ്ധതി |

ഇതിൽ താരതമ്യേന ചെലവുകുറഞ്ഞതും കൂടുതൽ പേർക്ക് ഉപയോഗപ്രദവുമായ പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പാക്കാവുന്നതാണ്. നിലവിൽ പരിഗണനയിലിരിക്കുന്ന ശുദ്ധജല പദ്ധതികളാണ് വെൺകുളം ഇടപ്ര പദ്ധതിയും കോട്ടൂപ്പാറ പദ്ധതിയും.

പട്ടിക 5

വനംവകുപ്പിൻെറ അനുമതി വേണ്ടവ

| നമ്പർ | വാർഡ് | പദ്ധതി |
|---|---|---|
| 1 | 8 | രാജാംപാറ ശുദ്ധജല വിതരണ പദ്ധതി |
| 2 | 6 | നെല്ലിമല ഫോറസ്റ്റ് ഏരിയായിലെ കുളം |

കുടിവെള്ളത്തിനുവേണ്ടി എത്ര പദ്ധതികൾ നടപ്പാക്കിയാലും അധികമാവില്ല. എന്നാൽ പഞ്ചായത്തിൻെറ പരിമിതമായ ധനസ്ഥിതി കണക്കിലെടുത്ത് ഏതു പദ്ധതി നടപ്പിലാക്കിയാലും അതിൻെറ മുഴുവൻ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കാവുന്നതാണ്. എല്ലാ പദ്ധതിയും പൂർത്തികരിക്കുന്നതിന് 'പൂമാല' പദ്ധതിയുടെ മാതൃക സ്വീകരിക്കാവുന്നതാണ്.

## പൊതുജനാരോഗ്യം

ആരോഗ്യ പരിപാലന രംഗത്ത് വികസിത രാഷ്ട്രങ്ങൾക്കൊപ്പമെത്തിനിൽക്കുന്ന കൊച്ചുകേരളത്തിൻെറ കിഴക്കൻ മലയോര പ്രദേശമായ റാന്നി-പെരുനാട് 1952 ൽ മലേറിയ ആശുപത്രി എന്ന കൊച്ചു സ്ഥാപനം ആരംഭിച്ചുകൊണ്ട് ഈ പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ചു. ക്രമേണ അത് ഗവ. ആശുപത്രിയായും പ്രൈമറി ഹെൽത്ത് സെൻററായും 1995 ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആയും പേരുമാറ്റം നടത്തിയെങ്കിലും ഇല്ലായ്മയുടെ ഈറ്റില്ലമായി ഇത് ഇന്നും നിലകൊള്ളുന്നു.

'ആശുപത്രിയെന്നാൽ രോഗികളെ ശുശ്രൂഷിക്കാൻ മാത്രമുള്ള സ്ഥാപനമല്ല, മറിച്ച് രോഗം വരാതെ സംരക്ഷിക്കുവാനുള്ള ആസ്ഥാനമാണ്' എന്ന തത്വം ഉൾക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളുടെ വികസനങ്ങൾ ആസൂത്രണം ചെയ്യാതിരുന്നതിൻെറ തിക്ത ഫലങ്ങൾ അനുഭവിക്കുന്നവരാണിവിടത്തെ ജനസമൂഹം.

ആരോഗ്യപരിപാലനരംഗത്ത് കച്ചവടക്കണ്ണുകളോടെ മുളച്ചുപൊന്തുന്ന സ്വകാര്യ ചികിത്സാ കേന്ദ്രങ്ങൾ ഒരു പരിധി വരെ ആളുകളെ രോഗികളാക്കി മാറ്റുന്നുവോ എന്നു ശങ്കിക്കേണ്ട അവസ്ഥയിലേക്കെത്തിനിൽക്കുന്നു കാര്യങ്ങൾ. കാരണം പരമ്പരാഗത വൈദ്യശാസ്ത്രത്തെ മാത്രം ആശ്രയിച്ചിരുന്ന അരോഗദൃഢഗാത്രരായ ഒരു ജനസമൂഹം ഒരു കാലഘട്ടത്തിൽ പെരുനാടിൻെറ മുഖമുദ്രയായിരുന്നെങ്കിൽ ഇന്ന് സ്ഥായിയായ ചില രോഗങ്ങൾക്കടിമപ്പെട്ടവരായി മാറി എന്നു കാണാൻ കഴിയും. എങ്കിലും ICDS, MSS, കേരളാ ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ സംഘടനകളുടെയും പെരുനാട് ഗ്രാമപഞ്ചായത്തിൻെറയും ബോധവൽക്കരണ പ്രവർത്തനത്തിലൂടെ പകർച്ച വ്യാധിയും മറ്റും തടയുവാൻ സാധിച്ചിട്ടുണ്ട്.

## മരണ നിരക്ക്

കേരളത്തിലെ പൊതുമരണനിരക്ക് 5.9 ആയിരിക്കെ പെരുനാട് പഞ്ചായത്തൽ അത് 5.33 ആണ്.

സംസ്ഥാന ശിശു മരണ നിരക്ക് 16 ആണെന്നിരിക്കെ പെരുനാടു പഞ്ചായത്തിൽ രണ്ടുവർഷത്തിനുള്ളിൽ ഒരൊറ്റ ശിശുമരണം പോലും നടന്നിട്ടില്ല എന്നത് എടുത്തു പറയത്തക്ക സവിശേഷതയാണ്.

# മാതൃമരണ നിരക്ക്

പഞ്ചായത്തിൽ മാതൃമരണങ്ങൾ ഉണ്ടായിട്ടില്ല.

മറ്റു പഞ്ചായത്തുകൾക്കില്ലാത്ത ചില പ്രത്യേകതകൾ പെരുനാടു പഞ്ചായത്തിനുണ്ട്. വിശ്വ പ്രസിദ്ധമായ ശബരിമല ശ്രീ ധർമ്മാശാസ്താക്ഷേത്രം ഈ പഞ്ചായത്തിൻെറ ആറാം വാർഡിൽ ഉൾപ്പെട്ടിരിക്കുന്നു. ശബരിമല തീർത്ഥാടനകാലമായ നവംബർ മുതൽ ജനുവരി മാത്രം വരെ ഏതാണ്ട് അഞ്ചുകോടി ജനങ്ങൾ ക്ഷേത്രദർശനത്തിനായി എത്തുന്നു. ഇങ്ങനെ എത്തിച്ചേരുന്നവരുടെ മാത്രം സൗകര്യങ്ങൾക്കായി പമ്പയിലും സന്നിധാനത്തും ഓരോ ഹോമിയോ ആശുപത്രിയും, അലോപ്പതി ആശുപത്രിയും ആയുർവേദ ആശുപത്രിയും, സന്നിധാനത്തും അപ്പാച്ചിമേട്ടിലും ഓരോ സ്പെഷ്യാലിറ്റി സെൻററും സ്ഥാപിച്ചിരിക്കുന്നു. മെഡിക്കൽ കോളേജിലുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. എന്നാൽ ഇവയെല്ലാമുൾക്കൊള്ളുന്ന പെരുനാടു പഞ്ചായത്ത് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ സാനിട്ടറി സൗകര്യങ്ങൾ പോലുമില്ലാതെ വെറുമൊരു സത്രം കണക്കെ നിലകൊള്ളുന്നു.

പട്ടിക 6

സ്ഥാപനങ്ങൾ സേവനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സർക്കാർ/സ്വകാര്യം | ഡോക്ടർ | നഴ്സ് | ഫാർമസിസ്റ്റ് | മറ്റുള്ളവർ |
|---|---|---|---|---|---|---|---|
| 1 | കമ്യൂണിറ്റി ഹെൽത്ത് സെൻറർ | 1 | സർക്കാർ | 2 | | ആകെ 34 | |
| 2. | സബ്സെൻറർ | 3 | " | | | | |
| 3 | " | 4 | " | | | | |
| 4 | " | 6 | " | | | | |
| 5. | " | 9 | " | | | | |
| 6 | അലോപ്പതി ഹോസ്പിറ്റൽ ശബരിമല | 6 | " | 4 | 9 | 2 | 10 |
| 7 | " പമ്പ | 6 | " | 4 | 9 | 2 | 10 |
| 8 | ഹോമിയോ പമ്പ | 6 | " | 2 | - | 1 | 3 |
| 9 | " ശബരിമല | 6 | " | 2 | - | 1 | 3 |
| 10 | ആയുർവേദം ശബരിമല | 6 | " | 3 | - | - | 4 |
| 11 | " പമ്പ | 6 | " | 2 | - | - | 4 |
| 12 | സ്പെഷ്യാലിറ്റി സെൻറർ | 6 | " | | | | |
| 13 | (കാർഡിയോളജി) " അപ്പാച്ചിമേട് | 6 | " | | | | |
| 14 | അലോപ്പതി | 7 | സ്വകാര്യം | | സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരുടെ എണ്ണം ലഭ്യമല്ല | | |
| 15 | " | 7 | " | | | | |
| 16 | " | 10 | " | | | | |

പഞ്ചായത്തിലെ 24000 ത്തോളം വരുന്ന ജനവിഭാഗത്തിൻെറ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്ക്, ഒരേ ഒരു കമ്യൂണിറ്റി ഹെൽത്ത് സെൻററും എപ്പോഴെങ്കിലും മാത്രം അധികാരികൾ സന്ദർശിക്കുന്ന രണ്ട് സബ്സെൻററുകളും ' പ്രവർത്തനരഹിതമായി പേരിൽ മാത്രം ഒതുങ്ങുന്ന രണ്ട് സബ്സെൻററുകളും എത്രത്തോളം പര്യാപ്തമാണെന്നു നമുക്കൂഹിക്കാവുന്നതേയുള്ളൂ. ഇത്രയുംപേർക്ക് രണ്ടു ഡോക്ടറും 34 ജീവനക്കാരും. അതു മാത്രമല്ല ശബരിമലയിലെത്തുന്ന 5 കോടി അയ്യപ്പൻമാരും പെരുനാട് കടന്നാണ് പോവുകയും വരികയും ചെയ്യുന്നത്. യാത്രാമദ്ധ്യേയുണ്ടാകുന്ന അപകടങ്ങളും അത്യാഹിതങ്ങളും കൈകാര്യം ചെയ്യേണ്ട ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല എന്നതൊരു വിരോധാഭാസമാണ്. പമ്പയിൽനിന്നും സന്നിധാനത്തുനിന്നും പത്തനംതിട്ടയിലേക്കോ തിരുവനന്തപുരം, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിലേക്കോ റഫർ ചെയ്യപ്പെടുന്ന രോഗി ഇത്രയും ദൂരം താണ്ടുന്നതിനിടയിൽ രക്ഷ പെടുന്നുവെങ്കിൽ അതു ഭാഗ്യം മാത്രം.

ഇവിടെയാണു പെരുനാടു C.H.C യുടെ വികസനത്തെക്കുറിച്ച് ക്രിയാത്മകമായി ചിന്തിക്കേണ്ടത്. വികസന പ്രവർത്തനത്തിനു ഫണ്ടില്ലാതെ വിഷമിക്കുന്ന പഞ്ചായത്തിനോ കടക്കെണിയിലുഴലുന്ന സർക്കാരിനോ അടിയന്തര നടപടികൾ കൈക്കൊള്ളുവാൻ സാധിച്ചെന്ന് വരില്ല. അപ്പോൾ കരണീയമായ ഏകമാർഗ്ഗം പമ്പാവാസനു കാണിക്കയായി ഭക്തസഹസ്രങ്ങൾ സമർപ്പിക്കുന്ന ബഹുകോടി ധനത്തിൽനിന്നും ഒരു നിശ്ചിത ശതമാനം ശബരിമല വികസനത്തിൻെറ ഭാഗമായി ഉൾപ്പെടുത്തി, പെരുനാടു CHC യുടെ വികസന പ്രവർത്തനങ്ങൾക്ക് പെരുനാടു ഗ്രാമപഞ്ചായത്തിനു നൽകുക എന്നതു മാത്രമാണ്.

## അടിയന്തിരമായി ചെയ്യേണ്ട വികസന പ്രവർത്തനങ്ങൾ

1. മുറിവുകളും, ചതവുകളും ഒടിവുകളുമായി CHC യിൽ വരുന്ന രോഗികളുടെ മുറിവുകൾ കുത്തിക്കെട്ടുന്നതിനും, വച്ചുകെട്ടുന്നതിനും, ചെറിയ ശസ്ത്രക്രിയകൾ നടത്തുന്നതിനും ഒരു മിനി ഓപ്പറേഷൻ തീയേറ്ററിൻെറ അഭാവം മുഖ്യമാണ്. ഇത് ഇവിടുത്തെ ഡോക്ടർമാരുടെ കഴിവുകൾ പരമാവധി വിനിയോഗിക്കുന്നതിനും അതിലൂടെ രോഗിയുടെ ജീവൻ രക്ഷിക്കുന്നതിനുതന്നെയും വിഘാതമായി ഭവിക്കുന്നു..

2. ഒരു അനസ്തെറ്റിസ്റ്റിൻെറ പോസ്റ്റുണ്ടെങ്കിൽ അത്യാഹിതം സംഭവിച്ചു വരുന്നവർക്ക് ഇവിടെ വച്ചുതന്നെ ഒടിവുകൾ, ഡിസ്ലൊക്കേഷൻ എന്നിവ ശരിയാക്കുന്നതിനും, എമർജൻസി സർജറി, സിസ്സേറിയൻ എന്നിവ നടത്തുന്നതിനും സാധിക്കും. ഇത്തരം ആൾക്കാർ രാത്രികാലങ്ങളിൽ പത്തനംതിട്ടയിലോ കോഴഞ്ചേരിയിലോ പോകേണ്ടി വരുന്ന അവസ്ഥയാണിന്ന്.

3. പെരുനാട് CHC യുടെ കീഴിൽ വിശാലമായ ഒരു ഏരിയ ഉണ്ട്. ഇവിടെ മുഴുവൻ പൊതുജനാരോഗ്യ പ്രവർത്തകർ എത്തിച്ചേരുന്നതിനും കൃത്യസമയങ്ങളിൽപ്രതിരോഗകിത്തിവയ്പുകളും ആരോഗ്യ പരിപാലന ബോധവൽക്കരണ പ്രവർത്തനങ്ങളും മറ്റും നടത്തുന്നതിനും യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത ഒരു പ്രധാന പ്രശ്നമാണ്. റാന്നി ബ്ലോക്ക് പി.എച്ച് സി വക വാഹനം മാത്രമാണ് ഇപ്പോൾ ഏക ആശ്രയം. അത് മാസത്തിൽ ഒരു ദിവസം മാത്രമേ കിട്ടുകയുള്ളു. അതിനാൽ അത്യാവശ്യമായും പെരുനാടു സി.എച്ച്.സി ക്കു സ്വന്തമായി ഒരു ജീപ്പ് അനുവദിക്കേണ്ടതാണ്.

4. സർക്കാർ ആശുപത്രികളുടെ റോൾ 'ചികി ത്സ മാത്രമല്ല' എന്നു നേരത്തെ സൂചിപ്പിച്ചുവല്ലോ. രോഗം വരാതെ ജനങ്ങളെ സംരക്ഷിക്കുക എന്നതാണ് പ്രധാന റോൾ. അതിനുവേണ്ട സർവേകൾ യഥാവസരം നടത്തുക, കുളങ്ങളും കിണറുകളും ഡിസ്ഇൻഫെക്ട്ടു ചെയ്യുക, കുട്ടികൾക്കും അമ്മമാർക്കും

മരുന്നുകളും കുത്തിവയ്പും കൃത്യമായി നൽകുക, ICDS അംഗൻവാടികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഒരു വാഹനം അത്യന്താപേക്ഷിതമാണ്.

## ഇൻപേഷ്യൻറ് വിഭാഗം

50 രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കാവുന്ന വാർഡുകൾ അടിയന്തിരമായി നിർമ്മിക്കുക. ഡോക്ടർമാർക്കു താമസ്സിക്കുവാൻ ക്വാർട്ടേഴ്സ് നിർമ്മിക്കുക. പ്രഥമ പരിഗണന നൽകി സ്വീകരിക്കേണ്ട നടപടികളാണ് ഇവ. കാരണം ഇവിടേയ്ക്ക് നിയമനം കിട്ടിവരുന്ന ഡോക്ടർമാർ താമസസൗകര്യമില്ല എന്ന ഒറ്റക്കാരണത്താൽ ട്രാൻസ്ഫർ വാങ്ങി തിരികെപ്പോകുകയാണു ചെയ്യുന്നത്.

## കക്കൂസുകളും പരിസര ശുചിത്വവും.

പരിസര ശുചിത്വമാണ് ഒരു പ്രദേശത്തിൻെറ സാംസ്ക്കാരിക അടിത്തറയുടെ മുഖമുദ്ര. പരിസര ശുചിത്വവും ആരോഗ്യപരിപാലനവും പരസ്പര പൂരകങ്ങളായി വർത്തിക്കുന്നു. പെരുനാടു പഞ്ചായത്തിലെ ഏതാണ്ട് 80% വീടുകൾ സാമ്പത്തിക പരാധീനത മൂലമോ, ജലദൗർല്ലഭ്യം കാരണമോ കക്കൂസുകൾ നിർമ്മിക്കാത്തവയാണ്. അതിനാൽ ഈ കുടുംബങ്ങൾ മുഴുവനും പൊതു സ്ഥലങ്ങളിൽ (തുറസായ സ്ഥലങ്ങളിൽ) പ്രാഥമിക കൃത്യ നിർവ്വഹണം നടത്തുന്നു. അതുകൂടാതെ തമിഴ്നാട് തുടങ്ങിയ അയൽസംസ്ഥാനങ്ങളിൽ നിന്നും ഇവിടെ വന്ന് താമസിച്ച് കല്ലുകൊത്തു പണിയിലും മറ്റും ഏർപ്പെട്ടിരിക്കുന്ന നൂറുകണക്കിനു തൊഴിലാളികളും റോഡുസൈഡിലും തോട്-ആറ്റു തീരങ്ങളിലും മലമൂത്ര വിസർജ്ജനം നടത്തുന്നു. ഇതുമൂലം ഇവിടുത്തുകാർജലമലിനീകരണം, ആരോഗ്യപ്രശ്നങ്ങൾ എന്നിവയെ അഭിമുഖികരിക്കേണ്ടിവരുന്നു. ഇതൊഴിവാക്കണമെങ്കിൽ അടിയന്തിരമായി പബ്ലിക് കക്കൂസുകൾ നിർമ്മിക്കുകയും ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും വെളിംപ്രദേശത്തെ മലവിസർജ്ജനം നിയന്ത്രിക്കുവാൻ നടപടിയെടുക്കുകയും വേണം. അതോടൊപ്പം കക്കൂസില്ലാത്ത വീടുകളിൽ കുറഞ്ഞ ചിലവിലുള്ള കക്കുസുകൾ നിർമ്മിക്കുന്നതിന് നടപടികൾ കൈക്കൊള്ളണം. സൗജന്യമായി മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകുക അപ്രായോഗികമാണ്. അതിനാൽ ഒരു സർവ്വേ നടത്തി സാമ്പത്തികമായി ഏറ്റവും താഴേക്കിടയിലുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ വേണ്ട ധനസഹായം ചെയ്യുകയും ബാക്കിയുള്ളവർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കുകളിൽനിന്നും ലോൺ അനുവദിപ്പിക്കുകയും ചെയ്യാവുന്നതാണ്.

ശബരിമല തീർത്ഥാടനകാലത്ത് അയ്യപ്പഭക്തൻമാർ പെരുനാടു പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങൾ ഇടത്താവളങ്ങളായി ഉപയോഗിക്കുന്നു. ഇവിടെയൊക്കെ പൊതുകക്കൂസുകളോ മറ്റു സാനിറ്ററി സൗകര്യങ്ങളോ ഇല്ല. കൂനംകര, മഠത്തുമ്മൂഴി, പൂവത്തുംമൂട്, മാടമൺ തുടങ്ങിയ സ്ഥലങ്ങളിൽ പൊതുനിരത്തിലും ആറ്റുതീരത്തും മലമൂത്രവിസർജ്ജനം നടത്തുന്നതിനാൽഒരിക്കൽ നമ്മെ വിട്ടുപോയ പകർച്ച വ്യാധികൾ തിരികെ വരുന്നതിനുള്ള സാധ്യതകൾ വിദൂരമല്ല. ഒരു സീററ്റോ, ഡൽഹിയോ ഇവിടെ ആവർത്തിക്കാതിരിക്കാൻ സർക്കാരും ദേവസ്വംബോർഡും മുൻകൈയെടുത്ത് ഈ പ്രദേശങ്ങളിലെല്ലാം പൊതുകക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കണം.

പട്ടിക 7

പമ്പയിലും ശബരിമലയിലും നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സാനിട്ടറി സൗകര്യങ്ങൾ

| സ്ഥലം | നമ്പർ | തീർന്ന - തീരാത്ത കക്കൂസ് - കുളിമുറികൾ |
|---|---|---|
| പമ്പ | 1 | 190 പൊതുകക്കൂസ് കുളിമുറികൾ |
| " | 2 | 76 എണ്ണം നിർമ്മാണം പൂർത്തിയായി വരുന്നു. |
| " | 3 | കുഴികുഴിച്ച് പലക നിരത്തി താൽക്കാലികമായി നിർമ്മിച്ചവ |
| " | 4 | സ്റ്റീൽ പ്ലാറ്റുഫോമിൽ ദ്വാരമിട്ടു നിർമ്മിച്ചവ |
| സന്നിധാനം | 5 | 497 പൊതുകക്കൂസ് |
| " | 6 | 100 പൊതുകക്കൂസ് നിർമ്മാണം പൂർത്തിയായി വരുന്നു. |
| " | 7 | 4000 ബാത്ത് / ലാട്രിൻ അറ്റാച്ചഡ് റൂമുകൾ. ഇതുകൂടാതെ പിൽഗ്രിം ഷെൽട്ടറുകൾക്കും റെസ്റ്റ് ഹൗസ്സുകൾക്കും സ്വന്തമായി കക്കൂസുകൾ ഉണ്ട്. |

(അവലംബം ടൗൺ പ്ലാനറുടെ റിപ്പോർട്ട്)

ഇത്രയും സൗകര്യങ്ങൾ ഉള്ളതുതന്നെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല. കക്കൂസുകൾ പൊട്ടി ഒലിക്കുന്നതും മലിനമായി കിടക്കുന്നതും പതിവാണ്. പത്രങ്ങളിൽ ഇതേപറ്റിയുള്ള പരാതികളാണ് സർവ്വത്ര. ഇവ ഫലപ്രദമായി സംരക്ഷിക്കാനും പ്രവർത്തിപ്പിക്കാനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും കഴിയുക റാന്നി-പെരുനാടു ഗ്രാമ പഞ്ചായത്തിനാണ്. ഈ ചുമതലകൾ പഞ്ചായത്തിനു കൈമാറാം. പഞ്ചായത്തീരാജ് നിയമമനുസരിച്ച് പരിസര ശുചീകരണവും പൊതുജനാരോഗ്യവും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകളാണുതാനും.

## വൃദ്ധ ഭവനങ്ങൾ

പഞ്ചായത്തിൽ ഒരു വൃദ്ധ ഭവനം സ്ഥാപിക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമായി മാറിയിരിക്കുന്നു. പല കുടുംബങ്ങളിലും വാർദ്ധക്യം ബാധിച്ചവർ മറ്റുള്ളവരുടെ അവഗണനയ്ക്ക് വിധേയരായി കഴിയുന്നു. ഇവരെ സഹായിക്കുക എന്നത് ജീവകാരുണ്യപരമായ കാര്യമാണ്. വാർദ്ധക്യാവസ്ഥയിലുള്ളവരെ സംരക്ഷിക്കാൻ വൈമുഖ്യം കാണിക്കുന്ന മക്കളിൽ നിന്ന് സംരക്ഷണ ച്ചെലവ് ഈടാക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. വാർദ്ധക്യ സഹജമായ അസുഖങ്ങൾക്ക് വേണ്ട സൗജന്യ വൈദ്യസഹായം കമ്യൂണിറ്റി ഹെൽത്ത് സെൻറർ മുഖേന ചെയ്യുന്നത നുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. ഇതിനെല്ലാം ഉപരിയായി നാം ഇന്നനുഭവിക്കുന്ന സൗഭാഗ്യങ്ങൾക്ക് കാരണക്കാർ ഈ വൃദ്ധജനങ്ങളാണെന്ന ബോധം യുവതലമുറകൾക്കുണ്ടാക്കിക്കൊടുക്കണം.

## മലിനീകരണം ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ

1. പമ്പാമലിനീകരണം. ശബരിമല തീർത്ഥാടന കാലത്തു പമ്പയാറ്റിലുണ്ടാകുന്ന മലിനീകരണം ഗുരുതരമാണ്. പമ്പയിൽ വന്നു പൊയ്ക്കൊണ്ടിരിക്കുന്ന അഞ്ചുകോടിയിൽ പരം ഭക്ത ജനങ്ങളിൽ നല്ലപങ്കും മലമൂത്ര വിസർജ്ജനം നടത്തുന്നത് പമ്പാനദീതീരങ്ങളിലാണ്. പമ്പയിലുള്ള കക്കൂസുകൾതന്നെ പൊട്ടി ഒഴുകുന്ന അവസ്ഥയിലാണെന്ന് പത്രവാർത്ത പറയുന്നു. കക്കൂസുകളിൽ നിന്നും ദിവസേന കോരിക്കളയുന്ന മലവും പമ്പാതീരത്താണ് അടിയുന്നത്. ഇതൊല്ലാം ഒഴുകി

പമ്പയിൽ കലരും. രോഗവാഹികളായ അമീബകളുടെ എണ്ണം ആറ്റു വെള്ളത്തിൽ അതി ഭീകരമാണെന്നു പഠനങ്ങൾ പറയുന്നു. ആളുകൾ കുളിക്കുകയും തുണിയലക്കുകയും ചെയ്യുക വഴി പമ്പയിലെ ക്ഷാരതയും അപകടകരമായി ഉയരുന്നു. അണുനാശത്തിനെന്നപേരിൽ ആരോഗ്യപ്രവർത്തകർ തളിക്കുന്ന ബ്ലീച്ചിംഗ് പൗഡർ വെള്ളത്തിലെ ക്ലോറിൻെറ തോതും വളരെ ഉയർത്തുന്നു. ഇതെല്ലാം മൂലം വെള്ളത്തിൻെറ ഓക്സിജനെ വഹിക്കാനുള്ള ശേഷി കുറയും. മത്സ്യസമ്പത്തടക്കമുള്ള ജല ജൈവവ്യൂഹം നശിക്കാൻ ഇത് ഇടയാക്കും.

തീർത്ഥാടനകാലം കഴിഞ്ഞുള്ള ആദ്യമഴയുടെ സമയത്തും പുഴ വൻതോതിൽ മലിനമാകും. പമ്പാതീരത്തും കാടുകളിലും ഉണ്ടായിരുന്ന മലവും മറ്റു മാലിന്യങ്ങളും പമ്പയിലേക്ക് ഒഴുകിയിറങ്ങും.

ഈ രണ്ട് അവസരങ്ങളിലും പമ്പയാറ്റിൽ കുളിക്കുന്നവർക്ക് പലവിധ ത്വക്രോഗങ്ങൾ ഉണ്ടാകുന്നു. പല സാംക്രമിക രോഗങ്ങളും ഈ വേളയിൽ പടരാറുണ്ട്.

പട്ടിക 8

പകർച്ചവ്യാധികൾ

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
| 1993-94 | 721 | 134 | 35 | 25 |
| 1994-95 | 637 | 141 | 53 | 37 |
| 1995-96 | 675 | 127 | 70 | 17 |

താർത്ഥാടനകാലത്തും പിന്നത്തെ മഴയ്ക്കും ശേഷം വെള്ളം കുറയുമ്പോൾ ആറ്റിൽ മാലിന്യം കുറുകി ഗുരുതരമായ അവസ്ഥയായി മാറാറുണ്ട്. വർഷങ്ങൾ കഴിയുന്തോറും പമ്പാതീരങ്ങളും ആറിൻെറ അടിത്തട്ടുമൊക്കെ മാലിന്യപ്പാളികളായി നദിയുടെ മരണത്തിനുതന്നെ ഇടയാക്കാം.

പമ്പയിലെ സ്നാനഘട്ടത്തിനു തൊട്ടുതാഴെ ചെക്കുഡാം നിർമ്മിച്ച് കുളിയുംമറ്റുംമൂലം മലിനമാകുന്ന ജലം കെട്ടി നിർത്തി, അവിടെ ഒരു ജല സംസ്കരണ പ്ലാൻറു സ്ഥാപിച്ച് ഈ വെള്ളം ശുദ്ധീകരിച്ചു മാത്രമേ പമ്പയാറ്റിലേക്ക് ഒഴുക്കി വിടാനാവവൂ: പമ്പയിലെ മലിനീകരണത്തെപറ്റി തീരദേശവാസികളെ ബോധവൽക്കരിക്കുകയും വേണം.

2. AVT റബ്ബർ ഫാക്ടറി മണിയാർ

ഫാക്ടറിയിൽനിന്നു പുറന്തള്ളുന്ന മലിനജലം നേരേ കക്കാട്ടാറ്റിൽ എത്തുന്നതിനാൽ ജലമലിനീകരണം വൻതോതിൽ നടക്കുന്നു. അടുത്തകാലത്ത് ഇവിടെ ഒരു ട്രീറ്റ്മെൻറ് പ്ലാൻറു സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതു പ്രവർത്തനരഹിതമാണ്.

3. ഹാരിസൺസ് മലയാളം വക ഫാക്ടറിയിൽനിന്നും വൻതോതിൽ പുറംതള്ളപ്പെടുന്ന മലിന ജലം നേരിട്ട് പെരുമൺ തോട്ടിൽ എത്തിന്നു. ഈ തോട്ടിലെ വെള്ളം തീർത്തും ഉപയോഗശൂന്യമാകുന്നു.

4. മഠത്തുംമൂഴി ബഥനി കോൺർവെൻറിൽനിന്നും ഒഴുകിവരുന്ന മലിനജലം ഒഴുകിപ്പോകാൻ മറ്റു മാർഗ്ഗമില്ലാതെ റോഡുസൈഡിൽ തന്നെ കെട്ടിക്കിടന്ന് ദുർഗന്ധം വമിക്കുകയും കൊതുകുകൾ പെരുകുകകയും ചെയ്യുന്നു.

5. ആറ്റുതീരത്തും, തോട്ടുവക്കിലും ഉള്ള വീട്ടുകാർ അഴുക്കുവെള്ളമൊഴുക്കിയും ചപ്പുചവറുകൾ നിക്ഷേപിച്ചും ജലമലിനീകരണം നടത്തുന്നു.

6. പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ഹോട്ടലുകളിൽ നിന്നും വീടുകളിൽനിന്നും ആശുപത്രികളിൽനിന്നും മലിനജലം റോഡിലേക്കൊഴുകുന്നു.

## ശ്മശാനങ്ങൾ

പഞ്ചായത്തിൽ കുറഞ്ഞത് മൂന്നു പൊതു ശ്മശാനങ്ങളെങ്കിലും സ്ഥാപിക്കേണ്ടതുണ്ട്. ഹരിജൻ- ഗിരിജൻ, ലക്ഷംവീട്, നാലുസെൻറ് പുനരധിവാസ കോളനി തുടങ്ങിയ ഭാഗങ്ങളിൽ താമസിക്കുന്നവർ സ്ഥലപരിമിതി മൂലം തങ്ങളുടെ കൂട്ടത്തിലുള്ളവർ മരിച്ചാൽ മറവുചെയ്യാൻ വളരെയധികം ബുദ്ധിമുട്ടുന്നു.

"തെറ്റുചെയ്യുന്നതിന്
യാതൊരു ഒഴിവുകഴിവും
പറയാനില്ല.
ലോകത്തിൻെറ
ഏതു തത്വ സംഹിതയും
അതിന് അനുകൂലമായി
ഉണ്ടെങ്കിൽ പോലും"

ഗാന്ധിജി

# 5.5

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് റാന്നി-പെരുനാട് പഞ്ചായത്ത്. സർക്കാർ മേഖലയിലുള്ള ഒന്നും, സ്വകാര്യ മേഖലയിലുള്ള മൂന്നും വൻകിട യൂണിറ്റുകൾ, മുപ്പതോളം ചെറുകിട യൂണിറ്റുകൾ എന്നിവയാണ് പഞ്ചായത്തിലെ വ്യവസായ സംരംഭങ്ങൾ. റബ്ബർ ഉദ്പാദന രംഗത്ത് പ്രവർത്തിക്കുന്ന സർക്കാറിൻെറ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, സ്വകാര്യ മേഖലയിലെ ഹാരിസൺ മലയാളം പ്ലാൻേറഷൻ ഗ്രൂപ്പ്, എ.വി.തോമസ്സ് ആൻറ് കമ്പനി എന്നിവയും, വൈദ്യുതോത്പാദന രംഗത്ത് പ്രവർത്തിക്കുന്ന കാർബറണ്ടം യൂണിവേഴ്സൽ ലിമിറ്റഡും ആണ് വൻകിട യൂണിറ്റുകൾ.

റബ്ബറാണ് ഇവിടുത്തെ പ്രധാന കാർഷിക വിള. മറ്റു സ്ഥലങ്ങളിലെപ്പോലെ തന്നെ നാണ്യവിളകളിലേക്കുള്ള താത്പര്യം ഇവിടെയും കൂടിവരുന്നു. എന്നാൽ ഇവിടെ ഉത്പാദിക്കപ്പെടുന്ന റബ്ബർ അസംസ്കൃത വസ്തുവായി തന്നെ കയറ്റി അയയ്ക്കുന്നു.

സാങ്കേതിക പരിജ്ഞാനക്കുറവ്, ധനശേഷിയില്ലായ്മ എന്നീ കാരണങ്ങളാണ് പുതിയ വ്യവസായ സംരംഭങ്ങൾ വരുന്നതിന് തടസ്സമാകുന്നത്.

## നിലവിലുള്ള വ്യവസായങ്ങൾ

### 1. പരമ്പരാഗത വ്യവസായങ്ങൾ

പരമ്പരാഗത വ്യവസായങ്ങൾ പലതും നാമാവിശേഷം ആകുകയും ചിലത് നാമമാത്രമായി അവശേഷിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഈറ്റ വ്യവസായം, പർപ്പടക വ്യവസായം, പണിയായുധങ്ങളുടെ നിർമ്മാണം എന്നിവയാണ് ഇപ്പോൾ ചെറിയതോതിലെങ്കിലും നിലനിൽകുന്ന പരമ്പരാഗത വ്യവസായങ്ങൾ. വനമേഖലയിലെ ഈറ്റ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും, വിപണന സൗകര്യങ്ങളുടെ അപര്യാപ്തയും അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും പ്രശ്നങ്ങളാണ്. പർപ്പടക നിർമ്മാണം, പണിയായുധ നിർമ്മാണം ചുണ്ണാമ്പു നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരും വളരെ കുറവാണ്.

## വൻകിട വ്യവസായം

വൻകിട വ്യവസായമായി ഈ പഞ്ചായത്തിൽ നിലവിലുള്ളത് സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപാദന രംഗത്ത് പ്രവർത്തിക്കുന്ന കാർബറണ്ടും യുണിവേഴ്സൽ മാത്രമാണ്. ഈ പ്രദേശത്തെ തൊഴിലില്ലായ്മക്ക് ചെറിയതോതിൽ പോലും പരിഹാരം കാണാൻ ഈ വ്യവസായത്തിന് കഴിയുന്നില്ല. വൻകിട വ്യവസായങ്ങളിൽ റബ്ബർ ഉൽപാദന രംഗത്ത് പ്രവർത്തിക്കുന്നവയാണ്.

പട്ടിക 1

നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

| വാർഡ് | വ്യവസായങ്ങൾ | മേഖല | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രിൻറിംഗ് പ്രസ്സ് | സ്വകാര്യം | 1 | 2 |
| 3 | സൈക്കിൾ വർക്ക് ഷോപ്പ് | " | 1 | 1 |
| | ഹോളോബ്രിക്സ് | " | 1 | 50 |
| | ക്ഷിരോത്പന്ന യൂണിറ്റ് | ക്ഷിരവകുപ്പ് | 1 | 5 |
| | വെള്ളി സംസ്കരണ യൂണിറ്റ് | സ്വകാര്യം | 1 | 2 |
| | റബ്ബർചില്ല് നിർമ്മാണ യൂണിറ്റ് | " | 1 | 2 |
| | സോപ്പ് നിർമ്മാണം | " | 1 | 2 |
| | സോഡാഫാക്ടറി | " | 1 | 1 |
| | കേബിൾ റ്റി.വി. & ഇലകട്രിക്കൽ റിപ്പയറിംഗ് | " | 1 | 3 |
| 4 | ഖാദിയൂണിറ്റ് | ഖാദിബോർഡ് | 1 | 15 |
| | തടിയറപ്പ് മിൽ | സ്വകാര്യം | 1 | 3 |
| | ബേക്കറി യൂണിറ്റ് | " | 1 | 2 |
| | ഫർണിച്ചർ നിർമ്മാണം | " | 1 | 4 |
| | കേബിൾ റ്റി.വി. | " | 1 | 3 |
| 5 | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് | " | 1 | 3 |
| | സൈക്കിൾ വർക്ക്ഷോപ്പ് | " | 2 | 2 |
| | പ്രിൻറിംഗ് പ്രസ്സ് | " | 1 | 2 |
| | സോഡാഫാക്ടറി | " | 2 | 2 |
| | ഫ്ലവർമിൽ | " | 2 | 2 |
| 7 | തടിയറപ്പ് മിൽ | " | 1 | 3 |
| | സൈക്കിൾ വർക്ക് ഷോപ്പ് | " | 1 | 2 |
| | റെഡിമെയ്ഡ് വസ്ത്രയൂണിറ്റ് | " | 1 | 4 |
| 10 | വർക്ക്ഷോപ്പ് | " | 1 | 1 |

ക്ഷീര വ്യവസായ യൂണിറ്റും ഖാതി വ്യവയായ യൂണിറ്റും ഒഴികെ ബാക്കിയെല്ലാം സ്വകാര്യ മേഖലയിലുള്ളവയാണ്.

## പ്രശ്നങ്ങൾ

1. ഖാദി മേഖലയിൽ നാലാം വാർഡിൽ പ്രവർത്തിക്കുന്ന നൂൽനൂൽപ്പ് കേന്ദ്രം മാത്രമാണ് നിലവിലുള്ളത്. കുറഞ്ഞ വേതന നിരക്ക്, അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് എന്നിവ ഈ മേഖലയിലുള്ള പ്രശ്നങ്ങളാണ്.

2. മുഖ്യ കാർഷികോൽപന്നമായ റബ്ബർ, വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

3. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതികമായ പരിജ്ഞാനക്കുറവ്

4. വ്യാവസായിക വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

5. വിപണന സൗകര്യങ്ങളുടെ കുറവ്

6. വ്യവസായങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള തടസ്സം.

7. വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം.

8. പരമ്പരാഗത തൊഴിലായ ഈറ്റ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് ആവശ്യത്തിന് അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. ഖാദി ബോർഡിൻെറ നൂൽനൂൽപ്പ് കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന നൂൽ ഉപയോഗിച്ച് പത്തു തറികളുള്ള ഒരു നെയ്ത്ത്ശാല സ്ഥാപിക്കണം.

2. ട്രൈസം പദ്ധതിയിലുടെ കൂടുതൽ ആളുകൾക്ക് തൊഴിൽ പരിശീലനം നൽകിയാൽ സ്വയം തൊഴിൽ പദ്ധതിയിലൂടെ തൊഴിലില്ലായ്മ, പരിഹരിക്കാൻ സാധിക്കും.

3. വ്യവസായങ്ങൾ തുടങ്ങാൻ തയ്യാറുള്ളവർക്ക് ജില്ലാവ്യവസായ കേന്ദ്രത്തിൻെറയും മററും ആഭിമുഖ്യത്തിൽ സാങ്കേതികമായ പരിശീലനം നൽകാൻ വേണ്ട നടപടികൾ പഞ്ചായത്ത് മുൻകൈയെടുത്ത് നടത്തണം. ഇതിനായി സ്വയം തൊഴിൽ എക്സ്ചേഞ്ചുകൾ, രൂപികരിച്ച്, അനുയോജ്യമായ പദ്ധതികൾ പ്രാദേശിക സംരംഭ സാധ്യതകൾ ധനസഹായ മാർഗ്ഗങ്ങൾ എന്നിവയുൾപ്പെടുത്തി മാർഗ്ഗരേഖ തയ്യാറാക്കണം.

4. പ്രാദേശിക ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനവും, മാർഗ്ഗ നിർദ്ദേശവും നൽകുന്നതിനായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ബാങ്ക് ആധികൃതർ എന്നിവരെയുൾപ്പെടുത്തി വ്യവസായ വികസന സമിതി രൂപികരിക്കണം.

5. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിവിധ വായ്പാ പദ്ധതികളെപ്പറ്റി ചെറുകിട വ്യവസായ സംരംഭകരെ ബോധവാൻമാരാക്കുക. ഇതിനായി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വ്യവസായ സെമിനാറുകൾ സംഘടിപ്പിക്കണം.

6. ചെറുകിട വ്യവസായ യൂണിറ്റുകളുടെ സമൂഹം രൂപീകരിക്കുക. ഇതുവഴി കൂട്ടായ പ്രവ ത്തന ശൈലി, നൂതനമായ ഡിസൈൻ, ഉൽപ്പാദനരീതികൾ എന്നിവ ഭംഗിയായി നിർവഹിക്കുവാൻ സാധ ക്കും

7. ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിപണന സൗകര്യങ്ങൾക്കായി പൊതു വിപണന സ്ഥാപനങ്ങൾ ആരംഭിക്കുക. ശബരിമല തീർത്ഥാടന കാലത്ത് ഇവയുടെ വിപണനത്തിനുള്ള പ്രത്യേക പദ്ധതിയും ആവിഷ്കരിക്കണം. പമ്പയിൽ പഞ്ചായത്തിൻെറ ഷോപ്പിംഗ് കോംപ്ലക്സ് അനുവദിച്ചാൽ ഇതിന് സഹായകരമാകും.

8. വ്യവസായ സംരഭങ്ങൾക്ക് ആവശ്യമായ വൈദ്യുതി നൽകുന്നതിന് മുൻണന നൽകണം.

9. വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കണം.

10. വൻകിട ഫാക്ടറികൾക്ക് സർക്കാർ ഈറ്റ നൽകുമ്പോൾ അതിൻെറ ഒരു ഭാഗം പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും നൽകുവാൻ സംവിധാനമുണ്ടായാൽ അവർ ഇന്ന്

അനുഭവിക്കുന്ന ഈറ്റ ക്ഷാമം പരിഹരിക്കാൻ സാധിക്കും. ഇവർ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ സംഘം ആരംഭിച്ചാൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുവാനും സാധിക്കും.

11. പെരുനാട്ടിൽ ഒരു പെട്രോൾ പമ്പ് സ്ഥാപിക്കണം.

## വൻകിട വ്യവസായങ്ങൾ

റബർ പ്രധാന കാർഷികോത്പന്നമായതിനാൽ റബർ അധിഷ്ഠിതമായ വ്യവസായം ആരംഭിക്കണം. സുലഭമായി ലഭിക്കുന്ന റബ്ബർ തടി സീസൺ ചെയ്ത് ഫർണ്ണീച്ചറും മറ്റ് ഉപകരണങ്ങളും നിർമ്മിക്കുന്നതിനുള്ള വ്യവസായം ആരംഭിക്കണം. കക്കാട്ടാറിൽ നിലവിൽ സർവ്വേ നടത്തിയിട്ടുള്ള മിനി ഹൈഡ്രൽ പ്രോജക്റ്റ് ആരംഭിക്കുക.

## സാധ്യതയുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

1. റബ്ബർ ബാൻറ്, റബ്ബർ ബുഷ്, കൈയുറ, റബ്ബർ കളിക്കോപ്പുകൾ
2. റബ്ബർ തടികൊണ്ടുള്ള ഫർണീച്ചറുകൾ
3. ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾ (ചിപ്സ്, ജാം, അച്ചർ, തുടങ്ങിയവ)
4. ക്ഷീരോത്പന്ന യൂണിറ്റുകൾ.
5. സോപ്പു നിർമ്മാണം.
6. മെഴുകുതിരി നിർമ്മാണം.
7. ഈറ്റ വ്യവസായം
8. ഔഷധ സസ്യങ്ങളുടെ ശേഖരണവും വിപണനവും.

## മലിനീകരണ പ്രശ്നം

മാടമണ്ണിൽ പ്രവർത്തിക്കുന്ന ഹോളോ ബ്രിക്സ് യൂണിറ്റിനോടനുബന്ധിച്ചുള്ള ക്രഷർ യൂണിറ്റും, ഇവിടെത്തന്നെ പ്രവർത്തിക്കുന്ന വെള്ളി സംസ്ക്കരണ യൂണിറ്റും ഇവയുടെ നിർമ്മാണ വേളയിൽ അന്തിരീക്ഷ മലിനീകരണവും ജലമലിനീകരണവും ഉണ്ടാക്കുന്നതായി ഗ്രാമസഭയിൽ ആഭിപ്രായമുണ്ടായിട്ടുണ്ട്. ഇത് തടയാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കൂടാതെ റബർ ഫാക്ടറികളിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന മലിനജലം രൂക്ഷമായ മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതിൻമേൽ അടിയന്തര നടപടിയുണ്ടാവണം.

## ടൂറിസം

ടൂറിസം വ്യവസായമായി മാറിയ സാഹചര്യത്തിൽ പെരുനാട്ടിലെ ടൂറിസ്റ്റ് സാധ്യതകളുള്ള പ്രദേശങ്ങൾ വികസിപ്പിച്ചെടുത്താൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും.

അടുത്ത പഞ്ചായത്തുകളായ സീതത്തോട്ടിലും, അത്തിക്കയത്തും ടൂറിസവികസന സാധ്യതയുള്ള ധാരളം സ്ഥലങ്ങളുണ്ട്. അഞ്ച് ചെറു അണക്കെട്ടുകളും ഒരു ജലവൈദ്യുത പദ്ധതിയും പമ്പാഡാമും പൊന്നമ്പല മേടുമൊക്കെ സീതത്തോടു പഞ്ചായത്തിലെ ആകർഷണീയ സ്ഥാനങ്ങളാണ്. അത്തിക്കയത്താകട്ടെ പെരുന്തേനരുവി പോലുള്ള സ്ഥലങ്ങളുമുണ്ട്. റാന്നി താലൂക്കിൽ ടൂറിസത്തിനു യോജിച്ച സ്ഥലങ്ങൾ നിരവധിയാണ്. പെരുനാടു പഞ്ചായത്തിലെ ടൂറിസവികസന സാധ്യതയുള്ള സ്ഥലങ്ങൾ വികസിക്കുമ്പോൾ താലൂക്കിലെ ഇത്തരം മറ്റു സ്ഥലങ്ങൾ കൂടിച്ചേർത്ത് ഒരു സമഗ്ര ടൂർ റൂട്ട് എന്ന വിശാല സങ്കൽപത്തിൽ വേണം ചിന്തിക്കാൻ.

മലനിരകളും വനനിരകളും പമ്പയും കക്കാട്ടാറും നിരവധി അരുവികളും വെള്ളച്ചാട്ടങ്ങളും കൊണ്ട് അനുഗൃഹീതമായ ഈ മേഖലയുടെ പ്രകൃതി സൗന്ദര്യം രാമായണത്തിൽ പോലും വാഴ്ത്തപ്പെട്ടിട്ടുണ്ട്.

വടശേരിക്കര, പെരുനാട് പഞ്ചായത്തുകളിലായി കിടക്കുന്ന മണിയാർ ഡാമും പത്താം വാഡിൽ നിർമ്മിക്കാൻ ധാരാണാപത്രം ഒപ്പിട്ടിട്ടുള്ള കിസുമം മിനി ജലവൈദ്യുതി പദ്ധതി പ്രദേശവും അത്യാകർഷകങ്ങളായ കേന്ദ്രങ്ങളാണ്. ഇവ കേന്ദ്രീകരിച്ച് ടൂറിസം വികസിപ്പിക്കാനാവും. സ്കൂൾ വിദ്യാർത്ഥികൾ മുതൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുവരെ പഠന യാത്ര നടത്താവുന്ന കേന്ദ്രങ്ങളായി ഇവ സൗകര്യപ്പെടുത്താനാവും. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കാർബോറാണ്ടം യൂണിവേഴസിൻെറ മിനി പവർ സ്റ്റേഷൻ, റബർ തോട്ടങ്ങൾ, വനമേഖല എന്നിവയും വിനോദസഞ്ചാരികൾക്ക് പ്രിയങ്കരമാവും. കിസുമത്തുനിന്നും പമ്പാതീരത്തുകൂടി ത്രിവേണി പാർക്കിംഗ് ഏരിയായിലേക്കുള്ള നിർദിഷ്ട റോഡുകൂടിയാകുമ്പോൾ നല്ലൊരു വനയാത്രക്കുള്ള സൗകര്യമാകും. പ്രസിദ്ധമായ ശബരിമല ക്ഷേത്രം അതിനോടു ചേർന്നുള്ള നിബിഢ വനം, നിലക്കൽ പള്ളി, ക്ഷേത്രം എന്നിവയും ആഭ്യന്തര ടൂറിസത്തിനു പറ്റിയ സ്ഥലങ്ങളാണ്. വനഭംഗിയും വിശാല ഭൂപ്രകൃതിയും കണ്ടാസ്വദിക്കാൻ പറ്റിയ പോയിൻറുകൾ പെരുനാടിനും പ്ളാപ്പള്ളിക്കും ഇടയിലുണ്ട്. ശീതള പാനീയങ്ങളും റിഫ്രഷ്മെൻറ് സൗകര്യങ്ങളും ഏർപ്പെടുത്തി ഇവ വികസിപ്പിക്കാം. വഴിയോര വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കാം.

ഇവിടുത്തെ ടൂറിസം സൗകര്യങ്ങളെയും കാഴ്ചകളെയുംപറ്റി വിവരിക്കുന്ന വിശദമായ ബ്രോഷറുകൾ തയ്യാറാക്കി സംസ്ഥാനത്തെ ടൂർ ഓപ്പറേറ്റർമാർ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ടൂറിസം അധികൃതർ, പ്രധാന വാഹന ഉടമകൾ തുടങ്ങിയവർക്കൊക്കെ നൽകിയാൽ തീർച്ചയായും ധാരാളം പേരെ ആകർഷിക്കാനാവും. പഞ്ചായത്തിൽ ഇതിനായി പ്രത്യേക സംവിധാനം ഉണ്ടാകണം. ജില്ലാതലത്തിൽ ഇതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

ഇതൊരു സമഗ്ര പദ്ധതിയായിരിക്കണം എന്നുള്ളതുകൊണ്ട് പ്രത്യേകം നിർദ്ദേശങ്ങൾ ചേർക്കുന്നില്ല.

"ജനങ്ങളെ അലട്ടികൊണ്ടിരിക്കുന്ന
എല്ലാ കെടുതികൾക്കും ദുരിതങ്ങൾക്കും
പ്രതിവിധി ജോലിയാണ് "

തോമസ് കാർലൈൻ

# 5.6

# ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

## ഗതാഗതം

പന്തളത്തു രാജാവും പരിവാരങ്ങളും പെരുനാട്ടിൽ വന്നു താമസിച്ചുകൊണ്ടാണ് ശബരിമല ക്ഷേത്രം പണിയിച്ചതെത്രേ. അന്ന് അവർ നിത്യ പൂജക്കായി പണിതീർത്തതാണ് പെരുനാട്ടിലെ കക്കാട്ട് കോയിക്കൽ ശ്രീ. ധർമ്മശാസ്താ ക്ഷേത്രമെന്നും ഐതിഹ്യം ഘോഷിക്കുന്നു. അക്കാലത്തേ ഇവിടം വാസയോഗ്യമായിരുന്നു വെന്നും ഇവിടെ ആൾപ്പാർപ്പ് ഉണ്ടായിരുന്നുവെന്നുമാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്.

നിബിഡ വനത്തിലൂടെയുള്ള കാട്ടുവഴികളായിരുന്നു അന്ന് ആശ്രയം. കാൽനടക്കുമാത്രം പറ്റിയ വഴികൾ. പിന്നെയും ഏറെക്കാലം കഴിഞ്ഞ് എച്ച്. ആൻറ്. സി. തുടങ്ങിയ റബർ തോട്ടം ഉടമകൾ ആണ് തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടിയാണെങ്കിലും ഗതാഗത യോഗ്യമായ ആദ്യത്തെ റോഡ് വെട്ടിയത്. മണ്ണാറകുളഞ്ഞി - വടശ്ശേരിക്കര - പേഴും - പാറ വഴി ഈ പഞ്ചായത്തിലേക്ക് കടന്ന് മാമ്പാറ പെരുനാട് വഴി ളാഹ വരെ എത്തീ ആ റോഡ്.

ശബരി ഗിരി ജല വൈദ്യുത പദ്ധതിയുടെ ആവശ്യങ്ങൾക്കായി മണ്ണാറകുളഞ്ഞി - ളാഹ റോഡ് 1954 -ൽ വൈദ്യുതി ബോർഡ് ഏറ്റെടുക്കുകയും പുതുതായി ളാഹ - പ്ളാപ്പള്ളി - ചാലക്കയം റോഡും പ്ളാപ്പള്ളി - മൂഴിയാർ - കക്കിപമ്പ അണക്കെട്ടുറോഡും നിർമ്മിക്കുകയും ചെയ്തു. ബോർഡിൻെറ സൗകര്യാർത്ഥം പേഴും പാറ- മാമ്പാറ റോഡിനു പകരം വടശ്ശേരിക്കര - മാടമൺ വഴി പെരുനാട് പാലം വരെ പുതിയ റോഡും നിർമ്മിച്ചു. 1962 ൽ വടശ്ശേരിക്കരിലും പെരുനാട്ടിലും പാലങ്ങൾ തീർന്നതോടെ ഈ റൂട്ടിൽ ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചു. ഇക്കാലത്തുതന്നെയാണ് നാട്ടുകാർ ചേർന്ന് പെരുനാട് - പെരുന്തേനരുവി റോഡു നിർമ്മിച്ചത്. 1974 -ൽ അത്തിക്കയം പാലം തീർന്നതോടെ റാന്നിയിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെട്ടു.

മണ്ണാറകുളഞ്ഞി - ചാലക്കയം റോഡും പെരുനാട് - പൂവത്തും മൂട് റോഡും, പെരുനാട് - റാന്നി റോഡും ഒഴികെ പെരുനാട് പഞ്ചായത്തിൽ ഗതാഗത യോഗ്യമായ മറ്റ് റോഡുകൾ ഇല്ലാത്തതിനാൽ 75 ശതമാനം ആളുകളും യാത്രാ ക്ളേശം അനുഭവിക്കുന്നവരാണ്.

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ ആകെ റോഡ് 196 കി. മീ. ആണ്. ഇതിൽ ടാർ ചെയ്ത റോഡ് 87.900 കി.മീറ്ററും. ഇതിൽ നിന്ന് ഒരു ച.കി. വിസ്തീർണ്ണത്തിന് ഒരു കി. മീ. ടാർ റോഡ് ഉണ്ടെന്നു കാണാം. പഞ്ചായത്തിലെ ജനസംഖ്യ വച്ചു നോക്കുമ്പോൾ ഒരാൾക്ക് 4 മീറ്റർ ടാർ റോഡ് ഉണ്ടെന്നു കാണാം. ഇത് വളെരെ അപര്യാപ്തമാണ്. ഇതിൽ തന്നെ 37 കി. മീ. റോഡ് ജനവാസമില്ലാത്ത വനമധ്യത്തിലൂടെയുള്ള ശബരിമല റോഡാണ്. വർഷം തോറും വാഹന ബാഹുല്ല്യം വർദ്ധിച്ചുവരുന്ന മണ്ണാറകുളഞ്ഞി - പമ്പ റോഡിൽ മതിയായ രീതിയിലുള്ള ഗതാഗത സൗകര്യങ്ങൾ ഇനിയും ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

പട്ടിക 1

റോഡു വിവരങ്ങൾ

| പഞ്ചായത്തിലെ ടാർ റോഡുകൾ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം കി.മീ. | ബസ്സ് മറ്റ യാത്രാ സൗകര്യം |
| 1. | മഠത്തുംമൂഴി - ചേന്നംപാറ | P.W.D | 3.5 | ഉണ്ട് |
| 2. | മാടമൺ- ചാലക്കയം | P.W.D | 54.0 | ഉണ്ട് |
| 3. | മഠത്തുംമൂഴി - പേഴുംപാറ | P.W.D | 5.5 | ഉണ്ട് |
| 4. | പ്ളാപ്പിള്ളി- കണമല | P.W.D | 6.0 | ഇല്ല. |
| 5. | കണമല - തുലാപ്പള്ളി-എയ്ഞ്ചൽ വാലി | P.W.D | 2.5 | ഉണ്ട് |
| 6. | കല്ലറ - ബൗണ്ടറി | പഞ്ചായത്ത് | 1.5 | ഇല്ല |
| 7. | മാടമൺസ്കൂൾ-കോട്ടുപ്പാറ | പഞ്ചായത്ത് | 0.8 | ഇല്ല. |
| 8. | എരുവാറ്റുപുഴ - മാമ്പാറ | പഞ്ചായത്ത് | 1.5 | ഇല്ല. |
| 9. | മാമ്പാറ-കണ്ടൻുളം-മണിയാർ | പഞ്ചായത്ത് | 3.0 | ഉണ്ട് |
| 10 | മഠത്തുമമൂഴി-ആനപ്പാറ | പഞ്ചായത്ത് | 4.0 | ഇല്ല. |
| 11 | പുതുക്കട - ചിറ്റാർ - മണക്കയം | ജില്ലാ പഞ്ചായത്ത് | 6 | ഉണ്ട് |
| 12 | ചെറുകരപടി- വലിയകുളം | പഞ്ചായത്ത് | 500 M | ഇല്ല. |
| 13 | മുക്കം- അഞ്ചുകുഴി | P.W.D | 900 M | ഇല്ല |
| 14 | തുലാപ്പള്ളി- പ്ളാപ്പള്ളി | പഞ്ചായത്ത് | 4 | ഇല്ല. |

## പ്രശ്നങ്ങളും സാദ്ധ്യതകളും.

റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. അറ്റകുറ്റ പണികൾ നടക്കുന്നില്ല. വർഷകാലങ്ങളിൽ മിക്ക റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവമാണ് ഇതിനു കാരണം. മലനിരകൾ നിറഞ്ഞപ്രദേശമായതിനാൽ മലയിടിച്ചിലും, വെള്ളത്തിൻെറ കുത്തൊഴുക്കും റോഡിനു ഹാനിയാകുന്നുണ്ട്. ആവശ്യത്തിനു ഫണ്ടില്ലായ്മ വികസന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു. വാർഡുതല റോഡുകളുടെ പുനുരുദ്ധാരണ പ്രക്രിയ നടത്തുമ്പോൾ സിമിൻറ് കോൺക്രീറ്റ് ഉപരിതലത്തിൽ ഉപയോഗിക്കുന്നത് അഭികാമ്യമാണ്.

## നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ പ്രധാന പ്രശ്നമാണ്. ഇതു പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് അതിർത്തിയായ വടശ്ശേരിക്കര മുതൽ ളാഹ വരെയുള്ള ശബരിമല റോഡിൽ വീതികുറവുള്ള ഭാഗങ്ങളിൽ വീതി കൂട്ടിയും വളവുകൾ നേരെയാക്കിയും പാർശ്വനടപ്പാതകൾ തീർത്തും സഞ്ചാര യോഗ്യമാക്കണം.

2. റാന്നി പാലത്തിൻെറ തകർച്ചയെ തുടർന്ന് പെരുനാട് റാന്നി റോഡിലൂടെയുള്ള ഗതാഗതം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ റോഡിൻെറ ഇന്നത്തെ അവസ്ഥ മാറ്റണം. രണ്ട് വാഹനങ്ങൾക്ക് കടന്നു പോകത്തക്കവിധം വീതികൂട്ടുകയും നടപ്പാത നിർമ്മിക്കുകയും വേണം.

3. ടാറിംഗിനോട് ചേർന്നു നിൽക്കുന്ന ടെലഫോൺ - ഇലക്ട്രിക്ക് പോസ്റ്റുകൾ, വെയിറ്റിംഗ് ഷെഡുകൾ മുതലായവ 6 അടി ദൂരത്തേക്ക് മാറ്റിസ്ഥാപിക്കണം.

4. വാട്ടർ അതോറിട്ടി വക ശുദ്ധജല വിതരണ പൈപ്പുകൾ പല ഭാഗങ്ങളിലും പൊട്ടി ഒഴുകുന്നതു മൂലം റോഡുകൾ നശിച്ചുകൊണ്ടിരിക്കുന്നു. അപകടങ്ങൾ വർദ്ധിച്ചു വരുന്നു. ഈ അവസ്ഥയും പരിഹരിക്കണം.

5. പെരുനാട് മാർക്കറ്റിനു സമീപമുള്ള നീർക്കെട്ട് ഒഴിവാക്കാനുള്ള സംവിധാനം ഉണ്ടാക്കുക. കലുങ്ക് നിർമ്മിച്ചാൽ പ്രശ്ന പരിഹാരം കാണാം.

6. മഠത്തുംകുഴി - പെരുനാട് - പൂവത്തുംമൂട് റോഡിൽ സെൻറ് മേരി തോട്ടിലെ കലുങ്ക് വീതി കൂട്ടി ബലപ്പെടുത്തുക.

7. മഠത്തുംമൂഴി കുരിശും മൂട് മുതൽ ബഥനി ആശുപത്രിപടി വരെയുള്ള ഭാഗം വീതി കൂട്ടുക.

8. പെരുനാട് എൽ. പി. എസ്. ന് സമീപമുള്ള രണ്ടു വളവുകൾ വീതികൂട്ടുക.

9. ആശുപത്രി മുതൽ ചന്തവരെയുള്ള ഭാഗങ്ങളിലെ വളവുകൾ നിവർത്തുകയും മറ്റ് ഭാഗങ്ങൾ വീതികൂട്ടുകയും ചെയ്യുക.

10. പെരുനാട് - പെരുന്തേനരുവി റോഡിൽ ഇടുങ്ങിയ വളവുകളും മറ്റ് ഭാഗങ്ങളും വീതി കൂട്ടുക.

11. അനധികൃതമായി കൈയ്യേറ്റപ്പെട്ടിട്ടുള്ള റോഡ് പുറമ്പോക്ക് സ്ഥലങ്ങൾ ഒഴിപ്പിക്കുക. റോഡ് സൈഡിലെ സ്ഥിര സ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുക.

12. മാമ്പാറ - മണിയാർ റോഡിൽ പെരുനാട് ഫാക്ടറിക്കു സമീപം മക്കും പുറത്തുള്ള അനധികൃത കയ്യേറ്റക്കാരേ ഒഴിച്ച് അവിടം ഗതാഗത യോഗ്യമാക്കണം.

## മെറ്റൽ റോഡുകൾ മൺ റോഡുകൾ

ഗതാഗത യോഗ്യമല്ലാത്തതും യാതൊരു ഗതാഗത സൗകര്യമില്ലാത്തതുമായ മുക്കം, അട്ടത്തോട്, നാറാണം തോട്, അറയാഞ്ഞിലിമൺ പോലെയുള്ള പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. മുന്തിയ പരിഗണന കൊടുത്ത് ഇവിടങ്ങളിൽ ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഇതിനായി നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പട്ടിക -2 ൽ ചേർത്തിരിക്കുന്നു.

## പട്ടിക 2.

## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | ക്രമനമ്പർ | റോഡിന്റെ പേര് | നീളം |
|---|---|---|---|
| ഒന്ന് പെരുനാട് | 1. | പെരുനാട് മാർക്കറ്റ് - ആർ. സി. ചർച്ച് റോഡ് | 4. കി. മീ. |
| | 2. | ബഥനി ആശുപത്രി- താളികര- ബഥനിമല | 5 കി. മീ. |
| | 3. | കല്ലുമഠം- മുണ്ടമല റോഡ് | 1 കി. മീ. |
| | 4. | പെരുനാട് മാർക്കറ്റ് - പമ്പ് ഹൗസ് റോഡ് | 200 മീറ്റർ |
| രണ്ട് മുക്കം | 1. | ബംഗ്ളാം കടവ് - മുക്കം റോഡ് | 4 കി. മീ. |
| | 2. | അടിച്ചിപ്പുഴ - മുക്കം റോഡ് | 1.5 കി. മീ. |
| | 3. | അലിമുക്ക് - മാടമൺ വള്ളക്കടവ് | 500 മീറ്റർ |
| മൂന്ന് മാടമൺ | 1. | മാടമൺ ഗുരുമന്ദിരം- കണ്ടൻകുളം റോഡ് | 2 കി മീ. |
| | 2. | ക്ഷേത്രക്കടവ്- കണ്ടൻകുളം | 1.5 കി. മീ. |
| | 3. | കൈതോലിക്കൽ പടി - കോട്ടൂപ്പാറ | 1.250. കി. മീ. |
| നാല് കക്കാട് | 1. | കാവനാൽ- മാമ്പാറ ഗുരുമന്ദിരം റോഡ് | 2 കി. മീ. |
| | 2. | സെന്റ്. തോമസ് യു. പി. എസ്. - കോട്ടുപ്പാറ റോഡ് | 3 കി. മീ. |
| | 3. | പുത്തൻ കവല -, പള്ളിപ്പടി റോഡ് | 1 കി. മീ. |
| | 4. | മാമ്പാറ - മണിയാർ റോഡിൽ കണ്ടൻകുളം ഭാഗത്ത് | 1.5 കി. മീ. |
| അഞ്ച് നെടുമൺ | 1 | മഠത്തുംമൂഴി - ഇടപ്ര - വേലൻ കോവിൽ | 4 കി. മീ. |
| | 2 | ആനപ്പാറ - കണ്ണുന്നുമൺ | 2 കി. മീ. |
| | 3. | നെടുമൺ -മണിയാർ | 3 കി. മീ. |
| | 4. | ആനപ്പാറ - മണിയാർ | 3 കി. മീ. |
| | 5. | കണ്ണന്നുമൺ - 22 | 1 കി. മീ. |
| | 6. | തയ്യിലേത്തുപടി - ഒങ്കം | .7 കി. മീ. |
| ആറ് നാറാണംതോട് | 1. | തുലാപ്പള്ളി - മന്ദിരം - ഇലവുങ്കൽ | 4 കി. മീ. |
| | 2. | മന്ദിരംപടി - കോളനി - ഓലിക്കൽപടി | 4 കി. മീ. |
| ഏഴ് മഠത്തും മൂഴി | 1. | കൂനംകര - കോളാമല- കോട്ടക്കുഴി- ബഥനിവല റോഡ് | 7 കി. മീ. |
| | 2. | മന്ദപ്പുഴ ജംഗഷൻ -മന്ദപ്പുഴ പുതുക്കാട്ട് ഹരിജൻ കോളനി | 1.5 കി. മീ. |
| | 3. | കോളാമല -മന്ദപ്പുഴ റോഡ് | 1.5 കി. മീ. |
| | 4. | സെന്റ് മേരി - മഠത്തുംമൂഴി | 2.5 കി. മീ. |
| എട്ട് ളാഹ | 1. | മണക്കയം - ബിമ്മരം റോഡ് | 2.5 കി. മീ. |
| | 2. | മണക്കയം - കൊച്ചേത്തുപാറ | 2. കി. മീ. |
| | 3. | ളാഹ - വേലൻ പ്ളാവ് | 1.5 കി. മീ. |
| ഒൻപത് അറയാഞ്ഞിലിമൺ | 1 | ഉമ്മിക്കുപ്പ് - താന്നിത്തടം റോഡ് | 2 കി. മീ. |
| | 2. | രണ്ട് തോടുമുക്ക് - പെരിങ്ങാവ് റോഡ് | 2 കി. മീ. |
| | 3. | അറയാഞ്ഞിലിമൺ - പെരിങ്ങാവ് റോഡ് | 2 കി. മീ. |
| | 4. | അറയാഞ്ഞിലിമൺ - ജഗതി റോഡ് | 2.5 കി. മീ. |
| പത്ത് തുലാപ്പിള്ളി | 1 | കിസിമം - ഹരിജൻ കോളനി റോഡ് | 1.5 കി മീ. |
| | 2. | കോന്നാത്തു പടി - കിസുമം എച്ച്. എസ് പടി | 3.5 കി. മീ. |
| | 3. | മന്ദിരം പടി - നെല്ലിമല റോഡ് | 2.5 കി. മീ. |
| | 4. | വട്ടപ്പാറ - മങ്ങാചക്കൽ - പുളിയംകുന്ന് റോഡ് | 6.0 കി. മീ. |
| | 5. | സെന്റ് ജോർജ്ജ് എൽ. പി. എസ്. പടി - നെല്ലി മല | 3.0 കി. മീ. |
| | 6 | മാടപ്പള്ളിപടി - പുളിയം കുന്നുമല റോഡ് | - |

## റോഡുകളുടെ പുനരുദ്ധാരണം.

അടിയന്തിരമായി പുനരുദ്ധരിക്കേണ്ട റോഡുകൾ ഇവയാണ്.

1. മുക്കം - അഞ്ചുകുഴി പി. ഡബ്ളിയു. ഡി. റോഡിൽ 800 മീറ്റർ 2. ചെറുകര പടി വലിയകുളം റോഡിൽ 500 മീറ്റർ 3. കക്കാട് വാർഡിൽ മഠത്തും മൂഴി - പേഴും പാറ റോഡിൽ 5.500 കി. മീറ്റർ 4. എരുവാറ്റുപുഴ - മാമ്പാറ - മണിയാർ റോഡിൽ 2.500 കി. മീ. 5. നെടുമൺ വാർഡിൽ മഠത്തും മൂഴി ആനപ്പാറ - കണ്ണന്നുമൺ റോഡിൽ 3 കി. മീ. 6. ളാഹ വാറ്ഡിൽ പുതുക്കട - ചിറ്റാർ ജില്ലാ പഞ്ചായത്ത് റോഡിൽ 5 കി. മീ.

### പട്ടിക 3 റോഡ് വികസനം

### പുതിതായി പഞ്ചായത്ത് ഏറ്റെടുക്കേണ്ട റോഡുകൾ

| വാർഡ് | ക്രമനമ്പർ | റോഡിൻെറ പേര് | നീളം |
|---|---|---|---|
| ഒന്ന് | 1. | * ബഥനി ആശുപത്രി- താളികര- ബഥനിമല-R.C ചർച്ച്റോഡ് | 5 കി. മീ. |
| പെരുനാട് | 2. | ചേന്നം പാറ - താളികര റോഡ് | 1.5 കി. മീ. |
| രണ്ട് മുക്കം | 1. | അടിച്ചിപ്പുഴ - മുക്കം റോഡ് (നാറാണം മൂഴി പഞ്ചായത്തിൽ നിന്ന് പെരുനാട് പഞ്ചായത്തിലേക്ക് കൈമാറി ഏറ്റെടുക്കേണ്ടതാണ്) | 1.200 കി മീ. |
| മൂന്ന് മാടമൺ | 1. | കൈതോലിക്കൽ പടി - മോടിമേപ്പുറം റോഡ് (ഹരിജൻ കോളനി റോഡ്) | 1. കി. മീ. |
| നാല് | 1. | കാവനാൽ- മാമ്പാറ ഗുരുമന്ദിരം റോഡ് | 2 കി. മീ. |
| കക്കാട് | 2. | * കാവനാൽ - കണ്ടംകുളം റോഡ് | 1.5 കി. മീ. |
| | 3. | * പോസ്റ്റ് ആഫീസ് - മെഴു വേലിപ്പടി | 500 മീ. |
| | 4. | * കാവനാൽ - കണ്ണാട്ടുതറ പടി റോഡ് | 1.5 കി. മീ. |
| അഞ്ച് | 1. | തയ്യിലേത്തുപടി - വെൺകുളം - കണ്ണന്നു മൺ | 2.5 കി. മീ. |
| നെടുമൺ | 2. | * പെരുനാട് തോട്ടം, - നരിപ്പാറ തടം | 2 കി. മീ. |
| | 3. | * കണ്ണന്നു മൺ - പുതുക്കട | 1.300 മീ. |
| | 4. | * കണ്ണന്നുമൺ - നരിപ്പാടത്തടം | 1.കി. മി |
| | 5. | വെൺക്കുളം - വേലൻ കോവിൽ ക്ഷേത്രം | 1 കി. മീ. |
| | 6. | * ഉനംങ്കര - ഇടപ്രറോഡ് | 2.5 കി. മീ. |
| ആറ് | 1. | നിലക്കൽ - അട്ടത്തോട് റോഡ് | 2.500 കി. മീ. |
| നാറാണംതോട് | 2. | ചാലക്കയം 13/200 അട്ടത്തോട് റോഡ് | 2.500 കി. മീ. |
| | 3. | അട്ടത്തോട് കിഴക്കുപടിഞ്ഞാറുള്ള റോഡ് | 3.500 കി. മീ. |
| ഏഴ് | 1. | * കർമ്മേൽ - കുളത്തും നിരവിൽ റോഡ് | 1.5 കി. മീ. |
| മഠത്തുംമൂഴി | 2. | * കുളത്തും നിരവ് - വളവിനാൽ പടി സെൻറ് മേരീസ് റോഡ് | 0.700 മീ. |
| എട്ട് | 1. | * പൊട്ടൻമൂഴി- ചെമ്പക്കര റോഡ് | 1.5 കി. മീ. |
| ളാഹ | 2. | * പുതുക്കട - മന്ദപ്പുഴ പുതുവിൽ റോഡ് | 2 കി. മീ. |
| | 3. | * വേലൻ പ്ളാവ് ഗിരിജൻ കോളനി റോഡ് | 1.5 കി. മീ. |
| | 4. | * ളാഹ റാകിയേഷൻ ക്ളമ്പ് - ചെമ്പക്കര റോഡ് | 2 കി. മീ. |
| ഒൻത് | 1 | അറയാഞ്ഞിലിമൺ - ചൊവ്വാലി റോഡ് | 750 മീ. |
| അറയാഞ്ഞിലിമൺ | 2. | താന്നിത്തടം - പാറക്കടവ് റോഡ് | 1 കി. മീ. |
| പത്ത് | 1 | മൂലക്കയം - കുമ്പളം- പള്ളിപ്പടി റോഡ് | 1.5 കി മീ. |
| തുലാപ്പിള്ളി | 2. | മത്താക്കൽപ്പടി - പുളിക്കൽപതാൽപടി റോഡ് | 1.5 കി. മീ. |
| | 3. | മാടവള്ളി പടി- പുളിയം കുന്നേൽപടി റോഡ് | 2 കി. മീ. |
| | 4. | വയറകുന്നേൽപടി - അറയാഞ്ഞിലിമൺ റോഡ് | 3 കി. മീ. |
| | 5. | കിസിമം - അട്ടത്തോട് റോഡ് | 5 കി. മീ |

* സ്വകാര്യ ഉടമസ്ഥതയിലുള്ള റോഡുകൾ

' പട്ടിക 4

## പുതിയതായി നിർമ്മിക്കാൻ ഗ്രാമസഭകളിൽ നിർദ്ദേശം വന്നിട്ടുള്ള റോഡുകൾ

| വാർഡ് | ക്രമനമ്പർ | റോഡിന്റെ പേര് | നീളം |
|---|---|---|---|
| ഒന്ന് പെരുനാട് | 1. | ചേന്നം പാറ - ഉദയാ ജംഗ്ഷൻ | 600. മീ. |
| | 2. | വാളിക്കൽ പടി - പെരുനാട് അമ്പലം | 1 കി. മീ. |
| | 3. | താളികര - ഉദയാജംഗ്ഷൻ | 750 മീ. |
| മൂന്ന് മാടമൺ | 1. | പാറക്കടവ് - അതുമ്പനാം കുഴി റോഡ് | 1 കി. മീ. |
| | 2. | ഗുരു മന്ദിരം- ഇരപ്പൻ പാറ റോഡ് | 750 മീ. |
| | 3. | പുന്നൂർ വളവ് - വാഴാം കുഴിറോഡ് | 500 മീ. |
| | 4. | കോട്ടുപ്പാറ - കരുവാലൂർപടി | 700 മീ. |
| | 5. | കോട്ടുപ്പാറ - വില്ലുന്നിപ്പാറ | 750 മീ. |
| | 6. | കണ്ടകുളം റോഡിൽ നിന്ന് - പതാലിൽ ഭാഗം | |
| നാല് കക്കാട് | 1. | മാമ്പാറ ഗുരുമന്ദിരം മൂഴിക്കൽ ഭാഗം റോഡ് | 0.750 മീ |
| | 2. | പള്ളിപ്പടി - വാത്തിയത്തുമൺ റോഡ് | 0.750 മീ. |
| | 3. | മുരളി എസ്റ്റേറ്റ് വേങ്ങവിളയിൽപടി | 0.750 മീ. |
| | 4. | വേങ്ങവിളയിൽപ്പാറ - കോട്ടമല | 1.750 മീ. |
| | | കുമ്പഴഭാഗം - വാമ്പാറ റോഡ് | |
| | 5. | മുരളി എസ്റ്റേറ്റ് - ഗുരുമന്ദിരം റോഡ് | 0.500 കി. മീ. |
| അഞ്ച് നെടുമൺ | 1. | വേലൻ കോവിൽ - കണ്ണന്നുമൺ റോഡ് | 1 കി. മീ. |
| ആറ് നാറാണംതോട് | 1. | മന്ദിരം കോളനി - നെല്ലിമല റോഡ് | 1.5 കി. മീ. |
| | 2. | മുളന്താനം പടി - മരുതി മൂട് ജംഗ്ഷൻ | 2 കി. മീ. |
| ഏഴ് മഠത്തുംമൂഴി | 1. | മഠത്തുംമൂഴി - കുളത്തും നിരവ് റോഡ് | 2 കി. മീ. |
| | 2. | മന്ദപ്പുഴ താഴേഭാഗം റോഡ് | 1 കി. മീ. |
| എട്ട് ളാഹ | 1. | ചെമ്പങ്കര താഴെ ഭാഗം റോഡ് | 1.500 കി. മീ. |
| | 2. | വേലൻ പ്ളാവ് ഗിരിജൻ കോളനി റോഡ് | |
| | 3. | പുതുക്കട - കോളാമല റോഡ് | 1 കി. മീ. |
| ഒൻത് അറയാഞ്ഞിലിമൺ | 1. | മണക്കയം - അറയാഞ്ഞിലിമൺ പമ്പാവാലി | 6 കി. മീ. |
| പത്ത് തുലാപ്പിള്ളി | 1. | ഐത്തലപ്പടി - മൂലക്കയം - കിസ്സിമം | 3 കി. മീ. |
| | 2. | കോന്നാത്തു പടി - നെല്ലിമല റോഡ് | 2 കി. മീ. |

ഈ റോഡുകൾ ശ്രമദാനം വഴി ചെയ്തു തീർക്കാമെന്ന് ഗ്രാമസഭകളിൽ വാഗ്ദാനം ചെയ്യപ്പെട്ടതാണ്.

## പാലങ്ങൾ, കോസ്‌വേകൾ

1. അനുവദിക്കപ്പെട്ട വടശ്ശേരിക്കര - ബംഗ്ളാംകടവ് പാലം പണി ഉടൻ ആരംഭിക്കുക.
2. പമ്പാനദിക്ക് കുറുകെ പെരുന്നാട് മാർക്കറ്റുമായി ബന്ധിപ്പിച്ച് മുക്കം കടവിൽ ഒരു പാലം നിർമ്മിക്കണം. ഇതു

വന്നാൽ താലൂക്ക് ആസ്ഥാനമായ റാന്നിയിൽ എത്തിചേരുന്നതിന് അടിച്ചിപ്പുഴ ഗിരിജൻ കോളനി വഴി, ഇന്നുള്ള വഴിയേക്കാൾ എട്ടുകിലോമീറ്റർ ലാഭിക്കാം. ഇത് ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സൗകര്യമാകും.

3. പൂവത്തും മൂടിനെ പെരുനാട് മാർക്കറ്റുമായി ബന്ധപ്പെടുത്തി കക്കാട്ടാറിനു കുറുകെ കോസ്‌വേ നിർമ്മിക്കണം.

4. കക്കാട്ട് വാർഡിൽ തട്ടുപാറ ഭാഗവും നെടുമൺ വാർഡും ബന്ധിപ്പിച്ച് കക്കാട്ടാറിന് കുറുകെ ഒരു കോസ്‌വേ നിർമ്മിക്കണം

5. പെരുനാട് അമ്പലക്കടവിൽ ഫുട്ബ്രിഡ്ജ് പണിയണം.

6. അഞ്ചാം വാർഡിൽ മൂഴിക്കൽ പടിയിൽ മഠത്തിതോടിനു കുറുകെ നിലവിലുള്ള നടപ്പാലം ഏതു നിമിഷവും നിലം പൊത്തും. അാവന്നാൽ താലൂക്ക് ആസ്ഥാനമായ റാന്നിയിൽ എത്തിചേരുന്നതിന് അടിച്ചിപ്പുഴ ഗിരിജൻ കോളനി വഴി, ഇന്നുള്ള വഴിയേക്കാൽ എട്ടുകിലോമീറ്റർ ലാഭിക്കാം. ഇത് ശബരിമല തീർത്ഥാടകർക്ക് കൂടടുതൽ സൗകര്യമാകും.

3. പൂവത്തും മൂടിനെ പെരുന്നാട് മാർക്കറ്റുമാ?ഇ ബന്ധപ്പെടുത്തി കക്കാട്ടാറിനമ കുറുകെ കോസ്‌വേ നിർമ്മിക്കണം.
4. കക്കാട്ട് വാർഡിൽ തട്ടുപാറ ഭാഗവും നെടുണൺ വാർഡും ബന്ധിപ്പിച്ച് കക്കാട്ടാറിന് കുറുകെ ഒരു കോസ്‌വേ നിർമ്മിക്കണം
5. പെരുന്നാട് അമ്പലങ്ങളിൽ ഫുട്ബ്രിഡ്ജ് പണിയണം.
6. അഞ്ചാം വാർഡിൽ മൂഴിയിൽ പടിയിൽ മഠത്തിതോടിനു കുറുകെ നിലവിലുള്ള നടപ്പാലം ഏതു നിമിഷവും നിതം പൊത്തും. അറിയന്തരമായി ഇവിടെ കോൺക്രീറ്റു പാലം സ്ഥാപിക്കണം. അടിയന്തരമായി ഇവിടെ കോൺക്രീറ്റു നടപാലം സ്ഥാപിക്കണം.

## ബസ് സർവ്വീസുകൾ

1. പഞ്ചായത്തിൽ ഇതുവരെ യാതൊരു ഗതാഗത സൗകര്യങ്ങളും എത്തപ്പെടാതെ ഒറ്റപ്പെട്ടുകിടക്കുന്ന വാർഡാണ് മുക്കം. ഇവിടേക്ക് ബസ് സർവ്വീസ് നടത്താൻ അടിയന്തര നടപടി വേണം. മുക്കം - അടിച്ചിപ്പുഴ റോഡും മുക്കം - ബംഗ്ളാംകടവ് റോഡും ഗതാഗത യോഗ്യമാക്കി റാന്നിയിൽ നിന്ന് അടിച്ചിപ്പുഴ ഗിരിജൻ കോളനിയിലേക്ക് സർവ്വീസ് നടത്തികൊണ്ടിരിക്കുന്ന ബസ്സുകൾ മുക്കം വരെ നീട്ടണം.

2. പെരുനാട് - തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് പുനരാരംഭിക്കണം. നിലവിലുണ്ടായിരുന്ന സർക്കുലർ സർവ്വീസ് പുനരാരംഭിക്കണം.

3. അട്ടത്തോട്ടിലെത്തുന്ന കെ. എസ്,. ആർ. ടി. സി. ബസ് ഇലവുങ്കൽ നാറാണം തോട് - തുലാപ്പിള്ളി വരെ സർവ്വീസ് നീട്ടണം.

4. ധാരാളം ജനങ്ങൾ തിങ്ങിപാർക്കുന്ന കണ്ണന്നുമൺ, നെടുമൺ, കുറുങ്ങാലി പ്രദേശങ്ങളെ ബധിപ്പിച്ച് പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കണം.

5 പെരുനാട്ടിൽ വന്നു തിരിഞ്ഞു പോകുന്ന ബസ്സു സർവ്വീസുകൾ കണ്ണന്നുമണ്ണിലേക്കും മാമ്പാറ വഴി മണിയാറിലേക്കും നീട്ടണം.

6. മഠത്തും മൂഴി വഴി കടന്ന പോകുന്ന സർവ്വീസ് ബസ്സുകൾ പെരുനാട് മാർക്കറ്റിൽ വന്നു തിരിഞ്ഞു പോയാൽ ആശുപത്രി, വിവിധ ആഫീസുകൾ, അമ്പലം, പോലീസ് സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകേണ്ട യാത്രക്കാർക്ക് പ്രയോജന പ്രദമായിരിക്കും.

7. ജന നിബിഡമായ മന്ദപ്പുഴ, കോളാമല, കോട്ടക്കുഴി, കർമ്മൽ എന്നിവിടങ്ങളിലെ ജനങ്ങളുടെ സൗകര്യാർത്ഥം പത്തനംതിട്ടയിൽ നിന്നും പെരുനാട് വഴി കോട്ടക്കുഴിയിലേക്ക് ബസ്സ് സർവ്വീസ് ആരംഭിക്കണം.

8. പഞ്ചായത്ത് - ബ്ളോക്ക് - ജില്ലാ ആസ്ഥാനങ്ങളിൽനിന്ന് ഒറ്റപ്പെട്ടുകിടക്കുന്ന തുലാപ്പള്ളി, പമ്പാവാലി, മേഖലയെ മാതൃപഞ്ചായത്തുവഴി ഇതര കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാൻ പത്തനം തിട്ട, റാന്നി എന്നിവടങ്ങളിൽ നിന്നും പെരുന്നാടു വഴി ഓരോ ബസ്സ് സർവ്വീസ് വീതമെങ്കിലും പമ്പാവാലിയിലേക്ക് ഉടൻ അനുവദിക്കണം.

## ബസ്സ് സ്റ്റോപ്പ്, ഫെയർ സ്റ്റേജ്

ശബരിമല സീസൻ സമയം വടശ്ശേരിക്കര കഴിഞ്ഞതിനു ശേഷം ളാഹയിൽ മാത്രമാണ് ഫെയർ സ്റ്റേജ് നിലവിലുള്ളത്. ഒട്ടേറെ സ്ഥാപനങ്ങളുള്ള പഞ്ചായക്ക് ആസ്ഥാനമായ പെരുനാട്ടിൽ ഒരു ഫെയർ സ്റ്റേജ് അനുവദിക്കേണ്ടത് അത്യാവശ്യമാണ്. ഇത് അടിയന്തരമായി അനുവദിപ്പിക്കണം.

മണ്ണാരകുളഞ്ഞി - ചാലക്കയം റോഡിൽ അമ്പലക്കടവിൽ (ആറ്റുവശത്തുപടി) K.S.R.T.C യുടെ ഒരു ബസ് സ്റ്റോപ്പ് അടിയന്തിരമായി അനുവദിക്കണം. ഈ സ്റ്റോപ്പിൽ ഉള്ള ആറ്റുകടവിന് അക്കരയാണ് പഞ്ചായത്താഫീസ്, വില്ലേജാഫീസ്, പോലീസ് സ്റ്റേഷൻ, അമ്പലം, ആശുപത്രി, മുതലായ പെതുസഥാപനങ്ങൾ എന്നതാണ് ഈ സ്റ്റോപ്പിൻെറ പ്രാധാന്യം.

## ബസ്സ് സ്റ്റാൻറ് ടാക്സി സ്റ്റാൻറ്

പെരുനാട് കൊച്ചുപാലം ഭാഗത്തുള്ള ടാക്സിസ്റ്റാൻറ് സ്കൂൾ പരിസരത്തുനിന്നും സൗകര്യപ്രദമായ മറ്റോരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം.

പെരുനാടിൻെറ സിരാ കേന്ദ്രമായ മഠത്തും മൂഴിയിൽ ബസ്സ് സ്റ്റാൻറ് സ്ഥാപിക്കണം. മഠത്തുംമൂഴിയിൽ ഒരു K.S.R.T.C ഓപ്പറേറ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കണം.

## വെയിറ്റിംഗ് ഷെഡുകൾ

പ്ളാപ്പിള്ളി, ളാഹ, കൂനംകര, പെരുനാട്, കൊച്ചുപാലം ജംഗ്ഷൻ, മണക്കയം, പൊട്ടൻ മൂഴി എന്നിവടങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.

## റോഡ് സിഗ്നലുകൾ

അപകടം ഒഴിവാക്കാൻ ഉടൻ സൈൻ ബോർഡുകൾ സ്ഥാപിക്കേണ്ട ഇടങ്ങൾ

1. മുക്കം വള്ളക്കടവിൽ റോഡ് അവസാനിക്കുന്നിടത്ത് സിഗ്നൽ ബോർഡുകൾ സ്ഥാപിക്കണം.

2. വടശ്ശേരിക്കര - പമ്പ റോഡിൻേറയും അത്തിക്കയം പെരുന്നാട് റോഡിൻെറയും സമീപത്തുള്ള സ്കൂളുകൾക്ക് സമീപം കോഷൻ ബോർഡും സ്പീഡ് ലിമിറ്റ് ബോർഡു സ്ഥാപിക്കണം.

## പട്ടിക 5

## മറ്റ് മരാമത്ത് പണികൾ

### കുളിക്കടവും സ്റ്റെപ്പുകളും, വള്ളക്കടത്തും

| വാർഡ് | കുളികടവ് | സ്റ്റെപ്പ് | വള്ളക്കടവ് |
|---|---|---|---|
| ഒന്ന് പെരുനാട് | | ഗവ. ആശുപത്രി - താളികേര ഇടവഴിയിൽ PWD റോഡ് പഞ്ചായത്ത് കടവ് | |
| രണ്ട് | 1. കയ്യാലക്കകത്ത് പടി<br>2. ചെറുകര പടി<br>3 കൊടക്കാട് മണ്ണിൽപടി | 1. മൂഴിക്കൽ പടി<br>2. ചെറുകാട് പടിയിൽ<br>3. കാലായിൽ പടിയിൽ | 1. മുക്കം കടത്ത് - 8മാസം 12 മാസമാക്കുക<br>2. മൂഴിക്കൽ പടി. പറപ്പിള്ളിൽ കടവ് (പഞ്ചായത്ത് ഈ കടത്ത് ഏറ്റെടുക്കണം.) |
| മൂന്ന് മാടമൺ | 1. മുതുകുന്നിൽ പടി | പറപ്പിള്ളിപ്പടി | |
| നാല് കക്കാട് | 1. ആറ്റുവശത്ത് കടവ്<br>2. വട്ടപ്പുരയിടത്ത് കടവ്<br>3. കുറ്റിക്കയത്ത് പടി<br>4. മൂഴിക്കൽ ഭാഗം<br>5. കണ്ടൻകുളം ഫാക്ടറിപടി<br>6. തട്ടുപാറ കടവിൽ<br>7. ഇടയിലെപുരപ്പടി | 1. മഠത്തുംമൂഴി - കുരിശുംതൊട്ടി കോഴഞ്ചേരി തടം 2. ഖാദി ബോർഡ് - കോട്ടൂപ്പാറ 3. 10 ഏക്കർ പഞ്ചായത്ത് കോളനിയിലെ ഇടവഴി 4. ലിറ്റിൽ ഫ്ലവർ തോട്ടം-മാമ്പാറ കുറ്റിയിൽ പടി 5. പെരുനാട് ശാസ്താ ക്ഷേത്രത്തിന് എതിർ (ആറ്റുവശത്ത് കടവ്)<br>6. മൂഴിക്കൽ ഭാഗത്ത് അംബദ്ക്കർ കോളനി മാമ്പാറ<br>7. തേക്കിനാൽ ചരുവിൽ കമലാസനൻ പടിമുതൽ പട്ടാഴി ഭാഗം വരെ | 1. കണ്ടൻകുളം ഭാഗത്ത്<br>2. എരുവാറ്റുപുഴ വള്ളക്കടവ് തകർന്നുകിടക്കുന്നു. (പഞ്ചായത്ത് കടത്ത് കാര്യക്ഷമമാക്കുക) |
| അഞ്ച് നെടുമൺ | 1. ഇടപ്ര-ചൊവ്വൺകടവ്<br>2. വലിയപാലം മേലേതിൽ<br>3. നെടുമൺ പാതാനം മൂഴിക്കടവ് | 1. സൊസൈറ്റി ജംഗ്ഷൻ, മഠത്തുംമുഴി, ഇടത്തോട്<br>2. കണ്ണനുമൺ കോളനി<br>3. വെൺകുളം കോളനി<br>4. മൂഴിക്കൽ പടി, ഇടപ്ര | |
| ആറ് | അട്ടത്തോട് ഗിരിജൻ കോളനി | മന്ദിരം പടി | |
| ഏഴ് | ചപ്പാത്ത് പടിയിൽ (മഠത്തുംമൂഴി) | ബഥനി കോൺവെൻറ് മുതൽ കുളത്തുംനിരവ് വരെ | |
| എട്ട് | മണക്കയം പാലത്തിന് സമീപം | ചെമ്പാലൂർ സ്കൂളിലേക്ക് റോഡിൽ നിന്ന് | |

| | | | |
|---|---|---|---|
| ഒൻപത് | അരയാഞ്ഞിലിമൺ പാലത്തിൻെറ സമീപം | | |
| പത്ത് | 1. അമ്പലപ്പടി കുളിക്കടവ്<br>2. കിസിമം പി.ആർ.ഡി.എസ് പടിയിൽ കടവ് | , കിസുമം സ്കൂളിലേക്കുള്ള സ്ഥലത്ത് | |

പട്ടികയിൽ പറഞ്ഞിരിക്കുന്നിടത്ത് കുളിക്കടവുകൾ നിർമ്മിക്കുകയും, സ്റ്റെപ്പുകൾ കെട്ടുകയും, വള്ളക്കടവുകൾ തുടങ്ങുകയും ചെയ്യേണ്ടതാണ്.

## നാമാവിശേഷമായ റോഡുകൾ

വളരെ വർഷങ്ങൾക്കു മുൻമ്പ് നിർമ്മിച്ച മണ്ണാരകുളഞ്ഞി-ളാഹ റോഡിൽ മഠത്തുംമൂഴി പാലത്തിൻെറ തെക്കേക്കരയിലൂടെ മഠത്തുംമൂഴി ചപ്പാത്തിലേക്കുള്ള റോഡ് ഇന്ന് കാലഹരണപ്പെട്ടും പല വ്യക്തികൾ കയ്യേറിയിരിക്കുകയുമാണ്. മഠത്തുംമൂഴി - പെരുനാട് റോഡിൽ കുരിശുംമൂട് ജംഗ്ഷൻ മുതൽ ചപ്പാത്ത് വരെയുള്ള റോഡും ടി. റോഡിൻെറ ഭാഗമായിരുന്നു. പ്രസ്തുത റോഡുകളും ചപ്പാത്തും പഞ്ചായത്ത് ഏറ്റെടുത്ത് പുനർനിർമ്മിക്കുന്നതുവഴി നാട്ടുകാർക്കും വിശിഷ്യ ശബരിമല തീർത്ഥാടകർക്കും പ്രയോജനപ്പെടുന്നതാണ്.

## നിർദ്ദേശങ്ങൾ

1. മുക്കം, മാടമൺ, പുവത്തുംമൂട്, എന്നിവിടങ്ങളിലെ കടത്ത് രാത്രി 8 മണിവരെ ദീർഘിപ്പിക്കണം.
2. മുക്കത്തെ 8 മാസക്കടത്ത് 12 മാസക്കടത്താക്കി മാറ്റണം.
3. അഞ്ചാം വാർഡിൽമഠത്തുമൂഴി- ആനപ്പാറ റോഡിൽ തൊണ്ടിക്കയം വലിയ വളവുഭാഗം D.R. കെട്ടി വീതി കൂട്ടണം. ഈ ഭാഗത്ത് വെള്ളം ഒഴുകി പോകാൻ പൈപ്പു സ്ഥാപിക്കണം..
4. മഠത്തുംമൂഴി പെരുനാട് റോഡിൽ ചപ്പാത്തിൻെറ ഭാഗത്ത് കലുങ്ക് പണിയണം.
5. മഠത്തുംമൂഴി-കൂനംകര റൂട്ടിൽ പുന്നമല പടിയിൽ മഠത്തിൽ തോടിനു കുറുകെ കോൺക്രീറ്റ് പാലം പണിയണം.
6. ഒങ്ങത്തിൽ രണ്ടു തോടുകൾ ചേരുന്നിടത്ത് ഉള്ള ചപ്പാത്ത് കോൺക്രീറ്റ് ചെയ്യണം.
7. മഠത്തുംമൂഴി- ആനപ്പാറ റോഡിൽ കളരിക്കൽ പടിയിൽ ആറ്റുതീരത്ത് ഡി.ആർ കെട്ടണം.
8. പുറ്റുമണ്ണിൽ പടി തോട്ടിൽ നടപ്പാലം നിർമ്മിക്കുക
9. മുക്കം വാർഡിൽ മാടമൺ വള്ളക്കടവ് ആറ്റുതീരം ഡി.ആർ കെട്ടി സംരക്ഷിക്കുക
10. 10-ാം വാർഡിൽകോൺവെൻറ് ആശുപത്രി പടിയിൽ തോടിനു കുറുകെ നടപ്പാലം നിർമ്മിക്കുക.
11. മഠത്തുംമൂഴി കൊച്ചുപാലത്തിൻെറ രണ്ടു കരയും കൊടുംവളവാണ്. പാലത്തിൻെറ വീതിയും കുറവാണ്. ശബരിമല സീസണിൽ ഗതാഗത കുരുക്കും അപകടവും ഉണ്ടാകുന്നു. ഇതിന് പരിഹാരമായി കൊച്ചുപാലം വളവു നിവർത്ത് വീതി കൂട്ടി നിർമ്മിക്കേണ്ടതാണ്.

## റയിൽവേ ലൈൻ

നിർദ്ദിഷ്ട ശബരി റയിൽപാത കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ നിർമ്മിക്കണം.

കോട്ടയം എരുമേലി പമ്പ റയിവേ ലൈൻ പെരുനാട് പഞ്ചായത്തിലൂടെ കടന്നുവരുന്നതാകയാൽ കിഴക്കൻ മലയോര പ്രദേശങ്ങളായ പെരുനാട്, ചിറ്റാർ, സീതത്തോട് പ്രദേശങ്ങളിൽ അധിവസിക്കുന്ന ബഹുഭൂരിപക്ഷം മലടോരകർഷകർക്കും ഉപകരിക്കും.

ഈ ലൈൻ പെരുനാടു വഴി കടന്നുവന്നാൽ ദൂരം ലഘൂകരിക്കാനും അതുവഴി നിർമ്മാണച്ചിലവ് കുറക്കുവാനും സാധിക്കും.

റയിവേ നിർമ്മാണ സാമഗ്രികൾ 'കൊണ്ടുവരാൻ പുതിയ റോഡുകൾ നിർമ്മിക്കാതെ തന്നെ നിലവിലുള്ള ശബരിമല റോഡ് പ്രയോജനപ്പെടുത്താം.

റയിൽഗതാഗതം

നിർദ്ദേശങ്ങൾ

നിർദ്ദിഷ്ട കോട്ടയം-ശബരിമല റയിൽപ്പാത റാന്നി പെരുനാട് ഗ്രാമ പഞ്ചായത്തിലൂടെ കടന്ന് പോകുന്നതാകയാൽ ദൂരം ലഘൂകരിക്കാനും നിർമ്മാണച്ചിലവ് കുറയ്ക്കുവാനും കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനും സാധിക്കും. എരുമേലി-വെച്ചൂച്ചിറ-പെരുനാട് വഴി പമ്പയും തിരിച്ച് അതേ ലൈനിൽക്കൂടി പെരുനാട്ടിൽ വന്ന് വടശ്ശേരിക്കര വഴി പത്തനംതിട്ടയ്ക്കും പോകുന്നതാകയാൽ ഉദ്ദേശം 40 കി.മീറ്റർ ലാഭിക്കാം.

## മുതൽകൂട്ട് മനുഷ്യവിഭവശേഷി

ചെയ്യാൻ കാര്യങ്ങൾ ധാരാളം. ചിലവഴിക്കാനാകാട്ടെ വിഭവും ധനവും പരിമിതിവും പെരുനാടിന് അനുവദിച്ചുകിട്ടാവുന്ന ഫണ്ടുപോലും, പ്രശ്നബഹുലമായ പഞ്ചായത്ത് എന്ന നിലയിൽ ഒന്നിനും തികയുകയുമില്ല. പിന്നെ ഈ വികസന സ്വപ്നങ്ങൾ എല്ലാം പൂവണിയാൻ നമുക്കുള്ളത് കരുത്തും, മനസ്സും, തൊഴിൽ വൈദഗ്ധ്യവുമുള്ള നമ്മുടെ ജനങ്ങളുമാണ്. സുലഭമായ ഈ മനുഷ്യ വിഭവം പരമാവധി ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാവണം നിർദ്ദിഷ്ട പദ്ധതികൾക്കെല്ലാം രൂപം നൽകേണ്ടത്. മിക്ക ഗ്രാമസഭകളും വികസന കാര്യത്തിൽ ശ്രമദാനം ചെയ്യാമെന്നും വാക്കു നൽകിയിട്ടുണ്ട് എന്നത് നമുക്ക് ആവേശവും പ്രത്യാശയും പകരുന്നു.

## ഊർജ്ജം

റാന്നി - പെരുനാട് ഗ്രാമപഞ്ചായത്തിൽ ആധുനിക പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി എത്തിയിട്ട് മുപ്പതിൽപരം വർഷങ്ങൾ ആയി എങ്കിലും പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങളിലും ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിൻെറ 6-ാം വാർഡു മുഴുവനായും മറ്റ് ഒൻപത് വാർഡുകളിലെ പല പ്രദേശങ്ങളും വെളിച്ചത്തിനായി മറ്റുമാർഗ്ഗങ്ങൾ തേടുന്നു. 1967 ൽ കമ്മീഷൻ ചെയ്ത ശബിരിഗിരി വൈദ്യുതിനിലയം ഈ പഞ്ചായത്തിനോടു ചേർന്നു കിടക്കുന്നുവെങ്കിലും ഇവിടുത്തെ വൈദ്യുതി പ്രശ്നങ്ങൾ നിരവധിയാണ്. ഒരു വർഷം മുമ്പ് കമ്മീഷൻ ചെയ്ത സ്വകാര്യമേഖലയിലെ വൈദ്യുതി സംരംഭമായ കാർബറൺടം വൈദ്യുതി നിലയം ഈ പഞ്ചായത്തിലാണ്.

ഈ പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി എത്തുന്നത് റാന്നി, സീതത്തോട്, പൊൻകുന്നം ഡിവിഷൻെറ കീഴിലുള്ള എരുമേലി സെക്ഷൻ എന്നിവിടങ്ങളിൽ നിന്നാണ്. ഇതിൽ എരുമേലി സെക്ഷൻെറ കീഴിൽവരുന്ന 9-ാം വാർഡിൽ പ്രധാന റോഡിനോടു ചേർന്നു കിടക്കുന്ന കുറച്ചു പ്രദേശത്തും 10-ാം വാർഡിൽ കോട്ടയം ജില്ലയോടു ചേർന്നുകിടക്കുന്ന 52 വീടുകളിലും മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളു. ഈ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല. വടശ്ശേരിക്കര മേജർ സെക്ഷൻെറ കീഴിൽ വരുന്ന പഞ്ചായത്തിൻെറ മറ്റ് പ്രദേശങ്ങളിൽ ആകെ 2450 - ഓളം വൈദ്യുതി കണക്ഷൻ നിലവിലുണ്ട്. ഇതിൽ ഗാർഹിക ആവശ്യത്തിനുള്ള കണക്ഷനുകൾ 2002 ആണ്. ഈ പ്രദേശത്ത് 16 എൽ.റ്റി ട്രാൻസ്ഫോർമറുകൾ ഉണ്ട്. ഈ പഞ്ചായത്തിൽ കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം ഓർഡിനറി വിഭാഗത്തിൽ 62 ഉം, ഒ.വൈ.ഇ.സി. വിഭാഗത്തിൽ 13 ഉം ആണ്. ആകെ 331 ബൾബും 23 ട്യൂബും ഉൾപ്പെടെ 354 സ്ട്രീറ്റ് ലൈറ്റുകളാണ് പഞ്ചായത്തിൽ ഉള്ളത്. വൈദ്യുതി ബോർഡിൻെറ ഒരു ഓവർസിയർ ഓഫീസ് ഒഴികെ മറ്റ് ഓഫീസുകൾ ഒന്നും വിസ്തൃതമായ ഈ പഞ്ചായത്തിൽ നിലവിലില്ല. പമ്പ-ശബരിമല പ്രദേശത്ത് 19 ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജായി പ്രതിമാസം 4684 രൂപ ആണ് അടയ്ക്കുന്നത്.

പട്ടിക 1

റാന്നി-പെരുനാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി ട്രാൻസ്ഫോർമറുകളുടെ വിവരം.

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ | കപ്പാസിറ്റി |
|---|---|---|---|
| 1. | മാടമൺ | 3 | 160 കെ.വി. എ |
| 2. | കോട്ടുപ്പാറ | 3 | 100 " |
| 3. | പെരുനാട് ചന്ത | 1 | 100 " |
| 4. | ളാഹ - മുകളിൽ | 8 | 100 " |
| 5. | ളാഹ - താഴെ | 8 | 63 " |
| 6. | പെരുനാട്-വാട്ടർ അതോറിട്ടി | 1 | 100 " |
| 7. | പുതുക്കട | 8 | 63 " |
| 8. | വയറൻമരുതി | 7 | 100 " |
| 9. | കൂനംകര | 5 | 100 " |
| 10. | മഠത്തുമൂഴി | 5 | 160 " |
| 11. | മഠത്തുംമൂഴി | 7 | 160 " |
| 12. | നെടുമൺ | 5 | 100 " |
| 13. | മുക്കം | 2 | 63 " |

| | | | | |
|---|---|---|---|---|
| 14. | കണ്ണനുമൺ | 5 | 100 | " |
| 15. | മാടമൺ-നോർത്ത്, വാട്ടർ അതോറിറ്റി2 | | 160 | " |
| 16 | തയ്യിലേത്തുപടി | 5 | 100 | " |

പട്ടിക 2

പമ്പ-ശബരിമല പ്രദേശത്ത് വൈദ്യുതിവിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ വിവരം

| ക്രമനമ്പർ | പേര് | എണ്ണം | കപ്പാസിറ്റി |
|---|---|---|---|
| 1. | ത്രിവേണി - 1 | 1 | 250 കെ.വി.എ |
| 2. | ത്രിവേണി - 2 | 1 | 250 |
| 3. | നീലിമല - താഴെ | 1 | 250 |
| 4. | നീലിമല - മുകളിൽ | 1 | 250 |
| 5. | ഇൻടേക്ക് | 1 | 250 |
| 6. | അപ്പാച്ചിമേട് | 1 | 250 |
| 7. | മരക്കൂട്ടം | 1 | 100 |
| 8. | ശക്തിമന്ദിരം | 1 | 250 |
| 9. | ശക്തിമന്ദിരം | 1 | 100 |
| 10. | അപ്പം - അരവണ | 4 | 250 വിതം |
| 11. | ഭസ്മകുളം | 1 | 100 |
| 12. | മാളികപ്പുറം | 2 | 160<br>100 |
| 13. | പാണ്ടിത്താവളം | 1 | 100 |
| 14. | ഗണപതിഅമ്പലം | 1 | 160 |
| 15. | മണപ്പുറം | 1 | 315 |
| | ആകെ | 19 | |

പട്ടിക 3

പുതുതായി വൈദ്യുതീകരിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് നമ്പർ | ലൈനിന്റെ പേര് |
|---|---|
| ഒന്ന് | 1. താളികര മുണ്ടമ്മല കടുവാക്കുഴി<br>2. ചേന്നംപാറ - താളികര റോഡ്<br>3. പൂതക്കല്ലിൽ, ഹരിജൻ കോളനി |
| രണ്ട് | 1. മൂഴിക്കൽ പ്രദേശം<br>2. ഉഴുംന്നുംകാല മേമുറി ഭാഗം |
| മൂന്ന് | 1. തടത്തിലുഴം മുതൽ അതമ്പനാംകുഴി ഭാഗം<br>2. മാടമൺ അമ്പലക്കടവ് - കണ്ടകുളം |
| നാല് | 1. പുത്തൻ കവല - പള്ളിപ്പടിറോഡ്<br>2. മാമ്പാറ പോസ്റ്റാഫീസ് മുതൽ മെഴുവേലി ഭാഗം വരെ<br>3. കിഴക്കേ മാമ്പാറ ഗുരുമന്ദിരം - ഐക്കരപ്പടി<br>4. കോട്ടുപ്പാറ പള്ളിഭാഗം - 4 സെൻറ് കോളനി<br>5. കാവനാൽ - കണ്ടൻകുളം റോഡ്<br>6. മാമ്പാറ - സെൻറ് തോമസ് സ്കൂൾ ജംഗ്ഷൻ കാവനാൽ |
| അഞ്ച് | 1. കണ്ണനുമൺ 4 സെൻറ് കോളനി<br>2. വെൺകുളം കോളനി<br>3. കണ്ണനുമൺ 20 ഏക്കർ ഭാഗം<br>4. നെടുമൺ പാലക്കൽപടിഭാഗം - നെടുമൺഉഴം<br>5. ഇടപ്ര - വേലൻകോവിൽ |
| ആറ് | 1. പൂർണ്ണമായും വൈദ്യുതീകരിക്കണം |
| ഏഴ് | മന്ദപ്പുഴ - മന്ദപ്പുഴ പുതുവേൽ - മന്ദപ്പുഴ ഹരിജൻ കോളനി |
| എട്ട് | 1. കിഴക്കേ മന്ദപ്പുഴ പടിഞ്ഞാറേ ഭാഗം |
| | 2. വേലൻപ്ലാവ് ഗിരിജൻ കോളനി<br>3. മണക്കയം ബിമ്മരം ഗിരിജൻ കോളനി<br>4. മണക്കയം സ്വർഗ്ഗഭാഗം<br>5. പൊട്ടൻമൂഴി ചെമ്പങ്കര പടിഞ്ഞാറ് ഭാഗം<br>6. കൂനംകര - ളാഹ<br>7. പൊട്ടംമൂഴി - മണക്കയം<br>8. പുതുക്കട - കോളാമല<br>9. മണക്കയം - കൊച്ചേത്തുപാറ |
| ഒൻപത് | 1. താന്നിത്തടം - ഇടയ്ക്കാട്ടുമല<br>2. ഉമ്മിക്കുപ്പ - താന്നിത്തടം<br>3. അരയാഞ്ഞിലിമണ്ണ് - ചൊവ്വാലി<br>4. അരയാഞ്ഞിലിമണ്ണ് - രണ്ടുതോടുമുക്ക്<br>5. അരയാഞ്ഞിലിമണ്ണ് - പെരിങ്ങാവു മലകിഴക്ക്. |
| പത്ത് | 1. തുലാപ്പള്ളി - പ്ലാപ്പള്ളി ടാർ റോഡ്<br>2. ഐത്തലപ്പടി - കിസുമം ഹരിജൻ കോളനി<br>3. തുലാപ്പള്ളി - ആര്യാട്ടുകവല റോഡ് (നെല്ലിമല വഴി)<br>4. ഏയ്ചൽവാലി - തുലാപ്പള്ളി<br>5. കോന്നാത്ത് പടി - നെല്ലിമല - കിസുമം ഹൈസ്കൂൾ<br>6. കണമല - തുലാപ്പള്ളി - നാറാണം തോട് - എലവുങ്കൽ<br>7. തുലാപ്പള്ളി - പ്ലാപ്പള്ളി റോഡ് |

## പ്രശ്നങ്ങൾ

1. ഗാർഹിക ആവശ്യത്തിനായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് വിറകാണ്. വനത്തോട് ചേർന്ന് കിടക്കുന്ന പ്രദേശമാണെങ്കിലും വിറകിന് ക്ഷാമം അനുഭപ്പെടുന്ന പ്രദേശമായി പഞ്ചായത്ത് മാറിയിരിക്കുന്നു. അതിനാൽ മണ്ണെണ്ണയും ഗ്യാസും പാചകത്തിനായി ഉപയോഗിക്കുന്നു. ഗ്യാസ് ഏജൻസി നിലവിലില്ലാത്തതിനാൽ ഗ്യാസ് കണക്ഷൻ ലഭിക്കുന്നവരുടെ എണ്ണം പരിമിതമാണ്.

2. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്ത് വൈദ്യുതി എത്തിയിട്ടില്ല. 6-ാം വാർഡിൽ ഒരു ഭാഗത്തും വൈദ്യുതി ഇല്ല.

3. വൈദ്യുതി ഉള്ള സ്ഥലങ്ങളിൽ തന്നെ വോൾട്ടേജ് ക്ഷാമം എല്ലാ വാർഡിലും പ്രശ്നമാണ്.

4. തെരുവുവിളക്കുകൾ പലപ്പോഴും കത്താത്ത അവസ്ഥയിലാണ്.

5. വൈദ്യുതി ബോർഡു ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലുള്ള വിമുഖത, എന്നിവയും പ്രശ്നങ്ങളായി ഗ്രാമസഭകളിൽ അഭിപ്രായം ഉയർന്നിട്ടുണ്ട്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും (റബ്ബർ ഉണക്കേണ്ട ആവശ്യമില്ലാത്ത) പരിഷത്ത് അടുപ്പ് അനെർട്ടിൻെറയും പഞ്ചായത്തിൻെറയും സബ്സിഡി നൽകി സ്ഥാപിച്ചു കൊടുക്കണം. ഒപ്പം ഊർജ്ജ പ്രതിസന്ധിയുടെ ഭീകരതയെപ്പറ്റി ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തണം.

2. പെരുനാട് ആസ്ഥാനമാക്കി ഒരു ഗ്യാസ് ഏജൻസി ആരംഭിക്കണം.

3. അട്ടത്തോട്ടിൽ വൈദ്യുതി എത്തിക്കുന്നതിന് പമ്പത്രിവേണിയിൽ നിന്നും, പമ്പാവാലി മേഖലയിൽ കണമല നിന്നും 11 കെ.വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതാണ്. ഇങ്ങനെ വൈദ്യുതി എത്തിക്കുന്നതു വരെ സൗരോർജ്ജം ഉപയോഗിച്ച് അവിടെയുള്ള വൈദ്യുതാവശ്യങ്ങൾ നിറവേറ്റാൻ കഴിയണം.

4. നിർദ്ധനരായ കുടുംബങ്ങൾക്ക് വൈദ്യുതി ലഭിക്കുവാനുള്ള കുടിൽ ജ്യോതി പദ്ധതി പഞ്ചായത്തിൽ വ്യാപകമാക്കണം.

5. തെരുവ് വിളക്കുകളുടെ ചുമതല - ബൾബ്, ട്യൂബ് എന്നിവ വാങ്ങൽ - ഗ്രാമസഭകളെ ഏൽപ്പിക്കുക.

6. കൊച്ചുപാലം ജംഗ്ഷൻ, വലിയപാലം ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കണം.

7. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ചേന്നൻപാറ, അരയാഞ്ഞിലിമൺ. പമ്പാവാലി, തുലാപ്പള്ളി, മാമ്പാറ കണ്ണന്നുമൺ എന്നീ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

പ്രോക്ഷണ - വിതരണ രംഗങ്ങളിൽ വരുന്ന നഷ്ടം കുറയ്ക്കാൻ ഒടിഞ്ഞുവീഴുന്ന മരച്ചില്ലകളും മററും യഥാസമയം മുറിച്ചുമാറ്റുക, ഇത്തരം കാര്യങ്ങൾ ഓരോ വാർഡിലും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സാധിക്കും. ഇതിനായി ജനകീയ ഊർജ്ജ സംരക്ഷണ സമിതികൾ രൂപീകരിക്കണം.

8. വൈദ്യുതീകരിക്കാത്ത ഹരിജൻ - ഗിരിജൻ കോളനികൾ വൈദ്യുതീകരിക്കണം.

9. കക്കാട്ടാറിൽ മഠത്തുംമൂഴി മുതൽ മണിയാർ വരെ അഞ്ച് മിനി ഹൈഡ്രൽ പ്രോജക്ടുകൾക്കു സാധ്യതയുണ്ട്. മാടമൺ ഉരപ്പൻപാറ മിനി ഹൈഡ്രജൻ പ്രോജക്ടിന് സാധ്യതയുണ്ട്. മാമ്പാറ, കിസുമം എന്നീ മിനി ഹൈഡ്രൽ പദ്ധതികൾ ആരംഭിക്കണം. നിർദ്ദിഷ്ട പദ്ധതികളോട് ജനങ്ങൾക്കുള്ള ഭീതിക്ക് അടിസ്ഥാനമുണ്ടോ എന്നു പരിശോധിക്കണം.

10. പെരുനാട്ടിൽ ഒരു പെട്രോൾ പമ്പ് അനുവദിക്കുക

11. പമ്പയിൽ ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കുക.

12. പെരുനാട്ടിൽ നിലവിലുള്ള ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസ് ആയി ഉയർത്തുക.

13. പമ്പാവാലി മേഖലയിൽ വൈദ്യുതിക്ഷാമം പരിഹരിക്കാൻ പുതുശ്ശേരിയിൽ ഒരു മിനി ജലവൈദ്യുത പദ്ധതി ആരംഭിക്കണം.

14. തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുക. ഇപ്പോല ഇള്ള സ്ഥലങ്ങളിൽ അവ കത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. നിലവിലുള്ള 354 തെരുവുവിളക്കുകളിൽ 300 എണ്ണം കത്തുന്നില്ല. ഇവ കത്തിക്കുവാൻ അടിയന്തിര നടപടി കൈകൊള്ളണം.

## തെരുവുവിളക്കുകൾ സ്ഥാപിക്കുവാൻ ഗ്രാമസഭകളിൽ ആവശ്യപ്പെട്ടവ

**വാർഡ് 1**

പെരുനാട് മുണ്ടൻമല റോഡിൽ

**വാർഡ് 2**

ആവശ്യമായ എല്ലാ സ്ഥലത്തും തെരുവു വിളക്കുകൾ സ്ഥാപിക്കണം.

**വാർഡ് 3**

ക്ഷേത്രക്കടവിൽ - കണ്ടൻകുളം റോഡിൽ 400 മീറ്റർ ദൂരം ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം. നിലവിലുള്ള തെരുവുവിളക്കുകൾ മിക്കതും കത്തുന്നില്ല.

**വാർഡ് 4**

നിലവിൽ തെരുവുവിളക്കുകൾ ഇല്ലാത്ത എല്ലാ റോഡിലും അവ സ്ഥാപിക്കുക.

**വാർഡ് 5**

കണ്ണന്നുമൺ, കണ്ണന്നുമൺ വടക്ക്, മണിയാർ ലോവർ ഡിവിഷൻ, ഒങ്കം, നെടുമൺ ഉഴം എന്നിവിടങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം. മഠത്തിൽ തോടിനു കുറുകെയുള്ള ഇടവഴിയിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം

**വാർഡ് 6**

വാർഡിൽ ഒരു ഭാഗത്തും വൈദ്യുതി ഇല്ല. വൈദ്യുതി എത്തിച്ച് ആവശ്യമായ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

വാർഡ് 7

തെരുവുവിളക്കുകൾ ഇല്ലാത്ത റോഡുകളിൽ അവ സ്ഥാപിക്കണം.

വാർഡ് 8

കൂനംകര മുതൽ പുതുക്കട കോളനിവരെ ,

ളാഹവിളക്കു വഞ്ചിയിലും ളാഹക്ലബ് ജംഗ്ഷൻ മുതൽ ളാഹ ജംഗ്ഷൻ വരെ

മണക്കയം - കൊച്ചേത്തു പാറ

പുതുക്കട - കിഴക്കേമെന്ദപ്പുഴ റോഡ്

പൊട്ടൻ മൂഴി, മണക്കയം, കപ്പക്കാട് എന്നീ സ്ഥലങ്ങൾ

വാർഡ് 9,10

ഒൻപത്, പത്ത് വാർഡുകളിൽ പരിമിതമായ തോതിലേ വൈദ്യുതി എത്തിയിട്ടുള്ളൂ. ഇവ പൂർണ്ണമായി വൈദ്യുതികരിച്ച് ആവശ്യമായ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

## മാർക്കറ്റ്

പെരുനാട് പബ്ലിക്ക് മാർക്കറ്റിന് എഴുപത്തിയഞ്ച് വർഷത്തോളം പഴക്കം ഉണ്ട്. ആദ്യകാലങ്ങളിൽ ഉത്സവ പ്രതീതി ജനിപ്പിക്കുന്ന ജന ബാഹുല്യമായിരുന്നെങ്കിൽ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ആധുനിക ഗതാഗത സൗകര്യങ്ങൾ ഒന്നും ഇല്ലാതിരുന്ന കാലത്തുപോലും പെരുനാട് മാർക്കറ്റിലേക്ക് സാധനങ്ങൾ വരികയും പോകുകയും ചെയ്തിരുന്നത് ജലമാർഗ്ഗേയാണ്. സമീപ പഞ്ചായത്തുകളിൽ നിന്നു പോലും മലഞ്ചരക്കുകളും മറ്റും ഈ മാർക്കറ്റിലാണ് വന്നുകൊണ്ടിരുന്നത്. എന്നാൽ ഇന്നത്തെ സ്ഥിതി ആകെ വ്യത്യസ്ഥമാണ്.

വിസ്തൃതമായ പഞ്ചായത്തിൽ ഉപ്പോൾ രണ്ടു മാർക്കറ്റുകളേയുള്ളൂ. ഇത് പഞ്ചായത്തിലെ വാർഡുകളായ ഒന്നിലും അഞ്ചിലും ആണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്തിൻെറ ആദ്യകാലങ്ങളിൽ നാളികേരം, മരച്ചീനി, നേത്രവാഴ മുതലായ കാർഷികോൽപ്പന്നങ്ങലും കുരുമുളക്, ഇഞ്ചി, അടയ്ക്ക, കശുവണ്ടി മുതലായ നാണ്യവിളകളും കൃഷി ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് റബ്ബർ ആധിപത്യം സ്ഥാപിച്ചിരിക്കുകയാണ്. ഇതുമൂലം കാർഷികോൽപന്നങ്ങളുടേയും, മലഞ്ചരക്കുകളുടേയും വരവ് മാർക്കറ്റിൽ കുറയുകയും റബ്ബർ സാർവ്വത്രികമാകുകയും ചെയ്തു. ഇത് പെരുനാട് മാർക്കറ്റിലെ വിപണന സാദ്ധ്യതകൾ കുറയാൻ ഇടയാക്കി.

പഞ്ചായത്തിൽ പൊതുവേ കാണപ്പെടുന്ന ഉൽപന്നം റബ്ബർ ആണ്.

## മാർക്കറ്റും പരിസര മലിനീകരണവും.

പഞ്ചായത്തിലെ രണ്ട് മാർക്കറ്റുകളുടേയും ഗുണം പഞ്ചായത്തിലെ വ്യാപാരികൾക്കും നാട്ടുകാർക്കും ഉണ്ടെങ്കിലും മാർക്കറ്റിൻെറ ദൂഷ്യ ഫലങ്ങളെക്കുറിച്ച് പറയാൻ വയ്യ.

ആധുനിക സംവിധാനങ്ങൾ ഇല്ലാത്തതിനാൽ മാർക്കറ്റിലെ മൽസ്യം, മാംസം അന്നീ വ്യാപരങ്ങൾ സമീപ വാസികൾക്ക് വളരെയധികം ശല്യമായി മാറിയിരിക്കുന്നു. ഇതിൽ നിന്നും ഉണ്ടാകുന്ന മലിനീകരണം നാട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

# ശുദ്ധീകരണ നിർദ്ദേശങ്ങൾ

മാർക്കറ്റിനകത്തെ മലിനൂകരണ ശല്യം ഒഴിവാക്കുന്നതിന് ആധുനിക രീതിയിലുള്ള അറവുശാലകളും അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്ന യൂണിറ്റും കമ്പോസ്റ്റ് വളയൂണിറ്റും സ്ഥാപിച്ച് മലിനീകരണ ശല്യം പരിഹരിക്കാവുന്നതാണ്.

കാർഷികോൽപ്പന്നങ്ങളും അവയുടെ മാർക്കറ്റിംഗ് പ്രശ്നങ്ങളും നിവാരണ നിർദ്ദേശങ്ങളും അടങ്ങിയ വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക 1 കാണുക.

പട്ടിക 1

| വാർഡ് | പ്രധാന കാർഷികോൽപ്പന്നങ്ങൾ | പ്രശ്നങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|---|
| ഒന്ന് | നാളികേരം, റബ്ബർ | മാർക്കറ്റ് നിർജ്ജീവാവസ്ഥകൾ | മാർക്കറ്റിലേക്കുള്ള റോഡ് വികസിപ്പിക്കുക ഗ്രൗണ്ട് ലെവലാക്കുക, സ്റ്റാളുകളുടെ രണ്ടാം നില പണിയുക |
| രണ്ട് | മരച്ചീനി, റബ്ബർ നാളികേരം | മാർക്കറ്റില്ല റേഷൻകടയില്ല | റേഷൻകടഅടിയന്തരമായി അനുവദിക്കണം |
| മൂന്ന് | റബ്ബർ, മരച്ചീനി നാളികേരം | മാർക്കറ്റില്ല | മാടമണ്ണിൽ ഒരു അന്തിച്ചന്ത ആവശ്യമാണ്. |
| നാല് | നാളികേരം മരച്ചീനി, റബ്ബർ | മാർക്കറ്റില്ല | കിഴക്കേ മാമ്പാറ ഒരു ആഴ്ച്ചചന്ത ആവശ്യമാണ് |
| അഞ്ച് | റബ്ബർ, നാളികേരം വാഴ, മരച്ചീനി കുരുമുളക് | മാർക്കറ്റ് നിലവിൽ ഉണ്ട്. ഉപഭോഗ സാധനങ്ങൾക്ക് വില വർദ്ധനവ് കാരണം ആളുകൾ സഹകരിക്കുന്നില്ല. | വില നിയന്ത്രണം നടപ്പിലാക്കണം. സൗകര്യങ്ങൾ വർദ്ധിപ്പിക്കണം |
| ആറ് | കുരുമുളക്, കശുവണ്ടി റബ്ബർ, ഇഞ്ചി, കാപ്പി കൊക്കോ, മഞ്ഞൾ, മരച്ചീനി | മാർക്കറ്റ് നിലവിലില്ല | 6-9-10 എന്നീ വാർഡുകൾക്കായി തുലാപ്പള്ളിയിൽ മാർക്കറ്റു തുടങ്ങുക |
| ഏഴ് | റബ്ബർ, കുരുമുളക് നാളികേരം,മരച്ചീനി വാഴ | മാർക്കറ്റ് നിലവിലില്ല | 7-8 മാർഡുകൾക്ക് ഉപകരിക്കത്തക്ക രീതിയിൽ സൗകര്യപ്രദമായ സ്ഥലത്ത് മാർക്കറ്റ് അനുവദിക്കണം. |
| എട്ട് | റബ്ബർ, കുരുമുളക് വാഴ | മാർക്കറ്റില്ല | -- |
| ഒൻപത് | റബ്ബർ, കുരുമുളക് നാളികേരം,കൊക്കോ ഇഞ്ചി, മരച്ചീനി | മാർക്കറ്റില്ല | നിർദ്ദിഷ്ട തുലാപ്പള്ളി മാർക്കറ്റ് |
| പത്ത് | കുരുമുളക്, റബ്ബർ ഇഞ്ചി, മരച്ചീനി വാഴ | മാർക്കറ്റില്ല | -- |


CONSTRUCTION OF A CAUSEWAY ACROSS KAKKAD RIVER AT PERUNADU IN RANNI TALUK PATHANAMTHITTA DIST
TO SABARIMALA ROAD
PERUNADU
ELEVATION
SCALE 1:100
PLAN
SCALE 1:100
PIER-ELEVATION
PIER-PLAN
SCALE 1:50
PIER SECTION
SCALE 1:20
ALL DIMENSIONS ARE IN M.MS.
RCC 1:1:2
GI PIPE
ANCHOR ROD 25mm Ø
RCC 1:2:4
M S PLATE 6mm TH
8mm Ø TOR @ 150mm CC BW
CC 1:2:4
CC 1:3:6
DOWEL BARS 25 mm Ø 2500 mm LONG

# 5.7

# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

## ഭവനനിർമ്മാണം.

സ്വന്തമായി ഒരു കൊച്ചുവീട് ഏ തൊരു മനുഷ്യൻെറയും സ്വപ്നമാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ആ സ്വപ്നം സാക്ഷാത്ക്കരിക്കുക ഇന്നു പ്രയാസമേറിയ കാര്യമാണ്. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്, ധനശേഷിക്കുറവ്, ഭവനനിർമ്മാണ സഹായങ്ങളുടെ അപര്യാപ്തത എന്നിവയൊക്കെ ഇതിന് വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങളാണ്. എല്ലാവർക്കും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പാർപ്പിടം എന്ന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ എല്ലാ വിഭാഗത്തിലുംപെട്ട ദരിദ്രരായ 300 ഓളം കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരായി ഉണ്ട്. ഭൂരിഭാഗം ജനങ്ങളും കൃഷി തൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ്. അതിലൂടെ കിട്ടുന്ന കുറഞ്ഞ വരുമാനം, ഒരു വീടു വയ്ക്കുവാൻകൂടി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. എന്നാൽ സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്നവർ പരിഷ്കൃതമായ ഭവനങ്ങൾ നിർമ്മിക്കുന്നതിൽ താല്പര്യം കാണിക്കുന്നവരാണ്. പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും കുറഞ്ഞ വരുമാനക്കാർക്ക് വിവിധ പദ്ധതികളിലൂടെ കുറെ വീടുകൾ നിർമ്മിച്ചു നൽകുവാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 6946 കെട്ടിടങ്ങൾ ഉണ്ട്. 1991 ലെ സെൻസസ് പ്രകാരം സ്ഥിരതാമസമുള്ള കുടുംബങ്ങൾ 4968 ആണ്. 93 ബഹുനില കെട്ടിടങ്ങൾ പഞ്ചായത്തിലുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങളുടെ എണ്ണം 364 ആണ്. പഞ്ചായത്തിലെ വീടുകളുടെ എണ്ണവും സ്വഭാവം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

വീടുകളുടെ എണ്ണം

മേൽപ്പുരയുടെ സ്വഭാവം, ഒരു നിലയുള്ള കെട്ടിടങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കുടുതൽ നിലവിലുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| ഒന്ന് | 665 | 6 | 30 | 528 | 81 | 20 |
| രണ്ട് | 221 | 4 | 19 | 168 | 30 | -- |
| മൂന്ന് | 738 | 14 | 79 | 565 | 60 | 20 |
| നാല് | 706 | 8 | 17 | 606 | 75 | -- |
| അഞ്ച് | 927 | 9 | 45 | 754 | 150 | -- |
| ആറ് | 965 | 25 | 120 | 470 | 350 | -- |
| ഏഴ് | 608 | 15 | 34 | 425 | 114 | 20 |
| എട്ട് | 931 | 5 | 32 | 831 | 45 | 18 |
| ഒൻപത് | 415 | -- | 2 | 243 | 170 | -- |
| പത്ത് | 760 | 7 | 17 | 536 | 200 | -- |
| ആകെ | 6936 | 93 | 364 | 5126 | 1275 | 78 |

1200 ഓളം കുടുംബങ്ങൾ സ്വന്തമായി വീടു നിർമ്മിക്കുന്നതിന് ബുദ്ധിമുട്ടുള്ളവരാണ്. പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ ഒന്നും പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൻെറ പൊതുസ്ഥിതി പരിശോധിക്കുമ്പോൾ ഒരു ഹൗസിംഗ് സൊസൈറ്റിയുടെ ആവശ്യകത വ്യക്തമാകുന്നു. പഞ്ചായത്തിലെ ലക്ഷംവീട് കോളനികളിൽ മാമ്പ്രക്കുഴി ലക്ഷംവീട് കോളനി ഒഴികെയുള്ള രണ്ട് കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. പുനരധിവാസ കോളനികളിൽ വാസയോഗ്യമായ വീടുകളോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല.

## ദുർബല വിഭാഗങ്ങളുടെ കോളനികൾ

ഈ പഞ്ചായത്തിലെ 7 ഹരിജൻ കോളനികളിൽ ആവശ്യത്തിനുള്ള വീടുകളോ അടിസ്ഥാന സൗകര്യങ്ങളോ ഉണ്ടായിട്ടില്ല. താളികര, കിസുമം അയ്യൻമല എന്നി കോളനികളിൽ വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം വാസയോഗ്യമായ വീട് എന്നിവ ഇല്ല. പഞ്ചായത്തിൽ മൂന്ന് ഗിരിജൻ കോളനികളാണുള്ളത്. ളാഹ വേലംപ്ലാവ്, ബിംമ്മരം അട്ടത്തോട് എന്നിവയാണത്. ഇവിടെയും വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവ ഇല്ലെന്നു മാത്രമല്ല എല്ലാവർക്കും വീടുകളും ലഭിച്ചിട്ടില്ല.

പുറംപോക്കുകളിൽ കുടിൽ കെട്ടി താമസിക്കുന്നവർ ഈ പഞ്ചായത്തിലെ മക്കുംപുറം പ്രദേശത്ത് ഉണ്ട്. സ്വകാര്യ എസ്റ്റേറ്റുകളിൽതമിഴ്നാട്ടിൽ നിന്നും കുടിയേറിപ്പാർക്കുന്നവരും ഉണ്ട്.

പ്രതാപത്തിൻെറ പ്രതീകങ്ങളായിരുന്ന അറയും നിരയും ഉള്ള വീടുകൾ പഞ്ചായത്തിൽ ഉണ്ടായിരുന്നു. അവയൊക്കെ കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്നു. കോൺക്രീട്ടു കെട്ടിടങ്ങളോടാണ് ആളുകൾക്കിന്ന് താൽപര്യം. ഗൾഫ് വരുമാനക്കാർ കെട്ടിട നിർമ്മാണ രംഗത്ത് ദുർവ്യയം നടത്തുന്നത് പതിവാണ്. പഞ്ചായത്തിൽ ചിലവുകുറഞ്ഞ കെട്ടിടനിർമ്മാണ ശൈലിക്ക് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. അട്ടത്തോട് ഗിരിജൻ കോളനിയിൽ മാത്രമാണ് നിർമ്മിതി കേന്ദ്രം കുറച്ചു വീടുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഭൗതീക വസ്തുക്കളായ ഇഷ്ടിക, മണൽ, മെറ്റൽ, പാറ, ഹോളോബ്രിക്സ് എന്നിവ ഇവിടെ ലഭ്യമാണ്. കെട്ടിട നിർമ്മാണ തൊഴിലാളികൾ ഇവിടെ ലഭ്യമാണ്. മേസ്തിരിമാർക്ക് 100 മുതൽ 125 രൂപ വരെയും സഹായികൾക്ക് 60 മുതൽ 75 രൂപ വരെയും കൂലി നിലവിലുണ്ട്.

പഞ്ചായത്തിൽ മലയോര പ്രദേശങ്ങളിൽ 60%വും മറ്റു ഭാഗങ്ങളിൽ 40% കുടിലുകളാണ്. നിയമം ലംഘിച്ച് പ്രധാന നിരത്തുകളോടും ജംഗ്ഷനുകളോടും ചേർന്ന് കെട്ടിടങ്ങൾ കുടുതലായി നിർമ്മിച്ചു വരുന്നു. നാലാം വാർഡിൽ 4 സെൻറു കോളനിയിലും അഞ്ചാം വാർഡിലെ ഇടപ്ര, വടക്കുപുരട്ട്, വെൺകുളം എന്നിവിടങ്ങളിലും വീടു വയ്ക്കുവാൻ പറ്റിയ സ്ഥലങ്ങൾ ലഭ്യമാണ്.

## പ്രശ്നങ്ങൾ

1. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഉണ്ട്.
2. പഞ്ചായത്തിൽ 300 ഓളം കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല.
3. 1200 ഓളം കുടുംബങ്ങൾ സ്വന്തമായി വീടു നിർമ്മിക്കുന്നതിന് ബുദ്ധിമുട്ടുന്നവരാണ്.
4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം.
5. ഹൗസിംഗ് സഹകരണ സംഘങ്ങൾ ഇല്ല.
6. കൈവശഭൂമിക്ക് പട്ടയം ഇല്ലാത്തതുവഴി ബാങ്കുകളിൽ നിന്നും ഭവന നിർമ്മാണ വായ്പകൾ കിട്ടുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.
7. ഹരിജൻ, ഗിരിജൻ, ലക്ഷംവീട്, പുനരധിവാസ കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാത്തത് ഭവനനിർമ്മാണത്തെ ബാധിക്കുന്നു.
8. ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിൽ സാങ്കേതിക വിദ്യഗ്ദ്ധരുടെ അഭാവമുണ്ട്. ഈ രംഗത്തുള്ള വിദഗ്ദ്ധരുടെ സഹായവും സേവനവും ലഭ്യമാക്കണം.

### സാധ്യതകൾ

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വീടു നിർമ്മിച്ചു നൽകുന്നതിനുള്ള ഭവനനിർമ്മാണ പദ്ധതി രൂപപ്പെടുത്തണം. ഇതിനുള്ള ഫണ്ട് ഭവന നിർമ്മാണ രംഗത്ത് ആർഭാട രീതി അവംലംബിച്ചവരിൽ നിന്നും അധിക നികുതി ചുമത്തി കണ്ടെത്തണം.

   വീടുകളുടെ നിർമ്മാണ ചിലവിൻെറ അടിസ്ഥാനത്തിൽ സ്ളാബുകളായി തിരിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ അധിക സെസ്സ് ചുമത്തുകയും ചെയ്യുക. ഇത് വഴി ദുർബല വിഭാഗങ്ങൾക്ക്

വീടു നിർമ്മിച്ചു നൽകുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത ഒരു പരിധിവരെ പരിഹരിക്കാ വുന്നതാണ്.

2. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കുക

3. പഞ്ചായത്തിൽ ലഭ്യമായ ഭവനനിർമ്മാണത്തിനുപകരിക്കുന്ന ഭൗതിക വസ്തുക്കൾ വികസിപ്പിച്ചെടുത്ത് കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവിനെ നേരിടാവുന്നതാണ്.

4. ചുടുകട്ടകൾ ഉപയോഗിച്ചുള്ള ലാറിബേക്കർ മാതൃകകൾ സ്വീകരിക്കാവുന്നതാണ്.

5. നിലവിലുള്ള തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുക.

6. ദുർബല വിഭാഗത്തിൽപ്പെട്ടവർക്കായി വിവിധ ഏജൻസികളിലൂടെ നൽകിയ വീടുകളുടെ അറ്റകുറ്റ പണികൾക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകണം.

## സാമൂഹ്യ ക്ഷേമം

സമൂഹത്തിൻെറ ക്ഷേമപ്രവർത്തനങ്ങൾക്ക് എന്തെല്ലാം ചെയ്യുന്നു എന്നതാണ് നാടിൻെറ വികസനത്തിൻെറ മാനദണ്ഡം. കർമ്മ കുശലതയിൽ ആരോഗ്യ ദൃഢഗാത്രമായ ശരീരം പോലെയാണ് വികസനപ്രവർത്തനത്തിൽ ക്ഷേമ സമ്പൂർണ്ണമായ സമൂഹം. ദുർബല വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി അവരെ സമ്പന്ന സമൂഹത്തിനൊപ്പമെത്തിക്കുവാൻ സാധിച്ചാൽ അങ്ങനെയുള്ള നാട് ഐശ്വര്യത്തിൻെറ വിളനിലമായിമാറും.

I.R.D.P സർവ്വേ പ്രകാരം ദാരിദ്ര രേഖക്കു താഴെയുള്ള ആകെ കുടുംബങ്ങളുടെ എണ്ണം 1888 ആണ്. ഇതിൽ പട്ടികജാതി - പട്ടിക വർഗ്ഗത്തിൽ പെട്ടവർ 503 ആണ്. വിശദവിവരങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 2

I.R.D.P സർവ്വേ പ്രകാരം ദാരിദ്ര രേഖക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയആകെ കുടുംബങ്ങളുടെ എണ്ണം. | ഇതിൽ SC / ST കുടുംബങ്ങൾ | നാളിതു വരെ സാമ്പത്തിക സഹായംലഭിച്ച കുടുംബങ്ങൾ | ഇതിൽ SC / ST കുടുംബങ്ങൾ | സഹായം ലഭിച്ചതു വഴി ദാരിദ്ര രേഖക്കു മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര രേഖക്കു താഴെയുള്ള ആകെ കുടുങ്ങൾ(സഹായം ലഭിച്ചവരുൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 197 | 30 | 22 | 3 | | 197 |
| 2 | 46 | 6 | 6 | 2 | | 46 |
| 3. | 195 | 46 | 34 | 14 | | 195 |
| 4 | 156 | 35 | 19 | 8 | | 156 |
| 5. | 201 | 13 | 26 | 6 | | 201 |
| 6. | 190 | 58 | 67 | 46 | | 190 |
| 7 | 203 | 47 | 17 | 9 | | 203 |
| 8 | 183 | 91 | 42 | 27 | | 183 |
| 9 | 244 | 129 | 7 | 5 | | 244 |
| 10 | 273 | 48 | 78 | 41 | | 273 |

സാമ്പത്തിക നിലയിൽ പഞ്ചായ ത്തിലെ ജനങ്ങളെ മൂന്നായി തരം തിരിക്കാം. സമ്പന്നർ, ഇടത്തര ക്കാർ, നിർദ്ധനർ. ഇതിൽ മറ്റു വിഭാഗക്കാരുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണ്. ഈ വിഭാഗത്തിൽപെട്ടവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടങ്കിലും അതു വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് ഒരു പ്രധാന വസ്തുത.

ട്രൈസം തൊഴിൽ പദ്ധതി പ്രകാരം വിവിധ തൊഴിലുകളിൽ പരിശീലനം സിദ്ധിച്ചവർ പഞ്ചായത്തിൽ തുലോം പരിമിതമാണ്.

പട്ടിക 3

ട്രൈസം - തൊഴിൽ പരിശീലനം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ച വരുടെ എണ്ണം. | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവ രുടെ എണ്ണം | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1. | ഇലകട്രീഷൻ | 2 | 2 | - | - |
| 2. | ടെയ്ലറിംഗ് & എംബ്രോയ്ഡറി | 2 | 2 | - | - |
| 3. | ആട്ടോ മൊബൈൽ | 2 | 2 | - | - |
| | T.V മെക്കാനിക്ക് | 2 | 2 | - | - |
| 4. | പ്രിൻറിംഗ് & കമ്പോസിംഗ് | 3 | 3 | | - |
| | T.V. മെക്കാനിക്ക് | 1 | 1 | - | - |
| 5. | ഇലക്ട്രീഷൻ | 2 | - | 2 | - |
| | പ്രിൻറിംഗ് & കംമ്പോസിംഗ് | 2 | - | 2 | - |
| 6. | ഇല്ല | - | - | - | - |
| 7. | ഇലകട്രീഷൻ | 1 | - | 1 | - |
| | പ്രിൻറിംഗ് & കംമ്പോസിംഗ് | 1 | - | 1 | - |
| 8. | ഇല്ല. | - | - | - | - |
| 9. | മേസ്ത്രി | 7 | 7 | - | - |
| | കമ്പോസിംഗ് | 1 | 1 | 1 | - |
| 10. | ഓട്ടോമൊബൈൽ | 1 | 1 | - | - |
| | ആശാരി | 1 | 1 | - | - |
| | റേഡിയോ മെക്കാനിക്ക് | 1 | 1 | - | - |

D. W.C.R.A പ്രകാരം നടക്കുന്ന തൊഴിൽ പദ്ധതികളും പഞ്ചായത്തിലെ തൊഴിൽ രഹിതർ വേണ്ടവിധത്തിൽ പ്രയോജന പെടുത്തിയിട്ടില്ല.

പട്ടിക 4.

D.W.C.R.A പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അഗംങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1. | - | | - | - |
| 2 | - | | - | - |
| 3. | - | | - | - |
| 4 | - | | - | - |
| 5. | ഡെയറിയൂണിറ്റ് | 1994-95 | 10 | നന്നായിപ്രവർത്തിക്കുന്നു. |
| 6. | നടന്നിട്ടില്ല. | | | |
| 7. | | | | |
| 8. | നടന്നിട്ടില്ല. | | | |

മറ്റു വിവിധയിനം തൊഴിൽ ദാനപദ്ധതികളും സാമൂഹ്യക്ഷേമ സംരഭങ്ങളും സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും ഇനി ഇതിൽ 25% പോലും തൊഴിൽ രഹിതരായ അഭ്യസ്ഥവിദ്യർ പ്രയോജനപ്പെടുത്തുന്നില്ല.

പട്ടിക 5 പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധിക്യ പെൻഷൻ | അവശകലാകാര സാഹിത്യകാര പെൻഷൻ | അവശകായിക താര പെൻഷൻ | ക്ഷയരോഗി പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | കാൻസർരോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| പെരുന്നാട് | | 43 | 15 | 7 | | | 7 | | 10 | 125 | 99 |
| കൊല്ലമുള | 3 | 2 | | | | | | | | 10 | പുതിയ രജിസ്ട്രേഷൻ |

## വികലാംഗർ

ആകെ 160 പേരാണ് പഞ്ചായത്തിൽ വികലാംഗരായി പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 107 പേർ പുറുഷൻമാരും 53 പേർ സ്ത്രീകളുമാണ്. വികലാംഗ പെൻഷൻ കൈപ്പറ്റുന്നവർ 1 5 പേർ മാത്രമാണ്.

ഭവന നിർമ്മാണം.

സ്വന്തമായി വീടില്ലാത്തവർക്കും വീടുനിർമ്മിക്കാൻ സാമ്പത്തിക ശേഷിയില്ലാത്തവർക്കും വീടുനിർമ്മിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികളിൽപെടുത്തി വീടുവയ്ക്കാൻ ധനസഹായം നൽകുന്നു. ഇതിൽ I.R.D.P സർവ്വേ പ്രകാരം വീട് ആവശ്യമുള്ളവരുടെ വിവരം ലഭ്യമല്ല. 1995 ൽ J.R.Y പദ്ധതിപ്രകാരമുള്ള ഭവന പദ്ധതിക്ക് 63 പേർ പഞ്ചായത്തിൽ അപേക്ഷനൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമസഭകളിലൂടെ വളെരെയേറെപേർ ഭവന നിർമ്മാണ വായ്പ ആവശ്യപ്പെട്ടിട്ടുണ്ട്.

പട്ടിക 6.

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (I.R.D.P സർവ്വേപ്രകാരം) | വിവിധ പരിപാടികളിലായി അനുവധിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പണിയാരംഭിച്ചതിൽ ഇനി പൂർത്തിയാക്കാനുള്ളവീടുകൾ | ഇനിയനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1. | | 3 | 2 | 1 | |
| 2. | | 1 | 1 | - | |
| 3 | | 19 | 1 | - | |
| 4. | | 15 | 10 | 5 | |
| 5. | | 4 | 3 | 1 | |
| 6. | | 16 | 12 | 4 | |
| 7. | | 9 | 9 | - | |
| 8. | | 31 | 15 | 16 | |
| 9. | | 36 | 17 | - | |

കക്കൂസുകൾ

സാമൂഹ്യ പ്രവർത്തന രംഗത്ത് ആരോഗ്യ പരിപാലനം നിർണ്ണായകമാണ്. ആരോഗ്യപരിപാലനത്തിൻെറ ഭാഗമായി എല്ലാ ഭവനങ്ങളിലും കക്കൂസ് എന്ന ലക്ഷ്യം ഇനിയും വിദൂരമാണ്.

പട്ടിക 7

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992 ശേഷം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം. |
|---|---|---|---|---|
| 1 | | 5 | 5 | |
| 2. | | 2 | 2 | |
| 3 | | 2 | 2 | |
| 4 | | 2 | 2 | |
| 5. | | 6 | 6 | |
| 7. | | 3 | 0 | |
| 8. | | - | - | |
| 9. | | 6 | 6 | |
| 10 | | 3 | 3 | |

ആരോഗ്യ പരിപാലനത്തിന് പരിസ്ഥിതി പ്രധാന ഘടകമാണ്. വനനശീകരണം വ്യാപകമായികൊണ്ടിരിക്കുന്ന ഇക്കാലങ്ങളിൽ വനവൽക്കരണം ഒഴിച്ചു കൂടാൻ പാടില്ലാത്ത ഒരു ഘടകമാണ്.

## തൈകളുടെ വിവരം.

| | ഉത്പാദിപ്പിക്കുന്ന തൈകളുടെ ഇനം | ആകെ ഉത്പാദിപ്പിച്ച തൈകളുടെ എണ്ണം | | | | | വിതരണം നടത്തിയതിന്റെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 1991 | 1992 | 1993 | 1994 | 1995 | 1991 | 1992 | 1993 | 1994 | 1995 |
| 1. | ന്നുൽബീസ്യ | | | | 7322 | | | | | | 7322 |
| 2. | തേക്ക് | | | | 1671 | | | | | | 1671 |
| 3. | നെല്ലി | | | | 689 | | | | | | 689 |
| 4. | അകത്തിചീര | | | | 14 | | | | | | 14 |
| 5. | ചന്ദനം | | | | 27 | | | | | | 27 |
| 6. | പേര | | | | 27 | | | | | | 27 |
| | ആകെ | | | | 10295 | | | | | | 10295 |

# ബാലവാടികൾ അംഗൻവാടികൾ മഹിളാസമാജങ്ങൾ

സാമൂഹ്യ ക്ഷേമവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന മഹിളാസമാജമാണ് M.S.S ബോധവൽക്കരണ ക്യാമ്പുകൾ തുടങ്ങി സർക്കാർ ആവിഷ്ക്കരിക്കുന്ന ആരോഗ്യപരമായ രംഗങ്ങളിലെല്ലാം. M.S.S. ഡിപ്പാർട്ടുമെൻറുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.

ഇതുകൂടാതെ പൊതു പ്രവർത്തന രംഗത്ത് പഞ്ചായത്തിൽ ആകെ പതിനൊന്നു മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നണ്ട്.

## അംഗൻവാടികൾ

അംഗൻവാടികൾ നിലവിൽ പ്രവർത്തിക്കുന്നവ രണ്ടെണ്ണം മാത്രമാണ്. പുതിതായി 25 എണ്ണം അനുവദിച്ചിടുണ്ട്. ഗ്രാമസഭകളിലും വിവിധ വാർഡുകളിൽ നിന്നു അംഗവാടികൾക്കുള്ള നിർദ്ദേശം വന്നിരിന്നു. അനുവദിച്ച അംഗൻ വാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമാക്കേണ്ടതാണ്.

## പൊതുവിവരണ ശൃംഗല.

പഞ്ചായത്തിൽ ആകെ 13 റേഷൻ ഷാപ്പുകൾ ആണുള്ളത്. അതിൽ ഒന്ന് പെരുന്നാട് സർവ്വീസ് സഹകരണ ബാങ്കിൻെറ അധീനതയിലുള്ളതാണ്. ബാക്കിയുള്ളവ സ്വകാര്യ വ്യക്തികൾ നടത്തുന്നതാണ്. പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോർ പെരുനാട്ടിൽ പ്രവർത്തിക്കുന്നു. പമ്പാവാലി സർവ്വീസ് സഹകരണബാങ്ക് ഒരു കൺസ്യൂമർ സ്റ്റോറു നടത്തുന്നുണ്ട് . 2,6,9 എന്നീ വാർഡുകളിൽ പെതുവിവരണ കേന്ദ്രങ്ങളില്ല.

## മദ്യവർജന സമിതി

സംസ്ഥാന സർക്കാർ മുഖ്യമന്ത്രി ചെയർമാനായി മദ്യവർജന സമിതി രൂപീകരിക്കുന്നതിനു മുൻപുതന്നെ റാന്നി പെരുന്നാട് പഞ്ചായത്തിൽ പ്രസിഡൻറിൻെറ നേതൃത്വത്തിൽ മദ്യവർജന സമിതിക്കു രൂപം നൽകി പ്രവർത്തനം ആരംഭിച്ചിരുന്നു. പഞ്ചായത്തിൻെറ സാമൂഹ്യ ക്ഷേമപരിപാടികളിൽ പ്രഥമപരിഗണനനൽകി വാർഡു തലസമിതികളും വാർഡുകളിൽ അയൽകൂട്ടങ്ങളും രൂപീകരിച്ച് പ്രവർത്തനങ്ങളാരംഭിച്ചു. ആദ്യം മദ്യവിമുക്തമാകുന്നവാർഡിൻെറ വികസന പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപാ പാരിതോഷികമായി പ്രഖ്യാപിച്ച് പ്രവർത്തനം ശക്തിപ്പെടുത്തിയതും സംസ്ഥാനത്തുതന്നെ ആദ്യ സംരഭമാണ്. ബോധവൽക്കരണത്തിലൂടെ, മദ്യാസക്തരായ ആളുകളെ അതിൽ നിന്നും പിന്തിരിയിപ്പിക്കുക എന്നതാണ് സമിതിയുടെ മുദ്രാവാക്യം.

## പ്രശ്നങ്ങൾ.

1. വിവിധ മേഖലകളിൽ I.R.D.P. സർവ്വേ പൂർത്തിയായിട്ടില്ല.
2. ട്രൈസം തൊഴിൽ പരിശീലനം എല്ലാവർക്കും ലഭിക്കുന്നില്ല.
3. D.W.C.R.A. യൂണിറ്റുകൾ പഞ്ചായത്തിൻെറ രണ്ടുവാർഡുകളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു.
4. വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധിക്കകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, അഗതി പെൻഷൻ മുതലായവ അർഹരായവർക്കെല്ലാം ലഭ്യമല്ല.

5. കക്കൂസുകളുടെ അപര്യാപ്തത മലിനീകരണത്തിനു കാരണമാകുന്നു.

6. വനനശീകരണം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

7. വിവിധ ക്ഷേമ പദ്ധിതികളെകുറിച്ചുള്ള ജനങ്ങളുടെ അറിവില്ലായ്മ

8. സാമൂഹ്യ ക്ഷേമവകുപ്പിന്റെ സേവനങ്ങൾ മതിയായ രീതിയിൽ ലഭ്യമല്ല.

9. പൊതുവിതരണ ശൃംഗല കാര്യക്ഷമമല്ല.

10. 2, 6, 9 വാർഡുകളിൽ പൊതുവിതരണ കേന്ദ്രങ്ങൾ ഒന്നുമില്ല.

11. സാമൂഹ്യ ക്ഷേമ പ്രവർത്തന രംഗത്ത് ബഹുജനസംഘടനകളുടെ പ്രവർത്തനത്തിൽ വന്ന മുരടിപ്പ്

12. പ്രധാന ജംഗ്ഷനുകളിൽ വെയിറ്റിംഗ് ഷെഡ്, കംഫർട്ട് സ്റ്റേഷൻ മുതലായവ നിലവിലില്ല.

13. ആദിവാസി ഭൂമിക്ക് പട്ടയമില്ല.

14. വാർത്താ വിനിമയ സൗകര്യങ്ങളുടെ അഭാവം.

## പരിഹാര നിർദ്ദേശം

1. വിവിധ മേഖലകകളിൽ I.R.D.P സർവ്വേ പൂർത്തീകരിക്കുക.

2. ട്രൈസം തൊഴിൽ പരിശീലനം കൂടുതൽ പേർക്ക് ലഭിക്കത്തക്കവിധത്തിൽ ക്രമീകരിക്കുക.

3. D.W.C.R.A യൂണിറ്റുകൾ ഇല്ലാത്ത 8 വാർഡുകളിലും സ്ഥാപിക്കുക.

4. സർവ്വേ നടത്തി വിവിധ് പെൻഷനുകൾക്ക് അർഹരായവരെ കണ്ടെത്തി പെൻഷൻ ലഭ്യമാക്കുക.

5. കക്കൂസുകളില്ലാത്ത വീടുകളിൽ ചെലവുകുറഞ്ഞരീതിയിൽ കക്കൂസുകളുണ്ടാക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

6. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ വനനശീകരണം കർശനമായി തടയുക. വീടിനൊരു മരം എന്ന ആശയം പ്രാവർത്തികമാക്കുക.

7. വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുക.

8. സാമൂഹ്യക്ഷേമവകുപ്പിന്റെ സേവനങ്ങൾ സാർവ്വത്രീകമാക്കുക.

9. പൊതുവിതരണ ശൃംഗല കാര്യക്ഷമമാക്കുക.

10. 2,6,9 വാർഡുകളിൽ അടിയന്തിരമായി അനുവദിക്കുക.

11. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ ബഹുജന സംഘടനകൾ അർപ്പണബോധത്തോടെ സേവനം നടത്തുക.

12. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ എല്ലാം കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

13. ആദിവാസി ഭൂമികൾക്ക് പട്ടയം നൽകുക.

14. വാർത്താവിനിമയ സൗകര്യങ്ങൾ ഇല്ലാത്ത പമ്പാവാലി മേഖല (6,9,10 വാർഡുകൾ) യിൽ പോസ്റ്റോഫീസ്, ടെലഫോൺ എക്സ്ചേഞ്ച് എന്നിവ തുടങ്ങുക.

15. വൃദ്ധ സദനങ്ങൾ സ്ഥാപിക്കുക.

16. പഞ്ചായത്തിൽ തക്കതായ സ്ഥാനം കണ്ടുപിടിച്ച് പൊതുശ്മശാനം സ്ഥാപിക്കുക.

# 5.8

# സംസ്ക്കാരം

**ഏതു വേദത്തിലുണ്ടന്യമതസ്ഥരെ**
**സ്നേഹിക്കരുതെന്ന തത്വം?**
**ഏതു വേദത്തിലുണ്ടന്യമതസ്ഥരെ**
**ദ്രോഹിക്കണമെന്ന തത്വം?**
**ഗീതയിലുണ്ടോ ഖുറാനിലുണ്ടോ**
**ബൈബിളിലുണ്ടോ പറയൂ......?**

ഏതൊരു ജനതയുടേയും സാംസ്ക്കാരിക ചരിത്രം അവിടുത്തെ നദികളോടു ബന്ധപ്പെട്ടിരിക്കുന്നു. പെരുനാടിൻെറ കഥയും വിഭിന്നമല്ല. അത് പമ്പാ നദിയുടേയും കക്കാട്ടാറിൻേറയും സാന്നിദ്ധ്യം കൊണ്ട് പെരുമയാർജ്ജിച്ച പ്രദേശമാണ്.

## മതങ്ങളും ആരാധനാലയങ്ങളും

1991 ലെ കാനേനേഷുമാരിക്കണക്കനുസരിച്ച് പെരുനാട്ടിലെ ജനസംഖ്യ 22130 ആണ്. വിവിധ മത വിശ്വാസികൾ ഇതിൽ പെടുന്നു. ഹിന്ദു -ക്രിസ്തു - ഇസ്ലാം മതങ്ങളാണ് ഇവിടെ പ്രധാനമായുള്ളത്. ഗ്രാമത്തിൻെറ മിക്ക ഭാഗങ്ങളിലും ഏതെങ്കിലുമോരു മതത്തിൻെറ ആരാധനാലയം ഉണ്ടാകും. ശബരിമല അയ്യപ്പക്ഷേത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മതസാഹോദര്യത്തിൻെറ ഏറ്റവും വലിയ സംഗമക്ഷേത്രമാണത്. വ്രത വിശുദ്ധിയുള്ള ഏതൊരു മനുഷ്യനും നിഷ്ഠകൾ പാലിച്ച് അവിടെയെത്തി ദർശനം നടത്താം. ശബരിമലയോടു ബന്ധപ്പെട്ട ക്ഷേത്രമാണ് പെരുനാട്ടിലെ കക്കാട്ടു കോയിക്കൽ ശാസ്താക്ഷേത്രം. ശബരിമല യിലെ പൂജാവിഗ്രഹത്തിലണിയിക്കുന്ന തിരുവാഭരണങ്ങൾ പെരുന്നാട്ടിലെ ക്ഷേത്രബിംബത്തിലും അണിയിക്കാറുണ്ട്. നിലക്കൽ ക്ഷേത്രം, കാവനാൽ ശിവക്ഷേത്രം, മാടമൺ ഋഷികേശ ക്ഷേത്രം, പൂവത്തുംമൂട് നാഗരാജക്ഷേത്രം, കോട്ടൂപ്പാറ ശിവപാർവ്വതീക്ഷേത്രം എന്നിവയാണ് ഇതരഹൈന്ദവ ആരാധനാലയങ്ങൾ ബഥനി പള്ളിയാണ് ക്രൈസ്തവദേവാലയങ്ങളിൽ ഏറ്റവും പഴയത്. തുലാപ്പള്ളി, മടത്തുംമൂഴി, മാമ്പാറ, ബഥനിമല പള്ളികൾ പിന്നീടുണ്ടായവയാണ്. വ്യത്യസ്ത ക്രൈസ്തവവിഭാഗങ്ങളുടെ മറ്റ് പ്രാർത്ഥനാലയങ്ങളും പെരുനാടിൻെറ പല

ഭാഗങ്ങളിലുമുണ്ട്. വ്യത്യസ്ത ക്രൈസ്തവ വിഭാഗങ്ങൾക്ക് ഒന്നിച്ചുള്ള ആരാധനക്കായി ളാഹ, പെരുനാട് എസ്റ്റേറ്റ് എന്നീ സ്ഥലങ്ങളിൽ യൂണിയൻ ചർച്ചുകളും ഉണ്ട്മുസ്ലീങ്ങളുടെ പ്രധാന ആരാധനാലയങ്ങൾ മണക്കയത്തിനടുത്തുള്ള പൊട്ടൻ മൂഴി, കോട്ടക്കുഴി, ളാഹ, കീഴ്പ്പുരട്ട്, പെരുന്നാട് എസ്റ്റേറ്റ് എന്നിവിടങ്ങളിലാണുള്ളത്. ഇവ കൂടാതെ തമിഴ് വംശജർക്കെയുള്ള അമ്മൻ കോവിൽ ളാഹ എസ്റ്റേറ്റിലുണ്ട്. ഏതു മത വിഭാഗത്തിൻെറയായാലും ഉൽസവങ്ങളും പെരുന്നാളുകളും ആഘോഷിക്കുമ്പാൾ നാടിനൊറ്റ മനസ്സാണുള്ളത്. നാടിൻെറ ഉൽസവമായി ആഘോഷങ്ങൾ മാറുന്നതാണ് ഇവിടുത്തെ പതിവ്.

ജാതി ഘടന ഇവിടെ ശക്തമാണ്. എന്നാൽ അതു മൂലമുള്ള പ്രശ്നങ്ങൾ ഇപ്പോൾ വിരളമാണെന്ന പ്രത്യേകത എടുത്തുപറയേണ്ടിയിരിക്കുന്നു. ശ്രീ നാരായണ പ്രസ്ഥാനങ്ങളും, ക്രസ്ത്യൻ സംഘടനകളും, വെള്ളാള മഹാസഭയും, N.S.S.-ഉം, മുസ്ലീം സംഘടനകളും മറ്റും ഇവിടെ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്

## സാമൂഹ്യ വർഗ്ഗങ്ങൾ

നാണ്യവിളയായ റബ്ബറിൻെറ മേഖലയാണ് പെരുനാട്. അതുകൊണ്ട് തോട്ടം തൊഴിലാളികളുടെ സാന്നിദ്ധ്യം ഇവിടുത്തെ സമൂഹത്തിൽ ശക്തമാണ്. ആത്മാർത്ഥമായി പണിയെടുക്കുവാനും അതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ നേടാനും തൊഴിലാളികൾ മുന്നിലാണ്. തൊഴിലാളി വർഗ്ഗത്തെ പ്പോലെ തന്നെ കർഷകരും സംഘടിതരും ശക്തരുമാണ്. ഇരുവരുടേയും അയവില്ലാത്ത നിലപാടുകൾ മൂലം ചിലപ്പോൾ സമരങ്ങൾ തന്നെയുണ്ടായിട്ടുണ്ട്.

രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പെരുനാട് നല്ല വിളഭൂമി യായിരുന്നിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ ക്ഷേമം ലാക്കാക്കി രാഷ്ട്രീയ പാർട്ടി കൾക്ക് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1977 - ൽ മണക്കയത്തു തടന്നമിച്ചഭൂമി സമരത്തോടനുബന്ധിച്ച് ആരാധ്യനായ സ:ഏ.കെ.ജി. ഇവിടെ സന്ദർശിച്ചിട്ടുണ്ട്.

ബഹുജന പ്രസ്ഥാനത്തിൽ കേരള ശാസ്ത്രസാഹിത്യപരിഷത്ത് പെരുന്നാട് യൂണീറ്റിൻെറ പ്രവർത്തനം പ്രത്യേക പരാമർശമർഹിക്കുന്നു. പരിഷത്തിൻെറ പ്രാദേശിക ഘടകങ്ങളിൽ ഏറ്റവും ശക്തമായ ഈ യൂണിറ്റിന് സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി, ആരോഗ്യപ്രശ്നങ്ങളിൽ ബോധവൽക്കരണം നടത്താൻ പരിഷത്തിന് കഴിഞ്ഞിരിക്കുന്നു. സാമൂഹ്യജീവിതത്തിലെ ഏതെങ്കിലും ക്രമക്കേട് കണ്ടാൽ ഇക്കാര്യം പരിഷത്തുകാരെ അറിയിക്കണം എന്ന് സാധാരണക്കാരേ ക്കൊണ്ടുപോലും പറയിക്കാൻ തക്ക വളർച്ച ഇവിടെ പരിഷത്തിനു ണ്ടായിട്ടുണ്ട്.

മദ്യവർജ്ജന സമിതിയാണ് സജീവമായി രംഗത്തുള്ള മറ്റൊരു പ്രസ്ഥാനം. വിസ്തൃതമായ ഈ ഗ്രാമ പ്രദേശം മദ്യവിമുക്തമാക്കുക എന്ന ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സമിതികൾ അധോലോകത്തിൻെറ ശക്തമായ എതിർപ്പുണ്ടെങ്കിലും ഇതിൻെറ സാന്നിദ്ധ്യം അവ ഗണി ക്കാനാവാത്തതായിരിക്കുന്നു.

# വിദ്യാഭ്യാസരംഗം

സമഗ്ര വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട സ്ക്കൂൾ കോംപ്ലക്സ് വിദ്യാഭ്യാസരംഗത്ത് ഒരു ചുവട് മുന്നിൽ നിൽക്കുവാൻ പഞ്ചായത്തിനെ അർഹമാക്കിയിരിക്കുന്നു. ഈ പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലേയും അദ്ധ്യാപകരെ ഈ പദ്ധതിയിൽ കൊണ്ടുവന്ന് വിദ്യാഭ്യാസനിലവാരം ഉയർത്തുന്ന രീതിയിൽ ബോധവത്ക്കരണം നടത്താൻ സ്ക്കൂൾ കോംപ്ലക്സ് ഉപകരിച്ചിട്ടുണ്ട്.

ഏതൊരു നാടിൻേറയും സംസ്ക്കാരം വിദ്യാഭ്യാസസ്ഥാപനങ്ങളേക്കൂടാതെ രേഖപ്പെടുത്താനാവില്ല. പെരുനാട് പഞ്ചായത്തിൽ ഇപ്പോൾ രണ്ട് എൽ.പി, രണ്ട് യു.പി, മൂന്ന് എച്ച്.എസ് എന്നിങ്ങനെയാണ് സ്ക്കൂളുകളുടെ എണ്ണം. ഈ വിദ്യാലയങ്ങൾ പെരുനാടിൻെറ കുരുന്നുകളെ വളർത്തിയെടുക്കുന്നു. എന്നാൽ ഉപരി വിദ്യാഭ്യാസത്തിനുള്ള ഉപാധികളൊന്നും തന്നെ ഇല്ലെന്നുള്ളത് വലിയൊരു കുറവാണ്. അതിനാൽ ഒരു ആർട്സ് ആൻറ് സയൻസ് കോളേജ് അടിയന്തിരമായി ഇവിടെ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

**<u>സാംസ്ക്കാരിക സ്ഥാപനങ്ങൾ</u>**

ജന ജീവിതത്തിന് വെളിച്ചമേകാൻ സഹായിക്കുന്ന ഒരു പിടി സാംസ്ക്കാരിക സ്ഥാപനങ്ങൾ പെരിനാട്ടിലുണ്ട്.

**പട്ടിക 1.**

| വാർഡ് | സാംസ്ക്കാരിക സ്ഥാപനങ്ങൾ |
|---|---|
| 1 | ഇല്ല |
| 2 | ദേശബന്ധു മഹിളാ സമാജം മുക്കം<br>ശ്രീനാരായണ മഹിളാ സമാജം മുക്കം |
| 3 | ശക്തി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് മാടമൺ<br>കോറസ് ആർട്സ് ക്ലബ് കോട്ടപ്പാറ<br>കൈരളി മഹിളാസമാജം |
| 4 | ദേശസേവിനി മഹിളാ സമാജം കക്കാട് |
| 5 | സാംസ്ക്കാരിക നിലയം മടത്തുംമൂഴി<br>പെരുന്നാട് എസ്റ്റേറ്റ് വർക്കേഴ്സ് റിക്രയേഷൻ ക്ലബ്<br>ലോവർ ഡിവിഷൻ സ്റ്റാഫ് റിക്രയേഷൻ ക്ലബ്<br>കലാരഞ്ജിനി ആർട്സ് ക്ലബ് കണ്ണന്നുമണ്ണ്<br>ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് കണ്ണന്നുമണ്ണ്<br>വെൺകുളം കലാസമിതി<br>നെടുമൺ കലാസമിതി |
| 6 | ഗാന്ധിമതി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് നാറാണം തോട്<br>ചിരാത് ആർട്സ് ക്ലബ് തുലാപ്പള്ളി<br>ഗ്രാമവികസന കർമ്മ സമിതി അട്ടത്തോട്<br>സുരഭി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് അട്ടത്തോട് |
| 7 | ഇല്ല |
| 8 | പുതുക്കട എസ്റ്റേറ്റ് വർക്കേഴ്സ് റിക്രിയേഷൻ ക്ലബ്<br>ളാഹ എസ്റ്റേറ്റ് റിക്രിയേഷൻ ക്ലബ് |
| 9 | ഇല്ല |
| 10 | ഇല്ല |



## ഗ്രന്ഥശാലകളും വായനശാലകളും

പട്ടിക 2.

| വാർഡ് | ഗ്രന്ഥശാലയുടെ പേര് | റിമാർക്ക് |
|---|---|---|
| 1 | പബ്ലിക് ലൈബ്രറി | പ്രവർത്തിക്കുന്നില്ല. |
| 2 | ശബരിഗിരി ഗ്രന്ഥശാല മുക്കം | പ്രവർത്തിക്കുന്നു |
| 3 | കൈരളി ഗ്രന്ഥശാല മാടമൺ | പ്രവർത്തിക്കുന്നു |
| 4 | ഇല്ല | |
| 5 | പഞ്ചായത്ത് ഗ്രന്ഥശാല മത്തുമൂഴി | പ്രവർത്തിക്കുന്നു |
| | ജനരഞ്ജിനി വയറംമരുതി | പ്രവർത്തിക്കുന്നില്ല |
| 6 | ഗാന്ധിമതി ഗ്രന്ഥശാല നാറാണംതോട് | പ്രവർത്തിക്കുന്നു |
| 7 | ഹൈസ്കൂൾ ലൈബ്രറി പെരുനാട് | പ്രവർത്തിക്കുന്നു |
| 8 | ഇല്ല | |
| 9 | ഇല്ല | |
| 10 | ഇല്ല | |

ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനങ്ങൾ ആശാവഹമല്ല. ജനങ്ങൾ പുസ്തകങ്ങളിൽ നിന്നകന്നുപോകുന്നതിന്റെ സൂചനയാണ് കാണുന്നത്. വൈകുന്നേരങ്ങളിൽ പുസ്തകങ്ങളുമായി ഗ്രന്ഥശാലയിലേക്കു പോകുന്ന യുവലോകം അത്യപൂർവ്വമായ കാഴ്ചയാണിന്ന്. മിക്കവരുടേയും വായന വാരികകളിലൂടെ നമ്മുടെ മേൽ ചാടി വീഴുന്ന പൈങ്കിളി സാഹിത്യത്തിലൊതുങ്ങുന്നു. അതിന്റെ പിടിയിൽ നിന്നു രക്ഷപെട്ടു ചെന്നു വീഴുന്നത് ഒരു പക്ഷേ ടി.വി. യുടെ മുന്നിലായിപ്പോകും. അങ്ങനെയും പുസ്തകത്തിന്റെ സൗഹൃദം നഷ്ടമാകുന്നു. തൊട്ടാൽ പൊള്ളുന്ന വിലയും ഫണ്ടിന്റെ അലഭ്യതയും ഗ്രന്ഥശാലകളിൽ പുസ്തകങ്ങളുടെ എണ്ണം കൂടാതിരിക്കാൻ കാരണമാണ്. പക്ഷേ വായനയുടെ കാര്യത്തിൽ ജനം മുന്നിലാണ്. 90% ആളുകൾ ഏതെങ്കിലും വാരികകളെങ്കിലും വാങ്ങി വായിക്കുന്നുണ്ട്.

## പത്രമാസികകളുടെ പ്രചാരം

പട്ടിക 3.

പഞ്ചായത്തിലെ പ്രചാരത്തിലുള്ള പത്രമാസികകൾ

| No: | പത്രത്തിന്റെ പേര് | എണ്ണം | % | വീക്കിലി | % |
|---|---|---|---|---|---|
| 1 | മലയാള മനോരമ | 372 | 52 | 599 | 58 |
| 2 | കേരളകൗമുദി | 113 | 16 | 26 | 2.50 |
| 3 | മാതൃഭൂമി | 128 | 18 | 5 | 0.50 |
| 4 | ദേശാഭിമാനി | 60 | 9 | 0 | 0 |
| 5 | ഇന്ത്യൻ എക്സ്പ്രസ്സ് | 27 | 4 | 0 | 0 |
| 6 | മംഗളം | 5 | 1 | 400 | 39 |
| | *6,9,10 വാർഡുകളിലെ വിവരം ലഭ്യമല്ല | | | | |

# ക്ലബ്ബുകൾ, കായിക സമിതികൾ

പട്ടിക 4

| വാർഡ് | സാംസ്ക്കാരിക സംഘടനകൾ |
|---|---|
| 1 | ഇല്ല |
| 2 | ഇല്ല |
| 3 | ഇല്ല |
| 4 | ഐശ്വര്യ മഹിളാ സമാജം മാമ്പാറ |
| | S N D P യൂത്ത് മൂവ് മെൻറ് മാമ്പാറ |
| | സംസ്ക്കാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് കക്കാട് |
| | കക്കാട് ആർട്സ് ആൻറ് സ്പോർട്സ് സംഘം മാമ്പാറ |
| | ഞാറാഴ്ചക്കൂട്ടം മാമ്പാറ കിഴക്ക് |
| 5 | ഇല്ല |
| 6 | മദ്യവർജ്ജന സമിതി നാറാണം തോട് |
| 7 | പൗരസമിതി കൂനംകര |
| | വൈ.എം.സി.എ മഠത്തുംമൂഴി |
| | ചലഞ്ചേഴ്സ് ക്ലബ് R. പെരുനാട് |
| | ബഥനി സെൻറ് തോമസ് യുവജന പ്രസ്ഥാനം |
| 8 | ഇല്ല |
| 9 | ഇല്ല |
| 10 | CARD തുലാപ്പള്ളി |

കലാസമിതികളിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്. മഹിളാ സമാജങ്ങളിൽ മാത്രമൊതുങ്ങുന്നു വനിതാ വിഭാഗത്തിൻെറ പ്രവർത്തനങ്ങൾ. സാമൂഹ്യപ്രവർത്തനങ്ങളുടെ മുഖ്യധാരയിലേയ്ക്ക് അവരെ കൊണ്ടുവരുന്ന പ്രവർത്തനശൈലി വിവിധ പ്രസ്ഥാനങ്ങൾ സ്വീകരിക്കുവാൻ വൈകിക്കൂടാത്തതാണ്.

**<u>ടെലിവിഷനും മറ്റും</u>**

ടെലിവിഷൻ ഗ്രാമങ്ങളിലേക്കെത്തിയതോടെ സാംസ്ക്കാരിക ജീവിതത്തിൻെറ താളം താറുമാറാകുകയായിരുന്നു. വ്യക്തി ബന്ധങ്ങൾക്കും പുസ്തകവായനക്കുമെല്ലാം അവധി കൊടുത്തിട്ട് ആ സമയം കൂടി മണ്ടൻ പെട്ടിയുടെ മുന്നിൽ അടിയറ വച്ചു. ഇപ്പോൾ കേബിൾ ടി.വി. യും കൂടിയായപ്പോൾ ദിവസത്തിൻെറ 24 മണിക്കൂറും നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു. എങ്ങനെ 4 പുസ്തകം വാങ്ങി സ്വന്തമാക്കാം എന്ന ചിന്ത ആരെയും അലട്ടാതിരിക്കുമ്പോൾ കേബിൾ ടി.വി. യോ ഡിഷ് ആൻറിനയോ കൂടുതൽ പരിപാടി കിട്ടാൻ സഹായകം എന്ന് തലപുകഞ്ഞാലോചിക്കുകയാണ് ഇപ്പോഴത്തെ ഫാഷൻ.

സിനിമാ തീയേറ്റർ പെരുനാട്ടിൽ ആദ്യമായി തുടങ്ങിയത് 40 വർഷം മുമ്പാണ്. വൈദ്യുതി പോലും എത്തുന്നതിനു മുമ്പ് സിനിമയുടെ അത്ഭുതപ്രപഞ്ചം ഗ്രാമത്തിന് കാട്ടിക്കൊടുത്തത് പ്രകാശ് തീയേറ്ററാണ്. കുറേക്കാലത്തിനുശേഷം അത് നിലച്ചപ്പോൾ മടത്തുമൂഴിയിൽ വിനോദ ടാക്കീസ് ആരംഭിച്ചു. പിന്നീട് അത് നിന്നു പോയി. ഇപ്പോൾ നിലവിവുള്ളത് പെരുന്നാട്ടിലുള്ള ജ്യോതി തീയേറ്ററാണ്. ഗ്രാമത്തിൻെറ അഭിരുചികളെ പൂർണ്ണമായി തൃപ്തിപ്പെടുത്താൻ ജ്യോതിക്ക് കഴിയുന്നുണ്ടോ എന്ന് സംശയമാണ്.

## കായിക സംസ്ക്കാരം

നാട്ടിൽ അങ്ങിങ്ങായുള്ള ക്ലബുകളാണ് ഈ ഗ്രാമത്തിൻെറ കായികരംഗം സജീവമായി നിലനിർത്തുന്നത്. എന്നാൽ സ്വന്തമായി കളിസ്ഥലങ്ങളുള്ളവ അപൂർവ്വമാണ്. എൽ.പി. സ്ക്കൂളുകളിലൊന്നിനും സ്വന്തമായി കളി സ്ഥലമില്ല. സ്പോർട്സ് മത്സരങ്ങൾ ഗ്രാമത്തെ മുഴുവൻ പങ്കെടുപ്പിച്ചുകൊണ്ടു നടത്തുന്ന നിലയിലേയ്ക്ക് ഇനിയും ഉയർന്നിട്ടില്ല. സ്ത്രീകൾക്ക് മാത്രമായി കളി സ്ഥലം ഉണ്ടായെങ്കിൽ മാത്രമേ ആ വിഭാഗത്തിൻെറ കായിക പരിശീലനത്തിന് പുരോഗതിയുണ്ടാവുകയുള്ളൂ.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ നല്ല ഗ്രന്ഥശാലകളും വായനശാലകളും പൊതുവെ കുറവാണ്. പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളിൽതന്നെ വൈജ്ഞാനിക സാഹിത്യശാഖയിൽപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങൾ തുലോം വിരളമാണ്.
2. സംസ്കാരിക നായകൻമാരുടെ സാമീപ്യവും സഹകരണവും ചിലപ്പോഴൊക്കെയെങ്കിലും ലഭിക്കാനവസരങ്ങൾ ഇല്ലാത്തത് പുതിയ കാഴ്ചപാടുകൾ ഉൾക്കൊള്ളുന്നതിനു തടസ്സമായി നിൽക്കുന്നു.
3. പ്രൈമറി സ്കൂളുകളിൽ ഗ്രന്ഥശാലകളില്ല. ഹൈസ്കൂളുകളിൽ ഉള്ള ഗ്രന്ഥങ്ങൾ തന്നെവിദ്ധ്യാർത്ഥികൾക്കു പ്രയോജനപ്പെടത്തക്ക വിതരണ സംവിധാനമില്ല.
4. സാംസ്കാരിക സ്ഥാപനങ്ങളിൽ മിക്കതിനും സ്വന്തം കെട്ടിടങ്ങളില്ല. ആയതിനാൽ ഫലപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുന്നില്ല.
5. കായിക രംഗത്തു പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ഉണ്ടെങ്കിലും സംസ്ഥാനത ലത്തിലെങ്കിലും ഉയർത്തികാട്ടാവുന്ന പ്രതിഭകൾ നമുക്കുണ്ടാകുന്നില്ല. ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്കരിച്ച് യുവ പ്രതിഭകളെ പരിശീലിപ്പിക്കുന്ന സംവിധാനം ഇവിടെയില്ലാത്തത് വലിയ ഒരു കുറവുതന്നെ.
6. പഞ്ചായത്തിനു സ്വന്തമായി കളിസ്ഥലമോ സ്റ്റേഡിയമൊ ഇല്ല. വാർഡുകളിലും എല്ലാവർക്കും പ്രയോജപ്പെടുത്താവുന്ന തുറസ്സായ സ്ഥലങ്ങളില്ല. ആകെയുള്ളത് പെരുനാടു ഹൈസ്കൂളിനോടു ചേർന്ന് പൊതുജന സഹകരണത്തോടു തീർത്ത കളിസ്ഥലവും ഓപ്പൺഎയർ സ്റ്റേഡിയവുമാണ്.
7. ടി.വിയിലൂടെ അനാവൃതമാകുന്ന അനിയന്ത്രിത ജീവിത ചിത്രങ്ങൾ ഇളം മനസ്സുകളെ വലയ്ക്കുന്നുണ്ട്. പുത്തൻ ഉപഭോഗ സംസ്കാരത്തിൻെറ വർണപകിട്ടിൽ അവർ പാഴ്ചെലവുകൾ വരുത്തുന്നു.
8. വിവാഹത്തിൻെറ ആർഭാടവും, സ്ത്രീധനത്തിൻെറ സ്വാധീനവും തുടരുമ്പോൾ തന്നെ കൊടുക്കൽ വാങ്ങലിൻെറ പുതിയ മേഖലകൾ അതിനനുബന്ധമായി കണ്ടെത്തുകയും ചെയ്യുന്നു.
9. സ്ത്രീകളോടുള്ള സമീപനത്തിൽ സമത്വദർശനം ഇനിയും ഒരു കാതം അകലെത്തന്നെ നിലകൊള്ളുന്നു. അതിനാൽ പൊതുപ്രസ്ഥാനങ്ങളിൽ അവരെ ആകർഷിക്കാൻ കഴിയുന്നില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. എല്ലാ വാർഡുകളിലും ഗ്രന്ഥശാലയും വായനശാലയും സ്ഥാപിക്കാൻ പഞ്ചായത്തു തയ്യാറാകുകയും എവിടെ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുകയും ചെയ്യുക. എല്ലാ വാർഡുകളിലും സംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം.
2. വായന ശാലകൾക്ക് അലമാരയും മറ്റു ഫർണീച്ചറും നൽകുകയും ഗസറ്റ്, പബ്ലിക് റിലേഷൻസ് വകുപ്പു പ്രസിദ്ധീകരണങ്ങൾ, പത്രമാസികകൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുക.
3. ഗ്രന്ഥങ്ങളും പത്രമാസികകളും വീടുകളിൽ അയൽകൂട്ടങ്ങൾ മുഖാന്തിരം എത്തിച്ചു കൊടുക്കാനുള്ള

ക്രമീകരണം ഉണ്ടാകണം.

4. എല്ലാ സ്കൂളുകളിലും കുട്ടികളുടെ വായനശാല തുടങ്ങണം. പുസ്തക വിതരണത്തിനു ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.
5. ഗ്രന്ഥശാലകൾക്കു നൽകുന്ന ഗ്രാൻറ് ഗണ്യമായി വർദ്ധിപ്പിക്കണം.
6. കലാകായിക പരിശീലനത്തിന് സൗകര്യങ്ങൾ പഞ്ചായത്തു തന്നെ ഒരുക്കണം. തിരുവാതിര, കുമ്മി, കൈകൊട്ടിക്കളി, കോൽകളി ഇവ പരിശീലിപ്പിക്കണം.
7. പെരുന്നാട് ചന്തയ്ക്കടുത്തുള്ള പഞ്ചായത്തു വക സ്ഥലം നിരപ്പാക്കി കളി സ്ഥലമാക്കണം.
8. സാംസ്ക്കാരിക സെമിനാറുകളും ചർച്ചാക്ലാസ്സുകളും കവിയരങ്ങും വാർഡ് തലത്തിൽ സംഘടിപ്പിക്കണം
9. കേരളോത്സവങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തണം. പ്രായഭേദമെന്യേ എല്ലാവർക്കുംമൽസര ങ്ങളേർപ്പെടുത്തണം. മുന്നോടിയായി വാർഡുകളിൽ ഗ്രാമോൽസവങ്ങൾ സംഘടിപ്പിക്കണം.
10. ഓണക്കാലത്ത് വാർഡിലെ ആഘോഷങ്ങൾ എല്ലാം ക്ലബുകളുമൊത്തു ചേർന്നു നടത്തണം.
11. അയൽക്കൂട്ടങ്ങൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള സൗജന്യ ട്യൂഷൻ ഏർപ്പെടുത്തണം.
12. വിവിധ ദിനാചരണങ്ങൾ ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തുകൊണ്ട് നടത്തണം.
13. പഞ്ചായത്തു വനിതാ സാംസ്ക്കാരിക വേദി രൂപീകരിക്കണം.
14. വനിതാ കായിക മേള സംഘടിപ്പിക്കണം.
15. ഏഴു പതിറ്റാണ്ടു മുമ്പ് മാമ്പാറയിലെ നാട്ടുകാരെ കുടിയൊഴിപ്പിക്കാൻ വന്ന ബ്രാണ്ടൻ സായ്പിനെ വെടി വെച്ചു കൊന്ന വെളുത്താലക്കുഴി കൊച്ചിന് ഉചിതമായ സ്മാരകം നിർമ്മിക്കണം.
16. ശബരിമല ക്ഷേത്രത്തോടനുബന്ധിച്ച ഐതീഹ്യവും വേലുപ്പിള്ള പെരുമാൾ പിള്ളക്കു കുടുംബാവകാശമുള്ള നായാട്ടുവിളിയും രേഖപ്പെടുത്തി ഔദ്യോഗിക രേഖയായി സൂക്ഷിക്കുക.
17. പഞ്ചായത്താഫീസിൻെറ പരിസരം നിരപ്പാക്കി സാംസ്ക്കാരിക പരിപാടികൾക്ക് പ്രയോജനപ്രദമാവുന്ന വിധത്തിൽ ക്രമീകരിക്കണം.
18. വിവാഹം, കോൺഫ്രൻസ് ഇവ നടത്തത്തക്ക വിധം പാചകസൗകര്യങ്ങളോടുകൂടിയ ആധുനിക ഓഡിറ്റോറിയം കോംപ്ലക്സ് മടത്തുംമൂഴിയിൽ സ്ഥാപിക്കണം.
19. പഞ്ചായത്ത് സാംസക്കാരിക സമിതി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കണം.
20. എല്ലാ സാമൂഹ്യ-സാംസ്ക്കാരിക സംഘടനകളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം.
21. കുട്ടികൾക്കായി പഞ്ചായത്ത് ബാലമേളകൾ നടത്തണം
22. വളരെ നേരത്തെ വിഷയങ്ങൾ നൽകി സാഹിത്യ മൽസരങ്ങളും പ്രസംഗ മൽസരങ്ങളും നടത്തി പ്രതിഭകളെ വളർത്തിയെടുക്കണം.
23. ലഹരി വിമുക്തരുടെ മാനസികോല്ലാസത്തിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.
24. വിവാഹത്തിലെ അമിതാഡംബരങ്ങൾ ഒഴിവാക്കാൻ പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ ചടങ്ങുകൾ നടക്കാനുള്ള സംവിധാനങ്ങളുണ്ടാക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുക.
25. പഞ്ചായത്ത് സംഘടിപ്പിക്കുന്ന ഏതു പരിപാടിയിലും പുരുഷനുതുല്യമായ പങ്കാളിത്തവും സ്ഥാനമാനങ്ങളും നൽകി വനിതകളെ ആദരിക്കണം.



## ശബരിമല





# 5-9

# വനിത

റാന്നി-പെരുനാടിൻെ മുൻകാലചരിത്രം പരിശോധിച്ചാൽ മഹത്തായ ഒരു സാംസ്ക്കാരിക പാരമ്പര്യം നമുക്കുണ്ടായിരുന്നുവെന്ന് മനസ്സിലാക്കുവാൻ സാധിക്കും. സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന പല പ്രമുഖ വ്യക്തികളും ഇവിടെ ഉണ്ടായിരുന്നു. എന്നാൽ മുൻ കാലഘട്ടങ്ങളിൽ പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം ഇല്ലായിരുന്നു എന്നുതന്നെ പറയാം. അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ സ്ത്രീകൾക്കു വിദ്യാഭ്യാസത്തിനുള്ള അവസരം വേണ്ടത്ര ലഭിച്ചിരുന്നില്ല. ആദ്യകാലത്ത് ഒരു ഗവ : പ്രൈമറി സ്കൂൾ മാത്രമേ ഈപഞ്ചായത്തിലുണ്ടായിരുന്നുള്ളൂ. പ്രാഥമിക വിദ്യാലയത്തിനപ്പുറമുള്ള വിദ്യാഭ്യാസം ഭൂരിപക്ഷം സ്ത്രീകൾക്കും ലഭിച്ചിരുന്നില്ല. പെരുനാട്ടിലുള്ളവർ ഹൈസ്കൂൾവിദ്യാഭ്യാസത്തിന് പത്തനംതിട്ടവരെ കാൽനടയായി പോയിരുന്നു. പെൺകുട്ടികളെ ഇത്രയും ദൂരെവിട്ടു പഠിപ്പിക്കാൻ മാതാപിതാക്കൾ തയ്യാറായിരുന്നില്ല. 1951 ലാണ് ഇവിടെ ഒരു ഹൈസ്കൂൾ സ്ഥാപിച്ചത്. അതിനുശേഷമാണ് പെൺകുട്ടികൾക്ക് കുറേപേർക്കെങ്കിലും വിദ്യാഭ്യാസത്തിനുള്ള അവസരംലഭിച്ചത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്നതും സ്ത്രീകളുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിച്ചു. ഇക്കാരണങ്ങളാൽ സാമൂഹ്യ, സാംസ്ക്കാരിക ,സാമ്പത്തിക രംഗങ്ങളിൽ അവർ വളരെ പിന്നോക്കം തള്ളപ്പെട്ടു. റബ്ബർ തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളിലും തുച്ഛമായ കൂലിക്ക് വനിതകൾ ജോലിചെയ്തിരുന്നു. അടിമകളെപ്പോലെയാണ് അവരോടു പെരുമാറിയിരുന്നത്.

പഴയിടത്ത് അമ്മുക്കുട്ടിയമ്മാൾ ആണ് ഗവൺമെൻറ് സർവ്വീസിൽ പ്രവേശിച്ച പ്രഥമവനിത. പ്രൈമറി സ്കൂൾ അദ്ധ്യാപികയായിട്ടാണ് സേവനമനുഷ്ഠിച്ചത്. തുടർന്ന് കുറെ വനിതകൾ അധ്യാപന രംഗത്തേക്കു കടന്നുവന്നു.

എന്നാൽ ഇന്ന് പെരുനാടിൻെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. വിദ്യാലയങ്ങളിൽ ആൺകുട്ടികളേക്കാൾ അധികം പെൺകുട്ടികളാണ് പഠിക്കുന്നത്. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ വനിതകൾ ധാരാളമുണ്ട്. എന്നാൽ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളുടെ എണ്ണം വളരെ കുറഞ്ഞു കാണുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ട പെൺകുട്ടികൾ ഇപ്പോഴും വിദ്യാഭ്യാസകാര്യത്തിൽ പിന്നോക്കാവസ്ഥയിലാണ്. പ്രൈമറി സ്കൂളിൽ എത്തുന്നകുട്ടികൾ എല്ലാവരും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. പെൺകുട്ടികളെ വീട്ടുജോലിക്കുവിടുകയും ജോലിക്കുപോകുന്ന മാതാപിതാക്കൾ ഇളയകുട്ടികളെ നോക്കാൻ അവരെ എൽപിക്കുകയും ചുമതലപ്പെടുത്തുകയും ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ വനിതകൾ ഇവരുടെ ഇടയിൽ അപൂർവ്വമാണ്.

1991 ലെ സെൻസസ് പ്രകാരം പെരുനാടു പഞ്ചായത്തിലെ ജനസംഖ്യ 22130 ആണ്. ഇതിൽ 11024 പേർ സ്ത്രീകളാണ്. ജനസംഖ്യയിൽ ഏകദേശം പുരുഷനോടൊപ്പം തന്നെ നിൽക്കുന്ന സ്ത്രീകളുടെ തൊഴിൽ മേഖലയിലെ പങ്കാളിത്തം താഴെപ്പറയുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

## പട്ടിക 1: തൊഴിൽ പങ്കാളിത്തം

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷൻമാരുടെ എണ്ണം |
|---|---|---|
| കർഷകർ | 65 | 1589 |
| കർഷകത്തൊഴിലാളികൾ | 199 | 1382 |
| കാലിവളർത്തൽ | 212 | 1212 |
| ക്വാറി | 4 | 29 |
| കുടിൽ വ്യവസായം | 17 | 59 |
| മറ്റു കുടിൽ വ്യവസായം | 15 | 178 |
| കൺസ്ട്രക്ഷൻ | 1 | 115 |
| ട്രേഡ് &കോമേഴ്സ് | 42 | 394 |
| സ്റ്റോറേജ് &കമ്മ്യൂണിക്കേഷൻ | 7 | 168 |
| മറ്റുള്ളവ | 222 | 402 |
| ആകെ | 784 | 5528 |

**അവലംബം സെൻസസ് 91**

ഈ കണക്കുകൾ കാണിക്കുന്നത് തൊഴിൽ രഹിതരായ സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണെന്നാണ്. ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ സ്ത്രീകൾക്കു കൂടതൊഴിൽ ഉണ്ടെങ്കിൽ മാത്രമേ കുടുംബത്തിൽ സാമ്പത്തിക ഭദ്രത ഉണ്ടാവുകയുള്ളൂ. തൊഴിൽ രഹിതരായ സ്ത്രീയ്ക്ക് സ്വാതന്ത്ര്യവും സമത്വവും ലഭിക്കുന്നില്ല. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും പുരുഷൻമാരുടെ മേൽനോട്ടത്തിലും മേധാവിത്വത്തിലും കഴിയുന്ന വരാണ്. 20% കുടുംബങ്ങളിൽ സ്ത്രീകളാണ് കുടുംബനാഥർ.

തൊഴിൽ രംഗത്തു സ്ത്രീത്തൊഴിലാളികൾക്കു നിരവധി പ്രശ്നങ്ങളുണ്ട്. കാർഷിക മേഖലയിലും കെട്ടിടനിർമ്മാണ മേഖലയിലും തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് വളരെ കുറഞ്ഞ വേതനമാണുലഭിക്കുന്നത്. സ്ത്രീകൾ മാത്രം തൊഴിൽ ചെയ്യുന്ന മേഖലയിലും കൂലിവളരെ കുറവാണ്. ഇവിടെ പ്രവർത്തിക്കുന്ന ഖാദി ബോർഡിൽ സ്ത്രീകൾ മാത്രമാണ് പണിയെടുക്കുന്നത്. അവർക്കു വളരെ തുച്ഛമായ വേതനമേ ലഭിക്കുന്നുള്ളൂ.

രോഗാതുരയിൽ പുരുഷൻമാരെ അപേക്ഷിച്ചു സ്ത്രീകളാണു കൂടുതലെങ്കിലും പൊതുവേ ആരോഗ്യരംഗത്ത് അവരുടെ അവസ്ഥ അത്ര പിന്നോക്കമല്ല. പ്രസവ സംബന്ധമായ മരണങ്ങളൊന്നും ഈ പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്തിട്ടില്ല.

പൊതു പ്രവർത്തനത്തിൻെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. സംസ്ഥാന ദേശീയ തലത്തിലുള്ള പുരോഗമന രാഷ്ട്രീയ മഹിളാ പ്രസ്ഥാനങ്ങളുടെ ശാഖകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നില്ല. സ്ത്രീകൾ

പൊതുരംഗത്തേക്കിറങ്ങുവാൻ വിമുഖതകാട്ടുന്നതാണ് ഇതിനു കാരണം. കാര്യക്ഷമമായി പ്രവർത്തി ക്കുന്ന പതിനൊന്ന് മഹിളാസമാജങ്ങളുണ്ടെങ്കിലും മഹിളാ വ്യവസായ യൂണിറ്റുകളൊന്നും തന്നെയില്ല. കസ്തൂർബാ മഹിളാസമാജത്തിൽ ഒരു മെഴുകുതിരി നിർമ്മാണ യൂണിറ്റുണ്ടായിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ അതിപ്പോൾ പ്രവർത്തിക്കുന്നില്ല. വലിയ വിസ്തൃതിയുള്ള പഞ്ചായത്താണെങ്കിലും ഇവിടെ രണ്ട് അംഗൻവാടി മാത്രമേ നിലവിലുള്ളൂ.

സ്ത്രീകൾക്കു നാട്ടിൽ മാന്യമായ പദവിയും പരിഗണനയും ലഭിക്കുന്നുണ്ടെങ്കിലും ഒറ്റപ്പെട്ട സ്ത്രീപീഢനങ്ങൾ നടക്കുന്നുണ്ട്. സ്ത്രീധനത്തിൻെറ പേരിലും പീഢനമനുഭവിക്കുന്ന സ്ത്രീകളുണ്ട്.

രൂക്ഷമായ തൊവിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാനപ്രശ്നമാണ്. തൊഴിൽ രംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾക്കുതന്നെ പുരുഷൻമാരെ അപേക്ഷിച്ചുകൂലികുറവാണ്. ജനസംഖ്യയിൽ പകുതിയോളം വരുന്നത് തങ്ങളാണെന്നും പുരുഷൻമാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്കു സ്വയം തോന്നേണ്ടിയിരിക്കുന്നു. സ്വന്തം ശക്തിയിലും കഴിവിലുമുള്ള വിശ്വാസം ഉണ്ടാക്കിക്കൊടുത്താൽ ഉത്തരവാദിത്വമുള്ള ജോലികൾ ഏറ്റെടുത്ത് നടത്താൻ അവർക്കുകഴിയും.

സാമൂഹ്യ സംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ അവർക്കു വേണ്ട പരിശീലനവും മാർഗ്ഗനിർദ്ദേശവും നൽകണം. പൊതുരംഗത്തു പ്രവർത്തന പരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവ സമ്പാദ്യം പുതിയ തലമുറയ്ക്കു കൈമാറുകയും അവരെ കർമ്മരംഗത്തേക്കു കൊണ്ടുവരികയും വേണം.DWCRA യുടെ യൂണിറ്റുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ.

1. പെരുനാടു പഞ്ചായത്തിലെ വനത്തിൽ ഒറ്റപ്പെട്ടു കിടക്കുന്ന പമ്പാവാലി മേഖലയിലെ അട്ടത്തോട്ടിൽ സ്കൂളുകൾ ഇല്ല. ഇതുകാരണം കോളനിയിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കുന്നില്ല.
2. തൊഴിൽ രംഗത്തു വനിതകൾ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുന്ന തരത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം.
3. പലരംഗങ്ങളിലും സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നില്ല.
4. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഇല്ല.

## സ്ത്രീകൾക്കിടയിലെ പ്രശ്ന പരിഹാരങ്ങൾക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. സ്വയം തൊഴിൽ പദ്ധതികൾക്ക് വനിതകൾക്കു സാമ്പത്തിക സഹായം നൽകുക.
2. വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
3. മഹിളാസമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ സമാജം രൂപീകരിച്ചു പ്രവർത്തനമാരംഭിക്കാനും അവ വഴി പച്ചക്കറി , കൃഷി , പശു , ആടുവളർത്തൽ , കോഴിവളർത്തൽ തുടങ്ങിയവ ആരംഭിക്കാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം.
4. ഈ പഞ്ചായത്തിൽ 26 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്. അത് ഉടൻ തുടങ്ങുവാനുള്ള നടപടി യുണ്ടാകണം.അംഗൻവാടി അദ്ധ്യാപികമാർക്ക് പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ ശമ്പളത്തിനു തത്തുല്ല്യമായ വേതനം നൽകണം . ജീർണ്ണാവസ്ഥയിലുള്ള അംഗൻവാടി കെട്ടിടം പുനരുദ്ധരിക്കുകയും കുട്ടികൾക്കാവശ്യമായകളിപ്പാട്ടങ്ങൾനൽകുകയുംവേണം.
5. വനിതകൾക്കു കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കും വിധത്തിൽ പഞ്ചായത്തിൻെ വിവിധ പ്രദേശങ്ങളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. തീപ്പെട്ടി നിർമ്മാണം , മെഴുകുതിരി നിർമ്മാണം,തയ്യൽപരിശീലനകേന്ദ്രം,റെഡിമെയ്ഡ് വസ്ത്രനിർമ്മാണം,ബുക്കുബൈൻഡിംഗ്, ഭക്ഷ്യസംസ് ക്കരണം, ഭക്ഷ്യോൽപാദനം തുടങ്ങിയവ ആരംഭിക്കണം.
6. തുല്ല്യജോലിക്കു തുല്ല്യ വേതനം ലഭിക്കാൻ നടപടിയുണ്ടാകണം.
7. തൊഴിലവസരങ്ങൾ ,തൊഴിൽ വിവരങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.
8. സംസ്ഥാന തലത്തിൽ വനിതാകമ്മീഷൻ ഉള്ളതുപോലെ ജില്ലാതലത്തിലും ഗ്രാമ പഞ്ചായത്തു തലത്തിലും ഓരോവനിതാ കമ്മീഷൻെറ പ്രവർത്തനമുണ്ടാകണം.
9. വിധവാ പെൻഷൻ , അഗതിപെൻഷൻ,കർഷക തൊഴിലാളിപെൻഷൻ ഇവ അർഹരായവർക്കു കൊടുക്കണം.
10. സ്കൂളുകളിലെ കലാകായിക രംഗങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും പെൺകുട്ടികൾക്കു വേണ്ടത്ര പ്രോൽസാഹനം നൽകുക.

11 പഞ്ചായത്തിൻെറ ചുമതലയിൽ ഒരു വൃദ്ധ മന്ദിരം സ്ഥാപിക്കുക.

12 ചാരായ നിരോധനം കൊണ്ട് പല കുടുംബത്തിലേയും സ്ത്രീകൾ ആശ്വാസം കണ്ടെത്തിയിരുന്നു. ഇപ്പോൾ വ്യാപിച്ചുവരുന്ന വ്യാജവാറ്റിനെ നിയന്ത്രിക്കാൻ ഉദ്യോഗസ്ഥർ ശ്രമിക്കുന്നുണ്ടെങ്കിലും പൂർണ്ണമായും നിർത്തലാക്കാൻ കഴിയുന്നില്ല. സമ്പൂർണ്ണ മദ്യവർജ്ജന ത്തിനുള്ള ബോധവൽക്കരണം നടത്തണം.

13 അട്ടത്തോട്ടിൽ അടിയന്തിരമായി ഒരു പ്രൈമറി സ്കൂൾ അനുവദിക്കണം.

14 ഗ്രാമ പഞ്ചായത്തു പ്രസിഡൻറിനു ദുരിതാശ്വാസ നിധി ഉണ്ടാകണം. ഇത് പെട്ടെന്നുണ്ടാകുന്ന ദുരി തങ്ങൾക്ക് ആശ്വാസം നൽകാൻ സഹായകമാകും.

15 സ്ത്രീധന പീഢനമടക്കമുള്ള അതിക്രമങ്ങളെ പറ്റി വിവരം ശേഖരിക്കാനും വിവരം കിട്ടിയാലുടൻ ശക്തമായും ഫലപ്രദമായും അവയിൽ ഇടപെടാനും കഴിയുന്ന വനിതകളുടെ ഒരു മുൻനിരയുണ്ടാകണം. അവരുടെ നേതൃത്വത്തിൽ നാട്ടിലെ മുഴുവൻ സ്ത്രീകളെയും അണിനിരത്താനുള്ള സംഘടനാ സംവിധാനം വളർത്തിയെടുക്കണം.

16 അശ്ളീല പോസ്റ്ററുകൾ പഞ്ചായത്തിൽ പതിക്കുന്നതു തടയാനും നീലച്ചിത്രപ്രദർശനവും കാസറ്റ് വിതരണവും കാസററു നിർമ്മാണവും പോലുള്ള നെറികേടുകൾ നാട്ടിൽനടക്കാതിരിക്കാനും സദാ ജാഗ്രരൂ കമായിരിക്കാനും ഈ സംഘടനാ രൂപത്തിന് കഴിയണം

17. സ്ത്രീകളുടെ പൊതു പിന്നോക്കാവസ്ഥയും അവളുടെ അവകാശങ്ങളെയും പറ്റി ബോധവൽ ക്കരിക്കു വാനും ചൂഷണങ്ങളെയും അതിക്രമങ്ങളേയും ചെറുക്കുവാനുള്ള ശേഷിവളർത്താനും ബഹുമുഖ പരിപാടികൾ തുടർച്ചയായി സംഘടിപ്പിക്കണം. സ്ത്രീ സംഘടനകളിൽ ഇത്തരം ചർച്ചകളും പഠന ങ്ങളും നടത്താൻ വേണ്ട വസ്തുതകളും വിവരങ്ങളും ലഭ്യമാക്കാൻ സംവിധാനം ഉണ്ടാകണം.

18. പഞ്ചായത്തിൽ എല്ലാ വാർഡിലും ആരോഗ്യ സബ് സെൻററുകൾ തുടങ്ങണം. ഇപ്പോഴുള്ളവകാര്യക്ഷ മമാക്കണം.

19. ദുർബല വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി എല്ലാവാർഡിലും നടപ്പാക്കണം.

20. പുകശല്യമില്ലാത്ത അടുപ്പുകളും സ്ത്രീകളുടെ ജോലി ഭാരം ലഘൂകരിക്കാനും നല്ലതൊഴിലന്തരീക്ഷം നിലനിർത്തിനുള്ള മറ്റു സംവിധാനങ്ങളും വ്യാപകമായി പ്രചരിപ്പിക്കുവാൻ നടപടി വേണം.

21 സ്ത്രീകളോടുള്ള സമീപനത്തിൽ ഗുണപരമായ മാറ്റം വരുത്തുന്നതിന് പുരുഷൻമാർക്കിടയിലുംപ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്തണം.

22. ഗ്രന്ഥശാലകളുമായി ബന്ധപ്പെടുത്തി സ്ത്രീകളുടെ വായനാ ക്ലബ്ബുകൾ രൂപവൽക്കരിക്കുക.

23. സ്ത്രീകളെ സ്വന്തം പേരിൽ സമ്പാദ്യ- നിക്ഷേപ പദ്ധതികളിൽ ചേർത്ത് സ്വാശ്രയ ശീലംവളർത്തുക.

24. പഞ്ചായത്തിൽ നടക്കുന്ന വിവിധ സാമൂഹിക-സാംസ്കാരിക-വികസന പരിപാടികളിൽപരമാവധി സ്ത്രീകളെ പങ്കാളികളാക്കുവാൻ ബോധപൂർവമായ ശ്രമങ്ങൾ നടത്തുക. അത്തരം പ്രവർത്തകരുടെ ഒരു നിരസൃഷ്ടിച്ചെടുക്കുക.



# 5.10

## സഹകരണ മേഖല

എല്ലാവർക്കും വേണ്ടി ഒരുവൻ
ഒരുവനുവേണ്ടി എല്ലാവരും

സഹകരണ തത്വം.

പെരുന്നാട്ടിൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് ഏകദേശം എഴുപത്തി രണ്ട് വർഷമായിരിക്കുന്നു. പ്രധാനമായും മൂന്നു സമുദായ സംഘടനകൾക്കാണ് ഇവിടെ സഹകരണസംഘങ്ങൾ ഉണ്ടായിരുന്നത്. നായർ സർവ്വീസ് സൊസൈറ്റി, വെള്ളാള സമാജം, എസ്.എൻ.ഡി.പി. എന്നീ സമുദായ സംഘടനകളാണ് ഇവ. ഏതാണ്ട് ഒരേ കാലത്താണ് ഈ മൂന്നു സഹകരണ സംഘങ്ങളും പ്രവർത്തനം ആരംഭിച്ചത്. ക്ലിപ്ത രഹിത ബാദ്ധ്യതകളോടുകൂടിയ സഹകരണ സംഘങ്ങളായിട്ടാണ് ഇവ പ്രവർത്തനം തുടങ്ങിയത്. ഇതിൽ ഈഴവ സമുദായത്തിനുണ്ടായിരുന്ന ഈഴവ പരസ്പര സഹായ സഹകരണ സംഘം രൂപാന്തരപ്പെട്ടുണ്ടായതാണ് ഇന്ന് മഠത്തുമൂഴി കേന്ദ്രമായി പ്രവർത്തിക്കുന്ന പെരുനാട് സർവ്വീസ് സഹകരണ ബാങ്ക്.

### സഹകരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ

പെരുനാട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളാണ് പെരുനാട് സർവ്വീസ് സഹകരണ ബാങ്കും പമ്പാവലി സർവ്വീസ് സഹകരണ ബാങ്കും. ഈ രണ്ടു സംഘങ്ങളുടേയും പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. ക്ഷീരോൽപ്പാദക മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളാണ് മാടമൺ ക്ഷീരോൽപ്പാദക സഹകരണ സംഘം,നെടുമൺ ക്ഷീരോൽപ്പാദക സഹകരണ സംഘം, ളാഹ ക്ഷീരോൽപ്പാദക സഹകരണ സംഘം എന്നിവ. ഈ പഞ്ചായത്തിലെ ഏക പട്ടികജാതി സഹകരണ സംഘം ആയ പെരുനാട് പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം കൂനംകര കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. പെരുനാട് ഹൈസ്കൂൾ സഹകരണ സംഘം ,പെരുനാട് എൽ.പി. സ്കൂൾ സഹകരണസംഘം, മാടമൺ യു.പി. സ്കൂൾ സഹകരണ സംഘം, തുലാപ്പള്ളി സെൻറ് ജോർജ്ജ് എൽ. പി. സ്കൂൾ സഹകരണസംഘം എന്നീ സ്കൂൾ സഹകരണ സംഘങ്ങൾ ഇവിടെ നിലവിലുണ്ട്. ഇവ കൂടാതെ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൻെറ പെരുനാട് ശാഖയും ,റാന്നി റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിൻെറ ഡിപ്പോ പെരുനാടിലും പ്രവർത്തിക്കുന്നു. 5 -) 0 വാർഡിൽ പ്രവർത്തിച്ചിരുന്ന കസ്തൂർബ്ബ മെമ്മോറിയൽ കോട്ടേജ് ഇൻഡസ്ട്രീസ് മഹിളാ സഹകരണ സംഘം , 6~) 0വാർഡിലെ ഖാദി സഹകരണസംഘം എന്നിവ പ്രവർത്തനരഹിതമാണ്.

## കാർഷികമേഖല.

### ഹ്രസ്വകാല - മദ്ധ്യകാല വായ്പകൾ

പ്രധാനമായും കാർഷിക കാഷികേതര വായ്പകൾ നൽകുന്നത് പെരുനാട് സർവ്വീസ് സഹകരണ ബാങ്കും , പമ്പാവലി സർവ്വീസ് സഹകരണ ബാങ്കും ആണ്.

### 1. പെരുനാട് സർവ്വീസ് സഹകരണ ബാങ്ക്

7000 ത്തോളം അംഗങ്ങളുള്ള ഈ സംഘത്തിൻെറ പ്രവർത്തന പരിധി പെരുനാട് വില്ലേജ് ആണ്. ഈ സംഘം പ്രവർത്തനം ആരംഭിച്ചത് കൊല്ലവർഷം 1100-ൽ ആണ്. 25 ലക്ഷത്തോളം രൂപ കാർഷികവായ്പയായും ഒന്നേകാൽ കോടിയോളം രൂപ കാർഷികേതര വായ്പയായും വിതരണം ചെയ്തിട്ടുണ്ട്. ഫണ്ടിൻെറ അപര്യാപ്തിമൂലം അംഗങ്ങളുടെ മുഴുവൻ വായ്പാ ആവശ്യങ്ങൾ നിറവേറ്റാൻ സംഘത്തിനു കഴിയുന്നില്ല. വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പ തുക കൃത്യമായി തിരിച്ചടക്കാത്തതും സംഘത്തിൻെറ വായ്പാ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നു. ഈ കാരണങ്ങളൊക്കെക്കൊണ്ടുതന്നെ സംഘത്തിൻെറ പ്രവർത്തനം നഷ്ടത്തിലാണ്. മറ്റ് ബാങ്കിംഗ് ഇടപാടുകൾക്കുപുറമെ ചിട്ടി ഇടപാടുകളും സംഘം നടത്തുന്നുണ്ട്. സംഘം നേരിട്ട് ഒരു റേഷൻ കടയും മൂന്നു വളം ഡിപ്പോകളും സിമൻറ് വ്യാപാരവും നടത്തുന്നുണ്ട്.

### 2. പമ്പാവലി സർവ്വീസ് സഹകരണ ബാങ്ക്

1973 - ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 5000 ത്തോളം അംഗങ്ങളാണുള്ളത്. ഈ സംഘത്തിൻെറ പ്രവർത്തന പരിധി പെരുനാട് പഞ്ചായത്തിൻെറ 6,9,10 എന്നീ വാർഡുകളും കുമളി പഞ്ചായത്തിൻെറ 13 -ാം വാർഡും ആണ്. കാർഷിക വായ്പയായി 65 ലക്ഷത്തോളം രൂപയും കാർഷികേതര വായ്പയായി 53 ലക്ഷത്തോളം രൂപയും സംഘം വിതരണം ചെയ്തിട്ടുണ്ട്.

ഇവ കൂടാതെ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൻെറ പെരുനാട് ശാഖ ഈ പ്രദേശത്ത് കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നുണ്ട്.

### പ്രശ്നങ്ങൾ

1. കാർഷിക മേഘലയിൽ പ്രധാനമായും വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം കർഷകരെ

### ദീർഘകാല വായ്പകൾ

ഈ പഞ്ചായത്തിൻെറ പരിധിയിൽ താമസിക്കുന്ന കർഷകർക്ക് കാർഷികവും കാർഷികേതരവുമായ ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്നത് പത്തനംതിട്ട പ്രാഥമിത കാർഷിക ഗ്രാമവികസന ബാങ്കിൻെറ റാന്നി ശാഖ വഴിയാണ്. 1991-1996 കാലയളവിൽ 43 ലക്ഷത്തോളം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

പട്ടിക 2

**പത്തനംതിട്ട പ്രാഥമിക കാർഷിക വികസന ബാങ്ക് വിതരണം ചെയ്ത വായ്പകൾ**

| വർഷം | പദ്ധതി വായ്പകൾ | സാധാരണ വായ്പകൾ | കാർഷികേതരവായ്പകൾ |
|---|---|---|---|
| 1991-92 | 94149 | — | 80000 |
| 1992-93 | 2933000 | — | — |
| 1993-94 | 40000 | 30500 | — |
| 1994-95 | 849800 | 73000 | — |
| 1995-96 | 5000 | 191000 | 30000 |
| ആകെ | 3921949 | 294500 | 110000 |

ഇവ കൂടാതെ പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിൻെറ പെരുനാട് ശാഖ ഈ പ്രദേശത്ത് കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നുണ്ട്.

### പ്രശ്നങ്ങൾ

1. കാർഷിക മേഘലയിൽ പ്രധാനമായും വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം കർഷകരെ

പതികൂലമായി ബാധിക്കുന്നു.

2. ഇപ്പോൾ ലഭിക്കുന്ന വായ്പയുടെ പരിധി പരിമിതമാണ്.
3. വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ കർഷകർക്ക് സഹായകരമല്ല.
4. വായ്പാ കുടിശിഖ വർദ്ധക്കുന്നതിനാൽ അർഹരായ കർഷകർക്ക് യഥാസമയത്ത് വായ്പ ലഭിക്കുന്നതിന് ബുദ്ധമുട്ടുണ്ടാക്കുന്നു.
5. പമ്പാവാലി മേഘലയിൽ കൃഷിഭൂമിക്ക് കർഷകർക്ക് കൈവശ രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ കാർഷിക വായ്പകൾ ലഭിക്കുന്നതിന് അവസരമില്ലാതാകുന്നു.
6. സഹകരണ വിദ്യാഭ്യാസ പരിപാടി നടക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

1. കാലതാമസം കൂടാതെ പുതിയ വായ്പകൾ വിതരണം ചെയ്യുന്നതിനായി നിലവിലുള്ള വായ്പാ കുടിശിഖ തോത് കുറച്ചുകോണ്ടുവരുന്നതിനുള്ള ഊർജ്ജിത ശ്രമം ബാങ്ക് ഭരണ സമിതിയുടെ നേതൃത്വത്തിൽ നടത്തണം.
2. വായ്പയുടെ വിനിയോഗവും കൃത്യമായ തിരിച്ചടവും ഉറപ്പുവരുത്തണം.
3. അംഗങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംഘങ്ങൾ കൂടുതലായി സ്വന്തം ഫണ്ട് കണ്ടെത്തണം. ഇതിനായി ഈ പ്രദേശത്തെ ജനങ്ങളുടെ നിക്ഷേപങ്ങൾ സഹകരണ സ്ഥാപനങ്ങളുലേക്ക് കൊണ്ടുവരുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഭരണ സമിതിയുടെ നേതൃത്വത്തിൽ നടത്തണം. നിക്ഷേപസമാഹരണത്തിനായി ആകർഷകമായ നിക്ഷേപപദ്ധതികൾ ആവിഷ്കരിക്കണം.
4. സഹകരണ സംഘങ്ങളുടെ പൊതുയോഗങ്ങൾ യഥാ സമയം നടത്തുകയും അവയിൽ അംഗങ്ങളുടെ കൂടുതലായ പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം.
5. സഹകരണ ബോധവൽക്കരണ പരിപാടികൾ നടത്തണം.
6. ഇപ്പോൾ സഹകരണസംഘങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന വായ്പയുടെ പരിധി ആവശ്യങ്ങൾക്കനുസരിച്ച് ഉയർത്തണം. പെരുനാട് സർവീസ് സഹകരണ ബാങ്ക് വ്യക്തിഗത ജാമ്യത്തിൽ നൽകുന്ന സാധാരണവായ്പ 2000 രൂപയിൽ നിന്നും 5000 രൂപയായും വസ്തു ഈടിൻമേൽ നൽകുന്ന വായ്പ25000 രൂപയിൽ നിന്നും 50000 രൂപയായി ഉയർത്തണം.
7. സർക്കാർ ജീവനക്കാരുടെ ജാമ്യത്തിൽ 25000 രൂപവരെ വായ്പ നൽകുന്നതിനുള്ള പുതിയ പദ്ധതി ആവിഷ്കരിക്കണം.
8. പെരുനാട് സർവീസ് സഹകരണ ബാങ്കിൻെറ ശാഖ മാടമണിലും പമ്പാവാലി സർവീസ് സഹകരണ ബാങ്കിൻെറ ഡിപ്പോ നാറാണംതോട്ടിലും ആരംഭിക്കുന്നത് പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനകരമായിരിക്കും.

**പട്ടിക 3**

**പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പാ കുടിശിഖ വിവരം**

| സംഘത്തിൻെറ പേര് | നൽകിയിട്ടുള്ള വായപകൾ | നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ | കുടിശിഖ തോത് % |
|---|---|---|---|
| പെരുനാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പരങ 788 | 15,164,311 | 3,800,343 | 25 |
| പമ്പാവലി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യു 446 | 11,890,151 | 3,400,723 | 29 |

## ഭവന നിർമ്മാണ വായ്പ

ഈ പ്രദേശത്തെ ജനങ്ങൾക്ക് ദീർഘകാല ഭവന നിർമ്മാണവായ്പ പ്രധാനമായും വിതരണം ചെയ്യുന്നത് വടശ്ശേരിക്കര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റാന്നി ബ്ലോക്ക് റൂറൽ ഹൗസിംഗ് സഹകരണസംഘം ആണ്. ഈ സഹകരണസംഘം വഴി ഇവിടെ 25 ലക്ഷത്തോളം രൂപ ഭവനവായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പത്തനംതിട്ട ജില്ലാ സഹകരണബാങ്കിന്റെ പെരുനാട് ശാഖയും ദീർഘകാല ഭവനനിർമ്മാണ വായ്പകൾ വിതരണം ചെയ്യുന്നു. എങ്കിലും വായ്പാ കുടിശിഖയുടെ തോത് ഉയരുന്നത് ജില്ലാ ബാങ്കിന്റെ വായ്പാവിതരണത്തെയും ബാധിക്കുന്നുണ്ട്.

## ക്ഷീരമേഖല

പഞ്ചായത്തിൽ ഇപ്പോൾ മൂന്ന് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാടമൺ ക്ഷീരോൽപാദക സഹകരണ സംഘം പഞ്ചായത്തിന്റെ മൂന്നാം വാർഡിലും, നെടുമൺ ക്ഷീരോൽപാദക സംഘം നാലാം വാർഡിലും ളാഹ ക്ഷീരോൽപാദക സംഘം എട്ടാം വാർഡിലും പ്രവർത്തിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ക്ഷീരോൽപാദക സഹകരണസംഘങ്ങളുടെ സാധ്യത വളരെ ഏറെയാണ്. തുലാപ്പള്ളി കേന്ദ്രമാക്കി ആറും പത്തും വാർഡുകൾക്ക് പ്രയോജനകരമായ രീതിയിലും ഏഴും ഒന്നും രണ്ടും വാർഡുകൾക്ക് പെരുമാട് മാർക്കറ്റ് കേന്ദ്രമാക്കിയും ഒൻപതാം വാർഡിൽ അറയാഞ്ഞിലിമൺ കേന്ദ്രമാക്കിയും പുതിയ ക്ഷീരോൽപാദക സഹകരണസംഘങ്ങൾ രൂപീകരിക്കുന്നത് പ്രയോജനകരമായിരിക്കും.
2. ക്ഷീരകർഷകർക്ക് മൃഗ സംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ സേവനം പരിമിതമായ തോതിലേ ലഭിക്കുന്നുള്ളൂ. സംഘങ്ങളോടനുബന്ധിച്ച് ക്രത്രിമ ബീജസങ്കലനത്തിനും മറ്റുമായി സബ്സെന്ററുകൾ തുടരുന്നത് കർഷകർക്ക് പ്രയോജനകരമായിരിക്കും.
3. പഞ്ചായത്തിലെ തരിശുഭൂമികൾ കണ്ടെത്തി സംഘങ്ങളുടെ നേതൃത്വത്തിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതും അവ അംഗങ്ങൾക്ക് ന്യായവിലക്ക് വിതരണം ചെയ്യുന്നതും നന്നായിരിക്കും.
4. ക്ഷീരസംഘങ്ങൾ ശേഖരിക്കുന്ന പാൽ ഉപയോഗിച്ച് ക്ഷീരോൽപന്നങ്ങൾ നിർമ്മിക്കുന്ന കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചാൽ കൂടുതൽ തൊഴിൽ സാധ്യതകളും കർഷകർക്ക് മെച്ചപ്പെട്ട ആദായവും ഉണ്ടാക്കാം.
5. ക്ഷീരകർഷകർക്ക് മിൽമയിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ പറ്റി കർഷകർ ബോധവാൻമാരല്ല. ഇതിനായി സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സമഗ്ര ബോധവൽക്കരണ പരിപാടികൾ നടത്തണം.

### ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | വ്യക്തി അംഗങ്ങൾ | ജീവനക്കാരുടെ | ഓഹരി മൂലധനം രൂപ | മൊത്തം സംഭരിക്കുന്ന പാൽ (ലിറ്റർ) | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേക്ക് അയക്കുന്നത് | ലാഭം നഷ്ടം |
|---|---|---|---|---|---|---|---|---|
| ളാഹ ക്ഷീരോൽപ്പാദക സഹകരണ സംഘം Pt77 D (APCOS) | 1990 | 136 | 2 | 1400 | 56441 | 6345 | 5009 | ലാഭം |
| മാടമൺ ക്ഷീരോൽപ്പാദകസഹകരണ സംഘം | 1988 | 167 | 2 | 1740 | 69406 | 13068 | 56338 | ലാഭം |
| നെടുമൺ ക്ഷീരോൽപ്പാദക സഹകരണ സംഘം | 1991 | 53 | 2 | 850 | 27843 | 9664 | 18179 | ലാഭം |

# പട്ടികജാതി സഹകരണ സംഘം

പഞ്ചായത്തിൽ ഏക പട്ടികജാതി സഹകരണ സംഘം കൂനംകര കേന്ദ്രമായി പ്രവർത്തിക്കുന്ന പെരുനാട് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ആണ്. ഈ സദഘത്തിന്റെ പ്രവർത്തന പരിധി പെരുനാട് പഞ്ചായത്താണ്.1990-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 236 അംഗങ്ങളാണുള്ളത്.

പട്ടിക 5

## പട്ടികജാതി സഹകരണ സംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | വ്യക്തി അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | വാർഷിക ടേൺ ഓവർ | ലാഭം നഷ്ടം |
|---|---|---|---|---|---|---|---|
| പെരുനാട് പഞ്ചായത്ത്പട്ടികജാതി സഹകരണ സംഘം | 1990 | 236 | 1 | 2490 | 1,00,000 | 30,000 | നഷ്ടം |

മേശ, കസേര, ടാർപ്പാളിൻ തുടങ്ങിയവ വാടകയ്ക്കുകൊടുക്കുന്ന പ്രവർത്തനങ്ങളിൽ മാത്രം സംഘം ഒതുങ്ങി നിൽക്കുന്നു. വായ്പാ വിതരണമോ അംഗങ്ങൾക്കുള്ള മറ്റ് സേവനങ്ങളോ ഒന്നും തന്നെ സംഘം ഇപ്പോൾ നടത്തുന്നില്ല.

**നിർദ്ദേശങ്ങൾ**

1. സംഘം അതിലെ അംഗങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാ പദ്ധതികൾ ആവിഷ്കരിക്കണം.
2. നിലവിലുള്ള ഹയറിംഗ് സർവ്വീസ് വിപുലപ്പെടുത്തി കൂടുതൽ തൊഴിൽ സാധ്യതകൾ ഉണ്ടാക്കണം.
3. സംഘം ഈ പഞ്ചായത്തിൽ ഒട്ടാകെയുള്ള പട്ടികജാതി വിഭാഗത്തിലെ ജനങ്ങളെ അംഗങ്ങളാക്കി മൂലധനം വർദ്ധിപ്പിക്കണം.
4. വനവിഭവങ്ങൾ കൊണ്ടും മറ്റും ഉൽപ്പന്നങ്ങളുണ്ടാക്കുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ സംഘടിപ്പിക്കാനും അവയുടെ ഉൽപ്പന്നങ്ങൾ സംഭരിച്ചു വിപണനം ചെയ്യാനും ഇതിനുള്ള വായ്പകൾ നൽകാനും പദ്ധതി ആവിഷ്കരിക്കണം.

**മറ്റു നിർദ്ദേശങ്ങൾ**

**കൺസ്യൂമർ മേഖല**

കൺസ്യൂമർ മേഖലയിൽ സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. മഠത്തുംകുഴിയിൽ കേരള സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോറും പമ്പാവാലിയിൽ സർവ്വീസ് സബകരണ ബാങ്കിന്റെ കൺസ്യൂമർ സ്റ്റോറും ആണ് നിലവിലുള്ളത്. ഇതര പ്രദേശങ്ങളിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്. സാധനങ്ങളുടെ വിലനിലവാരം ഒരു പരിധിവരെ നിയന്ത്രിക്കുവാൻ ഇതുകൊണ്ട് സാധിക്കും. അട്ടത്തോട്,ളാഹ എന്നീ സ്ഥലങ്ങളിൽ ഇതിനുള്ള സാധ്യതകൾ ഏറെയാണ്.

**ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ**

പഞ്ചായത്തിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ആരംഭിക്കണം. ആ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ ഇതിനു സാധിക്കും. പഞ്ചായത്ത് നേരിട്ടു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇത്തരം സംഘങ്ങളെ ഏൽപ്പിക്കാം. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും.

**വനിതാ വ്യവസായ സഹകരണ സംഘങ്ങൾ**

റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, തയ്യൽ പരിശീലന കേന്ദ്രം എന്നിവയ്ക്കായി വനിതാ വ്യവസായ സഹകരണസംഘം ആരംഭിക്കണം. ഇപ്പോൾ പ്രവർത്തന രഹിതമായിരിക്കുന്ന പെരുനാട് കസ്തൂർബ്ബ മെമ്മോറിയൽ കോട്ടേജ് ഇൻഡസ്ട്രീസ് മഹിളാ സഹകരണ സംഘത്തിൻെറ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം. പ്രവർത്തന മൂലധനത്തിൻെറ അഭാവമാണ് ഇതിനു തടസ്സമായിട്ടുള്ളത്.കൂടുതൽ വനിതകളെ കണ്ടെത്തി മൂലധനം സ്വരൂപിച്ച് ഈ സംഘത്തിൻെറ പ്രവർത്തനം പുനരാരംഭിക്കാവുന്നതാണ്.

**വിപണന സംഘങ്ങൾ**

റബ്ബർ,കൊക്കൊ, നാളികേരം എന്നിവയുടെ സംഭരണത്തിനായി ആറും പത്തും വാർഡുകൾക്കായി വിപണന സംഘം ആരംഭിക്കണം.

**വ്യവസായ സഹകരണ സംഘങ്ങൾ**

ഈ പഞ്ചായത്തിലെ പ്രധാന കാർഷികോൽപ്പന്നമാണ് റബ്ബർ. ഇവിടെ റബ്ബർ അധിഷ്ഠിതമായ വ്യവസായം തുടങ്ങണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും ഒരുപോലെ ഉയർന്നു വന്ന നിർദ്ദേശമാണ് . അതിനാൽ റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങാൻ വേണ്ട നടപടി സഹകരണമേഖലയിൽ സ്വീകരിക്കണം. റബ്ബർ തടി ,സീസൺ ചെയ്ത് ഫർണീച്ചറുകൾ ഉണ്ടാക്കാനും വിപണനം ചെയ്യാനുമുള്ള പദ്ധതിയും ഇതിൽപ്പെടുത്താം.
ഭക്ഷ്യ സംസ്കരണം, അച്ചാറുകൾ, പലഹാരങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ, പൈനാപ്പിൾകൊണ്ടും മറ്റും ഉണ്ടാക്കുന്ന ജാം,സ്ക്വാഷ് തുടങ്ങിയവയുടെ ഉൽപ്പാദനം എന്നിവയും സഹകരണമേഖലയിൽ വ്യവസായിക സംരംഭമായി തുടങ്ങാം.

**തൊഴിൽ സഹകരണസംഘങ്ങൾ**

പഞ്ചായത്തിലെ മണൽവാരൽ തൊഴിലാളികൾക്ക് അംഗത്വം നൽകികൊണ്ട് മണൽ തൊഴിലാളി സഹകരണ സംഘം രൂപീകരിച്ചാൽ ഇവിടുത്തെ മണൽ വാരലിൻെറ കരാർ സംഘത്തിന് ഏറ്റെടുത്തു നടത്താൻ കഴിയും. തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന പദ്ധതികൾ നടപ്പിലാക്കാനും ഗുണഭോക്താക്കൾക്ക് ന്യായവിലക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണൽ ലഭ്യമാക്കാനും സാധിക്കും.
ഈ പഞ്ചായത്തിൽ ധാരാളമായി ലഭ്യമാകുന്ന റബ്ബർ തടിയുടെ വിപണനത്തിനായി ഈ മേഖലയിൽ തടിമുറിക്കുന്നതിലും ലോഡിംഗിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ച് ഒരു സഹകരണ സംഘം രൂപീകരിച്ച് സംഘം നേരിട്ട് തടി സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്താൽ തെഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ നൽകാൻ സാധിക്കും.

**സഹകരണ ആശുപത്രി**

ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി സഹകരണമേഖലയിൽ സ്ഥാപിക്കണം.



# 5.11

# പട്ടിക ജാതിപട്ടിക വർഗ്ഗക്ഷേമം

**തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ**
**ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ**
**കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ**
**ഒട്ടല്ലഹോ ! ജാതിക്കോമരങ്ങൾ**

ഒരു തിരിഞ്ഞുനോട്ടം നടത്തിയാൽ ഇല്ലായ്മയും വിദ്യാവിഹീനതയും മാത്രം കൈമുതലുള്ള ബ്രാഹ്ണമ്മന്യൻമാരുടെ ദൃഷ്ടിപഥത്തിൽ നിന്നു പോലും അകറ്റപ്പെട്ട് രാജവീഥികൾ പോലും നിഷേധിക്കപ്പെട്ടിരുന്ന ഒരു ജനസമൂഹം കേരളക്കരയിലുണ്ടായിരുന്നു. അന്നും ജാതീയമായ ഉച്ചനീചത്തങ്ങൾ പെരുന്നാട്ടിലില്ലായിരുന്നു എന്നത് നമ്മുടെ സാംസ്ക്കാരിക പൈതൃകം എത്രത്തോളമെന്ന് കാണിക്കുന്നു.

1991 - ലെ സെൻസസ് പ്രകാരം പട്ടിക ജാതി/പട്ടികവർഗ്ഗത്തിൽ പെട്ട 3504 പേർ പെരുന്നാടു പഞ്ചായത്തിലുണ്ട്. ഇതിൽ 1957 പേർ പട്ടിക ജാതിയിലും 1547 പേർ പട്ടിക വർഗ്ഗത്തിലും പെടുന്നു.

പട്ടിക ജാതി പട്ടിക വർഗ്ഗ ജനസംഖ്യ

**പട്ടിക 1.**

| വാർഡ് | പുരുഷൻമാർ | | സ്ത്രീ | | ആകെ | | ജനസംഖ്യയുടെ ശതമാനം | |
|---|---|---|---|---|---|---|---|---|
| | SC | ST | SC | ST | SC | ST | SC | ST |
| 1 | 60 | 3 | 74 | 2 | 134 | 5 | 6.2 | 0.2 |
| 2 | 14 | 0 | 22 | 0 | 36 | 0 | 41 | 0 |
| 3 | 92 | 33 | 93 | 0 | 185 | 33 | 7.4 | 1.3 |
| 4 | 93 | 0 | 96 | 0 | 189 | 0 | 8.3 | 0 |
| 5 | 113 | 0 | 104 | 0 | 217 | 0 | 7.2 | 0 |
| 6 | 87 | 288 | 78 | 254 | 165 | 542 | 7.4 | 24.2 |
| 7 | 144 | 0 | 147 | 0 | 291 | 0 | 14.8 | 0 |
| 8 | 222 | 226 | 220 | 219 | 442 | 445 | 13.9 | 14 |
| 9 | 31 | 265 | 35 | 254 | 66 | 519 | 4.8 | 37.8 |
| 10 | 110 | 2 | 122 | 1 | 232 | 3 | 9.2 | 0.1 |
| ആകെ | 966 | 817 | 991 | 730 | 1957 | 1547 | 8.8 | 7 |

അവലംബം പഞ്ചായത്ത് പ്രൈമറി സെൻസസ് അബ്സ്ട്രാക്ട്

ജാതീയമായ ഉച്ചനീചത്വങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിലുള്ളവർ അനുഭവിക്കുന്നില്ല. പുരോഗമനാശയക്കാർക്ക് മുൻതൂക്കമുള്ളപഞ്ചായത്തായതിനാലിവാം വളരെ മുമ്പ് തന്നെ വർണ്ണ വ്യത്യാസങ്ങളില്ലാതെ ഒന്നിച്ചാഹാരം കഴിക്കുന്നതും വിവാഹാദി ചടങ്ങുകളിൽ പങ്കെടുക്കുന്നതും പൊതു ചടങ്ങുകളിൽ ഇവരെ പങ്കെടുപ്പിക്കുന്നതും ഒരു കുറവായി ഇവിടത്തുകാർ കരുതിയിരുന്നില്ല. എന്നാൽ സാമ്പത്തിക പരാധീനതകൾ ആദ്യകാലങ്ങളിൽ വിദ്യാഭ്യാസരംഗങ്ങളിൽ നിന്നും ഇവരെ അകറ്റിനിർത്തി. ഇന്ന് സ്ഥിതി അതല്ല. വിദ്യാഭ്യാസകലാകായിക രംഗങ്ങളിൽ ഇവർ മികവു പുലർത്തുന്നു. ഇത് പട്ടിക ജാതിക്കാരുടെ കഥ. എന്നാൽ പട്ടിക വർഗ്ഗത്തിൽ പ്പെട്ടവരിൽ നല്ലൊരു വിഭാഗം അവരുടെ ജാതീയമായ മാമൂലുകൾ മുറുകെ പിടിച്ച് സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് കടക്കുന്നതിൽ വിമുഖത കാണിക്കുന്നു.

## വിദ്യാഭ്യാസ നിലവാരം

**പട്ടിക 2.**

| | ക്ലാസ് SC/ST | | | കുട്ടികളുടെ എണ്ണം തോറ്റു പഠിക്കുന്നവർ | | | പഠിത്തം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| 1 | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 38 | 26 | 64 | 0 | 0 | 0 | 0 | 0 | 0 |
| 2 | 32 | 29 | 61 | 1 | 5 | 6 | 2 | 1 | 3 |
| 3 | 29 | 35 | 64 | 3 | 3 | 6 | 1 | 3 | 4 |
| 4 | 31 | 33 | 64 | 6 | 4 | 10 | 2 | 0 | 2 |
| 5 | 43 | 45 | 88 | 4 | 3 | 7 | 2 | 1 | 3 |
| 6 | 38 | 33 | 71 | 6 | 3 | 9 | 0 | 1 | 1 |
| 7 | 40 | 27 | 67 | 3 | 4 | 7 | 0 | 0 | 1 |
| 8 | 26 | 36 | 62 | 7 | 6 | 13 | 1 | 0 | 1 |
| 9 | 21 | 26 | 47 | 7 | 4 | 11 | 0 | 0 | 0 |
| 10 | 13 | 15 | 28 | 0 | 0 | 0 | 0 | 1 | 1 |
| | ആകെ | 311 | 305 | 616 | 37 | 32 | 68 | 7 | 15 |

സാക്ഷരതയുണ്ടങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സ്ക്കൂളിൽ പോരുന്നവരിൽ 17% കുട്ടികൾ മാത്രമേ 10 -ാം ക്ലാസ്സിൽ എത്തുന്നുള്ളൂ. ഉപരരി പഠനത്തിന് അർഹത നേടുന്നവർ അതിലും കുറവ്. ജീവിതസൗകര്യങ്ങളുടെ അപര്യാപ്തത, സ്ക്കൂളിലേക്കുള്ള, യാത്രാസൗകര്യമില്ലായ്മ ഇവയെല്ലാം പ്രതികൂല ഘടകങ്ങളാണ്. ആകെ കുട്ടികളുടെ 0.3% മാത്രമാണ് സ്വകാര്യസ്ക്കൂളുകളിൽ ഫീസുകൾ കൊടുത്തു പഠിക്കുന്നത്. ഈ സ്ക്കൂളുകളിൽ വിജയം 100% ആയിരിക്കെ ഗവ. സ്ക്കൂളുകളിൽ കേവലം 34% മാത്രമാണ്.

പട്ടിക 3.

സ്ക്കൂളുകളും പട്ടിക ജാതി വിദ്യാർത്ഥികളും

| നമ്പർ | സ്ക്കൂൾ | ആകെ കുട്ടികൾ | SC/ST ആൺ | പെൺ | ആകെ | ആകെകുട്ടികളിൽ എത്രശതമാനം |
|---|---|---|---|---|---|---|
| 1 | ഗവ. എൽ.പി.എസ് പെരുനാട് | 133 | 15 | 14 | 29 | 21.8 |
| 2 | ഗവ. എൽ.പി.എസ് കക്കാട് | 94 | 5 | 7 | 12 | 12.8 |
| 3 | ഗവ. എൽ.പി.എസ് അറയാഞ്ഞിലിമൺ | 81 | 21 | 17 | 38 | 41.8 |
| 4 | തേവർവേലിൽ എൽ.പി.എസ്. കൂനക്കര | 320 | 43 | 40 | 83 | 26 |
| 5 | പെരുനാട് എസ്റ്റേറ്റ് എൽ.പി.എസ്. | 65 | 6 | 4 | 10 | 15.4 |
| 6 | സെ.ജോർജ്ജ് എൽ.പി.എസ്. തുലാപ്പള്ളി | 334 | 16 | 228 | 38 | 11.4 |
| 7 | ഗവ. യു.പി.എസ് മാടമൺ | 321 | 58 | 26 | 84 | 26.2 |
| 8 | സെ.തോമസ് യു.പി.എസ്. കക്കാട് | 63 | 6 | 7 | 13 | 20.6 |
| 9 | ഗവ. ഹൈസ്ക്കൂൾ കിസുമം (1-10) | 280 | 60 | 63 | 123 | 44 |
| 10 | പെരുനാട് ഹൈസ്ക്കൂൾ | 850 | 84 | 97 | 181 | 21.3 |
| 11 | ബഥനി സെ. മേരീസ് ഗേൾസ് ഹൈസ്ക്കൂൾ | 884 | 0 | 3 | 3 | 0.3 |
| 12 | ആകെ | 3405 | 311 | 305 | 616 | 18.1 |

പട്ടിക 3 - ൽ നിന്നും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട കുട്ടികളുടെ അനുപാതം മനസ്സിലാക്കാം. മാസം തോറും 80 രൂപാ ഫീസുകൊടുത്തു പഠിക്കുവാനുള്ള സാമ്പത്തികശേഷി ഈ വിഭാഗത്തിനില്ലാത്തതിനാൽ 100 മേനി വിജയവും ഇവർക്ക് അപ്രാപ്യമാണ്.

## തൊഴിൽ

പട്ടിക ജാതി/വർഗ്ഗ വഭാഗങ്ങളിൽ പെട്ടവർ കൂടുതലും പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരായിരുന്നു. ഈറ്റ, മുള, ചൂരൽ ഇവ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ നിർമ്മിച്ച് ഉപജീവനം നടത്തിയിരുന്നഇവർക്ക് ഇന്ന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, ഇവ ശേഖരിക്കുന്നതിനുള്ള നിയമപരമായ തടസ്സങ്ങൾ മുതലായവ ഈ രംഗത്തുനിന്നും ഇവരെ പിന്നോട്ടകറ്റി. പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ കടന്നുകയറ്റവും തൊഴിൽ സ്ഥിരതയില്ലായ്മയും ഒരു പരിധി വരെ ഇതിനു കാരണമായി. ഇപ്പോൾ ദിവസക്കൂലിയിനത്തിൽ ജോലി ചെയ്യുന്നവരാണ്. ഇവരിൽ അധികവും ഇനം തിരിച്ചുള്ള സംഖ്യ ലഭ്യമല്ല.

## പാർപ്പിടം

വാസോഗ്യമായ വീടുകളുടെ അഭാവമാണ് ഇവരുടെ പ്രധാന പ്രശ്നങ്ങളിലൊന്ന്. കോളനി അടിസ്ഥാനത്തിൽ സർക്കാർ ഏജൻസികളുടെ സഹായത്തോടെ തീർത്ത വീടുകളുടെ എണ്ണം വളരെ കുറവാണ്. സഹായം ലഭിച്ചിട്ടുള്ള വീടുകളുടെ പണി പൂർത്തിയാക്കാൻ ആ സംവിധാനങ്ങൾ പര്യാപ്തവുമായിരുന്നില്ല. വീടുകൾക്ക് ലഭിച്ച സഹായം പ്രാഥമിക സൗകര്യങ്ങൾ ഒതുക്കുവാൻ പോലും പ്രയോജനപ്പെട്ടില്ല. 95% പട്ടിക ജാതി/വർഗ്ഗക്കാരും കുടിലുകളിലാണ് താമസിക്കുന്നത്. വന മേഖലകളിൽപട്ടയമില്ലാത്തതിനാൽ അവിടുത്തെ താമസക്കാർക്ക് സർക്കാർ ഏജൻസിളിൽ നിന്ന് അർഹമായ സഹായങ്ങൾ സാങ്കേതികകുരുക്കുകൾ മൂലം നിഷേധിക്കപ്പെട്ടിരിക്കുന്നു.

**പട്ടിക 4.അടിസ്ഥാന സൗകര്യങ്ങൾ**

| വാർഡ് നമ്പർ | കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ചവ | കുടിവെള്ള സൗകര്യം | സാനിട്ടേഷൻ സൗകര്യം | റോഡുകൾ ഗതാഗത യോഗ്യം | IRDPസർവ്വേപ്രകാരം ദാരിദ്രരേഖയ്ക്കുതാഴെ SC/STകുടുംബങ്ങൾ സാമ്പത്തികസഹായം ലഭിച്ചവർ | |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | | |
| 1. പെരുനാട് | താളിക്കര | ഇല്ല | ഇല്ല | ഇല്ല | അല്ല | 30 | 3 |
| 2. മുക്കം | തുരുളൻ മണ്ണ് | ഭാഗികം | തൃപ്തികരം | ഇല്ല | അല്ല | 6 | 2 |
| 3. മാടമൺ | വേലൻ കോളനി | ഉണ്ട് | ഇല്ല | ഇല്ല | അല്ല | 46 | 14 |
| 4. കക്കാട് | 1 .കോട്ടൂപ്പാറIHDP<br>2.. തുണ്ടുമണ്ണിൽ | ഭാഗികം<br>ഇല്ല | ഇല്ല<br>തൃപ്തികരം | ഇല്ല<br>ഇല്ല | അല്ല<br>ആണ് | 35 | 8 |
| 5. നെടുമൺ | കണ്ണന്നുമൺ (അംഗീകാരമില്ല) | ഇല്ല | ഇല്ല | ഇല്ല | അല്ല | 13 | 6 |
| 6. നാറാണം തോട് | 1.അട്ടത്തോട്<br>2. നാറാണം തോട് | ഇല്ല<br>ഇല്ല | ഇല്ല<br>ഇല്ല | ഇല്ല<br>ഇല്ല | ശോചനീയം<br>ശോചനീയം | 58 | 46 |
| 7. മാത്തുംകുഴി | 1. മന്ദപ്പുഴ<br>2. കുളത്തു നിരവിൽ | ഇല്ല<br>ഭാഗികം | ഇല്ല<br>ഇല്ല | ഇല്ല<br>ഇല്ല | അല്ല<br>ഇല്ല | 47 | 9 |
| 8. ളാഹ | 1. രാജാംപാറ<br>2. വേലൻ പ്ളാവ് | ഭാഗികം<br>ഇല്ല | ഭാഗികം<br>ഇല്ല | ഇല്ല<br>ഇല്ല | അല്ല<br>അല്ല | 91 | 27 |
| 9. തുലാപ്പള്ളി | 1. കിസുമം<br>2. മൂലക്കയം | ഇല്ല<br>ഇല്ല | ഇല്ല<br>ഇല്ല | ഇല്ല<br>ഇല്ല | ശോചനീയം<br>ശോചനീയം | 129 | 5 |
| 10.അറയാഞ്ഞലിമൺ | സെറ്റിൽമെൻറ് | ഇല്ല | ഭാഗികം | ഇല്ല | ശോചനീയം | 48 | 41 |

## പ്രശ്നങ്ങൾ

1. പൊതു വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്
2. തൊഴിലവസരങ്ങളുടെ കുറവ്
3. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത അവസ്ഥ.
4. ലഭിച്ച ധന സഹായത്താൽ വീട് പൂർത്തിയാക്കാൻ കഴിയുന്നില്ല.
5. അടിസ്ഥാന സൗകര്യങ്ങൾ കുടിവെള്ളം വൈദ്യുതി ഇവയുടെ അഭാവം
6. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
7. കൈവശ ഭൂമിയിലെ മരങ്ങൾ മുറിച്ചുപയോഗിക്കാൻ കഴിയുന്നില്ല.
8. ചികിൽസ പെൺകുട്ടികളുടെ വിവാഹം എന്നിവയ്ക്ക് മാർഗ്ഗമില്ലാത്ത നിർദ്ധന കുടുംബങ്ങൾ.
9. സർക്കാർ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള വരുടെ പേര് IRDPലിസ്റ്റിൽ ഉൾപ്പെടുത്താത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ.
10. പോഷകാഹാര കുറവും രോഗങ്ങളും
11. വാർദ്ധക്യകാല പെൻഷൻ അഭയ മന്ദിരങ്ങൾ ഇവയുടെ അഭാവം
12. പൊതുവിതരണ സമ്പ്രദായം വാർത്താമാധ്യമങ്ങൾ എന്നിവയുടെ കുറവ്
13. സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നവരോടുള്ള ധനകാര്യ സ്ഥാപനങ്ങളുടെ അവഗണന.
14. പൊതു ശ്മശാനം

## സാധ്യതകൾ

1. പെരുനാട് കേന്ദ്രമാക്കി ഒരു തൊഴിൽ അധിഷ്ഠിത റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക.
2. തുലാപ്പള്ളി കിസുമം മേഖലയിലെ സ്കൂൾ അദ്ധ്യാപകർക്ക് താമസ സൗകര്യം ഏർപ്പെടുത്തുക.
3. സ്കൂളിൽ പോകാൻ വാഹന സൗകര്യം ഏർപ്പെടുത്തണം.
4. അട്ടത്തോട്ടിൽ ഒരു ഗവ: L.P.S അനുവദിക്കുക.
5. പ്ലാപ്പള്ളി കേന്ദ്രീകരിച്ച് സർക്കാർ വക റബ്ബർ പ്ലാന്റേഷൻ നടപ്പാക്കി തുലാപ്പള്ളി അട്ടത്തോടു മേഖലയിലെ പട്ടികജാതി /വർഗ്ഗ തൊഴിലാളികൾക്ക് മുൻഗണന നൽകുക.
6. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുവാൻ ഇടക്കാനകൾ നിർമ്മിക്കുന്നത് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുവാൻ സഹായകമാണ്.
7. പരമ്പരാഗത തൊഴിൽ പരിശീലനകേന്ദ്രങ്ങളും വ്യവസായ സഹകരണ സംഘങ്ങളും സ്ഥാപിക്കുക.
8. ആടുമാടു വളർത്തൽ പ്രോൽസാഹിപ്പിക്കുക.
9. കൃഷി വ്യാപിപ്പിക്കുകയും മണ്ണു സംരക്ഷണം നടപ്പാക്കുകയും ചെയ്യുക.
10. വനവിഭവ ശേഖരത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന് സഹകരണസംഘങ്ങൾ ആരംഭിക്കുക.
11. സർക്കാർ ഏജൻസികളിൽ ഒരു കുടുംബത്തിൽ നിന്ന് ഒരാൾക്കെങ്കിലും സ്ഥിരം ജോലി നൽകുക.
12. സ്വന്തമോ കൈവശമോ ഭൂമി ഇല്ലാത്തവർക്ക് സർവ്വേ നടത്തി വീടു വയ്ക്കാൻ 5 സെൻറു ഭൂമി പഞ്ചായത്തിൽനിന്നു നൽകുക.
13. വനമേഖലകളിൽ താമസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും കൈവശ ഭൂമിക്കു പട്ടയം നൽകുക.
14. അർഹരായ എല്ലാവർക്കും സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുക.
15. നിർദ്ദനരായ കുടുംബങ്ങളിലെ എല്ലാവർക്കും ചികിൽസ ലഭ്യമാക്കാൻ അറയാഞ്ഞലിമണ്ണ്, കിസുമം, മൂലക്കയം , നാറാണംതോട്, അട്ടത്തോടുകോളനികളിൽ ആഴ്ചയിൽ ഒരിക്കൽ വീതം സഞ്ചരിക്കുന്ന മെഡിക്കൽ സംവിധാനം ഏർപ്പെടുത്തണം.
16. IRDP സർവ്വേ നടത്തി അർഹരായ മുഴുവൻ പട്ടികജാതി വർഗ്ഗകുടുംബങ്ങളേയും ഉൾപ്പെടുത്തുക.
17. എല്ലാ കോളനി പ്രദേശങ്ങളിലും വായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിക്കുക. ആനുകാലിക പ്രസദ്ധീകരണങ്ങളും വർത്തമാന പത്രങ്ങളും ടി.വി. ലഭ്യമാക്കുക.
18. പമ്പാവലി കേന്ദ്രമാക്കി മാവേലി സ്റ്റോർ സ്ഥാപിക്കുക.
19. ബാങ്കുകളും സഹകരണസംഘങ്ങളും വായ്പാപദ്ധതി ഉദാരമാക്കുക.
20. അറയാഞ്ഞലി മണ്ണ്, പമ്പാവലി, അട്ടത്തോട് ,വേലൻപ്ലാവ്, ബിംമരം ഈ വനമേഖലകളിൽ കൈവശ ഭൂമിക്ക് പട്ടയം നൽകി ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും സംരക്ഷണം നൽകുക.
21. ജാതി നിർണ്ണയം പൂർണ്ണതയിലെത്തിക്കാൻ നടപടി സ്വീകരിക്കുക.
22. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ഏർപ്പെടുത്തുക.
23. പഞ്ചായത്തിൽ നിലവിൽ ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ ഉണ്ട്. ഒരു ഗേൾസ് പ്രീ-മെട്രിക് ഹോസ്റ്റലുകൂടി അനുവദിക്കുക.
24. നിലവിലുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
25. പഞ്ചായത്തു കേന്ദ്രമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ആഫീസ് അനുവദിക്കുക.
26. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
27. കോളനികളിലെ വീടുകളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുക.
28. S.S.L.C പാസ്സാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉപരിപഠന സഹായം നൽകുക.
29. ഒരു ഹരിജൻ സഹകരണ സംഘം കൂനംകരയിൽ പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗക്കാർക്കുകൂടി ഇതിന്റെ പ്രയെജനം ലഭ്യമാകത്തക്ക രീതിയിൽ വിപുലൂകരിക്കുക.
30. വെൽഫെയർ സൊസൈറ്റി രൂപീകരിക്കുക.
31. വന്യ മൃഗ ആക്രമണങ്ങൾ തടയാൻ കോളനിപ്രദേശങ്ങൾ മതിൽ കെട്ടി സംരക്ഷിക്കുക.
32. അട്ടത്തോട്ടിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുക.
33. അട്ടത്തോട് താൽക്കാലിക സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് വസ്ത്രം പാഠപുസ്തകങ്ങൾ ഉച്ചഭക്ഷണം ഇവ എത്തിക്കുക.

34. ആദിവാസികൾക്കു നഷ്ടപ്പെട്ട ഭൂമി തിരികെ നൽകുക.

35. റേഷൻ സാധനങ്ങൾ കൃത്യസമയത്ത് അളവിലും വിലയ്ക്കും നൽകുക. ചൂഷണം അവസാനിപ്പിക്കുക.

## പട്ടിക 5 ശുദ്ധജല ലഭ്യത - നിർദ്ദേശങ്ങൾ

| No. | കോളനിയുടെ പേര് | നടപ്പിലാക്കേണ്ട പദ്ധതി | ഗുണഭോക്തൃ പ്രദേശം |
|---|---|---|---|
| 1. | താളികര - ബഥനി പുതുവൽ | ബഥനി മലയിൽ ടാങ്കുകെട്ടുക | R.C. ചർച്ച്, കടുവാക്കുഴി കോട്ടക്കുഴി - ചേനാമ്പാറ |
| 2. | ഇരുതുൻമണ്ണു കോളനി | അടിച്ചിപ്പുഴ വാട്ടർസപ്ളെ സ്കീം | മുക്കം വാർഡ് |
| 3. | കോട്ടപ്പാറ IHDPകോളനി | വാട്ടർസപ്ളെ സ്കീം കോളനി, പട്ടരുമല, തുണ്ടുമണ്ണിൽ | മോടിമേപ്രം, വേലൻ കോളനി ലിറ്റിൽ ഫ്ളവർ |
| 4. | ഇടപ്ര | വേലൻ കോലിൽ ശുദ്ധജല വിതരണ പദ്ധതി | 5 -) 0വാർഡു മുഴുവൻ |
| 5. | അട്ടത്തോട് | പമ്പയാറ്റിൽ നിന്നും സൗരോർജ്ജം പമ്പുസെറ്റ് ഉപയോഗിച്ച് | 6,10 വാർഡുകൾ |
| 6. | മരുപ്പുഴ, കുളത്തുംനിരവ് | കുളം നിർമ്മിച്ച് സൗരോർജ്ജ പമ്പ് സ്ഥാപിക്കുക | കോളനിപ്രദേശങ്ങൾ. |
| 7. | ളാഹ,രാജാംപാറ, വേലംപ്ളാവ്, മണക്കയം,ബിമ്മരം | രാജാംപാറ വനത്തിലെ നീർപ്രദേശത്തുകുളം | മണക്കയം, വേലൻപ്ളാവ്, ബിമ്മരം രാജാംപാറ |
| 8. | അറയാഞ്ഞാലി മണ്ണ് കോളനി | പമ്പയാറ്റിൽ സൗരോർജ്ജ പമ്പ്, ടാങ്ക് | പെരിങ്ങാട്ടുമല മുകളിൽ കോളനി പ്രദേശം |



# 5.12

# വിഭവ സമാഹരണം

റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന് വിസ്തൃതമായ ഒരു ഭൂമേഖലയുണ്ടെങ്കിലും വ്യാവസായികമായി പിന്നോക്കം നില്ക്കുന്നു. പഞ്ചായത്ത് സാമ്പത്തിക വരുമാനത്തിൽ പിന്നോക്കമാണ്.

ഒരു നാടിൻെറ വികസനം അവിടുത്തെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിയെ ആശ്രയിച്ചിരിക്കുന്നു. സാമ്പത്തിക പുരോഗതി വ്യവസായങ്ങളെയും സാമൂഹ്യ പുരോഗതി വിദ്യാഭ്യാസത്തെയും ആശ്രയിച്ചിരിക്കുന്നു. ഈ നാടിനെ സംബന്ധിച്ചിടത്തോളം വൻകിട ചെറുകിട വ്യവസായങ്ങൾ വളർന്നിട്ടില്ല. കാർഷിക മേഖലയിലെ മുഖ്യയിനം റബ്ബറാണ്. മറ്റു വിളകൾ നാമമാത്രയാണ്. ഭൂപ്രകൃതിയും കാർഷിക മേഖലയിലെ തൊഴിലാളികളുടെ അഭാവവും കാരണം റബ്ബർ മേഖല വരളുന്നു. വൻകിട തോട്ടങ്ങളും ചെറുകിട തോട്ടങ്ങളും കൂടുതലും പഞ്ചായത്തിനു പുറത്തുള്ളവരുടെ നിയന്ത്രണത്തിലാകകാരണം നാടിന് കാര്യമായ സാമ്പത്തിക പുരോഗതിയുണ്ടാകുന്നില്ല. റബ്ബറും റബ്ബർ തടിയും ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന അസംസ്കൃത വിഭവങ്ങൾ ഇവിടെത്തന്നെ പ്രയോജനപ്പെടുത്തുന്ന പക്ഷം തൊഴിലും സാമ്പത്തിക പുരോഗതിയും നേടാം. കാർഷിക മേഖലയിൽ തൊഴിൽ ചെയ്യാനുള്ള യുവാക്കളുടെ ഇടയിലെ വൈമുഖ്യം കാരണം ചെറുകിട കൃഷിക്കാർ പോലും റബ്ബറിലേക്കു മടങ്ങുന്നു.

വിഭവമെന്നാൽ പണം മാത്രമാണെന്നുള്ള ധാരണ 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കാനുള്ള ശ്രമത്തിലുടെ തകർന്നിരിക്കുന്നു. മനുഷ്യവിഭവവും ഏറ്റവും വലിയ സമ്പത്താണെന്ന് നാം തിരിച്ചറിഞ്ഞു. അതിലൂടെ തങ്ങളുടെ അദ്ധ്വാന ശേഷി നാടിൻെറ വികസനപരമായ പ്രവർത്തികളിലൂടെ കാഴ്ചവെച്ച് ജനപങ്കാളിത്തത്തോടെ പ്രവർത്തനം ഏറ്റെടുത്ത് ആവേശപൂർവം നടപ്പാക്കാൻ തുടങ്ങിയിരിക്കുന്നു. മനുഷ്യാദ്ധ്വാനം സന്നദ്ധപ്രവർത്തനത്തിലൂടെ വികസന രംഗത്തേക്കു കൊണ്ടു വരുവാൻ ശ്രമങ്ങൾ നടക്കണം. വീട്, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം തുടങ്ങി ജീവിത സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുവാൻ ഫണ്ടില്ലാത്താ അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിലാണ് പഞ്ചായത്തിൻെറ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള വിഭവ സമാഹരണത്തിൻെറ പ്രസക്തി .

പട്ടിക 1.

## റാന്നി - പെരുനാട് ഗ്രാമപഞ്ചായത്ത് (ചെലവിനം)

| | വർഷം | നടത്തിപ്പ് ചെലവ് | പൊതു മരാമത്ത് | വിദ്യാഭ്യാസം | ശുചീകരണം | തെരുവുവിളക്ക് | മറ്റിനം | മൊത്തം |
|---|---|---|---|---|---|---|---|---|
| 1 | 1991-92 | 394345.10 | 80027.15 | 13307.75 | 19154.00 | 39974 | 187009.20 | 733817.20 |
| 2 | 1992-93 | 410104.90 | 309950.05 | 26721.20 | 28719.00 | 63558 | 89445.05 | 928498.20 |
| 3 | 1993-94 | 386741.50 | 198293.50 | 27098.00 | 36493.05 | 56208 | 351183.60 | 1056017.65 |
| 4 | 1994-95 | 448960.15 | 684666.55 | 46300 | 33116.50 | 56208 | 112663.95 | 1381915.15 |
| 5 | 1995-96 | 612143.90 | 980510.75 | 28769.60 | 54739.00 | 56208 | 91178.00 | 1823549.25 |

## റാന്നി പെരുനാട് ഗ്രാനപഞ്ചായത്ത് (വരവ്)

| | വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | ലൈസൻസ് ഫീസ് | മാർക്കറ്റ് ലേലം | മണൽ ലേലം | പ്രദർശന നികുതി | മറ്റിനം | മൊത്തം |
|---|---|---|---|---|---|---|---|---|---|
| 1 | 91-92 | 154882.10 | 140896 | 58112 | 7845 | 48901 | 6048.25 | 654137.43 | 1070831.78 |
| 2 | 92-93 | 152281.06 | 135019 | 53620 | 6731 | 62251 | 6114.75 | 759749.26 | 1175766.5 |
| 3 | 93-94 | 107629.00 | 96015 | 39590 | 9671 | 24066 | 5816.00 | 686673.40 | 969460.40 |
| 4 | 94-95 | 276356.75 | 152410 | 58336 | 13980 | 192578 | 5165.00 | 849975.5 | 1548801.20 |
| 5 | 95-96 | 273564.00 | 190975 | 56652 | 9050 | 263400 | 1635.50 | 1066025.45 | 1861301.95 |

പഞ്ചായത്തിൻെറ ഇപ്പോഴുള്ള വരവ് പരിശോധിച്ചാൽ തൊഴിൽ നികുതി, കെട്ടിട നികുതി, മാർക്കറ്റുവരവ്, സ്റ്റാമ്പു ഡ്യൂട്ടി ഗ്രാൻറ്, വിവിധ ഗ്രാൻറുകൾ, ഫണ്ടുകൾ തുടങ്ങിയവയാണ്. ഇവ ഇപ്പോൾ നടത്തേണ്ട വികസന പ്രവർത്തന പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല. വരുമാനത്തിനുള്ള പുതിയ വഴികൾ കണ്ടെത്തേണ്ടതാണ്.

പട്ടിക 2

## സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

| | സർക്കാർ | സഹകരണം | സ്ഥലകാര്യം | ആകെ | സർക്കാർ | സഹകരണം | സ്ഥലകാര്യം | ആകെ | | |
|---|---|---|---|---|---|---|---|---|---|---|
| സ്ഥാപനം | 5 | 6 | 11 2 | - 1 | 3 | 26 5 | 5 | 36 | | |
| ജീവനക്കാർ | 54 - | 71 | 125 | 19 - | 4 | 23 | 181 | 58 | 783 | 1022 |

തൊഴിൽ നികുതി കഴിഞ്ഞ സാമ്പത്തിക വർഷം പിരിഞ്ഞുകിട്ടിയത് 190975 രൂപയായിരുന്നു. പഞ്ചായത്തിൽ ഒരു സിനിമാ തീയേറ്റർ പ്രവർത്തിക്കുന്നു. വിനോദ നികുതി തുലോം കുറവാണ്. കെട്ടിട നികുതി ഇനത്തിൽ പിരിക്കുന്ന നികുതി 27354 രൂപയാണ്. നിലവിലുള്ള നിയമം അനുസരിച്ച് നികുതി പിരിക്കുകയാണെങ്കിൽ വരുമാനം വർദ്ധിക്കും. സ്ഥിരമായി നാലു മുറികളുള്ള എല്ലാ വീടുകൾക്കും നികുതി ചുമത്തണം. നികുതി പിരിവിലെ അപാകതകൾ പരിഹരിക്കണം. ഇതിനാവശ്യമായ ഉദ്യോഗസ്ഥൻമാരെ നിയമിച്ചു ജനകീയ കമ്മറ്റി രൂപീകരിച്ചും പ്രശ്നം പരിഹരിക്കാവുന്നതാണ്. ഫണ്ടുകളും ഗ്രാൻറുകളും യഥാസമയം ലഭിക്കുന്നില്ല.

### ബാങ്കുകളിലെ നിക്ഷേപ വായ്പാനുപാതം

ബാങ്കുനിക്ഷേപവും വായ്പയും തമ്മിൽ കാര്യമായ അന്തരം കാണാം. സഹകരണ ബാങ്കുകളിൽ നിന്നു മാത്രമാണ് കൂടുതൽ വായ്പാ വിതരണം ചെയ്യുന്നതെന്നു കാണാം. പ്രത്യുൽപാദന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത്രാജ് ആക്ടനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിക്കാവുന്നതാണ്.

**ചെലവുകൾ**

ചെലവുകളുടെ പട്ടിക പരിശോധിച്ചാൽ പ്രത്യാൽപാദനപരമല്ലാത്ത മേഖലകളിലാണ് കൂടുതൽ പണം ചെലവഴിക്കുന്നതെന്നു കാണാം. ഭരണച്ചെലവു കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പണം ചെലവിടുന്നത് റോഡിനാണെന്നു കാണാം. റോഡ് മെയിൻറനൻസിന് വർഷം തോറും ചെലവുടുന്ന തുക കൂടുതലും പാഴാകുന്നു. അറ്റകുറ്റപ്പണികൾ ജനപങ്കാളിത്തത്തോടു കൂടി നടത്തുകയും പഞ്ചായത്തു പണം ഉപയോഗിച്ച് ഓടകൾ നിർമ്മിക്കുകയും ചെയ്യണം. വർഷം തോറും കുത്തനെയുള്ള ഏതാനും റോഡുകൾ കോൺക്രീറ്റു ചെയ്യുന്ന പരിപാടി നടപ്പിലാക്കിയാൽ ദീർഘകാലാടിസ്ഥാനത്തിൽ റോഡുകളുടെ പരിരക്ഷ ഉറപ്പു വരുത്താവുന്നതാണ്. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ജനകീയ സമിതികൾ രൂപീകരിച്ച് ആവേശത്തോടു കൂടി പ്രവർത്തിച്ചാൽ ഐശ്വര്യവും സമ്പത്തുമുള്ള ഒരു സുന്ദര ഗ്രാമം പടുത്തുയർത്തുവാൻ കഴിയും. അതിനുള്ള ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. റബ്ബർ ഉത്പാദനത്തിൽ ജില്ലയിൽ മുന്നുട്ടു നിൽക്കുന്ന പ്രദേശമാണ് നമ്മുടേത്. വൻകിട തോട്ടമുടമകളാകെ സമ്പത്തു മുഴുവനും പുറത്തേക്ക് കടത്തിക്കൊണ്ടു പോകുന്ന പ്രവണതയാണ് കാണുന്നത്. ഇതിന്റെ ഒരു ചെറിയ ഭാഗം നാടിന്റെ വികസനത്തിനു വേണ്ടി ഉപയോഗിക്കണം എന്ന ലക്ഷ്യത്തോടുകൂടി ഒരു ഹെക്ടറിനു മുകളിലുള്ള റബ്ബർ തോട്ടങ്ങൾ ഉത്പാദനനികുതി ഏർപ്പെടുത്തണം.
2. ഇന്ന് സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നു മാത്രം ഈടാക്കുന്ന തൊഴിൽ കരം, സ്ഥിര

വരുമാനമുള്ള മറ്റു മേഖലകളിലേക്കു കൂടി വ്യാപിപ്പിക്കാവുന്നതാണ്. ഉദാഹരണമായി തോട്ടം, ചെറുകിട വ്യവസായം, ലോഡിംഗ്, മേസ്ത്രി, ആശാരി, ഡ്രൈവർ, കെട്ടിട നിർമ്മാണം തുട ങ്ങിയവ.

3. നിലവിലുള്ള വ്യപാര സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാവുന്നതാണ്. ഇതിനാവശ്യമായ മോണിട്ടറിംഗ് സംവിധാനം ഉണ്ടാക്കണം.

4 പെരുനാട് പഞ്ചായത്തിൽ ടാക്സി സ്റ്റാൻറിന്റെ അഭാവമുണ്ട്. അതു നിർമ്മിച്ചാൽ ാർക്കിംഗ് സൗകര്യം ഉണ്ടാക്കുന്നതിനും അതിലൂടെ പാർക്കിംഗ് ഫീസ് ഇനത്തിൽ പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാവുന്നതുമാണ്.

5 നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പമ്പ- ശബരിമല പാർക്കിംഗ് കേന്ദ്രത്തിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം പഞ്ചായത്ത് നേടിയെടുക്കേണ്ടതാണ്.

6 പഞ്ചായത്തിൽ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം മാടമൺ, പെരുമൗട്, കൂനംകര, മഠത്തുംമൂഴി, ളാഹ, നിലക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ ഇടത്താവളങ്ങൾ നിർമ്മിക്കണം.

7. പെരുനാട് പഞ്ചായത്തിലൂടെ ശബരിമലയിലേക്ക് പോകുന്ന വാഹനങ്ങൾ ഈ മേഖലയിൽ പാർക്കു ചെയ്താൽ പാർക്കിംഗ് ഫീസ് ഈടാക്കാം.

8. ഏതാണ്ട് 200 -ഓളം തൊഴിലാളികൾ വർഷങ്ങളായി ഇവിടെ കല്ലു കൊത്തു കൊണ്ടുള്ള ഉപകരണ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഈ പഞ്ചായത്തിലെ പ്രകൃതി വിഭവമായ പാറ ആട്ടുകല്ലുകൾ, അമ്മിക്കല്ലുകൾ, ഉരലുകൾ തുടങ്ങിയ ഗൃഹോപകരണങ്ങളാക്കി അന്യഭാഗങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നു. ഓരോ ഉപകരണത്തിനും ചെറിയ നികുതി ഏർപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. പണി ചെയ്യുന്നവർക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തണം.

9 പഞ്ചായത്തിൽ ധാരാളം നായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്നു. വളർത്തു നായ്ക്കൾക്ക് (കുത്തിവയ്പ് എടുത്തവയ്ക്ക് മാത്രം) ലൈസൻസ് ഏർപ്പെടുത്തിയാൽ അതിലൂടെ രുമാനവും ബാക്കിയുള്ള നായ്ക്കളെ അനാഥമായി കണക്കാക്കി പിടിച്ചു നശിപ്പിച്ച് പൊതുജനങ്ങളെയും വളർത്തു മൃഗങ്ങളെയും പേപ്പട്ടി ശല്യത്തിൽ നിന്നും രക്ഷിക്കുകയും ചെയ്യാം.

10 പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ ചമ്പോൺ മുതൽ ശബരിമല വരെ നൂറുണക്കിന് ബാനറുകളും പരസ്യബോർഡുകളും സ്ഥാപിച്ചിരിക്കുന്നു. നിയമാനുസൃതമായ നികുതികൾ ഇവയുടെ ഉടമസ്ഥരിൽ നിന്നും ഈടാക്കുകയും നികുതികൾ നൽകാത്തവ കണ്ടു കെട്ടുകയും ചെയ്യണം.

11. പഞ്ചായത്ത്, കെട്ടിട നിർമ്മാണം നിയമത്തിന്റെ പരിധിയിലാക്കുകയും ലൈസൻസ് എടുത്തതിനുശേഷം കെട്ടിട നിർമ്മാണത്തിന് അനുവാദം കൊടുക്കുകയും ചെയ്താൽ അതിലൂടെ ക്ലിപ്തമായ കെട്ടിട നികുതി ഏർപ്പെടുത്താവുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിക്കണം.

12. പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ വള്ളങ്ങൾക്കും രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്താവുന്നതാണ്.

13. പഞ്ചായത്തിനുള്ളിൽ നിന്നും ധാരാളം റബ്ബർ മരങ്ങൾ വർഷം തോറും മുറിച്ചു കടത്തിക്കൊണ്ടു പോകുന്നു. ഇങ്ങനെ കൊണ്ടുപോകുന്ന ഓരോ മരത്തിനും പരിമിതമായ നികുതി ഏർപ്പെടുത്തുന്നതിലൂടെ പഞ്ചായത്തിൻെറ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും അതിലൂടെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സാധിക്കും.

14. പമ്പയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള അനുവാദം സമ്പാദിക്കുക വഴി അതിലൂടെ വരുമാനം വർദ്ദിപ്പിക്കാം.

## ഇന്ദിരാ വികാസ് പത്ര

വീടിന്നൊരു വികാസ് പത്ര എന്ന സന്ദേശം പഞ്ചായത്തിലെ മുഴുവൻ വീടുകളിലും എത്തിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക. വികാസ് പത്രയിൽ മുടക്കുന്ന തുകയുടെ 20% പഞ്ചായത്തിന് ഉപാധിരഹിത ഫണ്ടായി ചെലവാക്കാവുന്നതാണ്. ഇപ്രകാരം വികസനത്തിന് എല്ലാവരുടെയും ജനപങ്കാളിത്തം ഉറപ്പാക്കാം.

പൊതുമരാമത്ത് പഞ്ചായത്ത് റോഡുകളുലേക്ക് സ്വന്തമായി വെട്ടിച്ചേർക്കുന്ന സ്വകാര്യ റോഡുകൾക്ക് ഒരു നിശ്ചിത തുക നിർമ്മാണ സമയത്ത് ഫീസായി പിരിക്കാവുന്നതാണ്.

1994-ലെ കേരള പഞ്ചായത്തുരാജ് ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ട്യൂട്ടോറിയൽ കോളേജ്, സ്വകാര്യ ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവക്ക് ലൈസൻസ് നൽകി ഫീസ് പിരിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തിന് വസ്തു കൈമാറ്റ നികുതി ഇനത്തിൽ ലഭിക്കുന്ന തുക രജിസ്ട്രാർ ഓഫീസിൽ അടക്കുന്ന സമ്പ്രദായം ആവശ്യമായ നിയമ ഭേദകളിലുടെ മാറ്റി, പഞ്ചായത്തിൽ നേരിട്ട് അടക്കുന്നതു മൂലം നികുതി വെട്ടിപ്പ് തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കുന്നതിനും യഥാസമയം ലഭിക്കുന്നതിനും സാധിക്കുന്നതാണ്.

നിർദ്ദിഷ്ട പെരുനാട്-പൂവത്തുംമൂട് ക്രോസ് വേയ്ക്ക് ചിലവഴിക്കുന്ന തുക വാഹനങ്ങളിൽ നിന്നും ടോൾ ഇനത്തിൽ ഈടാക്കി തുടർ വികസനത്തിന് വിനിയോഗിക്കാവുന്നതാണ്.

# 5.13

# ടൂറിസം

പാറശാലാമുതൽ തിരുവനന്തപുരം മുതൽ കാസർകോടു വരെ, ഭാരതാംബയുടെ പാദസരം കണക്കെ ശോഭിക്കുന്ന - ദൈവത്തിൻെറ സ്വന്തരാജ്യമായ കൊച്ചു കേരളത്തിൻെറ കിഴക്കൻ മലയോര പ്രദേശമായ റാന്നി പെരുനാടിന് ടൂറിസ ഭൂപടത്തിൽ സ്ഥാനമില്ല. എങ്കിലും കൊല്ലം തോറും കോടിക്കണക്കിന് ജനങ്ങൾ സന്ദർശിച്ചുകൊണ്ടിരിക്കുന്ന, ഈ പഞ്ചായത്തിലെ ശബരിമല ക്ഷേത്രത്തിൻെറ പ്രാധാന്യം കണക്കിലെടുത്ത് പെരുന്നാട് കേന്ദ്രമാക്കി ടൂറിസം വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

നിത്യഹരിതവന പ്രദേശങ്ങളും, തോടുകളും, പുഴകളും, അരുവികളും കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശത്ത് ടൂറിസ വികസന സാധ്യതകൾ അനന്തമാണ്. ആസൂത്രിതമായി. ഇവ വികസിപ്പിച്ചെടുത്താൽ സ്വദേശികളും വിദേശികളുമായ ധാരാളം വിനോദസഞ്ചാരികളെ ഇവിടേക്കാർഷിക്കുവാനും അതുവഴി സാമൂഹ്യ സാംസ്ക്കാരിക, വ്യാവസായിക രംഗങ്ങളിൽ പുരോഗതി കൈവരിക്കുവാനും കഴിയും.

സാധ്യതകൾ

പരിസ്ഥിതി പ്രശ്നങ്ങളില്ലാതെ തന്നെ ടൂറിസ വികസന പദ്ധതികൾ ആവിഷ്ക്കരിക്കാമെന്നത് ഇവിടുത്തെഒരു പ്രത്യേകതയാണ്.

1. ഒരിക്കലും വറ്റാത്ത വെള്ളമുള്ള കക്കാട്ടാറിൻെറ തീരത്ത് മഠത്തും മൂഴി കേന്ദ്രമായി പ്രവർത്തിക്കുന്ന പെരുന്നാടു സർവ്വീസ് സഹകരണ ബാങ്കുവക സ്ഥലം അക്വയർ ചെയ്ത് അവിടെ പുഴയോരത്ത് റിസോർട്ടുകൾ സ്ഥാപിക്കുക. അതിനോടനുബന്ധിച്ച് ആറ്റിലേക്ക് വിശാലമായ പടവുകൾ കെട്ടുകയും ചെറിയ ബോട്ട് സർവ്വീസ് ഏർപ്പെടുത്തുകയും തീരങ്ങളിൽ മനോഹരമായ പൂന്തോട്ടങ്ങളും പൂന്തോട്ടങ്ങളിൽ ശിൽപങ്ങളും ഉണ്ടാക്കുകയും ചെയ്യണം. മുൻപ് മഠത്തും മൂഴിയിലുണ്ടായിരുന്ന ചപ്പാത്തിൻെറ ഭാഗത്ത് ചെറിയ തടയണ കെട്ടിയാൽ ബോട്ടിംഗിനുള്ള ഏരിയാ കൂടുതൽ വിശാലമാക്കാം.

2. പമ്പയും, കാട്ടാറും സംഗമിക്കുന്ന ഭാഗത്തുള്ള നിരന്ന വിശാലമായ ഭൂവിഭാഗം സ്വകാര്യ വ്യക്തികളിൽ നിന്നും അക്വയർ ചെയ്ത് അവിടെയും കെട്ടിടങ്ങൾ സ്ഥാപിച്ച് വിനോദസഞ്ചാരികൾക്കു താമസ സൗകര്യമൊരുക്കാം. സംഗമസ്ഥാനത്തുള്ള ചെറിയ തുരുത്ത് ചുറ്റും സംരക്ഷണ ഭിത്തികെട്ടി അതിൽ

പൂക്കളുണ്ടാകുന്ന വാകമരം പോലുള്ള വൃക്ഷങ്ങളും ചെടികളും നടുകയും ഇരിക്കാൻ കോൺക്രീറ്റ് ബഞ്ചുകൾ സ്ഥാപിക്കുകയും ചെയ്യാം.

നിലവിൽ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുള്ള പൂവത്തും മൂട് ക്രോസ്‌വേ പണി വേഗം ആരംഭിച്ചു പൂർത്തികരിക്കുകയാണെങ്കിൽ ഇത്തരത്തിലുള്ള സാധ്യതകൾ വളരെ കൂടും. മുക്കം ആറ്റുതീരത്ത് മനോഹരമായ പൂന്തോട്ടങ്ങളും പാർക്കും ഉണ്ടാക്കാം.

3. മഠത്തും മൂഴിയിലും പെരുനാട്ടിലും നിലവിലുള്ള പൊതുമാർക്കറ്റുകൾ നഷ്ടത്തിലോടുന്നതിനാൽ ഈ സ്ഥലങ്ങളും പാർക്കിംഗ് സൗകര്യത്തിനും, കെട്ടിടങ്ങൾ കെട്ടി താമസസൗകര്യത്തിനുപയോഗിക്കാം. ഈ സൗകര്യങ്ങൾ അയ്യപ്പ ഭക്തൻമാർക്ക് ഇടത്താവളങ്ങൾ ആയി ഉപയോഗിക്കാനും പ്രയോജനപ്പെടും.

4. ഇത്തരത്തിലുള്ള സൗകര്യങ്ങളെല്ലാം ഉണ്ടാകുന്നതോടൊപ്പം ഇവിടെ വന്നു താമസിക്കുന്ന വിനോദസഞ്ചാരികൾക്ക് താഴെപ്പറയുന്ന പ്രധാന കേന്ദ്രങ്ങളിലേക്ക് പോകുന്നതിന് പഞ്ചായത്തിൻെറ അധീനതയിൽ വാഹനങ്ങൾ ഏർപ്പെടുത്തുകയും അവയ്ക്ക് നിയമാനുസൃതമായ വാടക ഏർപ്പെടുത്തുകയും ചെയ്യാം.

5. പെരുനാടു ഹൈസ്കൂൾ ആസ്ഥാനമാക്കി കുട്ടികളുടെ പാർക്കും, കേരളത്തിൻെറയും ഭാരതത്തിൻെറയും നവോത്ഥാനത്തിനു നേതൃത്വം നൽകിയ മഹാരഥൻമാരുടെ ചരിത്രങ്ങലും പ്രവർത്തനവും രേഖപ്പെടുത്തികൊണ്ടുള്ള ഒരു മ്യൂസിയവും സ്ഥാപിച്ചാൽ മറ്റുസ്ഥലങ്ങളിൽ നിന്നും കുട്ടികളെ ഇവിടേക്കാകർഷിക്കുന്നതിനും ഇന്നത്തെ തലമുറക്കു നഷ്ടമായികൊണ്ടിരിക്കുന്ന ചരിത്രാവബോധം അവരിൽ ഉണ്ടാക്കുന്നതിനും സാധിക്കും.

ഇവിടെ താമസിച്ചു കൊണ്ടു സന്ദർശിക്കാവുന്ന സ്ഥലങ്ങൾ

1. പെരുത്തേനരുവി
2. മണിയാർ ഡാം
3. മണിയാർ വൈദ്യുത നിലയം
4. റബ്ബർ സംസ്ക്കരണ ഫാക്ടറികൾ
5. പമ്പാ ഡാം.
6. കക്കി ഡാം.
7. ശബരിഗിരി പവ്വർ ഹൗസ്
8. കക്കാട് ജല വൈദ്യുത പദ്ധതി
9. പൊന്നമ്പലമേട്
10 ശബരിമല
11. തേക്കടി
12. നിലക്കൽ ക്ഷേത്രം
13. നിലക്കൽ ക്ഷേത്രം
14 എരുമേലി
15. പമ്പാവാലി
16. നിത്യ ഹരിത വനങ്ങൾ - വിവിധതരം പക്ഷികൾ - വന്യജീവികൾ
17. മുണ്ടൻ മല (സൂര്യാസ്തമയ ദർശനം)
18 വിശാലമായ റബ്ബർ തോട്ടങ്ങൾ

ഇങ്ങനെ വളെരെയധികം സ്ഥലങ്ങൾ കാണുന്നതിനുള്ള സൗകര്യങ്ങൾ നിരവധിയാണ്. ഈപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയാൽ പരിസ്ഥിതി പ്രശ്നങ്ങളില്ല മറിച്ച് പരിസ്ഥിതി സംരക്ഷണത്തിനു സാധ്യതയേറും എന്നുള്ളത് ഈ പ്രദേശത്തിൻെറ മാത്രം പ്രത്യേകതയാണ്.

ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ വർണ്ണപകിട്ടിൽ മയങ്ങി അതിനു പിന്നാലെ പാഞ്ഞ നമ്മൾ നമ്മുടെ നാടിൻെറ സംസ്ക്കാരങ്ങളിൽ നിന്നും വ്യതിചലിച്ച് പാശ്ചാത്യ സംസ്ക്കാരങ്ങളെ അനുകരിക്കാൻ വെമ്പൽ കൊള്ളുകയും അതിലൂടെ സാംസ്ക്കാരിആപചയം സംഭവിക്കുകയും അരാജകത്വ ബോധം നമ്മെ ഗ്രസിക്കുകയും നാം നാശത്തിലേക്കു നീങ്ങുകയും ചെയ്ത വേളയിൽ, കേരള സർക്കാർ ആവിഷ്ക്കരിച്ച ജനകീയാസൂത്രണ പരിപാടി നമ്മുടെ മസ്തിഷ്ക്കത്തിൽ ഒരു മിന്നലായി കടന്നുവരികയും ബോധോദയം ഉണ്ടാവുകയും ചെയ്തിരിക്കുന്നു.

നിരന്തരമായ ഒത്തുചേരലുകളിലൂടെയും കൂട്ടായ പരിശ്രമത്തിൻെറയും ഫലമായി നമ്മുടെ നാടിൻെറ വികസനത്തിന് ഒരു പുത്തൻ സംസ്ക്കാരം പിറവിയെടുത്തിരിക്കുന്നു.

ജനങ്ങളുടെ സാംസ്ക്കാരികമായ ഉന്നമനത്തിൻെറ അടിസ്ഥാന ഘടകമായ വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റം സംഭവിച്ചാൽ മാത്രമേ നാടിൻെറ വികസനം സാദ്യമാകൂ എന്ന അടിസ്ഥാന തത്വത്തിൽ ഉറച്ചുനിന്നുകൊണ്ട് നമ്മുടെ പഞ്ചായത്തിലും വിദ്യാഭ്യാസ സമിതി - സ്കൂൾ കോംപ്ളക്സ് പ്രവർത്തനമാരംഭിച്ചു. വിദ്യാഭ്യാസ സമിതിയുടെ ചെയർമാൻ പഞ്ചായത്ത് പ്രസിഡൻറാണ്. ജനറൽ കൺവീനർ പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സണും, കൺവീനർ ലീഡ്സ്കൂൾ ( പെരുനാട് H.S) ഹെഡ്മാസ്റ്ററുമാണ്. വിദ്യാഭ്യാസ സമിതിയുടെ സഹായിക്കുന്നതിന് അക്കാദമിക് കമ്മിറ്റിയും മോണിറ്ററിംഗ് കമ്മിറ്റിയും ഉണ്ട്. എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷകർത്തു സമിതികൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. മാതൃ സമിതികളും സജീവമാണ്.

96 സെപ്റ്റബർ 5 ന് പഞ്ചായത്ത്, വിദ്യാഭ്യസ സമിതിയുടെ ഔപചാരികമായ ഉദ്ഘാടനവും അദ്യാപകദിനാഘോഷവും നടത്തപ്പെട്ടു. 96 മാർച്ചിലെ S.S.L.C പരീഷക്ക് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ കുട്ടികൾക്ക് യഥാക്രമം 1000 രൂപായും 750 രൂപായും 500 രൂപായും പട്ടികജാതി - പട്ടികവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് 500 രൂപായും പഞ്ചായത്തുവക അവാർഡുകൾ നൽകി. പഞ്ചായത്തിലെ മുഴുവൻ സ്കൂളിലും സ്വാന്ത്രദിനവും ഗാന്ധി ജയന്തിദിനവും ആഘോഷപൂർവ്വം കൊണ്ടാടി. ഒക്ടോബർ 2 ന് 'ഗാന്ധിക്വിസ്' നടത്തപ്പെട്ടു. ഒക്ടോബർ 5 നു നടന്ന അദ്ധ്യാപക സംഗമത്തിൽ വിവിധ വിഷയങ്ങൾ എങ്ങനെ ഫലപ്രദമായി പഠിപ്പിക്കാം എന്നതിനെ അധികരിച്ചുള്ള ചർച്ചകൾ നടന്നു. സ്കൂൾതല ഗാന്ധിക്വിസ് വിജയികളെ ഉൾപ്പെടുത്തി യു.പി., ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള പഞ്ചീയത്തുതല ഗാന്ധിക്വിസ് മത്സരവും നടത്തപ്പെട്ടു. വിജയികൾക്ക് പഞ്ചായത്തുവക കാഷ് അവാർഡും നൽകി. അദ്ധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ് മെൻറ് പ്രോഗ്രാം നടത്തപ്പെട്ടു. വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ സമിതി നേതൃത്വം നൽകുന്നു.

## മദ്യവർജന സമിതി

നാടിനെയും വീടിനെയും നമ്മെത്തന്നെയും സാംസ്ക്കാരികമായും. സാമ്പത്തികമായും നശിപ്പിക്കുന്ന മദ്യത്തെ ഒഴിവാക്കി, റാന്നി - പെരുനാടു ഗ്രാമ പഞ്ചായത്തിനെ പരിപൂർണ്ണമായും മദ്യ വിമുക്തമാക്കുക എന്ന. ലക്ഷ്യത്തോടെ പഞ്ചായത്തു പ്രസിഡൻറ് ചെയർമ്മാനും തെരെഞ്ഞെടുക്ക പെടുന്ന പ്രവർത്തകൻ കൺവീനറുമാണ്. വാർഡു മെമ്പർമാർ, സന്നദ്ധ സംഘടനാ പ്രതിനിതികൾ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, ട്രേഡ്യൂണിയൻ പ്രതിനികൾ വിവിധ രാഷ്ട്രീയ സാമുദായിക സംഘടനാ പ്രതിനിധികൾ, പെൻഷനേഴ്സ് അസ്സോസിയേഷൻ പ്രതിനിധികൾ വിവിധ സഭാപുരോഹിതൻമാർ,

ഹെൽത്ത് സെൻററിലെ ഡോക്ടർമാർ തുടങ്ങിയവർ പഞ്ചായത്തു സമിതി അംഗങ്ങളാണ്. സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന് വാർഡുതല സമിതികളും അയൽക്കൂട്ടങ്ങളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. പഞ്ചായത്തിലെ അഞ്ചാം വാർഡിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

നല്ലരീതിയിൽ പ്രവർത്തിക്കുന്ന രണ്ടു വാർഡുതല സമിതികൾക്ക് പൊതുയോഗത്തിൽ വച്ച് കാഷ് അവാർഡുകൾ നൽകുന്നതാണ്. കൂടാതെ ആദ്യം മദ്യ വിമുക്തമാകുന്ന വാർഡിന് സമിതി നിർദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ഒരു ലക്ഷം രൂപാ ക്യാഷ് അവാർഡ് നൽകുക എന്നതും സമിതിയുടെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. വ്യാജവാറ്റും വില്പനയും വർദ്ധിച്ചു വരുന്ന തിരുവോണകാലത്ത് മദ്യവർജന സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന 8000 ലഘുലേഖകൾ അച്ചടിച്ച് മുഴുവൻ വീടുകളിലും എത്തിച്ചു. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമമായി മദ്യവർജന റാലിയും, പോലീസ് എക്സൈസ് അധികാരികളുടെ അനാസ്ഥക്കെതിരായി പോലീസ് സ്റ്റേഷൻ മാർച്ചും നടത്തപ്പെട്ടു. ചുരിക്കിപ്പറഞ്ഞാൽ സംസ്ഥാനതലത്തിൽ മദ്യവർജന സമിതി രൂപീകരിക്കുന്നതിനു മുൻപു തന്നെ നമ്മുടെ പഞ്ചായത്തിൽ സമിതിയുടെ രൂപീകരണവും പ്രവർത്തനവും തുടങ്ങി എന്നതിൽ നമ്മുക്കഭിമാനിക്കാം.

## നവംബർ 1 പുനരർപണ ദിനം.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ട്, വികസന പരിപാടികൾ എങ്ങനെ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാം എന്നു ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലേക്ക് ഗവൺമെൻറ് നിർദ്ദേശപ്രകാരം നവംബർ 1 പുനരർപ്പണ ദിനമായി ആചരിച്ചു. മുഴുവൻ പഞ്ചായത്തുകളിലും ഒരു വാർഡിൽ ഒന്ന് എന്ന ക്രമത്തിൽ ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ച അന്നേ ദിവസം നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മഠത്തും മൂഴി ഇടപ്ര റോഡിൻെറ നിർമ്മാണത്തോടെ സ്ഥലം എം. എൽ. എ ശ്രീ. രാജു എബ്രഹാം നിർവ്വഹിച്ചു. ഇതുവരെ ഏതാണ്ട് നാല്പതിനായിരം രൂപക്കുള്ള മനുഷ്യ പ്രയത്നം സമർപ്പിക്കപ്പെട്ടുകഴിഞ്ഞു. മാടമൺ അമ്പലക്കടവു റോഡും പെരുനാടു മാർക്കറ്റ് പൂവത്തുംമൂട് കടവ് റോഡും ജനപങ്കാളിത്തത്തോടെ നിർമ്മിക്കപ്പെട്ടു. ജനകീയാസൂത്രണ പരിപാടികൾ ഇടപ്ര നിവാസികളുടെ സഹകരണ ശ്ളാഘനീയമാണ്. എല്ലാ വാർഡുകളും ഇതു മാതൃകയാക്കുമെന്നു പ്രതീക്ഷിക്കുന്നു.

1995 ഒക്ടോബർ 2ാം തീയതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ഭരണസമിതി ഗ്രാമപഞ്ചായത്തിൻെറ സർവതോമുഖമായ വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധിച്ചുവരുന്നു. പെരുനാടു മാർക്കറ്റിലുള്ള സ്റ്റാൾ പണിതീർത്ത് ഉദ്ഘാടനം ചെയ്തു. മഠത്തുംമൂഴിയിൽ ഷോപ്പിംഗ് കോംപ്ളക്സ് പണി പുരോഗമിച്ചു വരുന്നു. പെരുന്നാടു കമ്യൂണിറ്റി ഹെൽത്തു സെൻററിനു വേണ്ടി ശ്രീ. എസ്. രാമചന്ദ്രൻ പിള്ള എം. പി. യുടെ ഫണ്ടിൽ നിന്നും അനുവദിച്ച പത്തുലക്ഷം രൂപാമുടക്കി 12 കിടക്കകളുള്ള കെട്ടിടത്തിൻെറ പണി പൂർത്തിയായി വരുന്നു. എസ്. രാമചന്ദ്രൻപിള്ള എം.പി. യുടെ ഫണ്ടുപയോഗിച്ചു തൊണ്ടിക്കയം - നെടുമൺ റോഡിൻെറയും പമ്പാവാലി വാർഡിൽ സ്കൂൾ ജംഗ്ഷൻ മുതൽ ഗുരുമന്ദിരം ജംഗ്ഷൻ വരെയുള്ള റോഡിൻേറായും പണി പൂർത്തിയായി വരുന്നു. ഇടപ്രയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വെൺകുളത്ത് ഒരു പൊതുകുളം നിർമ്മിച്ചു. വിവിധ റോഡുകൾ ടാർ ചെയ്യുകയും മാമ്പാറ മണിയാർ റോഡിൽ ഒന്നര ലക്ഷം രൂപാ ചെലവിൽ ഒരു കലുങ്കു നിർമ്മിച്ചു ഗതാഗതം സുഗമമാക്കുകയും ചെയ്തു. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഒട്ടേറെ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ പരിപാലന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

കോട്ടുപാറ നിവാസികളുടെ സ്വപ്നം യാതാർത്ഥ്യമാക്കിക്കൊണ്ട് പൂവത്തുംമൂട് മുതൽ കോട്ടുപാറ വരെ പഞ്ചായത്തിലെ ഏറ്റവും നീളം കൂടിയ കല്പടവുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. പല റോഡുകളും നിർമ്മാണ ഘട്ടത്തിലാണ്. പെരുനാട് മാർക്കറ്റ്- പൂവത്തും മൂട് റോഡിൻെറ ടാറിംഗിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സൗകര്യങ്ങൾകൂടി കണക്കിലെടുത്ത് പഞ്ചായത്തു ഗ്രൗണ്ട് നിരപ്പാക്കുന്ന ജോലികൾ പുരോമിക്കുന്നു. പെരുനാട് പ്രൈമറി ഹെൽത്തു സെൻറർ കമ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തി കൊണ്ട് അതിൻെറ ഉദ്ഘാടനവും, പുതിയ വാർഡിൻെറ ശിലാസ്ഥാപനവും ബഹു. വി. എം. സുധീരൻെറ (മുൻ ആരോഗ്യ വകുപ്പു മന്ത്രി) അദ്ധ്യക്ഷതയിൽ, മുൻ മുഖ്യ മന്ത്രി ശ്രീ. എ. കെ ആൻറണി നിർവ്വഹിക്കുകയുണ്ടായി. ജനപങ്കാളിത്തത്തോടെ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്താം എന്നതിൻെറ തെളിവാണ് പമ്പാവാലി, അറയാഞ്ഞിലിമൺ എന്നിവിടങ്ങളിലെ ക്രോസ്‌വേകൾ. പൂവത്തുംമൂട്ടിലെ നിർദ്ദിഷ്ട ക്രോസ്‌വേ ഈ രീതിയിൽ പൂർത്തീകരിക്കാമെന്നു പ്രത്യാശിക്കുന്നു. അതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി ജനകീയ കമ്മിറ്റികൾക്കു രൂപം കൊടുക്കുന്നതിനുള്ള ശ്രമത്തിലാണ്.

ഒട്ടേറെ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാനും പുതിയവക്കു രൂപം നൽകുവാനും പഞ്ചായത്തു ഭരണ സമിതി ലക്ഷ്യമിട്ടിരിക്കുന്നു. ഗ്രാമ സഭകളിലൂടെ ഉരിത്തിരിഞ്ഞു വന്ന പ്രശ്നങ്ങളും അവയുടെ പരിഹാര നിർദ്ദേശങ്ങളും പ്രാപർത്തികമാക്കാനുള്ള ഇച്ഛാശക്തിയോടെ ഞങ്ങൾ മുന്നോട്ടു പോവുകയാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധയിനം ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനും പുതിയ വിഭവമേഖലകൾ കണ്ടെത്തുന്നതിനും സർവ്വോപരി ജനവിഭവമാണ് ഏറ്റവും വലിയ സമ്പത്ത് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തി ജനപങ്കാളിത്തത്തോടെ നമ്മുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും യത്നിച്ചു കൊണ്ടിരിക്കുന്നു.

ത്യാഗപൂർണ്ണമായ പോരാട്ടങ്ങളിലൂടെ നമ്മുടെ മുൻ തലമുറക്കാർ നമ്മുക്കു നേടിത്തന്ന സൗഭാഗ്യങ്ങൾ നിലനിർത്തേണ്ടതുണ്ട്. ഇന്നത്തെ തലമുറ കൂടുതൽ കൂടുതൽ നേട്ടങ്ങൾ ആഗ്രഹിക്കുന്നതല്ലാതെ ത്യാഗപൂർവ്വമായ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനോ സേവന തല്പരരാകുവാനോ തയ്യാറാകുന്നില്ല. സ്വന്തം സുഖലോലുപതമാത്രം ലക്ഷ്യമാക്കി ഗൾഫ് നാടുകളിലേക്ക് ചേക്കേറുക എന്ന പ്രവണത സമൂഹത്തിൽ ഏറിവരുന്നു. എന്നാൽ നാടിൻെറ പുരോഗതിയാണ് നമ്മുടെ പുരോഗതി സേവനമാണ് നമ്മുടെ ലക്ഷ്യം എന്ന ചിന്താധാരയിലേക്ക് ഭാവിതലമുറയെ നയിക്കണമങ്കിൽ ആദ്യം നാം ഉണരണം. നമ്മുടെ പിൻതലമുറക്കാർ ധീരരും കർമ്മോത്സുകരും ത്യാഗികളുമായിരുന്നു എന്ന ചിന്ത വരും തലമുറയെ നയിക്കുന്ന പ്രവണത സംജാതമാക്കണം.

ഇതിനുള്ള കേളികൊട്ടാണ് കേരളക്കരയിൽ ജനകീയാസൂത്രണ പ്രസ്ഥാനമെന്ന പേരിൽ മുഴങ്ങി കേൾക്കുന്നത്. നാടിനെ ചലനാത്മകമാക്കുവാൻ ഈ മഹത്തായ പ്രസ്ഥാനത്തിന് ഇതിനോടകം കഴിഞ്ഞിരിക്കുന്നു. 9 ാം പഞ്ചവത്സര പദ്ധതിയുടെ പൂർത്തീകരണത്തോടെ നമ്മുടെ പോരായ്മകൾ ഒരളവുവരെ പരിഹരിക്കപ്പെടും എന്നു നമ്മുക്കു പ്രത്യാശിക്കാം. അതിനായി നമുക്കൊത്തുചേരാം ഒന്നായി മുന്നേറാം.

സ്നേഹാദരങ്ങളോടെ

പി. എസ്. മോഹൻ

പ്രസിഡൻറ്